വാല്യം 27

പുളിക്കീഴ് ബ്ലോക്ക്

(പത്തനംതിട്ട ജില്ല)

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

## കടപ്ര ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണ പ്രസ്ഥാ

# സമഗ്ര വികസന റിപ്പോർട്ട് 1996



## 9-ാം പദ്ധതി ജനകീയ പദ്ധതി

## അധികാരം ജനങ്ങളിലേക്ക്



അംബിക മോഹൻകുമാർ
പ്രസിഡന്റ്



അന്നി തോമസ്
വൈസ് പ്രസിഡന്റ്



കെ. ഒ. ഉമ്മൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാ



K. I. മാത്യു
മെമ്പർ



P.K. ഗോവിന്ദൻ
മെമ്പർ



ഏലിയാമ്മ മത്ത
മെമ്പർ



M.V. എബ്രഹാം
മെമ്പർ



ജോണികുഞ്ഞുകുഞ്ഞ്
മെമ്പർ



K. രാജഗോപാൽ
മെമ്പർ



മേഴ്സി എബ്ര
മെമ്പർ

| | |
|---|---|
| 1. ആമുഖം | 5 |
| 2. പൊതുവിവരങ്ങൾ | 7 |
| 3. സാമൂഹിക സാംസ്കാരിക ചരിത്രം | 11 |
| 4. ഭൂപ്രകൃതിയും വിഭവങ്ങളും | 16 |
| 5. വികസനമേഖലകൾ | |
| 5.1 കൃഷിയും ജലസേചനവും | 20 |
| 5.2 മൃഗസംരക്ഷണം, മത്സ്യബന്ധനം | 29 |
| 5.3 വ്യവസായം | 37 |
| 5.4 വിദ്യാഭ്യാസം | 40 |
| 5.5 കുടിവെള്ളം, പൊതുജനാരോഗ്യം | 46 |
| 5.6 ഊർജ്ജം, ഗതാഗതം, മാർക്കറ്റ് | 50 |
| 5.7 പാർപ്പിടം, സാമൂഹ്യക്ഷേമം | 66 |
| 5.8 സംസ്ക്കാരം | 68 |
| 5.9 വനിതാക്ഷേമം | 71 |
| 5.10 പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം | 75 |
| 5.11 സഹകരണ മേഖല | 82 |
| 5.12 വിഭവസമാഹരണം | 88 |

1

# ആമുഖം

ജനാധിപത്യം സാർത്ഥകമാകണമെങ്കിൽ അധികാരം ജനങ്ങൾക്കായിരിക്കണം. ഭരണാധികാരികളും ഭരണീയരും തമ്മിലുള്ള അന്തരം കുറവായിരിക്കണം. പ്രാദേശിക തലത്തിൽ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള അധികാരം ജനങ്ങളിലേക്കു വികേന്ദ്രീകരിച്ചു നൽകേണ്ടതുണ്ട്. ഇത് ക്രമാനുസൃതമായി നടക്കേണ്ട ഒരു പ്രക്രിയയാണ്. അധികാരം കയ്യാളാൻ ജനങ്ങൾ പ്രാപ്തരാകുകയും വേണം.

ഗ്രാമസ്വരാജ് ആശയം നടപ്പിലാക്കുന്നത് നിർബന്ധമാക്കി ഭരണഘടനയിൽ എഴുതിച്ചേർക്കണമെന്ന് രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ആഗ്രഹിച്ചിരുന്നു. പക്ഷെ, പല ഭരണഘടനാ വിദഗ്ദ്ധരും അതിന് എതിരായിരുന്നു. ബഹുഭൂരിപക്ഷവും നിരക്ഷരരായ, അവിദഗ്ദ്ധ സമൂഹത്തിന് അധികാര വികേന്ദ്രീകരണം ഗുണം ചെയ്യില്ല എന്നായിരുന്നു അവരുടെ അഭിപ്രായം. ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളുടെ കൂട്ടത്തിൽ അത് എഴുതി ചേർക്കുകയായിരുന്നു. അനുച്ഛേദം 40-ൽ ഇപ്രകാരം എഴുതി ചേർത്തു:"പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനും, അവയ്ക്ക് അധികാരവും ശക്തിയും നൽകി സ്വയംഭരണ യൂണിറ്റുകളാക്കി പ്രവർത്തിപ്പിക്കുന്നതിനും സംസ്ഥാന ഗവൺമെന്റുകൾ നടപടികളെടുക്കേണ്ടതാണ്."

രാജ്യത്തിന്റെ ത്വരിത ഗതിയിലുള്ള വികസനം ലക്ഷ്യമാക്കി പഞ്ചവത്സര പദ്ധതികളും, സാമൂഹ്യവികസന പദ്ധതികളും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലത്തു തന്നെ നടപ്പിലാക്കിത്തുടങ്ങി. ഗ്രാമീണ ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റം വിഭാവനം ചെയ്തിരുന്ന ഈ പദ്ധതികൾ പ്രതീക്ഷിച്ചത്ര വിജയിച്ചില്ല. അതിനുള്ള കാരണം ഇവയുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഇല്ലാതെ പോയതാണ് എന്നു കണ്ടെത്തി. ജനപങ്കാളിത്തം എങ്ങനെ ഉറപ്പാക്കാം എന്ന ചർച്ച ചെന്നെത്തിയത് പഞ്ചായത്ത് രാജിലായിരുന്നു. അതിനുള്ള പല ശ്രമങ്ങളും 1959 മുതൽ നടത്തി.

1992-ൽ പാർലമെന്റു പാസാക്കിയ 73,74 എന്നീ ഭരണഘടനാ ഭേദഗതികളോടെ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ത്രിതല പഞ്ചായത്തു സംവിധാനം നിലവിൽ വന്നു.

അധികാര വികേന്ദ്രീകരണത്തിനുള്ള പ്രധാന തടസ്സം നിരക്ഷരതയായിരുന്നു. ഈ പ്രതിസന്ധി കേരളം വിജയകരമായി തരണം ചെയ്തു. 1991 ഏപ്രിൽ 14-ന് കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു. അക്ഷര സാക്ഷരതയിൽ നിന്ന് വികസന സാക്ഷരതയിലേക്ക് എന്നതായിരുന്നു തുടർന്നുള്ള ലക്ഷ്യം.

1997-ൽ നിലവിൽ വരുന്ന ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായിരിക്കുമെന്ന് സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചു കഴിഞ്ഞു. ഒമ്പതാം പദ്ധതിയുടെ 35-40 ശതമാനം താഴെത്തട്ടുകളിൽ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും വേണമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെയും, സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെയും കാഴ്ചപ്പാട്.

ഒമ്പതാം പദ്ധതി- ജനകീയ പദ്ധതി - രൂപീകരണ ത്തിനുള്ള ജനകീയ പ്രസ്ഥാനത്തിന്റെ ഒന്നാംഘട്ടം ആരംഭിച്ചത് ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതോടെ യാണ്. അതിന്റെ മുന്നോടിയായി 11-10-96-ൽ പഞ്ചാ യത്തു തല പരിശീലനം കടപ്ര ഗവ. യു. പി. ജി. സ്ക്കൂളിൽ വച്ച് നടന്നു. അതിനുശേഷം പഞ്ചായ ത്തിലെ പത്തു വാർഡുകളിലും ഗ്രാമസഭാ സമ്മേളന ങ്ങൾ ഒക്ടോബർ 27-ന് പൂർത്തിയാക്കി. ഗ്രാമ സഭ കൾ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു.

പരിശീലനം സിദ്ധിച്ചവരുടെ ഒരു യോഗം (കോർ ഗ്രൂപ്പു യോഗം) 28-10-96-ൽ ചേർന്നു. 14 ഗ്രൂപ്പുകളായി തിരിഞ്ഞ് ദ്വിതീയ വിവര ശേഖരണം ആരംഭിച്ചു. 12 വിഷയങ്ങളിലുള്ള ഗ്രാമസഭാ റിപ്പോർട്ടുകൾ 12 ഗ്രൂപ്പുകൾക്കു നൽകി. ചരിത്ര പഠനത്തിനും, ഭൂ-ജന-ജല പ്രകൃതി പഠനത്തിനും രണ്ടു പ്രത്യേക ഗ്രൂപ്പുകളേയും നിയോഗിച്ചു. ഗ്രാമ സഭാ റിപ്പോർട്ടുകളുടെ അടി സ്ഥാനത്തിൽ വികസന റിപ്പോർട്ട് എങ്ങനെ എഴുതി യുണ്ടാക്കാം എന്നതു സംബന്ധിച്ച് വിശദമായ രണ്ടാം ഘട്ട പരിശീലനം പഞ്ചായത്തിൽ 15-11-96-ൽ നടക്കു കയുണ്ടായി.

ഓരോ ഗ്രൂപ്പും പ്രത്യേകമായി യോഗം ചേരു കയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു കൊണ്ടിരുന്നു.

26-11-96-ൽ കോർ ഗ്രൂപ്പിന്റെ സംയുക്ത യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തി. 4-12-96-ൽ പല ഗ്രൂപ്പുകളും റിപ്പോർട്ടിന്റെ പ്രാഥമിക രൂപം എഴുതി തയ്യാറാക്കി പഞ്ചായത്താഫീസിൽ എത്തിച്ചു. 7-12-96-ൽ ചേർന്ന കോർ ഗ്രൂപ്പു സംയുക്തയോഗ ത്തിൽ എല്ലാ ഗ്രൂപ്പുകളും തങ്ങൾ തയ്യാറാക്കിയ റിപ്പോ ർട്ട് വായിച്ച് അവതരിപ്പിച്ചു. ഈ റിപ്പോർട്ടുകൾ ക്രോഡീകരിക്കുന്നതിനായി ഒരു സബ് കമ്മറ്റിയെ നിയോഗിച്ചു. 16-12-96-ൽ കൂടിയ പഞ്ചായത്തു കമ്മറ്റി വികസന റിപ്പോർട്ട് അംഗീകരിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എഴുതിയുണ്ടാക്കുന്ന പ്രോജക്ടുക ളായിരിക്കും പഞ്ചായത്തു സമിതി മുൻഗണനാക്രമ ത്തിൽ വരും വർഷങ്ങളിൽ നടപ്പിലാക്കുന്ന മുഖ്യ വിക സന പ്രവർത്തനങ്ങൾ. കൂടുതൽ സമഗ്രമായി ചർച്ച ചെയ്യാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും, മുൻഗണനാ ക്രമം തീരുമാനിക്കാനും വികസന സെമി നാറിൽ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

വളരെക്കാലമായി കാത്തിരുന്ന ഒരു പരിവർത്ത നമാണ് ജനങ്ങൾ ഉത്തരവാദിത്തത്തോടെ അധികാരം ഏറ്റെടുക്കണമെന്നുള്ളത്. അതിലേക്കുള്ള സുപ്രധാന ചുവടു വയ്പ്പുകൾ ആരംഭിച്ചു കഴിഞ്ഞു. ഈ മഹ ത്തായ സാമൂഹ്യപരിവർത്തനത്തിൽ കടപ്ര പഞ്ചായ ത്തിലെ ജനങ്ങളും സസന്തോഷം പങ്കു ചേരുന്നു.

കടപ്ര പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ജനങ്ങൾ മുമ്പാകെ സവിനയം സമർപ്പിക്കുന്നു.

# 2

# പഞ്ചായത്ത് പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കടപ്ര ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | കടപ്ര |
| ബ്ലോക്ക് പഞ്ചായത്ത് | പുളിക്കീഴ് |
| താലൂക്ക് | തിരുവല്ലാ |
| അസംബ്ലി മണ്ഡലം | തിരുവല്ലാ |
| പാർലമെന്റു മണ്ഡലം | മാവേലിക്കര |
| വിസ്തീർണ്ണം | 14.74 ച:കി. മീ. |
| വാർഡുകളുടെ എണ്ണം | 10 |
| അതിരുകൾ | വടക്ക് - നെടുമ്പ്രം പഞ്ചായത്ത്<br>കിഴക്ക് - തിരുവൻവണ്ടൂർ, പണ്ടനാടു പഞ്ചായത്തുകൾ തെക്ക് - മാന്നാർ പഞ്ചായത്ത്<br>പടിഞ്ഞാറ് - നിരണം പഞ്ചായത്ത് |
| ജനസംഖ്യ | 21800 |
| പുരുഷന്മാർ | 10529 |
| സ്ത്രീകൾ | 11271 |
| ജനസാന്ദ്രത | 1479/ ച. കി. മീ. |
| സാക്ഷരർ | 18475 |
| 6 വയസ്സിൽ താഴെയുള്ള കുട്ടികൾ | 2494 |
| സാക്ഷരത | 95.6% |
| പഞ്ചായത്ത് പ്രസിഡന്റ് | ശ്രീമതി അംബികാ മോഹൻ കുമാർ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. ആനി തോമസ് |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ. കെ. കെ. ഉമ്മൻ |

## നിലവിലുള്ള പ്രധാന സ്ഥാപനങ്ങൾ

| ക്രമനമ്പർ | സ്ഥാപനം | വാർഡ് | സ്ഥലം |
|---|---|---|---|
| 1. | പഞ്ചായത്താഫീസ് | 5 | കടപ്ര |
| 2. | വില്ലേജ് ആഫീസ് | 5 | കടപ്ര |
| 3. | സബ് രജിസ്റ്റാർ ആഫീസ് | 1 | പുളിക്കീഴ് |
| 4. | പോലീസ് സ്റ്റേഷൻ | 3 | വളഞ്ഞവട്ടം |
| 5. | കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ബ്ലോക്കാഫീസ് | 2 | വളഞ്ഞവട്ടം |
| 6. | കൃഷിഭവൻ | 2 | വളഞ്ഞവട്ടം |
| 7. | മൃഗാശുപത്രി | 1 | വളഞ്ഞവട്ടം |
| 8. | പ്രാഥമികാരോഗ്യ സബ് സെന്റർ | 4 | വളഞ്ഞവട്ടം |
| 9. | ആയുർവ്വേദ ഡിസ്പെൻസറി | 5 | കടപ്ര |
| 10. | ഹോമിയോ ഡിസ്പെൻസറി | 1 | വളഞ്ഞവട്ടം |
| 11. | സർവ്വീസ് സഹകരണ സംഘം | 2 | വളഞ്ഞവട്ടം |
| 12. | ക്ഷീരസംഘങ്ങൾ | 7 | പരുമല |
| | | 5 | കടപ്ര |
| | | 10 | കിഴക്കുംഭാഗം |
| 13. | വനിതാവ്യവസായ സഹകരണ സംഘം | 5 | കടപ്ര |
| 14. | പോസ്റ്റോഫീസ് | 1 | വളഞ്ഞവട്ടം |
| | | 4 | വളഞ്ഞവട്ടം കിഴക്ക് |
| | | 9 | കടപ്ര - മാന്നാർ |
| | | 6 | പരുമല |
| 15. | വിദ്യാലയങ്ങൾ | | |
| | കെ. വി. യു. പി. സ്കൂൾ, വളഞ്ഞവട്ടം | 1 | |
| | കണ്ണശ്ശസ്മാരക ഹയർസെക്കന്ററി സ്കൂൾ, വളഞ്ഞവട്ടം | 2 | |
| | ഗവ. എൽ. പി. സ്കൂൾ, വളഞ്ഞവട്ടം | 2 | |
| | എം. ഡി. എൽ. പി. സ്കൂൾ, വളഞ്ഞവട്ടം കിഴക്ക് | 4 | |
| | സെന്റ്. മേരീസ് ഹൈസ്ക്കൂൾ, നിരണം | 5 | |
| | സെന്റ് മേരീസ് എൽ. പി. സ്കൂൾ, നിരണം | 5 | |
| | ഗവ. യു. പി. ജി. സ്കൂൾ, കടപ്ര | 5 | |
| | സെമിനാരി എൽ. പി. സ്കൂൾ, പരുമല | 6 | |
| | ദേവസ്വം ബോർഡ് പമ്പാ കോളേജ്, പരുമല | 6 | |
| | സെന്റ് ഫ്രാൻസിസ് എൽ. പി. സ്കൂൾ, പരുമല | 6 | |
| | ഗവ. എൽ. പി. സ്കൂൾ, പരുമല | 8 | |
| | ദേവസ്വം ബോർഡ് ഹൈസ്ക്കൂൾ, പരുമല | 8 | |
| | കൃഷ്ണവിലാസം എൽ. പി. സ്കൂൾ, പരുമല | 8 | |
| | എം. എസ്. എം. യു. പി. സ്കൂൾ, കടപ്ര മാന്നാർ | 9 | |
| | എം. ഡി. എൽ. പി. സ്കൂൾ, കടപ്ര മാന്നാർ | 9 | |
| | മാന്നാർ ചർച്ച് എം. ഡി. എൽ. പി. സ്കൂൾ, കടപ്ര മാന്നാർ | 10 | |
| | നിരണം മാർ ബസേലിയോസ് എം. ഡി. എൽ. പി. സ്ക്കൂൾ, നിരണം | 10 | |
| 16. | അൺ എയ്ഡഡ് സ്ക്കൂളുകൾ | | |
| | സ്റ്റെല്ലാ മേരീസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, വളഞ്ഞവട്ടം | 2 | |
| | ശ്രീദേവി ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, വളഞ്ഞവട്ടം | 3 | |

| | | |
|---|---|---|
| | ഗുഡ്ഷെപ്പേഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, പരുമല | 6 |
| | ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, കടപ്ര മാന്നാർ | 9 |
| 17. | സാങ്കേതിക വിദ്യാലയം | |
| | സെന്റ് മേരീസ് ഐ. ടി. ഐ., നിരണം | 5 |
| 18. | ബാങ്കുകൾ | |
| | സെൻട്രൻ ബാങ്ക് ഓഫ് ഇൻഡ്യ, പുളിക്കീഴ് | 1 |
| | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, വളഞ്ഞവട്ടം. | 1 |
| | വ്യവസായ സ്ഥാപനങ്ങൾ | |
| | ട്രാവൻകൂർഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ്, വളഞ്ഞവട്ടം | 1 |
| | സ്റ്റ്രാബോർഡ് ഫാക്ടറി, പരുമല | 6 |
| 20. | പൊതു മാർക്കറ്റ് | |
| | പഞ്ചായത്ത് പബ്ലിക്ക് മാർക്കറ്റ്, ആലംതുരുത്തി | 3 |
| 21. | സ്വകാര്യ ആശുപത്രികൾ | |
| | എസ്. എൻ. നേഴ്സിംഗ് ഹോം, കടപ്ര | 5 |
| | സെന്റ് ഗ്രിഗോറിയോസ് മിഷൻ ഹോസ്പിറ്റൽ, പരുമല | 6 |

മുൻഭരണ സമിതികൾ

കടപ്ര വില്ലേജ് യൂണിയൻ 1951 to 53

1. ശ്രീ. എ. പി. കേശവപിള്ള അറയ്ക്കൽ (പ്രസിഡന്റ്)
2. ശ്രീ. തൈക്കടവിൽ റ്റി. വി. കുരുവിള (മെംബർ)
3. ശ്രീ. കൊവയിൽ ഗോവിന്ദപ്പണിക്കർ (മെംബർ)
4. ശ്രീ. മണക്ക് വാസുപിള്ള (മെംബർ)
5. ശ്രീ. വംല്യപുത്തൻപുരയിൽ ഏബ്രഹാം (മെംബർ)
6. Adv.ജോർജ്ജ് വള്ളക്കാലിൽ (മെംബർ) (ഒരു വർഷത്തിനുശേഷം രാജി വച്ചു)
7. Adv.കെ. രാമ ഭദ്രൻ നായർ (രാജി വച്ച ഒഴിവിൽ)
8. ഫാ. റ്റി. എം. ജേക്കബ് കിഴക്കേ തേവർ കുഴിയിൽ (മെമ്പർ)

1953 to 1962

1. ശ്രീ. വെങ്കിടേശ്വരഅയ്യർ (പ്രസിഡന്റ്) 1956-ൽ രാജി വച്ചു. പി. വി. മത്തായി പ്രസിഡന്റായി. പഞ്ചായത്തു മെമ്പറായി മഠത്തിൽ ബേബി തെരഞ്ഞെടുക്കപ്പെട്ടു. എം. പി. ചാക്കോ.
2. ശ്രീ. പി. വി. മത്തായി പാലമിറ്റം (മെംബർ)
3. ശ്രീ. എം. സി. മത്തായി മട്ടയ്ക്കൽ (വൈസ് പ്രസിഡന്റ്)
4. ശ്രീ. ജി. അച്ചുതൻ തമ്പി, തലിശാലേത്ത് (മെംബർ)
5. ശ്രീ. എം. വി. നാരായണപിള്ള, മൂലം കുഴിയിൽ 1956-ൽ രാജി വച്ചു. എൻ. വി. വാസുദേവക്കുറുപ്പ് തെരഞ്ഞെടുക്കപ്പെട്ടു.
6. ശ്രീ. കെ. അപ്പുക്കുട്ടൻ ആദിശർ തോപ്പിൽ 1962-ൽ മെംബർ രാജിവച്ചു പകരം ഉപതെരഞ്ഞെടുപ്പു നടന്നില്ല
7. ശ്രീ. കെ. റ്റി. കറുത്ത കുഞ്ഞ് കോയിച്ചിറ (മെംബർ) 1956-ൽ രാജി വച്ചു.
8. ശ്രീ. എ. വി. ഗോപാലൻ, മലയിൽ തോപ്പിൽ (1986-ൽ രാജി ഒഴിവിൽ തെരഞ്ഞെടുത്തു)
9. ശ്രീ. കെ. വി. തോമസ്സ്, കരുവേലിൽ (മെംബർ)

1963 to 1975-76

1. ശ്രീ. എൻ. ബാലകൃഷ്ണപിള്ള (പ്രസിഡന്റ്)
2. ശ്രീ. എം. കെ. ജോൺ
3. ശ്രീ. പി. ജി. വറുഗീസ്
4. ശ്രീ. കെ. എം. ജോൺ

5. ശ്രീ. ഗോപാലകൃഷ്ണപിള്ള
6. ശ്രീമതി. എസ്. ശാരദാ ദേവി
7. ശ്രീ. കെ. കെ. തങ്കപ്പൻ നായർ
8. ശ്രീ. പി. റ്റി. കുര്യൻ
9. ശ്രീ. എ. വി. ഗോപാലൻ
10. ശ്രീ. ജോൺ ജേക്കബ് വള്ളക്കാലിൽ

20-10-84 മുതൽ T.P.O.

1979-84

1. ശ്രീ. കെ. എം. ജോൺ
2. ശ്രീ. റ്റി. ഡി. ഗോപിനാഥപിള്ള
3. ശ്രീ. തോമസ് സി. ഉപ്പുക്കേരി
4. ശ്രീ. ജി. രാമചന്ദ്രൻപിള്ള
5. ശ്രീ. പി. ജെ. വറുഗീസ്
6. ശ്രീ. ജോർജ് വറുഗീസ്
7. ശ്രീ. പി. വി. ബോസ്
8. ശ്രീ. പി. സി. അലക്സാണ്ടർ
9. ശ്രീ. എ. ലോപ്പസ്
10. ശ്രീമതി. അമ്മുക്കുട്ടി അമ്മാൾ

1988 to 1994

| | | |
|---|---|---|
| 1. | ശ്രീ. നിരണം തോമസ് (പ്രസിഡന്റ്) | |
| 2. | ശ്രീ. റ്റി. പി. ജോൺ | 6 |
| 3. | ശ്രീ. കെ. ഗംഗാധരൻ | 3 |
| 4. | ശ്രീ. റ്റി. കുട്ടപ്പൻ | 7 |
| 5. | ശ്രീമതി. തങ്കമ്മ പൗലോസ് | 9 |
| 6. | ശ്രീമതി. പൊന്നമ്മ ജോൺ | 1 |
| 7. | ശ്രീ. ശ്രീകുമാർ | 4 |
| 8. | ശ്രീ. ജോൺ വറുഗീസ്(വൈസ് പ്രസിഡന്റ്) | 2 |
| 9. | ശ്രീ. പി. ഒ. തോമസ് | 5 |
| 10. | ശ്രീ. സുരേഷ് കുറുപ്പ് | 8 |

95-96

| | | |
|---|---|---|
| 1. | ശ്രീമതി. അംബികാ മോഹൻ കുമാർ (പ്രസിഡന്റ്) | 8 |
| 2. | ശ്രീ. പി. കെ. ഗോവിന്ദൻ | 2 |
| 3. | ശ്രീമതി. ആനി തോമസ് (വൈസ്പ്രസിഡന്റ്) | 3 |
| 4. | ശ്രീമതി. ഏലിയാമ്മ മത്തായി | 4 |
| 5. | ശ്രീ. രാജു (എം. വി. ഏബ്രഹാം) | 5 |
| 6. | ശ്രീ. കെ. ഒ. ജോണി | 6 |
| 7. | ശ്രീ. രാജഗോപാലൻ | 7 |
| 8. | ശ്രീ. കെ. കെ. ഉമ്മൻ | 9 |
| 9. | ശ്രീ. കെ. ഐ. മാത്യു | 1 |
| 10. | ശ്രീമതി. മേഴ്സി ഏബ്രഹാം | 10. |

# 3

# ചരിത്രം

കടപ്ര പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതിക്ക് രൂപഭാവ നിർണ്ണയം നടത്തുന്ന ഈ സന്ദർഭത്തിൽ നമ്മുടെ സാംസ്കാരിക പൈതൃകം പരിഗണിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും വിലപ്പെട്ട സംഭാവനകൾ നൽകി നമുക്കൊരു സമ്പന്നമായ ഭാഷ ഒരുക്കി തന്ന ഗുരുഭൂതന്മാരായ നിരണം കണ്ണശ്ശ കവികൾ ജന്മം കൊണ്ടും അവരുടെ കാവ്യ സപര്യകൊണ്ടും ധന്യമാക്കിയ 'വാനുലകിനു സമമാകിന നിരണ മഹാദേശ' ത്തിന്റെ ഭാഗമാണ് കടപ്ര പഞ്ചായത്ത്. തിരു കൊച്ചി സംസ്ഥാന രൂപീകരണത്തോടെ ആദ്യമായി വില്ലേജ് യൂണിയനുകൾ രൂപീകരിച്ചപ്പോൾ അതിലൊന്നായി കടപ്ര വില്ലേജ് മൊത്തം ഉൾപ്പെടുത്തി വില്ലേജ് യൂണിയൻ ഉണ്ടാക്കിയിരുന്നതാണ്. 1953-ൽ പ്രായപൂർത്തി വോട്ടവകാശത്തോടെ തെരഞ്ഞെടുപ്പു നടത്തി പഞ്ചായത്തുകൾ രൂപീകരിച്ചപ്പോൾ വടക്കുംഭാഗം കര, കിഴക്കും ഭാഗം (നിരണം) പഞ്ചായത്തിൽ ഉൾപ്പെടുത്തി. ബാക്കിയുള്ള ഭാഗമാണ് നമ്മുടെ പഞ്ചായത്ത്.

ദ്വാപരയുഗത്തിൽ പാർവ്വതീദേവിയുടെ നിയോഗമനുസരിച്ച് ദുർവ്വാസാവു മഹർഷിയും നാരദ മഹർഷിയും ചേർന്ന് പമ്പാ നദിയിൽ ഒരു മലയെടുത്തിട്ട് ആറിനെ ഇരുവഴിക്ക് ഒഴുക്കിവിട്ട്, രണ്ടു വഴി ഒഴുക്കിയ കൈവഴികളും പോന്ന് ഒന്നായ പന്നായിക്ക് മുകൾഭാഗത്ത് കാവുകളും ക്ഷേത്രങ്ങളും നിർമ്മിച്ച് പ്രതിഷ്ഠകൾ നടത്തിയെന്ന്, ആടും, ആനയും, ആളും, വെട്ടി കരുതി നടത്തിയതെന്ന്, വെട്ടാൻ കൊണ്ടു വന്ന പെണ്ണ് ചിരിച്ചതുകൊണ്ട് മനുഷ്യക്കുരുതി നിർത്തിയതെന്ന്, തുടങ്ങി കടമറ്റത്തു കത്തനാരുടെയും കാഞ്ഞിരംകോട്ട് യക്ഷിയുടെയും ഉൾപ്പെടെ നിരവധി ഐതിഹ്യങ്ങൾ ഉണ്ട്. അങ്ങനെ ഐതിഹ്യ പരമ്പരകൾക്കും നിദാനമായ പനയന്നാർ കാവു ദേവീ ക്ഷേത്രം മനോഹരങ്ങളായ ചുവർ ചിത്രങ്ങൾ കാലപ്പഴക്കത്തെ അതിജീവിച്ചും, കല്ലിലും മരത്തിലും അതുല്യങ്ങളായ കൈവേലകൾ പ്രദർശിപ്പിച്ചും കൊണ്ടും നില നിൽക്കുന്നു.

ഉണ്ണുനീലി സന്ദേശത്തിൽ തൃക്കുരട്ടി കഴിഞ്ഞ് പനയന്നാർ കാവു മംഗല്യ മൂർത്തിയെ വണങ്ങി പാലവും പിന്നിട്ട് കടപ്ര ഭഗവതീ ക്ഷേത്രത്തിലും തൊഴുത് ആലംതുരുത്തി വഴി മണമലയാറും കടന്ന് വടക്കോട്ട് പോകാൻ നിയോഗിച്ചിട്ടുണ്ട്.

എ. ഡി. ആദ്യ ശതകത്തിൽ മാർത്തോമ്മാ ശ്ലീഹാ കടപ്ര വളഞ്ഞവട്ടം പടിഞ്ഞാറ് തോമ്മാത്തുകടവിൽ (തോമ്മാ എത്തിയ കടവ്) പായ്ക്കപ്പലിൽ വന്നടുത്ത് നിരണത്തു വന്ന് പള്ളി സ്ഥാപിച്ചു. ആ വിസ്തൃതമായ നിരണം വലിയ പള്ളി കടപ്ര പഞ്ചായത്തിലാണ്.

അച്ചൻകോവിൽ, പമ്പാ, മണിമല, മീനച്ചിൽ ആറുകൾ വർഷകാലത്തെ ശക്തമായ മലവെള്ളപ്പാച്ചിൽ കൊണ്ട് അറബിക്കടലിനെ തള്ളിമാറ്റി മണൽ, എക്കൽ തുടങ്ങി നദികൾ ഒഴുക്കി വഹിച്ചു കൊണ്ടുവന്ന വിഭവങ്ങൾ നിക്ഷേപിച്ചുയർത്തിയ കുട്ടനാടിന്റെ തുടക്കം നമ്മുടെ പ്രദേശത്തു നിന്നാണെന്നും സ്മരണീയമാണ്. പരുമലയും കടപ്രയും വട

ക്കുംഭാഗവും ഒഴികെയുള്ള നിരണം കടപ്ര പഞ്ചായത്തുകളുടെ ഭാഗങ്ങൾ മേൽപ്പറഞ്ഞപ്രകാരം നദികൾ നിക്ഷേപിച്ചുയർത്തിയ സ്ഥലങ്ങൾ ചെളിയും ചവറും ഉപയോഗിച്ച് പുറം വരമ്പുകളുയർത്തി ചക്രങ്ങൾ വെച്ച് ചവുട്ടി വെള്ളം വറ്റിച്ച് നെൽകൃഷിയും, പടിപടിയായി കൃഷിയിടങ്ങളുടെ വളർച്ചയും പാടങ്ങൾക്കടുത്ത് ഉയർത്തിയ ഭൂമികളിൽ വീടുവെച്ച് താമസവും എന്നഗതിയിൽ അധ്വാനശീലരും ഭാവനാസമ്പന്നരുമായ പൂർവ്വീകന്മാർ കൂട്ടായി പരിശ്രമിച്ച് സൃഷ്ടിച്ചെടുത്തതാണെന്നു കാണാവുന്നതാണ്.

വടക്കും ഭാഗത്ത് മുസ്ലീം ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലം മാലിഖ്ദിനാർ പായ്കപ്പലിൽ അടുത്ത് കരയ്ക്കിറങ്ങിയ സ്ഥലമാണെന്ന് വിശ്വാസം നിലവിലുണ്ട്. ഈ മുസ്ലീം പള്ളി പുരാതന പാരമ്പര്യം ഉള്ളതാണ്. ആ കാലങ്ങളിൽ കടപ്ര നിരണം വടക്കുംഭാഗം പ്രദേശങ്ങൾ വരെ കരയും അതിനു പടിഞ്ഞാറു ഭാഗം കടലുമായിരുന്നു എന്ന് അനുമാനിക്കാം. പനയന്നാർ കാവും കടപ്രദേവീക്ഷേത്രവും ആലംതുരുത്തി ക്ഷേത്രവും നിരണം വലിയപള്ളിയും കൂടാതെ പുരാതനദേവാലയങ്ങൾ വേറേയും നമ്മുടെ പഞ്ചായത്തിലുണ്ട്.

സിദ്ധിചൈതന്യത്താൽ വിശ്വാസികളുടെ സാർവത്രികമായ ഭക്തിയും ആരാധനയും സമാർജ്ജിച്ച മാർ ഗ്രിഗോറിയോസ് തിരുമേനി (പരുമല കൊച്ചു തിരുമേനി) യുടെ കബറിടം സ്ഥിതി ചെയ്യുന്ന പരുമല സെമിനാരിപ്പള്ളി ഒരു പ്രമുഖ തീർത്ഥാടന കേന്ദ്രമാണ്. വർഷം തോറും നവംബർ 1,2 തീയതികളിൽ വിശ്വാസികളുടെ നിലയ്ക്കാത്ത പ്രവാഹം തന്നെ ഈ കബറിങ്കലേക്കുണ്ട്.

ക്നാനായ വിഭാഗത്തിൽപെട്ട ക്രിസ്ത്യാനികളുടെ ആരാധനാലയമായി നൂറ്റാണ്ടു പഴക്കമുള്ള തേവർകുഴിപള്ളിയും, ലാറ്റിൻ കാത്തലിക് ക്രിസ്ത്യാനികളുടെ ആരാധനാലയമായ സെന്റ് ഫ്രാൻസിസ് പള്ളിയും ഈ പഞ്ചായത്തിലുണ്ട്.

തിരു ആലുംതുരുത്തിക്ഷേത്രം, കടപ്ര തുലിശാലക്ഷേത്രം, കൈനികരക്ഷേത്രം, പെരുമ്പള്ളത്ത് ക്ഷേത്രം, കടപ്രമാന്നാർ മഹാലക്ഷ്മി ക്ഷേത്രം, ഒളദ്ദേത്തു ക്ഷേത്രം, പരുമല ആലുംമൂട്ടിൽക്ഷേത്രം, പരുമല തിരുവാർമംഗലംക്ഷേത്രം, കുരുമ്പേശ്വരം ക്ഷേത്രം എന്നീ പ്രധാനപ്പട്ടക്ഷേത്രങ്ങളും ഈ പഞ്ചായത്തിലുണ്ട്. മണിപ്പുഴയും അറയ്ക്കലും കുടുംബാരാധനാമഠങ്ങൾ ഇപ്പോഴും ഉണ്ട്. മുൻകാലങ്ങളിൽ ആലംതുരുത്തിയിലും കടപ്ര വടശ്ശേരി കളത്തട്ടിലും, ഒറ്റാർകാവിലും. പരുമല ആലുംമൂട്ടിലും പടയണികൾ നടന്നിരുന്നു. പനയന്നാർകാവിൽ കെട്ടു കാളകളുടെ വരവും കുത്തിയോട്ടവും മേടമാസത്തിലെ വിഷു ഉത്സവത്തിന്റെ സവിശേഷതകൾ ആയിരുന്നു. ഇപ്പോൾ കാളകെട്ട് നിർത്തലാക്കി.

റോമൻ കത്തോലിക്ക മതവിശ്വാസികളുടെ മൂന്നു പള്ളികൾ, പണിക്കൻമാടത്ത്, ആലുംതുരുത്തി, വട്ടംവാക്കൽ എന്നീ സ്ഥലങ്ങളിൽ ഉണ്ട്. പുളിക്കീഴ് പള്ളി, വലിയപറമ്പിൽ പള്ളി, പണിക്കംമാടത്തുപള്ളി, ദേവികുന്നത്തുപള്ളി, പരുമലകിഴക്ക് സെന്റ്തോമസ് പള്ളി, സെന്റ് ജോർജ് പള്ളി, വടക്കു സെന്റ്മേരീസ് പള്ളി എന്നിവ ഓർത്തഡോക്സ് സമുദായത്തിനുണ്ട്. പുരാതനമായ ഒരു സി.എസ്.ഐ. പള്ളിയും ഇവിടെയുണ്ട്.

ശ്രീനാരായണ ഗുരുദേവപ്രതിഷ്ഠയും, നിലക്കണ്ണാടി പ്രതിഷ്ഠകളും ഉൾപ്പെടെ ഗുരുമന്ദിരങ്ങൾ അഞ്ചു സ്ഥലങ്ങളിൽ ഉണ്ട്. സരസകവി മൂലൂർ പത്മനാഭപ്പണിക്കരുടെ ജന്മഗൃഹമായ പരുമല വലിയ വീട്ടിൽ കുടുംബം ഈ പഞ്ചായത്തിലാണ്. പഴയ കളരിയുടെ സ്ഥാനത്ത് സരസകവീശ്വരം എന്ന പേരിൽ ക്ഷേത്രത്തോടു ചേർന്ന് പുതിയ ഒരു കളരി അടുത്ത കാലത്തു പണി കഴിപ്പിച്ചിട്ടുണ്ട്.

ആലംതുരുത്തിയിൽ മുത്താരമ്മൻ ക്ഷേത്രം ഉണ്ട്. പട്ടിക ജാതിയിൽപ്പെട്ടവർക്ക് സ്വന്തമായി ഏഴു സ്ഥലങ്ങളിൽ ക്ഷേത്രങ്ങളും ആരാധനാലയങ്ങളുമുണ്ട്. തമിഴ് വിശ്വബ്രാഹ്മണരുടെ മൂന്നുക്ഷേത്രങ്ങളും, വിശ്വകർമ്മരുടെ മൂന്നു ആരാധനാലയങ്ങളും ഈ പഞ്ചായത്തിലുണ്ട്.

എല്ലാ മതങ്ങളുടെയും, ഓരോ മതത്തിലെ പ്രത്യേക വിഭാഗങ്ങളുടെയും ആരാധനാലയങ്ങൾ അടുത്തടുത്ത് ഉയർന്നും ഉരുമ്മിയും കാണുന്നതു വഴി മതസഹിഷ്ണതയുടെയും സഹവർത്തിത്വത്തിന്റെയും പാരമ്പര്യം പൂർവ്വീകരുടെ കാലം മുതൽക്കു തന്നെ നമ്മുടെ പഞ്ചായത്തിൽ നിലനിന്നിരുന്നു എന്നു സ്പഷ്ടമാണ്.

വിദ്യാഭ്യാസരംഗത്ത് സ്ക്കൂളുകൾ ആരംഭിക്കുന്നതിനു മുമ്പായി ഈ പഞ്ചായത്തിലേയും സമീപ പ്രദേശങ്ങളിലേയും ആളുകളെ എഴുത്തും വായനയും കണക്കും എല്ലാം പഠിപ്പിച്ചിരുന്നത് മണിപ്പുഴ ആശാ

 മ്മാർ ആയിരുന്നു. 19- ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടു കൂടി മണിപ്പുഴ വടക്കേ പുരയിടത്തിൽ രണ്ടാം ക്ലാസ് വരെയുള്ള വിദ്യാലയം ഉണ്ടായിരുന്നു. പരുമല സെമിനാരി പ്രൈമറിസ്ക്കൂൾ ആദ്യകാലസ്ക്കൂളുകളിൽ ഉൾപ്പെടുന്നു. അറയ്ക്കൽ നിന്നും ദാനമായി നൽകിയ ഭൂമിയിൽ, മണിപ്പുഴ വല്യാശാൻ കൃഷ്ണപ്പണിക്കർ അവറുകളും അറയ്ക്കൽ പരമേശ്വരൻ പിള്ള B.A.B.L. അവറുകളും കൂടി ഉത്സാഹിച്ച് സർക്കാർ വകയായി സ്ഥാപിച്ച പെൺകുട്ടികൾക്കായുള്ള പള്ളിക്കുടമാണ് ഇന്നത്തെ കടപ്ര U.P.G. സ്ക്കൂൾ. ഈ നൂറ്റാണ്ടാരംഭത്തിൽ ആലംതുരുത്തിയിൽ ഒരു മലയാളം മിഡിൽ സ്ക്കൂളും പരുമലയിൽ ഒരു സർക്കാർ പ്രൈമറിസ്ക്കൂളും, നിരണം പള്ളിക്കു ചേർന്ന് ഒരു പ്രൈമറി സ്ക്കൂളും ഉണ്ടായിരുന്നു. തുടർന്ന് ഏഴാം ക്ലാസ് ജയിച്ചവർക്കുള്ള ഒരു ട്രെയിനിംഗ് സ്ക്കൂൾ നിരണം പള്ളിയുടെ വകയായി തുടങ്ങിയെങ്കിലും പ്രസ്തുത പഠനസമ്പ്രദായം പിന്നീടു നിർത്തലാക്കിയതു മൂലം സ്ഥാപനം ഇല്ലാതായി. നിരണത്തെ ഇംഗ്ലീഷ് മിഡിൽസ്ക്കൂൾ, പരുമല കൊട്ടാരത്തിൽ ഗോവിന്ദൻ നായരുടെ വക മലയാളം മിഡിൽ സ്ക്കൂൾ, തേവർകുഴി പ്രൈമറി സ്ക്കൂൾ, മോഴശ്ശേരി പ്രൈമറിസ്ക്കൂൾ, വളഞ്ഞവട്ടം കേശവ വിലാസം സ്ക്കൂൾ, സെന്റ് ഫ്രാൻസിസ് പ്രൈമറിസ്ക്കൂൾ, കടപ്ര മാന്നാർ എം.എസ്സ്.എം. യു.പി. സ്ക്കൂൾ ഇവ പിന്നീടുണ്ടായി. ആലംതുരുത്തി സ്ക്കൂൾ, തിരു ആലും തുരുത്തി ഭഗവതിദേവസ്വം ദാനം കൊടുത്ത സ്ഥലത്തും, പരുമല സർക്കാർ സ്ക്കൂൾ മുന്നുറ്റൊഴുത്തിൽ കുടുംബം ദാനം കൊടുത്ത സ്ഥലത്തുമാണ് ആരംഭിച്ചത്.

കേരളപ്പിറവിക്കുശേഷം ആലുംതുരുത്തി സ്ക്കൂൾ ഹൈസ്ക്കൂളായി പിന്നീട് ഇത്. "കണ്ണശസ്മാരക ഹൈസ്ക്കൂൾ" എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും തുടർന്ന് ഹയർ സെക്കണ്ടറിസ്ക്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. 1967- ൽ പരുമല യു.പി. സ്ക്കൂൾ നാട്ടുകാർ വിലയ്ക്കു വാങ്ങി തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ഏല്പിച്ചു. ഈ സ്ക്കൂൾ പിന്നീട് ഹൈസ്ക്കൂളായി. കേശവവിലാസം സ്ക്കൂൾ യു.പി. സ്ക്കൂളായി ഉയർത്തപ്പെട്ടു.

കാൽനൂറ്റാണ്ടു മുമ്പ് ജനങ്ങളുടെ സംഘടിതമായ ശ്രമഫലമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് മാനേജ്മെന്റിൽ 1968-ൽ ജൂനിയർ കോളേജായി ആരംഭിച്ച പരുമല ദേവസ്വം ബോർഡ് പമ്പാ കോളജ് ഇപ്പോൾ ബിരുദാന്തര കോഴ്സുകളുള്ള ഒന്നാം ഗ്രേഡു കോളേജായി ഉയർന്നിട്ടുണ്ട്. ഈ കോളേജ് സ്ഥാപിച്ചത് കടപ്ര പഞ്ചായത്തിൽ നിന്നും ആദ്യമുണ്ടായ എം.എൽ.എ. ശ്രീ. അറയ്ക്കൽ പി. സദാശിവൻപിള്ള ചെയർമാനും, ശ്രീ. കെ. രാമഭദ്രൻനായർ പ്രസിഡന്റും, ശ്രീ. കെ. കെ. ചന്ദ്രശേഖരൻപിള്ള വൈദ്യൻ സെക്രട്ടറിയും ആയുള്ള ലോക്കൽ ക്കമ്മറ്റിയുടെ നേതൃത്വത്തിൽ ആയിരുന്നു.

അരനൂറ്റാണ്ടു പഴക്കമുള്ള പരുമല ടാഗോർ വായനശാല, ആലുംതുരുത്തി മഹാത്മാ വായനശാല, കടപ്ര കൈരളി വായനശാല എന്നിവ കേരളഗ്രന്ഥശാലാസംഘത്തിന്റെ രജിസ്ട്രേഷനോടുകൂടി നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മൂന്നു വായനശാലകൾക്കും സ്വന്തമായ സ്ഥലവും കെട്ടിടവും ആയിരക്കണക്കിനു പുസ്തകങ്ങളും ഉണ്ട്. മഹത്മജി വായനശാല പിൽക്കാലത്ത് പഞ്ചായത്തു വക വായനശാലയായി മാറി.

കടപ്ര പഞ്ചായത്തിന്റെ ആദ്യകാല പ്രസിഡന്റായിരുന്ന (1953ൽ) കൊച്ചുമഠത്തിൽ ശ്രീ. വെങ്കിടേശ്വരയ്യർ പത്തു സെന്റ് ഭൂമിയും, മെമ്പർ മൂലംകുഴിയിൽ ശ്രീ. എം.വി. നാരായണപിള്ള അഞ്ചുസെന്റ് ഭൂമിയും സൗജന്യമായി നൽകിയത് ഒന്നിച്ചു ചേർന്ന പതിനഞ്ചു സെന്റ് ഭൂമിയിലാണ് ഇപ്പോഴത്തെ പഞ്ചായത്താഫീസ് കെട്ടിടം നിൽക്കുന്നത്. ഏഴു വാർഡും, റിസർവ്വേഷൻ ഉൾപ്പടെ എട്ടു മെമ്പറന്മാരുമായിരുന്നു. ഇപ്പോൾ പത്തു വാർഡും പത്തു മെമ്പറമ്മാരുമാണുള്ളത്.

കടപ്ര വില്ലേജ് രണ്ടു ദ്വീപുകളൊന്നിച്ച് ചേർന്ന ഒരു ദ്വീപ് എന്ന രീതിയിൽ കിടക്കുന്നതാണ്. ദ്വീപുകൾ തമ്മിൽ ബന്ധപ്പെടുവാനും മറ്റു പ്രദേശങ്ങളുമായി ബന്ധപ്പെടുവാനും കഴിയാതെ ഒറ്റപ്പെട്ടു കിടന്നിരിന്നു. ചുറ്റുപാടും പമ്പാ മണിമലയാറുകളും പരുമലചുറ്റി പഞ്ചായത്തിനുള്ളിൽക്കൂടി പമ്പയുടെ പ്രധാന കൈവഴിയും അതിൽനിന്നും കോലറയാറും ഒക്കെകൊണ്ടും വേർതിരിക്കപ്പെട്ടിരുന്നതാണ്. കേരള പിറവിക്കുശേഷം വടക്ക് പുളിക്കീഴ് പാലവും തെക്ക് പന്നായി പാലവും പിൽക്കാലത്ത് പരുമല പാലവും ഇല്ലിമലപ്പാലവും തേവേരിപ്പാലവും ഉണ്ടായതുമുതൽ പഞ്ചായത്തിന് എല്ലാദിക്കുകളുമായി ബന്ധപ്പെടത്തക്ക വിധത്തിൽ സൗകര്യങ്ങളുണ്ടായി.

സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ നമ്മുടെ പഞ്ചായത്തിനുണ്ടായിരുന്ന അഭിവൃദ്ധിപോലെ തന്നെ കാർഷിക വ്യാവ

സായിക രംഗങ്ങളിലും ഉണ്ടായിരുന്നു. ചെമ്പിലും ഓടിലും കല്ലിലും വെള്ളിയിലും സ്വർണ്ണത്തിലും ചിത്ര വേലകൾ ഉൾപ്പടെ മനോഹരമായി പണിനടത്തുവാൻ കഴിഞ്ഞിട്ടുള്ളവർ നമ്മുടെ പഞ്ചായത്തിലുണ്ട്. മൺ പാത്ര നിർമ്മാണത്തിൽ വൈദഗദ്യം നേടിയ വിഭാഗം നമ്മുടെ പ്രദേശത്ത് ധാരാളമായുണ്ട്. ഓട്ടുകിണ്ണനും, ചേങ്കിലയും, താമ്പാളവും, വട്ടക.യും ഓടു പഴുപ്പിച്ച് കല്ലിന്മേൽ വച്ച് കൂടം കൊണ്ടടിച്ച് പരത്തി വൃത്തി യാക്കി തീർക്കുന്നവരുടെ പരമ്പര തന്നെ നമ്മുടെ പഞ്ചായത്തിലുണ്ട്.

തെങ്ങും നെല്ലും കൃഷിയോടൊപ്പം വ്യവസായ വിളയായ കരുമ്പും നമ്മുടെ നാട്ടിൽ കൃഷി ചെയ്തു വരുന്നു. മുൻ കാലങ്ങളിൽ മുറജപത്തിന് ശർക്കര വളഞ്ഞവട്ടത്തു നിന്നുമായിരുന്നു കൊണ്ടു പോയി രുന്നത് എന്ന് ചരിത്രം ഉണ്ട്. വ്യാപകമായ കരുമ്പുകൃ ഷിയുടേയും ശർക്കരയുൽപ്പാദനത്തിന്റേയും നില വാരം പരിഗണിച്ചാണ് നമ്മുടെ സംസ്ഥാനത്ത് ഇപ്പോ ഴുള്ളതിൽ ആദ്യത്തെ പഞ്ചസാരഫാക്ടറി 1945-ൽ ഇ വിടെ സ്ഥാപിച്ചത്. ഈ ഫാക്ടറി വഴി നമ്മുടെ പഞ്ചാ യത്തിനു മാത്രമല്ലാ തിരുവല്ല, ചെങ്ങന്നൂർ, മല്ലപ്പള്ളി, റാന്നി, കോഴഞ്ചേരി, മാവേലിക്കര, കുട്ടനാട് തുടങ്ങിയ താലൂക്കുകളിൽപ്പെടുന്ന ഭൂരിപക്ഷം പ്രദേശങ്ങൾക്കും എല്ലാവിധ മുന്നേറ്റങ്ങൾക്കും വഴിയൊരുക്കിയിട്ടുണ്ട്. കൃഷിയെ മാത്രം ആശ്രയിച്ചു ജീവിച്ചിരുന്ന ഗ്രാമപ്രദേ ശങ്ങളിൽ അഭൂതപൂർവ്വമായ തൊഴിൽ സാദ്ധ്യതകളും കാർഷികപുരോഗതിയും സാമ്പത്തിക മുന്നേറ്റവും ഉണ്ടായതു മൂലം വാങ്ങാൻ കഴിവുയർന്ന ജന വിഭാഗ ങ്ങൾ വർഗബന്ധങ്ങളിൽത്തന്നെ വലിയ മാറ്റങ്ങൾ വരുത്താൻ ഇടയാക്കിയിട്ടുണ്ട്. ഇപ്പോൾ ഈ ഫാക്ടറി യുടെ നില പരിതാപകരമായിരിക്കുന്നു.

പരുമല കാളച്ചന്ത ഏറ്റവും പ്രചാരമുള്ളതായി ഈ നൂറ്റാണ്ടു ആദ്യ പകുതിയിൽ തന്നെ ഉയർന്നിരു ന്നു. എല്ലാ മലയാള മാസം ഒന്നും രണ്ടും ദിവസങ്ങ ളിലും ഇടവത്തിൽ ഒന്നു മുതൽ നാലു വരെ തീയതിക ളിലും കന്നുകാലിച്ചന്തയും, രണ്ട് ആഴ്ചതയോളം നീണ്ടിട്ടുള്ള കട കമ്പോളങ്ങളുമായി തുടർന്നിരുന്നതാ ണ്. ആലുംതുരുത്തി ചിത്തിരപുരം മാർക്കറ്റായിരുന്നു പഞ്ചായത്തിലുള്ള മറ്റൊരു വിപണന കേന്ദ്രം. സ്വ കാര്യ വ്യാപാരകേന്ദ്രമായിരുന്നു പ്രസ്തുത ചന്ത. ഇപ്പോൾ ഇതു മാറ്റി പഞ്ചായത്തുവകയായി. 1996-ൽ പുതിയ മാർക്കറ്റ് ആലംതുരുത്തിയിൽ ഉണ്ടാക്കിയിട്ടു ണ്ട്. ഇത് വളരെ അഭിവൃദ്ധിയിൽ നടന്നു വരുന്നു.

ഈ നൂറ്റാണ്ടുവരേയും പഞ്ചായത്തിൽ ആയുർ വേദചികിത്സ മാത്രമായിരുന്ന ആരോഗ്യ സംരക്ഷണ ത്തിനുണ്ടായിരുന്നത്. മറ്റു രോഗങ്ങൾക്ക് വിദഗ്ധരായ വൈദ്യന്മാരെപ്പോലെ തന്നെ വിഷ ചികിത്സയ്ക്കും കണ്ണു ചികിത്സയ്ക്കും പ്രഗത്ഭരായ വൈദ്യന്മാർ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ കണ്ണു രോഗത്തിന് ഒരു ആയുർ വേദ ചികിത്സാലയം കോയിക്കൽ തുണ്ടിയിൽ പ്രവർത്തിച്ചു വരുന്നു. അ ലോപ്പതി ചികിത്സയ്ക്കു അറയ്ക്കൽ വേലുപിള്ള ഡോക്ടറും പള്ളിക്കടവിൽ നൈനാൻ ഡോക്ടറും ചെറിയ തോതിൽ ചികിത്സ നടത്തിയിരുന്നു. പിന്നീട് നെടുമ്പെള്ളിൽ ഡോക്ടർ ശങ്കരനാരായണപിള്ള സ്ഥാപിച്ച എസ്സ്. എൻ. നേഴ്സിങ്ങ് ഹോമാണ് പഞ്ചാ യത്തിലും സമീപപ്രദേശങ്ങളിലും ആരോഗ്യ സംരക്ഷ ണത്തിന് ഉപകരിച്ചിട്ടുള്ളത്. കേരളപ്പിറവി വർഷ ത്തിൽ സർക്കാർ ആയുർ വേദ ഡിസ്പൻസറി പരുമല യിൽ സ്ഥാപിച്ചു. ഇപ്പോൾ ഈ സ്ഥാപനം 5-ാം വാർ ഡിൽ മാറ്റി സ്ഥാപിച്ചിരിക്കുന്നു. വളഞ്ഞവട്ടത്ത് പമ്പാ റിവർ ഫാക്ടറി വക കെട്ടിടത്തിൽ ഇപ്പോൾ ഒരു ഹോമിയോ ഡിസ്പൻസറി പ്രവർത്തിച്ചു വരുന്നു. വള ഞ്ഞവട്ടം പെരുമ്പള്ളം ക്ഷേത്രത്തിനു സമീപം പ്രൈമറി ഹെൽത്തു സെന്ററിന്റെ ഒരു സബ് ആഫീസ് പ്രവർത്തിക്കുന്നുണ്ട്. 1956 മുതൽ സർക്കാർ മിഡ് വൈഫ് സെന്റർ പരുമലയിൽ പ്രവർത്തിച്ചുവരുന്നു ണ്ട്. പരുമല സെമിനാരി വകയായി ആധുനിക സൗക ര്യങ്ങളോടു കൂടിയ ഒരു ആശുപത്രി പ്രവർത്തിക്കു ന്നുണ്ട്.

നമ്മുടെ നാട്ടിൽ പൂർവ്വീകമായി ജന്മിത്വമുണ്ടാ യിരുന്നത് വളരെ ചെറിയ തോതിൽ മാത്രമായിരുന്നു. കൈനിക്കരമഠം, ഇലഞ്ഞി മന്ത്ര കോയിക്കൽ, വാക്കേൽ കോയിക്കൽ, മടിപ്പറമ്പിൽ കോയിക്കൽ, തുലി ശാലകോയിക്കൽ, പനയന്നാർ കാവു കുടുംബം ഇത്രയും ചെറിയ ജന്മിമാരായിരുന്നു ഉണ്ടായിരുന്നത്. കാര്യമായി മിച്ചഭൂമി ഉണ്ടായിരുന്നത് കടപ്ര കൊച്ചുമഠ ത്തിലേക്കു മാത്രമായിരുന്നു. കേരള ഭൂ നിയമം ഉണ്ടാ കുന്നതിനുമുമ്പു തന്നെ ഈ ജന്മി കുടുംബങ്ങളുടെ ഭൂസ്വത്തവകാശങ്ങൾക്ക് കൈമാറ്റങ്ങൾ സംഭവിച്ചിരു ന്നു. കൂടാതെ ഭൂ നിയമം വന്നതോടെ ആയിരത്തി അറു നൂറോളം കുടുംബങ്ങൾക്ക് സ്വന്തമായി കുടി കിടപ്പിട ങ്ങൾ ലഭിച്ചിട്ടുണ്ട്. ഭൂനിയമം വന്നശേഷം പാട്ടം കൃഷി ക്കാർ ഇല്ലാതായിട്ടുണ്ട്. ഭൂനിയമത്തിനുശേഷം ആദ്യ ഘട്ടത്തിൽ തെങ്ങ് നെല്ല് കരുമ്പ് എന്നിവയുടെ കൃഷി

യിൽ ആദായവർദ്ധനവും വന്നിട്ടുണ്ട്. എന്നാൽ ഇപ്പോൾ കൃഷി ആദായകരമല്ലാത്തതിനാൽ കാർഷിക മാന്ദ്യം വ്യാപകമാണ്.

1957-ൽ ഉണ്ടായ കാർഷിക തൊഴിലാളി മിനിമം വേജസ് നിയമം ആ വിഭാഗം ജനങ്ങൾക്ക് അവകാശ സംരക്ഷണത്തിന് വഴിയൊരുക്കി. മലയാള വർഷം 1113-ൽുണ്ടായ ക്ഷേത്ര പ്രവേശന വിളംബരവും കാർഷിക തൊഴിലാളി നിയമവും ഭൂ നിയമത്തിലെ കുടികിടപ്പു സംരക്ഷണവും ചേർന്ന് കഴിഞ്ഞ തലമുറവരെ അടിമ ജനവിഭാഗമായി ആയിത്തജാതികളായി കഴിഞ്ഞിരുന്നവർക്ക് സ്വന്തം കാലിൽ ഉയർത്തെഴുന്നേല്പിന് അവസരം നൽകി. എന്നാൽ ഈ മാറ്റങ്ങൾ സമൂഹത്തിന് ഗുണകരമാകത്തക്കതരത്തിൽ കൃഷികളും കാർഷികരംഗത്തെ തൊഴിൽ സദ്ധ്യതകളും അഭിവൃദ്ധികരമാക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ അവസ്ഥ പരിശോധിച്ച് പഞ്ചായത്തടിസ്ഥാനത്തിലും വാർഡ് അടിസ്ഥാനത്തിലും പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. വികസന പദ്ധതികളുടെ വിജയത്തിന് ഇത് അത്യന്താപേക്ഷിതമാണ്.

1953-ൽ രൂപം പ്രാപിച്ച കടപ്ര പഞ്ചായത്ത് ഇപ്പോൾ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തായി ഉയർന്നിട്ടുണ്ട്. ജനങ്ങളുടെ സംഘടിതമായ പ്രവർത്തനങ്ങൾ കൊണ്ട് പോരായ്മകൾ പരിഹരിച്ച് കൂടുതൽ വികസന സാദ്ധ്യതകൾ കൈവരുത്താവുന്നതാണ്. ഇപ്പോൾ രൂപം കൊള്ളുന്ന ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ രൂപരേഖ എല്ലാ പുരോഗതിക്കും വഴി തെളിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണ്.

# 4

# ഭൂ- ജന - ജലപ്രകൃതി

പ്രസിദ്ധമായ പമ്പാനദി പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽക്കൂടി ഒഴുകി കടപ്ര പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ പാണ്ടനാടു പഞ്ചായത്തിന്റെ ഭാഗമായ പുറമട്ടക്കര എന്ന പ്രദേശത്തുള്ള കുത്തിയതോടു എന്ന സ്ഥലത്തു വച്ച് രണ്ടായി പിരിഞ്ഞ് പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തുകൂടി ഒഴുകി അച്ചൻകോവിലാറുമായി യോജിച്ച് പഞ്ചായത്തിന്റെ ബാക്കിയുള്ള സ്ഥലത്തിന്റെ തെക്കേ അതിർത്തിയിൽ കൂടി ഒഴുകുന്നു. പഞ്ചായത്തിലുള്ള 6, 7, 8 വാർഡുകളുടെ തെക്കു വശത്തു കൂടി അച്ചൻകോവിലാറിന്റെ ഒരു കൈവഴി ഒഴുകി ഇല്ലിമലയിൽ പമ്പയാറുമായി യോജിക്കുന്നു. പമ്പാ നദിയുടെ മറ്റൊരു ശാഖ പടിഞ്ഞാറു വശത്തേക്കൊഴുകി മണിമലയാറുമായി യോജിച്ച് പഞ്ചായത്തിന്റെ വടക്കേ അതിരിൽ കൂടി ഒഴുകി ചക്കുളം (വരമ്പിനകത്ത്) ഭാഗത്തു വച്ചും രണ്ടായി പിരിഞ്ഞ് ഒഴുകുന്നു. 6, 7, 8 വാർഡുകൾ ഉൾപ്പെടുന്ന പരുമല നദികളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു ദ്വീപാണ്. പഞ്ചായത്തിന്റെ 3, 5, 2 വാർഡുകളിൽ കൂടി കോലറയാറും ഒഴുകുന്നു. നദികളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു പ്രദേശമാകയാൽ നമ്മുടെ പഞ്ചായത്ത് പ്രദേശം ഫലഭൂയിഷ്ഠമാണ്. ഇവിടെ തെങ്ങ്, കമുക്, കപ്പ, കരുമ്പ്, നെല്ല്, വാഴ എന്നിവയും കൊക്കോ, റബർ എന്നീ നാണ്യവിളകളും കൃഷി ചെയ്തു വരുന്നു.

പഞ്ചായത്തിന്റെ പടിഞ്ഞാറ് നിരണം പഞ്ചായത്തു പ്രദേശവും വടക്ക് നെടുമ്പ്രം പഞ്ചായത്തു പ്രദേശവും കിഴക്ക് തിരുവൻവണ്ടൂർ, പാണ്ടനാടും പഞ്ചായത്തുപ്രദേശവും തെക്ക് മാന്നാർ പഞ്ചായത്തു പ്രദേശവുമാണ്. പഞ്ചായത്തിന്റെ വടക്കു കിഴക്കു ഭാഗം ചേർന്ന പഴയാറ്റിൽ ഭാഗത്ത് പഴയകാലത്തു നദി ഒഴുകിയിരുന്നതായി കാണാവുന്നതാണ്. പഞ്ചായത്തിലുള്ള നദികൾ മത്സ്യ സമൃദ്ധമാണ്.

പഞ്ചായത്തിലുള്ള ഏറ്റവും ഉയർന്ന പ്രദേശം 7, 8 വാർഡുകളും 3, 5 വാർഡുകളുമാകുന്നു. 9, 10 വാർഡുകളിൽ ഭൂരിഭാഗവും പുഞ്ചനിലങ്ങൾ ആണ്. ഇവിടെ ഒരു പൂ കൃഷി ചെയ്തു വരുന്നു. കൃഷിക്കു യോജിച്ച എക്കൽ ചേർന്ന കളിമണ്ണാണ് ഈ താഴ്ന്ന പ്രദേശം. ഇവിടെ വർഷത്തിൽ ഏഴെട്ടുമാസം വെള്ളം കെട്ടികിടക്കുന്ന പ്രദേശമാണ്. വെള്ളം വറ്റിച്ച് പുഞ്ചക്ക്യഷി ചെയ്തു വരുന്നു. 4, 3, 1, 2 വാർഡുകൾ ഭൂരിഭാഗവും പുരയിടമാണ്. 30-35% വിരിപ്പു നിലങ്ങളും കാണുന്നു.

ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ ആറായി തരംതിരിക്കാം

1 ഉയർന്ന സമതലം

2 സമതലം

3 വെള്ളക്കെട്ടു പ്രദേശം

4 കറ്റു മണ്ണ്

5 എക്കൽ മണ്ണ്

6 ചൊരി മണൽ

വിസ്തൃതിയിൽ ഏറ്റവും കൂടുതൽ വരുന്ന

ഭൂവിഭാഗം സമതലമാണ്. ഇടയ്ക്കിടയ്ക്ക് വിരുപ്പുനിലങ്ങളും ധാരാളമായുണ്ട്. ഈ ഭാഗത്ത് ചൊരി മണൽ കലർന്ന മണ്ണും കറ്റു മണ്ണും കാണപ്പെടുന്നു. 8-ാം വാർഡിലും 7-ാം വാർഡിലും ചെങ്കൽ മണ്ണ് കണ്ടു വരുന്നു. നദികളോടു ചേർന്ന ഭാഗത്ത് എക്കൽ മണ്ണ് ധാരാളമായി കണ്ടു വരുന്നു.

1,2,3,4,5 വാർഡുകളിൽ കൂടി തിരുവല്ലാ മാവേലിക്കര റോഡു കടന്നു പോകുന്നു. പഞ്ചായത്തിന്റെ ഒൻപതും പത്തും വാർഡുകളിലും ആറാം വാർഡിന്റെ പടിഞ്ഞാറു ഭാഗത്ത് ആറിനോടു ചേർന്നും ചതുപ്പുനിലങ്ങൾ ഉണ്ട്. പഞ്ചായത്തിന്റെ കിഴക്കുഭാഗത്തും നദികളോടു ചേർന്ന ചില പ്രദേശങ്ങളിലും മണൽ ചേർന്ന മണ്ണ് ധാരാളമായുണ്ട്.

1991 സെൻസസ് കണക്കുകൾ പ്രകാരം കടപ്ര പഞ്ചായത്തിലെ ജനസംഖ്യ 21800 ആയിരുന്നു. ഇതിൽ 10529 പുരുഷന്മാരും 11271 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 742 സത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 4522 ആയിരുന്നു. ശരാശരി വീടൊന്നിന് 4.8 ആളുകൾ പാർക്കുന്നു. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 1421 ആണ്. ആറു വയസിനു താഴെയുള്ളവരുടെ എണ്ണം 2494 ആണ്. ആൺകുട്ടികളും പെൺകുട്ടികളും ഏകദേശം എണ്ണത്തിൽ ഒരു പോലെയാണ്. പട്ടികജാതി ജനസംഖ്യ 2721 ആണ്. ഇതിൽ പുരുഷന്മാർ 1309-ഉം സ്ത്രീകൾ 1412-ഉം ആണ്. ആകെ ജനസംഖ്യയിൽ 18475 പേർ സാക്ഷരർ ആണ്. എന്നാൽ 1990-ലെ സാക്ഷരതാ പ്രവർത്തനത്തിന്റെ ഭാഗമായി നടത്തിയ സർവ്വേ പ്രകാരം ഇതിൽ 60% പേർക്ക് സാക്ഷരത നൽകുവാൻ സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ കാര്യത്തിൽ പത്തനംതിട്ട ജില്ലയിൽ മുന്നോക്കം നില്ക്കുന്ന ഒരു പഞ്ചായത്താണ് കടപ്ര. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും പഠനനിലവാരത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതിവിശേഷം അടിയന്തിരമായി മാറ്റിയെടുക്കേണ്ടത് അത്യാവശ്യമാണ്.

ഹിന്ദു ദേവാലയങ്ങളും ക്രിസ്തീയ ദേവാലയങ്ങളും അടുത്തടുത്ത് ഉയർന്നും ഉരുമ്മിയും കാണുന്നതു വഴി മതസഹിഷ്ണതയുടെയും സൗഹാർദ്ദത്തിന്റേയും പാരമ്പര്യം പുരാതന കാലം മുതൽ നമ്മുടെ നാട്ടിൽ നിലനിന്നിരുന്നു എന്ന് സ്പഷ്ടമാണ്.

തൊഴിൽ മേഖലകളിൽ സ്ത്രീ തൊഴിലാളികളുടെ എണ്ണം കുറവാണ്. എന്നാൽ കാർഷിക മേഖലയിൽ സ്ത്രീകൾക്കാണ് പ്രാമുഖ്യം. പരമ്പരാഗത തൊഴിലിൽ സ്ത്രീകൾ കൂടുതലായി പങ്കെടുക്കുന്നു. പൊതുവെ പഞ്ചായത്തിൽ വ്യവസായങ്ങൾ കുറവാണ്. ജില്ലയിലെ തന്നെ പ്രധാന വ്യവസായസ്ഥാപനമായ ട്രാവൻകൂർ ഷുഗർ ഫാക്ടറിയുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. മറ്റൊരു വ്യവസായ സ്ഥാപനമായ സ്ട്രോ ബോർഡു ഫാക്ടറി നിർജ്ജീവമായി കഴിഞ്ഞു. പഞ്ചാ

വാർഡു തല ജനസംഖ്യ വിവര പട്ടിക (1991 സെൻസസ്)

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പട്ടികജാതി | | | |
|---|---|---|---|---|---|---|---|
| | | | | പു | സ്ത്രീ | ആകെ | വീടുകൾ |
| I | 1098 | 1215 | 2313 | 95 | 1051 | 2002 | 474 |
| II | 680 | 720 | 1400 | 72 | 67 | 139 | 300 |
| III | 857 | 955 | 1812 | 112 | 129 | 241 | 353 |
| IV | 915 | 976 | 1891 | 114 | 112 | 226 | 392 |
| V | 1229 | 1286 | 1515 | 52 | 55 | 107 | 536 |
| VI | 1412 | 1462 | 2874 | 122 | 124 | 246 | 566 |
| VII | 1077 | 1072 | 2149 | 229 | 263 | 492 | 438 |
| VIII | 1247 | 1376 | 2623 | 201 | 226 | 427 | 564 |
| IX | 1037 | 1191 | 2278 | 154 | 180 | 334 | 468 |
| X | 997 | 1018 | 1995 | 158 | 151 | 309 | 401 |
| ആകെ | 10529 | 11271 | 21800 | 1309 | 1412 | 2721 | 4522 |

യത്തിലുള്ള കോളനികളുടെ നില ദയനീയമാണ്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ അതിരൂക്ഷമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയും പുതിയ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കിയും ഇതിനൊരു പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന കാർഷികരംഗം ആദായകരമല്ലാതായതോടുകൂടി മറ്റു തൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചു വരുന്നു. അങ്ങനെ കാർഷികമേഖലയിൽ തൊഴിലാളികളുടെ ലഭ്യത വളരെ കുറഞ്ഞുകൊണ്ടിരിക്കുന്നു. പരമ്പരാഗത തൊഴിലുകൾ നാശത്തേ നേരിടുന്നു. കൃഷിസ്ഥലങ്ങൾ ഇഷ്ടിക വ്യവസായ സ്ഥലങ്ങളായി മാറുന്നു. തന്മൂലം കൃഷിയിടങ്ങൾ കുറയുന്നു. മത്സ്യ തൊഴിലാളികളുടെ നിലയും പരിതാപകരമാണ്. അവർക്ക് തൊഴിലിനു തക്ക പ്രതിഫലം ലഭിക്കുന്നില്ല. കാരണം നദികളിലും ചാലുകളിലും വികലമായ കീടനാശിനിപ്രയോഗം കൊണ്ട് മത്സ്യ സമ്പത്ത് നശിച്ചു കൊണ്ടിരിക്കുന്നു. ലഭിക്കുന്ന മത്സ്യം സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സൗകര്യക്കുറവ് വളരെയധികമാണ്. ഇതിനു മാറ്റം വരേണ്ടിയിരിക്കുന്നു.

വർഷത്തിൽ ശരാശരി 300 മില്ലിമീറ്റർ മഴ നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നു. ഏറ്റവും കുറവു മഴ ലഭിക്കുന്നത് ജനുവരി, ഫെബ്രുവരി മാർച്ചു മാസങ്ങളിലാണ്. പഞ്ചായത്തിന്റെ അതിർത്തി പ്രദേശങ്ങളിൽ കൂടി നദികൾ ചുറ്റപ്പെട്ടു കിടക്കുന്നു. കൂടാതെ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു കൂടി രണ്ടു നദികളും കടന്നു പോകുന്നതു കൊണ്ട് മിക്കവാറും എല്ലാ പ്രദേശങ്ങളിലും ജലം ലഭിക്കുന്നുണ്ട്. കൂടാതെ അനവധി തോടുകളും നദികളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇതിൽ പ്രധാനം 4-ാം വാർഡിലുള്ള പമ്പാ മണിമലകട്ട് എന്ന് അറിയപ്പെടുന്ന പുത്തനാറാണ്. ഇത് ഇപ്പോൾ നികന്ന് കൃഷി ചെയ്തു വരുന്നു. ഇതിന് ഏകദേശം 90 ഏക്കർ വിസ്തീർണ്ണമുണ്ട്. ടി സ്ഥലം മത്സ്യം വളർത്തുന്നതിന് സൗകര്യപ്രദമാണ്. രണ്ടു വശവും ചിറയും മറ്റു രണ്ടു വശം റോഡുമാണ്. ഏകദേശം ഒരു കിലോമീറ്റർ നീളത്തിലും നൂറു മീറ്റർ വീതിയിലും കിടക്കുന്നു. കൂടാതെ, വൻ കുളങ്ങളും ചെറുകുളങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. മത്സ്യം വളർത്തുവാനും ജലസേചനത്തിനും ടി കുളങ്ങൾ ഉപയുക്തമാണ്. ഏകദേശം പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലും ശുദ്ധജലം ലഭിക്കുമെങ്കിലും വേനൽക്കാലങ്ങളിൽ ജല ദൗർലഭ്യം അനുഭവ

### പ്രധാന ചാലുകളും കുളങ്ങളേയും സംബന്ധിച്ചുള്ള വിവരങ്ങൾ

| | കുളത്തിന്റെ പേര് | വാർഡ് |
|---|---|---|
| 1 | പൂവേലിൽ ചാൽ | IV |
| 2 | കുറ്റിക്കാട്ടു ചാൽ | IV |
| 3 | പുത്തനാറ് | IV |
| 4 | പാലത്താംകുഴി | II, III |
| 5 | കോട്ട ചാൽ | I.II |
| 6 | കാരയ്ക്കാട്ടു ചാൽ | III |
| 7 | തിരുവാർ മംഗലത്തു കുളം | VII |
| 8 | ആലംമൂട്ടിൽ കുളം | VIII |
| 9 | കൈനിക്കര മഠം വക കുളം | V |
| 10 | കടപ്ര അമ്പലക്കുളം | V |

### പ്രധാന തോടുകൾ

| | തോടുകളുടെ പേര് | വാർഡ് |
|---|---|---|
| 1 | കാരിക്കോട്ടു തോട് | 3 |
| 2 | വാലയിൽ തോട് | 3 |
| 3 | തിക്കപ്പുഴ തോട് | 7, 8, 6 |
| 4 | നാട്ടു തോട് | 7, 8 |
| 5 | കുന്നേപ്പടി മുണ്ടനാരി തോട് | 10 |
| 6 | പുന്നമൂട്ടിൽപടി മുണ്ടനാരിതോട് | 10 |
| 7 | കാക്കത്തോട് | 10 |
| 8 | വിളക്കുവെട്ടത്തു തോട് | 9 |
| 9 | പറയൻ തോട് | 5 |
| 10 | അരികുപുറത്തുതോട് | 6 |
| 11 | ആറ്റുപള്ളത്തു തോട് | 7 |
| 12 | നൊച്ചിയിൽ തോട് | 10 |
| 13 | തേവേരി തോട് | 10 |
| 14 | മുണ്ടനാരി തോട് | 10 |

പ്പെടുന്നു. ഇതിനു മുഖ്യ കാരണം നദികളിലെ മണൽ വാരൽ നിമിത്തം നദികൾ കുഴിഞ്ഞ് ജലനിരപ്പ് വ്യത്യാസപ്പെടുന്നതുകൊണ്ട് കിണറുകളിൽ ജലം ലഭിക്കാത്തതാണ്. ഇതിന് പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് (9, 10 വാർഡുകൾ) വേനൽക്കാലത്ത് അല്പം ഉപ്പു രസം ജലത്തിൽ അടങ്ങിയതായി കാണുന്നുണ്ട്.

തോടുകൾ നദിയുമായി യോജിച്ച് കിടക്കുന്നതു കൊണ്ട് നദികളിൽ നിന്നും എക്കൽ ധാരാളമായി നിലങ്ങളിൽ ലഭിക്കുന്നു. കൃഷിക്ക് ജലം കയറ്റുകയും ഇറക്കുകയും ചെയ്യുവാൻ സാധിക്കുന്നു. മുൻകാലങ്ങളിൽ യാത്രയ്ക്കും ടി തോടുകൾ ഉപയോഗിച്ചിരുന്നു.

**കടപ്ര പഞ്ചായത്തിലെ വർഷപാതം സെമീ.**

(അവലംബം T. S. C. Ltd, വളഞ്ഞവട്ടം)

| | കടപ്ര പഞ്ചായത്ത് | | | | | പത്തനംതിട്ട ജില്ലാ ശരാശരി | കേരളം സംസ്ഥാന ശരാശരി |
|---|---|---|---|---|---|---|---|
| | 1990 | 1991 | 1992 | 1993 | 1994 | | |
| ജനു. | 1.32 | - | - | - | 0.84 | 2.8 | 1.4 |
| ഫെ. | 1.25 | - | - | 2.47 | 11.74 | 4.1 | 1.7 |
| മാ | 3.61 | 3.52 | - | 0.66 | 1.83 | 9.9 | 3.9 |
| ഏ | 3.05 | 11.54 | 0.63 | 7.69 | 14.62 | 20.2 | 11.2 |
| മെ | 57.94 | 16.65 | 32.56 | 23.35 | 36.78 | 30.6 | 25.6 |
| ജൂൺ | 50.95 | 125.43 | 67.90 | 88.30 | 54.39 | 58.5 | 69.1 |
| ജൂലൈ | 63.29 | 55.63 | 67.67 | 86.37 | 72.77 | 55.0 | 76.0 |
| ആഗ | 16.91 | 29.93 | 37.94 | 15.67 | 44.11 | 37.2 | 43.3 |
| സെ. | 15.51 | 2.95 | 26.70 | 13.73 | 14.44 | 27.2 | 24.7 |
| ഒക്ടോ | 53.94 | 23.41 | 43.56 | 48.95 | 42.92 | 33.9 | 28.8 |
| നവം. | 20.81 | 16.82 | 44.20 | 26.87 | 9.90 | 24.2 | 16.3 |
| ഡിസം. | - | 0.04 | 3.68 | 7.70 | - | 6.2 | 4.3 |
| ആകെ | 288.58 | 285.92 | 324.84 | 321.76 | 304.34 | 309.8 | 306.3 |

# 5-1

# കൃഷിയും ജലസേചനവും

കേരളത്തിന്റെ നെല്ലറയായ കുട്ടനാട്ടിൽപ്പെട്ട അപ്പർകുട്ടനാടിനോട് തൊട്ടുരുമ്മി കിടക്കുന്നതും തിരുവല്ല മാവേലിക്കര റോഡിന് ഇരുവശങ്ങളിലായും പുളിക്കീഴ് പന്നായിപാലങ്ങൾക്കു ഉള്ളിലായും, പമ്പാനദി, കുത്തിയതോട് വഴി രണ്ടായി പിരിഞ്ഞ് ഒഴുകി ചുറ്റി കിടക്കുന്നതും. പമ്പാ നദിയാലും, അച്ചൻകോവിൽ ആറിന്റെ കൈവഴിയാലും ചുറ്റപ്പെട്ട് ഒരു ദ്വീപായി ഒരു വശത്ത് പരുമല പാലത്താലും മറുവശത്ത് ഇല്ലിമല പാലത്താലും ബന്ധിച്ച് കിടക്കുന്നതുമായ ചരിത്ര പ്രാധാന്യം ഉള്ള പരുമലയും ചേർന്ന് പത്ത് വാർഡുകൾ ഉൾപ്പെട്ട പ്രദേശമാണ് കടപ്ര സ്പെഷ്യൽ ട്രേഡ് പഞ്ചായത്ത്. കാർഷിക പ്രാധാന്യം വളരെ ഉള്ളതും ഒരു കാലത്ത് കാർഷിക വൃത്തികൊണ്ട് മാത്രം ഉപജീവിച്ച് വന്നിരുന്നതുമായ സമ്പന്ന കുടുംബങ്ങളും ഇടനിലക്കാരും കർഷക തൊഴിലാളികളും ഒത്തുചേർന്ന് സമ്പന്നമാക്കിയ ഒരു സംസ്കാരവും സമ്പദ് വ്യവസ്ഥയും ഈ പ്രദേശത്ത് നിലനിന്നിരുന്നു. ജന്മി കുടിയാൻ സമ്പ്രദായം ഇവിടെ ഉണ്ടായിരുന്നു. ഇന്നും ഒരു അളവു വരെ അതിന്റെ പ്രതിഛായ നിലനിൽക്കുന്നുണ്ട്. ഏകദേശം 1500 ഹെക്ടർ വിസ്തീർണ്ണമുള്ളതും കളിമണ്ണ്, മണൽ, മണൽ ചേർന്ന കറ്റുമണ്ണ് മണൽപുരയിടങ്ങൾ, ചെമ്മണ്ണ് മുതാലയവയോടുകൂടിയ ഫലഭൂയിഷ്ഠമായ ഭൂപ്രദേശമാണ് ഇവിടെ ഉള്ളത്. കിളർന്ന പുരയിടങ്ങൾ വിരുപ്പുനിലങ്ങൾ താണഭൂമികൾ പുഞ്ചനിലങ്ങൾ എന്നിങ്ങനെ നാലു തട്ടുകളായിട്ടാണ് ഭൂമിയുടെ കിടപ്പ്. വെള്ളപ്പൊക്ക സമയങ്ങളിൽ മിക്കവാറും പ്രദേശങ്ങൾ വെള്ളം കയറി മുങ്ങികിടക്കുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. ഇത് നല്ല ഒരു ശതമാനം ആളുകളെ ദാരിദ്ര്യത്തിനും യാത്രാ ബുദ്ധിമുട്ടിനും ഇടയാക്കുന്നു.

## ഭൂവിനിയോഗം

നെല്ല്, കരിമ്പ്, തെങ്ങ്, കപ്പ, വാഴ, കൊക്കോ, മുളക്, പച്ചക്കറികൾ, മുതലായ വിളകൾ ഇവിടെ ധാരാളമായി കൃഷി ചെയ്യുവാൻ സൗകര്യമുണ്ട്. കരിമ്പു കൃഷി ധാരാളമായി നന്നായിട്ട് ചെയ്യാവുന്ന വിരുപ്പ് നിലങ്ങൾ ഈ പ്രദേശത്ത് ധാരാളം ഉള്ളതുകൊണ്ടാണ് ഏതാണ്ട് 40 കളിൽ തന്നെ പാശ്ചാത്യ കമ്പനിയായ പാരി ആന്റ് കമ്പനിയുടെ ഉടമസ്ഥതയിൽ പമ്പാ റിവർ ഫാക്ടറി എന്ന പേരിൽ ഒരു പഞ്ചസാര ഫാക്ടറിയും മറ്റ് അനുബന്ധ വ്യവസായങ്ങളും ഈ പ്രദേശത്ത് സ്ഥാപിച്ചത്. എന്നാൽ, കരിമ്പ് കൃഷി വേണ്ടത്ര പ്രോൽസാഹിപ്പിക്കപ്പെടാത്തതുകൊണ്ടും, കാർഷിക തൊഴിൽ പ്രശ്നങ്ങൾ ഉൾപ്പെടെ കൃഷി ചെലവുകൾ വളരെ വർദ്ധിച്ചതുകൊണ്ടും കരിമ്പു കൃഷി തീരെ നശിക്കുകയും ഫാക്ടറിയുടെ പ്രവർത്തനം അവതാളത്തിൽ ആകുകയും ചെയ്തിരിക്കുകയാണ്. തെങ്ങും, നെല്ല്, മറ്റ് കുറുംപൂപ്പ് കൃഷികളായ മുതിര, മധുരകിഴങ്ങ്, പഞ്ഞപ്പുല്ല്, പച്ചക്കറികൾ എന്നിവയും ധാരാളം കൃഷി ചെയ്തിരുന്നു. എന്നാൽ ഈ വക കൃഷികൾ എല്ലാം തന്നെ ആദായകരമല്ലാതായിത്തീർന്നതിനാൽ കൃഷിക്കാർ കാർഷിക വൃത്തിയിൽ നിന്ന് പിൻതിരിയുകയും കൃഷിയിടങ്ങൾ പലതും തരിശു ഭൂമിയായി തീരുകയും ചെയ്തിരിക്കുകയാണ്. വിദേശപണത്തിന്റെ വരവും കാർഷിക വൃത്തിയിൽ നിന്ന് ആളു

കളെ പിൻതിരിപ്പിക്കുന്നതിന് പ്രേരകമായിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള കൃഷിഭൂമിയിൽ ഏക ദേശം 25-30 ശതമാനം തരിശുഭൂമികളായിതീർന്നിട്ടു ണ്ട്. ഗതാഗത സൗകര്യമുള്ള കൃഷിയിടങ്ങൾ പലതും മണ്ണിട്ടു കിളർത്തി താമസസൗകര്യങ്ങൾ ഉണ്ടാക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നുണ്ട്. കൂടാതെ കൃഷിയിട ങ്ങൾ കുഴിച്ച് മണ്ണും മണലും വിൽക്കുന്ന പതിവും,

| ഭൂമിയെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ | |
|---|---|
| ഇനം | വിസ്തീർണ്ണം |
| നിലം | 738 ha. |
| പുരയിടം | 717 ha. |
| ആകെ | 1455 ha. |

ഇഷ്ടിക നിർമ്മാണത്തിന് കൃഷിഭൂമികൾ കുഴിച്ച് മണ്ണ് ഉപയോഗിക്കുന്ന പതിവും വളരെ പ്രബലമായി നിലവി ലുണ്ട്. ഈ കാരണങ്ങളാൽ കൃഷിയിടങ്ങൾ എന്ന ന്നേക്കുമായി കൃഷിഭൂമികൾ അല്ലാതായിതീരുകയും കൃഷിയിടങ്ങളുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുക യും ചെയ്യുന്നു.

കൂലി വർദ്ധന, രാസവളങ്ങളുടെയും കീടനാശി നികളുടെയും അമിതമായ വില വർദ്ധന കാലവസ്ഥ യിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്നിവ നിമിത്തം നെൽ കൃഷി കുറഞ്ഞു കൊണ്ടിരിക്കുന്നു. നെല്ലിനെ ബാധി ക്കുന്ന രോഗങ്ങളും. ധാരാളം ഉണ്ടാകുന്നുണ്ട്. പ്രധാന മായി കാണുന്നത് ഇല കരിച്ചിൽ, ഓല ചുരുട്ട്, മുട്ടുപുഴു, കുമിൾ, മുഞ്ഞ മുതലായ രോഗങ്ങളാണ്. തക്ക സമയത്ത് വളവും കീടനാശിനികളും പ്രയോഗി ക്കാൻ സാധിക്കാത്തതുകൊണ്ട് നെല്ലിന്റെ വിളവ് കുറ യുന്നതിന് ഇടയാകുന്നു. കൂടാതെ നെല്ലിന്റെ വിള

**ഭൂവിനിയോഗം വിള വിസ്തീർണ്ണവും ഉത്പാദനവും**

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 62 ha. | | 1900 M.T. |
| നെല്ല് (രണ്ടാം വിള) | 42. ha. | | 2100 M.T. |
| നെല്ല് (മൂന്നാം വിള) | 345 ha. | | 3100 M.T. |
| പയർ | 2 ha. | | |
| എള്ള് | 5 ha. | | |
| പച്ചക്കറികൾ | 35 ha. | | |
| തെങ്ങ് | 460 ha. | | |
| വാഴ | 199 ha. | | |
| മരച്ചീനി | 20 ha. | | |
| കുരുമുളക് | 11 ha. | | |
| പ്ലാവ് | 28 ha. | | |
| കശുമാവ് | 3.5 ha. | | |
| മാവ് | 19 ha. | | |
| റബർ | 8 ha. | | |
| കവുങ്ങ് | 26 ha. | | |
| കരിമ്പ് | 141 ha. | | |
| കിഴങ്ങു വർഗ്ഗങ്ങൾ | 12 ha. | | |

വെടുപ്പ് സമയത്ത് വില കുത്തനെ കുറയുകയും ഇടനിലക്കാരായ കച്ചവടക്കാർ തന്നിമിത്തം ആദായം ഉണ്ടാക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷം പലപ്പോഴും നെൽകൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഉദാഹരണമായി 95-96-ലെ നെൽകൃഷി സീസണിൽ നെല്ലിന്റെ വില ക്വിന്റലിന് 500 രൂപയായിരുന്നത് 2 മാസം കഴിഞ്ഞപ്പോൾ ക്വിന്റലിന് 750 രൂപയായി. കർഷകർക്ക് നെല്ലു സംഭരിച്ചു വെക്കുന്നതിന് തക്ക സാഹചര്യമോ, സാമ്പത്തികശേഷിയോ ഇല്ലാത്തതുകൊണ്ട് പലപ്പോഴും വിളവെടുക്കുന്ന സമയത്തു തന്നെ വിൽക്കേണ്ടതായി വരുന്നു. വിരുപ്പുനിലങ്ങൾ കിളർത്തി പോലും തെങ്ങു കൃഷി ചെയ്യുന്നുണ്ട്. എന്നാൽ തെങ്ങു കൃഷിയും ആദായകരമല്ലാത്ത നിലയിൽ കാറ്റു വീഴ്ച, മഞ്ഞളിപ്പ്, കൂമ്പുചീയൽ, ചെല്ലികുത്ത് മുതലായ രോഗങ്ങൾ പടർന്നുപിടിച്ചുകൊണ്ടിരിക്കുന്നതും ജലസേചന സൗകര്യങ്ങളുടെ അഭാവവും വളം, കീടനാശിനികൾ ഇവ തക്കസമയത്ത് ഉപയോഗിക്കാത്തതും നിമിത്തം തെങ്ങിൽ നിന്നു ലഭിക്കുന്ന ശരാശരി വരുമാനം വളരെ കുറയുന്നുണ്ട്.

## വളവും കീടനാശിനികളും

സഹകരണ സംഘം ഉൾപ്പെടെ ഒൻപത് രാസ വള വിപണനകേന്ദ്രങ്ങൾ പഞ്ചായത്തിൽ ഉണ്ട്. അവിടെ നിന്നെല്ലാം കീടനാശിനികളും ലഭിക്കുന്നുണ്ട്. ജൈവവളങ്ങൾ വളരെ വിരളമായിട്ടേ ഉപയോഗിക്കുന്നുള്ളൂ. ഗുണമേന്മയുള്ള ജൈവവളങ്ങൾ ലഭിക്കുന്നില്ല. ചാണകവും, കമ്പോസ്റ്റു കുറേശേ ഉപയോഗിക്കുന്നുണ്ട്. കൈകാര്യം ചെയ്യാനുള്ള ബുദ്ധിമുട്ടും ജൈവവള പ്രയോഗത്തിന് തടസമാകുന്നുണ്ട്. മണ്ണു പരിശോധന നടത്തി വളവും, കീടനാശിനികളും നിർദ്ദേശിക്കപ്പെടാത്തതു കാരണം ശരിയായ പ്രയോജനം പലപ്പോഴും ലഭിക്കാതെ പോകുന്നു. ഗുണമേന്മയുള്ള വളങ്ങൾ Micro bferliliser എന്നിവ ലഭിച്ചാൽ കർഷകർ അത് ഉപയോഗിക്കുകയും തന്നിമിത്തം കൃഷി ഭൂമികളുടെ വീര്യം നഷ്ടപ്പെടാതെയിരിക്കുകയും ചെയ്യും.

## ജലസേചനം

കൃഷികൾ പൊതുവെ കാലാവസ്ഥയെ ആശ്രയിച്ച് നടത്തുന്നവയാകയാൽ വേനൽക്കാലത്ത് ഉണങ്ങി നശിക്കുകയും വർഷകാലത്ത് വെള്ളം കയറിയും മറ്റും അഴുകി നശിക്കുകയും ചെയ്യാറുണ്ട്. ചുറ്റുപാടും ആഴവും പരപ്പും ഉള്ള നദികളാൽ ചുറ്റപ്പെട്ട പ്രദേശമാണ് പഞ്ചായത്തിലുള്ളത്. എന്നാൽ സുലഭമായ ജല ശ്രോതസ് ആവശ്യാനുസരണം ഉപയോഗിച്ച് ജലസേചനം നടത്താൻ സാധിക്കാത്തതുമൂലം അവ നഷ്ടപ്പെട്ടുകൊണ്ടാണ് ഇരിക്കുന്നത്. ജലം ധാരാളം ലഭിക്കാവുന്ന ആറുകളുടെയും, കുളങ്ങളുടെയും, തോടുകളുടെയും സമീപത്തുള്ള കൃഷിയിടങ്ങളിലെ കൃഷികൾ പോലും വേനൽകാലത്ത് ഉണങ്ങി നശിക്കുന്ന സ്ഥിതിവിശേഷം സർവ്വ സാധാരണമാണ്. നദികളാൽ ചുറ്റപ്പെട്ടു കിടക്കുന്ന സ്ഥലങ്ങൾ ആയതുകൊണ്ട് ഗവൺമെന്റ് പദ്ധതികൾ പ്രകാരമുള്ള ജലസേചന സൗകര്യങ്ങളുടെ പ്രയോജനം ഒട്ടും തന്നെ ഈ പ്രദേശത്ത് ലഭിക്കുന്നില്ല. അതുകൊണ്ട് ഇന്ന് ആരും ശ്രദ്ധിക്കാതെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജല സ്രോതസ്സുകൾ, ഉയർന്ന പ്രദേശങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ മുഖേന താഴ്ന്ന പ്രദേശങ്ങളിൽ പമ്പ്, മോട്ടോർ, ചീപ്പ്, ബണ്ട് മുതലായവ മുഖേനയും കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിൽ കുളങ്ങൾ പൊതു ഉപയോഗങ്ങൾക്ക് പ്രത്യേകം നിർമ്മിക്കേണ്ട ആവശ്യം ഇല്ല. എന്നാൽ കുളങ്ങൾ പോലെ വെള്ളം ധാരാളം കെട്ടികിടക്കുന്ന സ്ഥലങ്ങൾ പ്രത്യേകം സംരക്ഷിക്കപ്പെടുകയും പായലും മറ്റും വാരി മാറ്റി വൃത്തിയാക്കുകയും ചെയ്താൽ ജലസേചനത്തിനും മറ്റും ഉപയുക്തമാക്കാവുന്നതാണ്.

## കാർഷിക വായ്പ

കാർഷിക ഉപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവ് ഉപകരണങ്ങൾ: ട്രക്ടർ | ടില്ലർ | നാടൻ കലപ്പ | മരുന്ന് തളിക്കാനുള്ള ഉപകരണങ്ങൾ: റോക്ക് സ്പ്രേയർ | മറ്റുള്ള നാപ്സാക് സ്പ്രേയർ | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോട്ട് വളങ്ങൾ | ലെൽ |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | 3 | | | 97 | 112 | | | 9 | 4 |

ഒരു സഹകരണ സ്ഥാപനമടക്കം 3 ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഈ സ്ഥാപനങ്ങളിൽ നിന്നും കൃഷി വായ്പകൾ ലഭിക്കുന്നുണ്ട്. വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നു എന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നു. വായ്പാ സൗകര്യങ്ങൾ കുറെ കൂടെ ലഘുവായ വ്യവസ്ഥകളിൽ യഥാർത്ഥ കർഷർക്ക് ലഭിക്കേണ്ടതാണ്.

## പാടശേഖരങ്ങൾ

അപ്പർ കുട്ടനാടിനോട് ചേർന്ന് കിടക്കുന്ന പ്രദേശമാകയാൽ പുഞ്ചപാട ശേഖരങ്ങൾ ധാരാളം ഉണ്ട്. ഏകദേശം 500 ഹെക്ടർ പുഞ്ചനിലങ്ങളിൽ നെൽകൃഷി ചെയ്തു വരുന്നു. കൃഷി ഭവനുമായി ബന്ധപ്പെട്ട് പുഞ്ചപാടശേഖരങ്ങൾ അതാതു പാടശേഖര കമ്മറ്റിയുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. അപ്രകാരം രജിസ്റ്റർ ചെയ്ത പത്ത് പാടശേഖരങ്ങൾ പഞ്ചായത്തിലുണ്ട്. രജിസ്റ്റർ ചെയ്യപ്പെടാത്ത പാടശേഖരങ്ങളും ഉണ്ട്.

## കൃഷി ഭവൻ

തികച്ചും കാർഷിക മേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടി ആരംഭിച്ച കൃഷി ഭവന്റെ പ്രവർത്തനങ്ങൾ ശരിയായ നിലയിൽ കർഷകർക്ക് പ്രയോജനപ്പെടുന്നില്ല. കൃഷി ഭവനിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ പലതും പലപ്പോഴും യഥാർത്ഥ കർഷകരുടെ പക്കൽ എത്തിചേരാത്ത സ്ഥിതി വിശേഷവും ഉണ്ടാകുന്നുണ്ട്. കൃഷിഭവന്റെ പ്രയോജനം പൂർണ്ണമായ തോതിൽ കർഷകർക്ക് ലഭിക്കേണ്ടതാണ്.

## വിപണനം

കാർഷിക വിഭവങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇല്ല. നെല്ല്, തെങ്ങാ മുതലായ പ്രധാന വിഭവങ്ങൾ പോലും കർഷകരുടെ പക്കൽ നിന്നും കൃഷിയിടങ്ങളിൽ നിന്നും കച്ചവടക്കാർ അപ്പോഴപ്പോഴ് തീരുമാനിക്കുന്ന വിലയനുസരിച്ച് വാങ്ങിക്കൊണ്ടു പോകുകയാണ് പതിവ് നിലവിലുള്ള ന്യായമായ വിലകൾ പോലും കർഷകർക്ക് ലഭിക്കാത്ത സാഹചര്യമുണ്ട്. വിലകൾ പലപ്പോഴും ലാഭേഛക്കാരായ കച്ചവടക്കാരാണ് നിയന്ത്രിക്കുന്നത്. കാർഷിക വിളകൾക്ക് ന്യായവിലകളും, തറവിലകളും ഗവൺമെന്റിൽ നിന്നും നിശ്ചയിക്കുകയും അതനുസരിച്ച് വിപണനം നടത്തുകയും ചെയ്യത്തക്ക ക്രമീകരണങ്ങൾ ആവശ്യമാണ്. പൊതുവായ സംഭരണ വിപണന സാധ്യതകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഉണ്ടാവണം അങ്ങനെ കൃഷിക്കാരന് കാർഷിക വിഭവങ്ങൾക്ക് ന്യായമായ വില ലഭിക്കുമെന്ന് ഉറപ്പുവരുത്തുകയും വേണം.

## കൂലി നിരക്ക് തൊഴിൽ ബന്ധം

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ മറ്റു തൊഴിൽ രംഗങ്ങളിൽ ലഭിക്കുന്ന കൂടിയ ആനുകൂല്യങ്ങൾ, സൗകര്യങ്ങൾ മുതലായവ ഇതിന് മുഖ്യകാരണങ്ങളാണ്. ഏകദേശം 1000 കർഷക തൊഴിലാളികളാണ് പഞ്ചായത്തിൽ ഉള്ളത്. നിലവിലുള്ള കൂലി നിരക്ക് പുരുഷന് 80 രൂപയും സ്ത്രീക്ക് 40 രൂപയും ആണ് ആറ് മണിക്കൂർ സമയമാണ് ജോലി ഒരു ഏകീകൃതകൂലി നിരക്കോ ജോലി സമയമോ, നിലവിൽ ഇല്ല. ഏകീകൃത കൂലി നിരക്കും ജോലി സമയവും വളരെ ആവശ്യമാണ്. കൃഷികൾ പലതും അതാതു സീസണുകളിൽ നടത്തു

### ദുരിതാശ്വാസ വിതരണം

പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)

| വർഷം | വെള്ളപൊക്കം | വരൾച്ച | കൊടുംകാറ്റ് | ഉരുൾ പൊട്ടൽ | ധനസഹായം ലഭിച്ചവർ | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | - | - | - | - | - | - |
| 94-95 | - | - | - | - | 1184 | 30247 |
| 95-96 | | - | | - | 32 | 12500 |

ന്നതാകയാൽ കൃഷികൾ തുടങ്ങുന്ന വർഷത്തിൽ രണ്ടു ഘട്ടങ്ങളിൽ എങ്കിലും കൂട്ടായ കൂടി ആലോചന കൾ വഴി കാർഷിക രംഗത്തെ സേവനവേതനവ്യവ സ്ഥകൾ തീരുമാനിക്കപ്പെടുകയും തൊഴിൽ ബന്ധം ദൃഢപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

## പൊതു ആവശ്യങ്ങൾ - നിർദ്ദേശങ്ങൾ

### 1 വളം - കീടനാശിനികൾ

കൃഷിക്ക് അത്യന്താപേക്ഷിതമായ വളം, കീടനാ ശിനികൾ സബ്സിഡിയോടുകൂടി കുറഞ്ഞ വിലക്ക് ലഭിക്കണം. ശരിയായ സുരക്ഷാ സംവിധാനത്തോടെ യും ശരിയായ അളവിലും കീടനാശിനികൾ ഉപയോഗി ക്കുന്നതിന് കർഷകർക്ക് ബോധവൽക്കരണക്ലാസ്സുക ൾ ക്രമീകരിക്കണം. നീറ്റു കക്ക കുറഞ്ഞ വിലക്ക് ലഭിക്കത്തക്കവണ്ണം കൃഷിഭവൻ വഴി ക്രമീകരണം നട ത്തണം.

### 2 വിത്തിനങ്ങൾ

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കർ ഷകർക്ക് യഥാസമയം ലഭിക്കുന്നതിന് സൗകര്യങ്ങൾ ഉണ്ടാക്കണം. പ്രാദേശികമായി വിത്തുകൾ ഉൽപാദി പ്പിക്കുന്നതിന് പാടശേഖരസമിതികളെ ഉപയോഗപ്പെ ടുത്താവുന്നതാണ്. ധാരാളം വിപണന സാധ്യതയുള്ള ഫ്ലോറികൾച്ചർ (ഓർക്കിഡ്, ആന്തൂറിയം, മുതലായവ) നേഴ്സറികളുടെ സഹായത്തോടെ വ്യാപകമാക്കണം. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭിക്കത്ത ക്കവണ്ണം ഒരു സീഡ് ബാങ്ക് പഞ്ചായത്തിൽ സ്ഥാപി ക്കണം.

### 3 വിള ഇൻഷുറൻസ്

കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിളകൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് സമ്പ്രദായം നടപ്പാക്കണം കർഷക ധന സഹായത്തിനുള്ള വരുമാന പരിധി കുറയ്ക്കൽ വൈദ്യുതി കുറഞ്ഞ നിരക്കിൽ നൽകൽ, ജലസേചന ത്തിനുള്ള മണ്ണെണ്ണയുടെ അളവു വർദ്ധിപ്പിക്കൽ മുത ലായവ ക്രമീകരിക്കപ്പെടണം. ഗ്രൂപ്പ് ഫാമിംഗ് സമ്പ്ര ദായം വിള ഇൻഷുറൻസിനും കാര്യക്ഷമമായ മറ്റു കാർ ഷിക പ്രവർത്തനങ്ങൾക്കും സഹായകരമായിരിക്കും.

### 4 പച്ചക്കറി ഉൽപാദനം

ഗുണമേന്മയുള്ള പച്ചക്കറി വിത്തിനങ്ങൾ ശേഖരിച്ച് ജൈവവള പ്രയോഗത്തിന് മുൻതൂക്കം നൽകി വാർഡുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കു വാൻ സാധിക്കും. സ്കൂളുകൾ കേന്ദ്രമാക്കി കൃഷി തോട്ടങ്ങൾ നടപ്പിൽ വരുത്തുവാൻ സാധിക്കും. കാർ ഷികമായ വരുമാനത്തിനു പുറമെ ഗുണമേന്മയുള്ള പച്ചക്കറി ലഭിക്കുന്നതിനും ഇത് സഹായകമാകും.

### 5 കാർഷിക ഉപകരണങ്ങൾ

ആധുനിക ഉപകരണങ്ങൾ കൃഷികാർക്ക് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിനുള്ള ക്രമീകരണ ങ്ങൾ ഉണ്ടാകണം. നിലം ഉഴുന്നതിനുള്ള ട്രാക്ടറുകൾ, ടില്ലറുകൾ, സാധാരണ കൃഷി പണിക്കുള്ള ഉപകരണ ങ്ങൾ നെല്ലു കൊയ്യുന്നതിനും, മെതിക്കുന്നതിനും, പതിരുപിടിക്കുന്നതിനും മറ്റുമുള്ള ഉപകരണങ്ങൾ തെങ്ങു കയറുന്നതിനുള്ള യന്ത്രം മുതലായവ പഞ്ചായ ത്തിൽ ആവശ്യാനുസരണം ലഭ്യമാക്കി കാർഷിക രംഗത്ത് കഴിവതും മെക്കനൈസേഷൻ നടപ്പാക്കണം.

### 6 പൊതു വിപണി

പ്രധാന കൃഷി ഉൽപന്നങ്ങളായി നെല്ല് തെ ങ്ങാ, പച്ചക്കറി എന്നിവയ്ക്ക് പഞ്ചായത്ത് അടിസ്ഥാന ത്തിൽ വിപണന കേന്ദ്രങ്ങൾ ഉണ്ടാകണം സഹക രണ അടിസ്ഥാനത്തിലും ഇവ നടത്താവുന്നതാണ്. ഇത് മുഖാന്തിരം യഥാർത്ഥ വില, കൃഷിക്കാരന്റെ കൈകളിൽ എത്തിച്ചേരുകയും ഇടത്തട്ടുകാരുടെ അനാവശ്യ ഇടപെടൽ ഒഴിവാക്കുകയും ചെയ്യാം കാർ ഷിക വിഭവങ്ങൾക്ക് ന്യായവിലയും തറവിലയും ഉറ പ്പുവരുത്തുകയും തന്നിമിത്തം കാർഷിക വ്യത്തി

**നടീൽ വസ്തു വിതരണം**

എണ്ണം

| ഇനം | 1993-94 | 94-95 | 95-96 |
|---|---|---|---|
| തെങ്ങ് | 1326 | 606 | 925 |
| കുരുമുളക് | 2000 | 4250 | 7325 |
| കവുക് | - | - | 100 |
| പച്ചക്കറി | 2569 | 1104 | 1454 |
| പയർ | 240 kgs | 398 kgs | 164 kgs. |
| കൊക്കോ | 50 | 50 | - |
| പഴവർഗ്ഗങ്ങൾ | 110 | - | 289 |
| നെൽവിത്ത് | 900 kgs | - | 865 kgs. |

ആദായകരമാണെന്ന ഉറപ്പ് കർഷകരിൽ ഉളവാക്കുകയും ചെയ്യാം.

## 7 നിയമപരമായ സമീപനം, അധികാരം

ചെറുകിട ജലസേചന പദ്ധതികൾക്ക് എപ്പോഴും ഭീഷണിയായി വരുന്നത് പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും, തോടുകൾ, ചാനലുകൾ മുതലായവ നിർമ്മിക്കുന്നതിനും പമ്പിംഗ്, റാമ്പ് മുതലായവ കെട്ടി തോടുകളും ബണ്ടുകളും സംരക്ഷിക്കപ്പെടുന്നതിനും മറ്റും സ്ഥലം ഉടമകളിൽനിന്നും ഉണ്ടാകുന്ന എതിർപ്പുകളും നിയമപരമായ തടസ്സങ്ങളുമാണ്. എന്നാൽ ഇവ യഥാർത്ഥ സ്ഥാനങ്ങളിൽ യഥാസമയം കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ അധികാരങ്ങൾ നിയമപരമായി തന്നെ പഞ്ചായത്ത് അധികൃതരിൽ നിഷിപ്തമായിരിക്കണം.

## 8 കീടനാശിനി പ്രയോഗവും കൃഷി സംരക്ഷണവും

പഞ്ചായത്തിലെ മുഖ്യ കാർഷിക വിളയാണ് നെല്ല്, തെങ്ങ് മുതലായ കൃഷികൾ കീടബാധകളാലും, മറ്റ് രോഗങ്ങളാലും നശിച്ചുകൊണ്ടിരിക്കയാണ് ആയതിന് ശാസ്ത്രീയവും സമഗ്രവുമായ കീടനാശിനി പ്രയോഗം ആവശ്യമാണ്. നെൽകൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ കൃഷിഭവൻ മുഖേന അതാതു രോഗങ്ങൾക്ക് യോജിച്ച കീടനാശിനികൾ ഒരേ സമയത്ത് തളിക്കേണ്ടതിനുള്ള സംവിധാനം ഉണ്ടാവണം. അതുപോലെ തന്നെ തെങ്ങിന്റെ രോഗങ്ങൾക്ക് പറ്റിയ കീടനാശിനികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ വർഷത്തിൽ രണ്ടു തവണയെങ്കിലും പ്രയോഗിക്കുകയും കേടായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും നല്ലയിനം പുതിയ തൈകൾ വെച്ചു പിടിപ്പിക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാകണം.

## 9 പാടശേഖരങ്ങളുടെ സംരക്ഷണവും ഉപയോഗക്രമങ്ങളും

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പത്ത് പാടശേഖരങ്ങളും അതിനു പുറമെ രജിസ്റ്റർ ചെയ്യാത്ത ചെറിയ പാടശേഖരങ്ങളും ഉണ്ട്. പാടശേഖരങ്ങൾ പൊതുവേ സംരക്ഷിക്കപ്പെടുന്നത് പുറംബണ്ടുകളും ചെറു തോടുകളും മുഖേനയാണ്. പുറംബണ്ടുകളും റോഡുകളും ഉപയോഗിച്ചു വരുന്നു പുറംബണ്ടുകൾ ഉള്ള ഇടങ്ങളിൽ അവ പിച്ചിംഗ് കെട്ടിയും ആവശ്യത്തിന് കിളർത്തിയും സംരക്ഷിക്കപ്പെടണം. കൂടാതെ പുറം ബണ്ട് ഇല്ലാത്ത പാടശേഖരങ്ങളിൽ പുറംബണ്ടുകൾ നിർമ്മിക്കുകയും വേണം. ഇപ്രകാരം ബണ്ടുകൾ സംരക്ഷിക്കപ്പെടുന്ന പക്ഷം ഇപ്പോൾ ഒരു കൃഷി മാത്രം ചെയ്യുന്ന പാടശേഖരങ്ങളിൽ രണ്ടു കൃഷി ചെയ്യാൻ സാധിക്കുകയും നെല്ലിന്റെ വിളവും കർഷകരുടെ ആദായവും അതനുസരിച്ച് വർദ്ധിക്കുകയും ചെയ്യും. പമ്പ്, മോട്ടോർ, ചീപ്പ് എന്നിവകൾ ആവശ്യാനുസരണം സ്ഥാപിക്കണം. ചെറുതോടുകൾ, കരിങ്കല്ല് പിച്ചിംഗ് കെട്ടി നിലനിർത്തുകയും സംരക്ഷിക്കപ്പെടുകയും ആഴം കൂട്ടുകയും ചെയ്താൽ കൃഷി ചെലവുകൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കും. ബണ്ടുകൾ വെള്ളം കയറാത്ത രീതിയിൽ കിളർത്തിയാൽ യാത്ര സൗകര്യം വർദ്ധിപ്പിക്കുന്നതിനും നെൽപാടങ്ങളിൽ കൃഷിയോടൊപ്പം മീൻ വളർത്തൽ ആദായകരമായി നടത്തുന്നതിനും സാധിക്കും.

## പ്രത്യേക നിർദ്ദേശം

പഞ്ചായത്തിലെ ജലസേചന സംവിധാനങ്ങളെ സംബന്ധിച്ചിടത്തോളം ഏകദേശം പകുതിയോളം വാർഡുകൾ തിരുവല്ല മാവേലിക്കര റോഡിന് ഇരുവശങ്ങളിലായും പുളിക്കീഴ് പന്നായി പാലങ്ങൾക്ക് ഉള്ളിലായുമാണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിലെ ഏറ്റവും കിളർന്ന സ്ഥലത്തുകൂടിയാണ് ടി റോഡ് കടന്നു പോകുന്നത് ഏകദേശം 4 കിലോമീറ്റർ നീളം വരുന്ന

**കൈവശ ഭൂമി വിസ്തീർണ്ണം**

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടർ മുകളിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| Total | 2659 | 651 | 31 |

റോഡിന്റെ അരികിൽ കൂടി പെപ്പ് മുഖേനയോ ചാനൽ മുഖേനയോ രണ്ടു വശങ്ങളിലുള്ള നദികളിൽ നിന്നും വെള്ളം പമ്പു ചെയ്തു കയറ്റിവിട്ടാൻ ചാനലുകൾ വഴി സമീപമുള്ള മിക്ക വാർഡുകളിലും എപ്പോഴും ജലസേചനം നടത്താൻ സാധിക്കും. തന്നിമിത്തം പല വാർഡുകളിലും പലയിടത്തായി സ്ഥാപിക്കേണ്ട ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഒഴിവാക്കുകയും ചെയ്യാം. പമ്പാ റിവർ ഫാക്ടറിയിൽ ഇപ്പോൾ ഉപയോഗമില്ലാതെ കിടക്കുന്ന കൂടുതൽ കുതിര ശക്തിയുള്ള പമ്പും മോട്ടോറും ഈ ആവശ്യത്തിന് ഉപയോഗിക്കുകയും ചെയ്യാം. വാർഡ് അടിസ്ഥാനത്തിൽ ലഭിച്ച ആവശ്യങ്ങളുടെ സംക്ഷിപ്ത രൂപം താഴെ ചേർക്കുന്നു.

ഒന്നാം വാർഡ് തിരുവല്ല മാവേലിക്കര റോഡിന് കിഴക്കുവശത്ത് വസ്തുക്കളുടെ കിടപ്പനുസരിച്ച് തോടുകൾ വെട്ടി ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചനം നടത്തണം ടി റോഡിന് പടിഞ്ഞാറുവശത്ത് മാലിയിൽ പടിയിൽ ലിഫ്റ്റ് ഇറിഗേഷൻ പമ്പ് സ്ഥാപിച്ച് കിളർന്ന പ്രദേശങ്ങളിൽ ജലസേചനം നടത്തണം. കോട്ടച്ചാൽ ചാലുവെള്ള് പാടശേഖരങ്ങൾക്ക് വെള്ളം കയറ്റുകയും ഇറക്കുകയും ചെയ്യത്തക്കവണ്ണം കോട്ടച്ചാൽ മുക്കിന് പമ്പും മോട്ടോറും സ്ഥാപിക്കണം. കൂടാതെ ചീപ്പ് ക്രമീകരിക്കുന്നതിന് ക[illegible] ഉൾപ്പെടെ തോടിന്റെ വശങ്ങൾ പിച്ചിംഗ് [illegible] ബണ്ടുറോഡുമായി ബന്ധിപ്പിക്കുകയും ബണ്ട് [illegible]മൊത്തത്തിൽ ആവശ്യത്തിന് കിളർത്തുകയും വേണം. സമീപമുള്ള വിരുപ്പ് നിലങ്ങൾക്ക് ലിഫ്റ്റ് ഇറിഗേഷൻ മുഖേന ജലസേചനം നടത്തുകയും വേണം. പമ്പാ ഷുഗർ ഫാക്ടറിയിൽ നിന്നും ഒഴുകി വരുന്ന മലിന ജലം പരിസരപ്രദേശത്തുള്ള കൃഷികളെയും, ജനജീവിതത്തേയും സാരമായി ബാധിക്കുന്നതിനാൽ മലിനജലം ഒഴുക്കി വിടുന്നതിന് അനുവദിക്കാതിരിക്കുകയും ആയത് ശുദ്ധീകരിക്കുന്നതിന് പ്ലാന്റ് സ്ഥാപിക്കുകയും വേണം. കലുങ്കിൽ പടി, കോട്ടച്ചാൽ തോട്, മഴയും വെള്ളപ്പൊക്കവും മൂലം കെട്ടികിടക്കുന്ന വെള്ളം വാർന്നു പോകത്തക്കരീതിയിൽ തെളിക്കുകയും തോടിന്റെ ഇരുവശങ്ങളും കല്ലു കെട്ടി സംരക്ഷിക്കപ്പെടുകയും വേണം. മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തിരം വെട്ടിപുറം പോക്കായി സ്ഥിരികരിച്ച തോട് ആരെങ്കിലും കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കുകയും വേണം.

രണ്ടാം വാർഡിൽ മണപ്പറമ്പിൽ കടവിൽ നിർമ്മിച്ചിട്ടുള്ള കലിങ്കിന് ചീപ്പ് സ്ഥാപിക്കുന്നതിനും, പമ്പും മോട്ടോറും വെയ്ക്കുന്നതിനും ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. അവിടെ പമ്പും മോട്ടോറും സ്ഥാപിക്കുകയും ചീപ്പ് ക്രമീകരിക്കുകയും ചെയ്ത തർക്കോലി പാലത്താംകുഴി പാടശേഖരങ്ങളിൽ പുഞ്ചകൃഷികൾ ജലസേചനം നടത്തുകയും, അവിടെ നിന്നും ലിഫ്റ്റ് ഇറിഗേഷൻ മുഖേന സമീപെയുള്ള വിരുപ്പു നിലങ്ങൾക്കും, പുരയിടങ്ങൾക്കും ജലസേചനം നടത്തുകയും ചെയ്യണം. കോട്ടച്ചാൽ, പാലത്തുംകുഴി മുതലായി കുളങ്ങൾ പോലെ കിടക്കുന്ന ജലാശയങ്ങൾ പായൽ മാറ്റിയും മറ്റും സംരക്ഷിച്ച് സമീപമുള്ള നിലം പുരയിടങ്ങൾക്ക് ജലസേചനം നടത്തണം. പ്രസ്തുത വാർഡിൽ പെട്ട പാണംതോട്ടിൽ പമ്പും, മോട്ടോറും ഉപയോഗരഹിതമാകയാൽ അവിടെ പമ്പ് സ്ഥാപിക്കയും ആയതിന് നിലവിലുള്ള താണചാനലുകൾ നികത്തി ഉയർന്ന മേസനറി ചാനൽ നിർമ്മിച്ച് പാടശേഖരത്തിൽ എല്ലായിടത്തും വെള്ളം ലഭിക്കത്തക്കവണ്ണം ക്രമീകരിക്കണം. മണപ്പറമ്പിൽ പാണ്ടൻപടവിൽ ബണ്ട് ഏകദേശം 350 അടി നീളം വരുന്നത് രണ്ടു മൂന്ന് അടി കൂടി കിളർത്തിയാൽ പൊക്ക വെള്ളം തടഞ്ഞ് പാലത്താംകുഴിതർക്കോലി പാടശേഖരവും, പൊരുപുഞ്ച ശേഖരവും ഉൾപ്പെടെ ഏകദേശം 100 ഏക്കർ സ്ഥലത്ത് രണ്ടാം കൃഷി ചെയ്യാവുന്നതും, മീൻ കൃഷി ആദായകരമായി നടത്താവുന്നതുമാണ്. വാർഡിന്റെ ഏറ്റവും പടിഞ്ഞാറു ഭാഗത്തായി കിടക്കുന്ന ചെങ്ങോട്ടു പാടത്തുള്ള നിലങ്ങൾക്ക് ജലസേചനം നടത്തുന്നതിന് വാഴപ്പള്ളി തോട്ടിൽ പമ്പും, മോട്ടോറും സ്ഥാപിക്കയും വേണം.

മൂന്നാം വാർഡിൽ പാലക്കൽപടിയിൽ പമ്പും, മോട്ടോറും സമാപിച്ച് ചുറ്റും ഉള്ള നിലം പുരയിടങ്ങൾക്ക് ജലസേചനം നടത്തണം. തുമ്പയിൽ തോട് തെളിച്ച് കാരിക്കോടു പടിയിൽ ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കയും വേണം. പാലത്താൻ കുഴി, കാരക്കാട്ടുചിൽ മുതലായവ സംരക്ഷിച്ച് ജലസേചനത്തിനും മറ്റും ഉപയുക്തമാക്കണം. കോലറ ആറിന്റെ വശങ്ങൾ അറയ്ക്കൽ പടി മുതൽ പഞ്ചായത്ത് അതിർത്തി വരെയുള്ള ഭാഗങ്ങൾ ആവശ്യമുള്ളിടത്ത് കല്ലുകെട്ടിയും, ആറു തെളിച്ചും, ആഴംകൂട്ടിയും, ജലസേചനത്തിനും, ഗതാഗതത്തിനും സൗകര്യ പ്രദം ആക്കണം.

നാലാം വാർഡിൽ ഇരട്ടക്കാലി പഞ്ചായത്തു കടവു മുതൽ കോലറയാർ ആരംഭിക്കുന്ന അറയ്ക്കൽ മാലി വരെ നദീ തീരം പിച്ചിംഗ് കെട്ടണം.

പുത്തൻപുരയ്ക്കൽ കടവിൽ ലിഫ്റ്റ് ഇറിഗേ

ഷന് പമ്പും, മോട്ടോറും സ്ഥാപിച്ച് സമീപ പ്രദേശത്തുള്ള കൃഷിയിടങ്ങൾക്ക് ജലസേചനം നടത്തണം. കോലറക്കടവിൽ പമ്പും, മോട്ടോറും സ്ഥാപിച്ച് മെയിസിനറി ചാനൽ മുഖേന സമീപ പ്രദേശങ്ങളിലുള്ള കൃഷി ഭൂമികൾക്ക് ജലസേചനം ചെയ്യണം. കൂടാതെ വെള്ളം കെട്ടികിടക്കുന്ന താഴ്ന്ന നിലങ്ങളിൽ തോടു വെട്ടി വെള്ളം വാർന്നു പോകുന്നതിന് ക്രമീകരണങ്ങൾ ചെയ്യണം.

അഞ്ചാം വാർഡ് മാലിയിൽ പടിയിൽ പമ്പും, മോട്ടോറും സ്ഥാപിച്ച് ജലസേചനത്തിന് സൗകര്യം ഉണ്ടാക്കണം മണിപ്പുഴ കടവിൽ പമ്പും മോട്ടോറും സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ വഴി പടിഞ്ഞാറു ഭാഗങ്ങൾക്ക് ജലസേചനം നടത്തണം. കോലറയാറിന്റെ വശങ്ങൾ പിച്ചിംഗ് കെട്ടി സംരക്ഷിക്കയും വേണം.

ആറാം വാർഡ് തിക്കപുഴതോട് ആഴം കൂട്ടകയും ജലസേചനത്തിന് സൗകര്യപ്രദമാക്കുകയും വേണം തോട്ടിൽ ചീപ്പും ക്രമീകരിക്കണം. കൂടാതെ മുന്നാറിന്റെ ഭാഗത്തുള്ള തോടു തെളിച്ച് കെട്ടിക്കിടക്കുന്ന മലിനജലം ഒഴുകിപ്പോകുന്നതിനും കൃഷിക്ക് ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കണം. ഉയർന്ന സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ ക്രമീകരിക്കുകയും വേണം. അരികുപുറം പാടശേഖരത്തുകൂടിയുള്ള തോട് തെളിച്ച് പിച്ചിംഗ് കെട്ടി സംരക്ഷിക്കണം. പരുമലക്കടവുമുതൽ കുളപ്പുരക്കടവുവരെ ഒരു ബണ്ട് റോഡ് ഉണ്ടാക്കുകയും ആറ്റുതീരം പിച്ചിംഗ് കെട്ടി സൂക്ഷിക്കയും ചെയ്താൽ 50 ഏക്കർനിലം രണ്ടു പൂ കൃഷി ചെയ്യാം. പരുമല പാലത്തിനു വടക്കു പമ്പയാറുമായി യോജിക്കുന്നിടം വീതി കൂട്ടണം.

ഏഴാം വാർഡ് ലിഫ്റ്റ് ഇറിഗേഷൻ കനാൽ തൂമ്പുങ്കൽകടവു വഴി നാട്ടുതോടു വരെ നീട്ടണം തോടിന്റെ വശ്ത്ത് പിച്ചിംഗ് കെട്ടി ബണ്ട് ഉറപ്പിച്ചാൽ ഏകദേശം 50 ഏക്കർ നിലം ഇരുപ്പു കൃഷിക്ക് ഉപയോഗമാക്കാൻ സാധിക്കും തോട്ടിൽ ചിപ്പ് വേണ്ടിടത്ത് ചീപ്പ് സ്ഥാപിക്കണം. അരയൻ പറമ്പിലും അകത്തേമാലിപ്പാടത്തും ഓരോ പമ്പും മോട്ടോറും സ്ഥാപിച്ച് ജലസേചനം നടത്തണം ആറ്റുപള്ളം പാടശേഖരത്ത് പമ്പും മോട്ടോറും സ്ഥാപിച്ച് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യപ്പെടുത്തണം.

എട്ടാം വാർഡ് നാട്ടുതോടിന് നിലവിലുള്ള ക്രോസ്ബാറിന് ചീപ്പ് സ്ഥാപിക്കണം. കൊണ്ടൂർ കൊടക്കാട്ടു മൂല തെക്കെപ്പുറം പാടങ്ങൾക്ക് പമ്പും മോട്ടോറും ചീപ്പും സ്ഥാപിക്കണം. അവിടെ വൈദ്യുതിയും ലഭ്യമാക്കണം മുളപ്പുറത്തുകടവിലെ ലിഫ്റ്റ് ഇറിഗേഷൻ കനാൽ പ്രവർത്തനയോഗ്യം ആക്കണം. ചക്കാലക്കിഴക്കേതിൽ അവസാനിക്കുന്ന ഇറിഗേഷൻ കനാൽ കടച്ചയിൽകണ്ടം ചണ്ണായിപ്പാടത്തേയ്ക്ക് നീട്ടണം. മലയിൽപടിമുതൽ തിക്കപ്പുഴതോടുവരെ ജലസേചനസൗകര്യം ക്രമീകരിക്കണം. പുല്ലേലിക്കാട്ടിൽ പടിമുതൽ അമ്പലപ്പുറം മാലി വരെ ജലസേചന സൗകര്യം ക്രമീകരിക്കണം.

ഒൻപതാം വാർഡ് കൈനിക്കരപമ്പ് പ്രവർത്തനക്ഷമമാക്കണം. കാക്കയിൽ പാടശേഖരത്ത് പമ്പും മോട്ടറും കാക്കത്തോട്ടിൽ പനയ്ക്കാമുറ്റത്തു പടിക്കൽ സ്ഥാപിക്കുക. മോഴശ്ശേരിപ്പടിമുതൽ കറുനൊച്ചിയിൽ പടി വരെ തോട് താഴത്തുക. കുറ്റിക്കാട്ടിൽ പടിയിലുള്ള കലുങ്കിന് ഇരുമ്പ് ഷട്ടർ ഇടുക. ഇറിഗേഷനൻ ചാനൽ ചെല്ലന്റെ പടിക്കൽ നിന്നും സെന്റ് തോമസ് പള്ളി ബണ്ടു റോഡു വരെ നീട്ടുക. മന്നത്തുപടിയിൽ നിന്നും ഇറിഗേഷൻ ചാനൽ ഒറ്റവേലിൽ നിലം വരെ നീട്ടുക. മണലിൽ പടിയിൽ, കാക്കതോട് പിച്ചിംഗ് കെട്ടി സംരക്ഷിക്കുക.

പരുത്തിക്കൽ പുഞ്ച പാടശേഖരത്തിൽ കൃഷി സാധനങ്ങളും മറ്റും കൊണ്ടു പോകുന്നതിനും കൊണ്ടു വരുന്നതിനുമായി ആവശ്യമുള്ള വഴികൾ സഞ്ചാര യോഗ്യമാക്കണം. വിളക്കു പാട്ടത്തിൽ കലുങ്കിന് കിഴക്കു വശത്തു കൂടി വടക്കോട്ട് കിടക്കുന്ന തോട് കൃഷിക്കാർക്ക് ഉപയോഗിക്കത്തക്കരീതിയിൽ ക്രമീകരിക്കണം.

ഇട പുഞ്ചപാടശേഖരം സംരക്ഷിക്കുകയും ജലസേചനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. പള്ളത്തുതോട് ആറ്റു വക്കിൽ കലുങ്കു കെട്ടി സ്ഥിരമായി ഷട്ടർ സ്ഥാപിക്കുകയും തോടിന് ആഴവും വീതിയും കൂട്ടുകയും വേണം. ഇട പുഞ്ച കനാൽ ആഴവും വീതിയും കൂട്ടി ജലസേചനം സുഗമമാക്കണം.

പത്താം വാർഡ് നൊച്ചയിൽ, മേടപ്പടി, വാണിയമ്മാക്കൽ, മാലിയിൽ, കപ്യാരുശ്ശേരിൽ, പുരയ്ക്കൽ, മണൽപുറത്ത് മുണ്ടുവേലിൽ, മുട്ടേൻപടി, ഒറ്റവേലി, കണ്ണങ്കേരി, കുന്നേൽപടി മുതലായ തോടുകൾ വശങ്ങൾ കല്ലു കെട്ടി സംരക്ഷിക്കുകയും ഉപയോഗ യോഗ്യം ആക്കുകയും വേണം.

നൊച്ചയിൽ പടി, വാണിയമ്മാക്കൽ, മാലിയിൽ, കപ്യാരുശ്ശേരിൽ, കണ്ണങ്കേരി, കുന്നേൽപടി എന്നീ തോടുകളിൽ ചീർപ്പു സ്ഥാപിക്കണം.

നിലവിലുള്ള മോട്ടോർ തറകൾ സ്ഥിരമായി ക്രമീകരിക്കണം.

മുണ്ടനാരി തോട്, കൊമ്പങ്കേരി തോട് മുതലായവ ആഴവും വീതിയും കൂട്ടി യാത്രാ സൗകര്യവും ജലസേചന സൗകര്യവും ലഭ്യമാക്കണം. ആറിനോടു ചേർന്നു കിടക്കുന്ന ബണ്ടുകൾ കേടുപാടുകൾ പോക്കുകയും റാമ്പ് വേണ്ടിടത്ത് സ്ഥാപിക്കുകയും വേണം. മുണ്ടനാരി തോടിന്റെ പടിഞ്ഞാറടുത്ത് ഒറ്റവേലി പ്പടി മുതൽ സൈഡ് വോൾ കെട്ടുന്ന പണി പൂർത്തിയാക്കണം. ആവശ്യമുള്ള സ്ഥാനങ്ങളിൽ കലുങ്കുകളും, കുഴലുകളും അനുവദിക്കണം.

## കലുങ്കുകൾ

നൊച്ചിയിൽ, പാട്ടപ്പറമ്പിൽ, മാലിപ്പടി, കപ്യാരിശേരി, വടക്കേ മുണ്ടകത്തിൽ എന്നീ കലുങ്കുകൾ കേടുപാടുകൾ നീക്കി ശരിയാക്കണം.

കുന്നേൽ പടി തോട് മുണ്ട നാരി തോട്ടിൽ ചേരുന്ന ഭാഗത്ത് ഒരു കലുങ്കും ചീപ്പും മോട്ടോർ തറയും സ്ഥാപിച്ചു ബണ്ടിൽ കൂടിയുള്ള നടവഴി ക്രമപ്പെടുത്തണം. അതുപോലെ ടി തോട് തെക്കോട്ടു പഴയ വീതിയിൽ വെട്ടി പടിഞ്ഞാറെ തോട്ടിൽ ചേർത്താൽ പാടത്തെ മോട്ടോറുകളുടെ എണ്ണം കുറയ്ക്കാവുന്നതാണ്. ഇപ്പോൾ ചേന്നംകരി അയ്യൻ കോനാരിപാടം 400 ഏക്കറിൽ കൂടുതൽ ഉള്ളതും 10 ൽ പരം പമ്പുകൾ പ്രവർത്തിക്കുന്നതുമാണ്.

ഇഷ്ടിക പണിക്ക് നിലം താഴ്ത്തി മണ്ണെടുക്കുന്നത് തടയേണ്ടതാണ്.

തിക്കപ്പുഴ ഉപദേശിക്കടവു റോഡിൽ ശ്മശാനത്തിലേക്കുള്ള റോഡിനു സമീപമുള്ള കലുങ്ക് പുതുക്കിപ്പണിയണം.

5-2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കടപ്ര പഞ്ചായത്തിന്റെ വടക്കും, വടക്കു കിഴക്കും പമ്പാ മണിമലയാറും തെക്ക് പമ്പാ അച്ചൻ കോവിലാറുമാകുന്നു. (നീളം ഉദ്ദേശം 14 കി. മീ). പടിഞ്ഞാറെ അതിർത്തി തേവേരി തോടാകുന്നു. പഞ്ചായത്തിൽ 25 ഉൾനാടൻ തോടുകളും (നീളം ഉദ്ദേശം 50 കി. മീ) 32 ഹെക്ടർ വിസ്തീർണ്ണമുള്ള 6 ചാലുകളും സ്ഥിതിചെയ്യുന്നുണ്ട്. മൂന്നു തോടുകൾ വേനൽക്കാലത്തു വറ്റുന്നവയാണ്. ഇവിടുത്തെ ഭൂപ്രദേശം സമനിരപ്പു ഭൂമിയാകുന്നു. പഞ്ചായത്തിന്റെ വിസ്തീർണ്ണം 1667.84 ഹെക്ടറും ജനസംഖ്യ 21800 ഉം ആകുന്നു.

ചൊരി മണ്ണും, എക്കൽ മണ്ണും, കളിമണ്ണും ഉൾപ്പെട്ട ഫലഭൂയിഷ്ഠമായ പ്രദേശമാണ് ഇത്. നെല്ല്, തെങ്ങ്, വാഴ ഇവയാണ് ഇവിടുത്തെ പ്രധാന കൃഷി വിളകൾ. ഷുഗർ ഫാക്ടറിയിൽ പഞ്ചസാരയുല്പാദനം നിർത്തിയതോടെ കരിമ്പു കൃഷി നാമാവശേഷമായി. ചില സ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്തുവരുന്നു. വിരിപ്പു കൃഷിയും പുഞ്ച കൃഷിയുമുൾപ്പെടെ നെൽക്കൃഷി നല്ല രീതിയിൽ നടത്തി വരുന്നു. വൈക്കോലും തീറ്റപ്പുല്ലും ധാരാളമുള്ളതിനാൽ കന്നുകാലി വളർത്തലിനു ഏറ്റവും അനുയോജ്യമായ സ്ഥലമാണ്. ഇവിടെ പശു, ആട്, എരുമ, കന്ന്, മുതലായ മൃഗങ്ങളേയും കോഴി, താറാവ് മുതലായ പക്ഷികളേയും ധാരാളമായി വളർത്തി വരുന്നു. കന്നുകാലി വളർത്തൽ മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടുള്ളവരുമുണ്ട്. പാലുലുല്പാദിപ്പിക്കുന്നതിനു പുറമേ കൃഷിക്കാവശ്യമുള്ള ജൈവവളം ഉണ്ടാക്കുന്നതിനും മൃഗങ്ങളുടെ ചാണകം ഉപയോഗിച്ചു വരുന്നു. കൂടാതെ മൃഗങ്ങളുടേയും പക്ഷികളുടേയും മാംസം ഒരു പ്രധാനപ്പെട്ട ആഹാരമാണ്. നാടൻ പശുക്കളെ വളർത്തുന്നതു ലാഭകരമല്ലാത്തതിനാൽ അത്യുല്പാദനശേഷിയുള്ള സങ്കരവർഗ്ഗത്തിൽപ്പെട്ട പശുക്കളെയാണിപ്പോൾ വളർത്തുന്നത്. ഇപ്പോൾ വളർത്തുന്ന പശുക്കൾ, സ്വിസ് ബ്രൗൺ, ജേർസി, സുനന്ദിനി മുതലായവയാകുന്നു.

കൃഷി ഭൂമിയായി ഉപയോഗിച്ചിരുന്ന വിരിപ്പ്, പുഞ്ച ഇവയിൽ ഒരു ഭാഗം നികത്തി വീടു വയ്ക്കുന്നതിനും ചില ഭാഗങ്ങൾ മണ്ണെടുത്ത് ഇഷ്ടിക ചൂളയ്ക്കും ഉപയോഗിക്കുന്നതിനാൽ നെൽക്കൃഷി ക്രമേണ കുറഞ്ഞു വരുന്നു. തൊഴിൽ പ്രശ്നങ്ങളും, വളം, കീടനാശിനി എന്നിവയുടെ അമിതമായ വില വർദ്ധനവും നെൽക്കൃഷിയെ ബാധിക്കുന്നുണ്ട്. ഈ സ്ഥിതി കാലി വളർത്തലിനേയും സാരമായി ബാധിക്കുന്നു. കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനയും ലഭ്യതക്കുറവും, ഗുണ മേന്മയുള്ള കാലിത്തീറ്റയുടെ ദൗർലഭ്യവും കന്നുകാലി വളർത്തലിനെ പിന്നോക്കം പായിക്കുന്ന സംഗതികളാണ്.

മൃഗങ്ങളിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങൾ കുളമ്പു പനി, അകിടുവീക്കം, തളർച്ച, കാൻസർ മുതലായവയാണ്. ഈ പഞ്ചായത്തിൽ ഒന്നാം വാർഡിൽ പുളിക്കീഴ് പ്രദേശത്തു ഒരു മൃഗാശുപത്രിയുണ്ട്. ഇതിന്റെ ഉപകേന്ദ്രം പരുമല 8-ാം വാർഡിൽ പ്രവർത്തിച്ചു വരുന്നു. വണ്ടി വലിക്കാൻ ഈ പഞ്ചായത്തിൽ മൃഗങ്ങളെ ഉപയോഗിക്കുന്നില്ല. ഉഴവിനു കന്നിനെയാണുപയോഗിച്ചു വരുന്നത്.

ഈ പഞ്ചായത്തിൽ അമേരിക്ക, ഗൾഫു രാജ്യങ്ങൾ മുതലായ വിദേശ രാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നവരുടെ കുടുംബാംഗങ്ങളൊഴികെയുള്ളവരിൽ ഭൂരിഭാഗവും കന്നുകാലിവളർത്തൽ ജീവിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരാകുന്നു. കന്നുകാലികളിൽ 80 ശതമാനവും അത്യുല്പാദന ശേഷിയുള്ള സങ്കരവർഗ്ഗമാണെങ്കിലും പാലുല്പാദനത്തിൽ പൊതുവെ മാന്ദ്യം അനുഭവപ്പെടുന്നു. ശാസ്ത്രീയമായ രീതിയിൽ പശുവിനെ വളർത്താൻ കർഷകന്റെ ഭാഗത്തുള്ള വൈമുഖ്യം ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ അഭാവം, കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവ്, പാലിന്റെ വിലക്കുറവ് ഇവ കർഷകരെ ബുദ്ധിമുട്ടിക്കുന്ന കാര്യങ്ങളാണ്.

പഞ്ചായത്തിൽ നിലവിൽ മൂന്നു ക്ഷീരസഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മൂന്നു ക്ഷീര സഹകരണ സംഘങ്ങളിൽ കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന പാലിൽ സ്വന്തമായി വിൽപ്പന നടത്തിയതിനു ശേഷമുള്ള 775 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. എന്നാൽ മാർച്ച് ഏപ്രിൽ മാസങ്ങളിൽ ഇതു 400 ലിറ്ററായി കുറയുന്നു. പച്ചപ്പുല്ലിന്റെ ക്ഷാമമാണ് ഇതിനു കാരണം. സംഘങ്ങൾ സംഭരിക്കുന്ന പാലിൽ പ്രാദേശിക വില്പന കഴിഞ്ഞ് ബാക്കിയുള്ളവ മിൽമയ്ക്കു വിൽക്കുന്നു.

1, 2, 3, 4 വാർഡുകളിൽ ക്ഷീര സഹകരണ സംഘങ്ങൾ ഇല്ല. ഈ വാർഡുകളിൽ ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ലോകാരോഗ്യ സംഘടനയുടെ ശുപാർശയനുസരിച്ച് പ്രതിദിനം ഒരാൾ 280 ഗ്രാം പാലെങ്കിലും ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ആയതിനുള്ള പാൽ ഉൽപ്പാദിപ്പിക്കുന്നതിന് പശു വളർത്തൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. കൂടാതെ കൃഷിയുടെ അനുബന്ധ ഘടകമെന്ന നിലയിലും പ്രധാന ഉപതൊഴിലെന്ന നിലയിലും കർഷകന്റെ പ്രധാന വരുമാനമെന്ന നിലയിലും പശു വളർത്തൽ അഭിവൃദ്ധി പ്രാപിപ്പിച്ച് തൊഴിലില്ലായ്മ പരിഹാരം കാണേണ്ടതുണ്ട്.

## ക്ഷീര വകുപ്പിന്റെ പ്രവർത്തനങ്ങൾ

കർഷകരെ സംഘടിപ്പിച്ച് ശാസ്ത്രീയ രീതിയിൽ

**കടപ്ര ഗ്രാമപഞ്ചായത്ത് പേ വിഷബാധ -പ്രതിരോധവും ചികിത്സയും**

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തുവെയ്പ് നൽകിയവരുടെ എണ്ണം | | | | 211 | 2 | |
| കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവരുടെ എണ്ണം | | | | | | |

ക്ഷീര സഹകരണ സംഘങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സംഘത്തിന്റെ പേര് | പ്രവർത്തന പരിധിയുള്ള വാർഡുകൾ | രജിസ്റ്റർ ചെയ്യപ്പെട്ട അംഗങ്ങൾ | സ്ത്രീകൾ | പട്ടിക ജാതി | പാൽ തരുന്ന അംഗങ്ങൾ | പാൽ തരുന്ന അംഗങ്ങളല്ലാത്തവരുടെ എണ്ണം |
|---|---|---|---|---|---|---|
| പരുമല ക്ഷീരോല്പാദക സഹകരണ സംഘം | 6,7,8 | 238 | 52 | 16 | 55 | 40 |
| കടപ്ര ക്ഷീരോല്പാദക സഹകരണ സംഘം | 5,9 | 185 | 35 | 5 | 35 | 38 |
| കിഴക്കുംഭാഗം ക്ഷീരോല്പാദക സഹകരണ സംഘം | 10 | 34 | - | - | 30 | - |

പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ, കർഷക സമ്പർക്ക പരിപാടി, ബ്ലോക്കു തല കന്നുകാലി പ്രദർശനം എന്നിവ നടപ്പാക്കി വരുന്നുണ്ട്. കൂടാതെ നാടൻ രീതിയിൽ ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലന പരിപാടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പാക്കിവരുന്നു.

അത്യുല്പാദന ശേഷിയുള്ള കറവപ്പശുക്കളെ ശാസ്ത്രീയമായ രീതിയിലും രോഗം വരാതെ സംരക്ഷിക്കുന്നതിനും ശാസ്ത്രീയാടിസ്ഥാനത്തിലുള്ള തൊഴുത്തു നിർമ്മിക്കുന്നതിന് 1250 രൂപ ധന സഹായമായി നൽകി വരുന്നു.

ക്ഷീര വികസന വകുപ്പു നിർദ്ദേശിക്കുന്ന പ്രകാരം ഡയറി ഫാം സ്ഥാപിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകി വരുന്നു. നല്ല കറവ പശുക്കൾ, കിണർ, പമ്പു സെറ്റ്, തീറ്റപ്പുൽ കൃഷി ഇവയ്ക്ക് 7000 രൂപാ ധനസഹായം നൽകി വരുന്നു. തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സൗജന്യ നിരക്കിൽ പുൽ, പയർ മിശ്രിതം, ഗിനി കോണ്ട് ഗോസിഗ്നൽ, മക്ക ചോളം, വൻപയർ എന്നിവ വിതരണം ചെയ്യുന്നു. തീറ്റപ്പുൽ കൃഷിക്ക് പുൽക്കടകൾ നൽകുകയും രാസവളം സൗജന്യമായി നൽകുകയും ചെയ്യുന്നു. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി ചെയ്താൽ 1 ഹെക്ടറിന് 15000 രൂപ ധനസഹായം നൽകുന്ന ഒരു സ്കീമും നിലവിലുണ്ട്.

ഇന്ന് മനുഷ്യരുടെ ഒരു പ്രധാന ആഹാരം മാംസമാണ്. ലോക ജനതയിൽ 80 ശതമാനത്തിലേറെയാളുകൾ മാംസഭ്യുക്കളാണ്. നമ്മുടെ നാട്ടിൽ തന്നെ കാള, പശു, കന്ന്, ആട്, പന്നി, മുയൽ എന്നീ മൃഗങ്ങളുടേയും കോഴി, താറാവ് മുതലായ പക്ഷികളുടേയും ഇറച്ചികൾ ധാരാളം പേർ ഭക്ഷണമായി കഴിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ അറവു ശാലയില്ല. മാംസം വിൽക്കുന്നതിന് ഒരു ലൈസൻസു കൊടുത്തിട്ടുണ്ട്. ഇറച്ചി വില്പനക്കു അറക്കുന്ന മാടുകളെ പരിശോധനയ്ക്കു വിധേയമാക്കി രോഗമില്ലെന്നു തിട്ടപ്പെടുത്തിയതിനു ശേഷമേ അറക്കുവാൻ അനുവദിക്കാവൂ. രോഗം വന്ന മാടുകളെ അറുത്തു മാംസം വിറ്റാൽ അതു കഴിക്കുന്നവർക്കു പല വിധ രോഗങ്ങളുമുണ്ടാകാൻ സാദ്ധ്യതയുണ്ട്. ആയതുകൊണ്ട് മൃഗങ്ങളെ അറക്കുന്നതിനു മുൻപ് പരിശോധനയ്ക്കു വിധേയമാക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭക്ഷ്യ ക്കമ്മി സംസ്ഥാനമായ കേരളത്തിൽ മറ്റു നിത്യോപയോഗ വസ്തുക്കളുടെ ലഭ്യത കുറവുപോലെ പാലിന്റേയും മാംസത്തിന്റേയും കാര്യത്തിലും നാം അന്യ സംസ്ഥാനങ്ങളെ ആശ്രയിച്ചാണു കഴിയുന്നത്. മാംസത്തിനാവശ്യമായ മൃഗങ്ങളെ തമിഴ്നാട്ടിൽ നിന്നും, ആഭ്യന്തരാവശ്യത്തിനു പ്രതിദിനം തികയാതെ വരുന്ന 80000 ലിറ്റർ പാൽ (1-12-96-ലെ മാതൃഭൂമിറിപ്പോർട്ടനുസരിച്ച്) കർണ്ണാടക സ്റ്റേറ്റിൽ നിന്നു മിൽമാ ശേഖരിച്ചു വില്പന നടത്തി വരുന്നു. നല്ലയിനം സങ്കര വർഗ്ഗ പശുക്കളേയും ആട്, എരുമ മുതലായ പാൽ കിട്ടുന്ന മൃഗങ്ങളേയും, ഇറച്ചിക്കുവേണ്ടി കാള, പോത്ത്, ആട്, പന്നി, മുയൽ മുതലായ മൃഗങ്ങളേയും നമ്മുടെ ആവശ്യത്തിനുവേണ്ടി വരുന്ന തരത്തിൽ വളർത്തുന്നതിന് IRDP, മറ്റു വായ്പാ പദ്ധതികൾ ഇവ ഉദാരവൽക്കരിച്ചു ജനങ്ങൾക്കു നൽകി അവരുടെ ശ്രദ്ധ ഈ വഴിക്കു തിരിച്ചുവിടാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ കാര്യത്തിൽ ഇപ്പോൾ ബ്ലോക്കു ഡവലപ്പ്മെന്റ് ആഫീസ്, വ്യവസായ ഡിപ്പാർട്ടുമെന്റ് ദേശാൽകൃത ബാങ്കുകൾ, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ് മുതലായവയുടെ യോജിച്ചുള്ള പ്രവർത്തനം വളരെ ഫലവത്താകുമെന്നാശിക്കാം.

ആടിന്റെ മാംസവും പാലും വളരെ ഔഷധ ഗുണമുള്ളതാണ്. ആടു വളർത്തൽ വളരെ ആദായകരമായ ഒരു തൊഴിലായി ഇപ്പോൾ നാട്ടുകാർ അംഗീകരിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലെപ്പോലെ പശു, ആട്, എരുമ, കന്ന്, കാള ഇവയെ വളർത്തുന്ന വലിയ തോതിലുള്ള Diary Farm (ചാപ്ര) നടത്തുന്നതിന് നമ്മുടെ സംസ്ഥാനത്തു സാധിക്കുന്നില്ല. കാലികളെ മേയിക്കുന്നതിനാവശ്യമുള്ള സ്ഥല ദൗർലഭ്യം, കാലിത്തീറ്റയുടെ ലഭ്യതക്കുറവ്, അവയുടെ അമിതവില ഇവ വലിയ രീതിയിൽ ഡയറി ഫാം നടത്തുന്നതിനു തടസ്സമായി നിൽക്കുന്ന കാര്യങ്ങളാണ്.

1995-96 വർഷത്തിൽ 65 പട്ടികൾക്കു പഞ്ചായത്തിൽ നിന്ന് ലൈസൻസു കൊടുത്തിട്ടുണ്ട്. 96-97 ൽ നാളിതുവരെ 5 പട്ടികകൾക്കേ ലൈസൻസു കൊടുത്തിട്ടുള്ളൂ. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ ആണ്ടുതോറും പടിച്ചു നശിപ്പിക്കുന്നതിന് പഞ്ചായത്തു നടപടി നടത്തിവരുന്നുണ്ട്. പേപ്പട്ടി ശല്യം കഴിഞ്ഞ രണ്ടു വർഷമായി പഞ്ചായത്തിൽ ഉള്ളതായി അറിവു ലഭിച്ചിട്ടില്ല.

പഞ്ചായത്തിൽ മിക്ക വീടുകളിലും വളർത്തുന്ന പക്ഷികളാണ് കോഴിയും താറാവും. സങ്കരവർഗ്ഗം

കോഴികളെ വളർത്തുന്നത് ആദായകരമാണ്. 3 കോഴികളുടെ ഒരു യൂണിറ്റിന് 45 രൂപാ നിരക്കിൽ വെറ്റനറി സെന്ററിൽ നിന്നും കൊടുക്കുന്നുണ്ട്. ഗിരിരാജൻ കോഴിയാണ് ഇപ്പോൾ ഉള്ളതിൽ ഏറ്റവും നല്ല സങ്കരയിനം. ഇത് വർഷത്തിൽ 350 മുട്ട വരെയിടുന്നുണ്ട്. തൂക്കം 6 കി. 7 കിലോ വരെ വരും. ഈ ഇനത്തിലുള്ള കോഴികളെ സൗജന്യനിരക്കിൽ ലഭിക്കുവാൻ ബന്ധപ്പെട്ട വകുപ്പു നടപടി സ്വീകരിക്കേണ്ടതാണ്.

ഇറച്ചി കോഴി വളർത്തലിന് രണ്ട് യൂണിറ്റു മാത്രമേ പഞ്ചായത്തിലുള്ളൂ. കൂടുതൽ യൂണിറ്റുണ്ടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിലാണ് താറാവു വളർത്തൽ കൂടുതലുള്ളത്. നെൽകൃഷി മേഖലയിലെ കീടനാശിനികളുടെ അമിത പ്രയോഗം തോടുകളിലും പാട ശേഖരങ്ങളിലുമുണ്ടായിരുന്ന ചെറു തരം മത്സ്യ സമ്പത്തും മറ്റു തീറ്റ സാധനങ്ങളുടേയും നശീകരണത്തിനും കാരണമായി. അതുമൂലം താറാവുകൾക്കു പരമ്പരാഗതമായി ലഭിച്ചുകൊണ്ടിരുന്ന തീറ്റ ഒരു പരിധി വരെ ഇല്ലാതാകുകയും ചെയ്തു. വിഷാംശം കലർന്ന വെള്ളം ജലമലനീകരണത്തിനും കാരണമായി. ആറ്റിലും തോട്ടിലും മത്സ്യം ചത്തു പൊങ്ങുന്ന സ്ഥിതി വരെയുണ്ടായി. താറാവു വസന്ത എന്ന രോഗം പടർന്നു പിടിച്ച് അനേകായിരം താറാവുകൾ ചത്തൊടുങ്ങി.

ശരിയ്ക്കും പരിചരണം കൊടുത്തു വളർത്തുകയും തീറ്റ ശരിയായ അളവിൽ കൊടുക്കുകയും ചെയ്താൽ വിരിഞ്ഞ് 5-മാസം മുതൽ താറാവു മുട്ടിയിടുന്നു. താറാവു കൃഷി വളരെ ആദായകരമായി നടത്താവുന്ന ഒന്നാണ്. താറാവിറച്ചിക്കും മുട്ടയ്ക്കും നല്ല മാർക്കറ്റാണുള്ളത്. താറാവു കർഷകർക്കു നഷ്ടം ഉണ്ടാകാതിരിക്കാൻ താറാവിനെ ഇൻഷർ ചെയ്യുന്നതു നന്നായിരിക്കും.

പന്നി, മുയൽ ഇവയെ വളരെ കുറച്ചാളുകൾ മാത്രമാണു വളർത്തുന്നത്. ഇവയെ വളർത്തുന്നതു ആദായകരമായതിനാൽ ഇതിനു വേണ്ട പ്രോത്സാഹനം നൽകേണ്ടതാണ്. ഇറച്ചിക്കുവേണ്ടിയാണ് ഇവയെ വളർത്തുന്നത്.

കോഴിമുട്ട, താറാവിൻ മുട്ട ഇവയ്ക്ക് ഈ പഞ്ചായത്തിൽ വിപണന കേന്ദ്രമില്ല. ഇപ്പോൾ ഉള്ള കേന്ദ്രം എടത്വായാണ്. ഈ പഞ്ചായത്തിൽ പഞ്ചായത്തു മാർക്കറ്റിനോടനുബന്ധിച്ച് ഒരു വിപണന കേന്ദ്രം തുടങ്ങിയാൽ അതു വിജയിക്കാൻ സാദ്ധ്യതകളേറെയുണ്ട്. ഈ കാര്യത്തെക്കുറിച്ചു ചിന്തിച്ചു നടപടി സ്വീകരിക്കേണ്ടതാണ്.

## പ്രധാന പ്രശ്നങ്ങൾ

1 കാലിത്തീറ്റ നിർമ്മാണ യൂണിറ്റു സ്ഥാപിക്കുവാൻ നടപടി സ്വീകരക്കുക.

2 മുട്ട ഹോൾസെയിൽ യൂണിറ്റുണ്ടാക്കാൻ നടപടി സ്വീകരിക്കുക.

3 അത്യുല്പാദന ശേഷിയുള്ള പശുക്കളെ വളർത്തുവാൻ സാമ്പത്തികസഹായവും ബോധവൽക്കരണവും നൽകുക.

4 കോഴി, താറാവ് ഇവയ്ക്കുണ്ടാകുന്ന വസന്ത രോഗം നിർമ്മാർജ്ജനം ചെയ്യാൻ നടപടി സ്വീകരിക്കുക.

5 കറവ മെഷീൻ നൽകി, പരിശീലനം നൽകുവാൻ നടപടി സ്വീകരിക്കുക.

## മത്സ്യ ബന്ധനം

കടപ്ര പഞ്ചായത്തിൽ പത്തു വാർഡുകളിലായി മത്സ്യ ബന്ധന തൊഴിലിൽ 300 കുടുംബങ്ങൾ ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 100 കുടുംബങ്ങൾക്കു വലയും വള്ളവും ഉണ്ട്. ബാക്കി 200 കുടുംബങ്ങൾ അവരുമായി സഹകരിച്ചു മത്സ്യബന്ധനത്തിലേർപ്പെട്ടു വരുന്നു. ഈ പഞ്ചായത്തിൽ ഉൾനാടൻ മത്സ്യതൊഴിലാളികൾ മാത്രമാണുള്ളത്. പിടിക്കുന്ന പ്രധാന മത്സ്യങ്ങൾ, കരിമീൻ, വരാൽ, കാരി, വാള, തൂളി, കുരൽ, കല്ലേമുട്ടി, മുശി, കുറുവ, പരൽ, കൊഞ്ച് മുതലായവയാണ്. ഇവിടെയുള്ള മത്സ്യം മുട്ടയിടുന്നത് ജൂൺ, ജൂലൈ മാസങ്ങളിലാണ്.

മത്സ്യം വളർത്തുന്ന 5 സെന്ററുകൾ ഉണ്ട്. എല്ലാം പത്തു സെന്റിൽ കൂടുതൽ വിസ്തീർണ്ണമുള്ള കുളങ്ങളാണ്. ശുദ്ധജലത്തിലാണു മത്സ്യകൃഷി ചെയ്യുന്നത്. 5 സ്ഥലത്തും കൂടി 2 1/2 ഹെക്ടർ സ്ഥലത്തു മത്സ്യ കൃഷി ചെയ്യുന്നുണ്ട്. ഇവിടെ റോഹൂ, കട്ടള, മൃഗർ, ഗ്രാസ്സ്, സിൽവർകാപ്പ് മുതലായ മത്സ്യങ്ങളെയാണു വളർത്തുന്നത്. ഈ പഞ്ചായത്തിന്റെ മൂന്നു വശവും പമ്പ, മണിമല, അച്ചൻ കോവിൽ ആറും, 25 തോടുകൾ, ഇവ കൂടാതെ 32 ഹെക്ടർ വിസ്തീർണ്ണമുള്ള ആറു ചാലുകളുമുള്ള ഈ പ്രദേശം മത്സ്യബന്ധനത്തിന് ഏറ്റവും അനുയോജ്യമാണ്. പ്രവ

## കടപ്ര ഗ്രാമപഞ്ചായത്ത് വർളത്തു മൃഗ സംഖ്യ

| വാർഡു നമ്പർ | കാള നാടൻ വംശവർദ്ധനവ് | കാള നാടൻ മറ്റുള്ളവ | കാള സങ്കരം വംശവർദ്ധനവ് | കാള സങ്കരം മറ്റുള്ളവ | പശു നാടൻ കറവ ഉള്ളത് | പശു നാടൻ കറവ ഇല്ലാത്തത് | പശു സങ്കരം കറവ ഉള്ളത് | പശു സങ്കരം കറവ ഇല്ലാത്തത് | എരുമ കറവ ഉള്ളത് | എരുമ കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | - | - | - | 10 | - | - | 216 | 38 | - | 1 | 4 | 153 | 121 | - |
| 2 | - | - | - | 11 | - | - | 100 | 38 | - | 2 | 6 | 94 | 18 | - |
| 3 | - | - | - | 9 | - | - | 90 | 66 | - | - | - | 105 | 47 | - |
| 4 | - | - | - | 27 | - | - | 91 | 86 | - | - | - | 51 | 54 | - |
| 5 | - | - | - | 9 | - | - | 180 | 39 | - | - | 8 | 162 | 103 | - |
| 6 | - | - | - | 4 | - | - | 144 | 90 | - | - | 4 | 217 | 219 | - |
| 7 | - | - | - | 4 | - | - | 180 | 85 | - | 2 | 3 | 86 | 36 | - |
| 8 | - | - | - | 8 | - | - | 251 | 112 | - | 4 | 8 | 88 | 36 | - |
| 9 | - | - | - | 27 | - | - | 108 | 100 | - | 10 | 12 | 112 | 70 | - |
| 10 | - | - | - | 1 | - | - | 85 | 60 | - | 12 | 13 | 97 | 37 | - |
| | | | | 110 | | | 1345 | 714 | | 31 | 85 | 1165 | 741 | |

ർത്തന ക്ഷമമായ ഒരു സൊസൈറ്റി അവർക്കില്ല. അതു കാരണം സാമ്പത്തീക ക്ലേശം വളരെയധികം അവർ അനുഭവിക്കുന്നുണ്ട്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ ജനസംഖ്യ ഏതാണ്ട് 1500 ഓളം വരും.

1992ൽ പടർന്നു പിടിച്ച മത്സ്യരോഗം കാരണം മത്സ്യ സമ്പത്ത് ഇന്നു ഗണ്യമായി കുറഞ്ഞിട്ടുണ്ട്. മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് പണ്ടത്തെ അപേക്ഷിച്ച് ഇപ്പോൾ കുറച്ചു മത്സ്യമേ ലഭിക്കുന്നുള്ളൂ. ഈ മത്സ്യം വിപണനം ചെയ്യുന്നതിന് 6-ാം വാർഡിലുള്ള Fish Landing Centre ഉം ആ വാർഡിൽ തന്നെയുള്ള ഒരു മത്സ്യ മാർക്കറ്റുമാണുമുള്ളത്. സ്ത്രീകളാണു കൂടുതലും വിപണനത്തിലേർപ്പെട്ടിരിക്കുന്നവർ. സാമ്പത്തികമായും, സാമൂഹ്യമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്നവരാണിവർ. പഞ്ചായത്തു വക ഒരു പബ്ലിക്ക് മാർക്കറ്റ് 3-ാം വാർഡിൽ ആലംതുരുത്തിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പബ്ലിക്കു മാർക്കറ്റിൽ കടൽ മത്സ്യമാണ് കൂടുതൽ വിപണനം ചെയ്യുന്നത്. മത്സ്യസംസ്ക്കരണം നടത്തുന്ന യൂണിറ്റുകൾ പഞ്ചായത്തിലില്ല. ഉൾനാടൻ മത്സ്യബന്ധനമായതിനാൽ മത്സ്യ ബന്ധനം യന്ത്രവൽകൃതമല്ല.

കൊഞ്ചു കൃഷി നല്ല രീതിയിൽ നടത്തുവാൻ സൗകര്യമുള്ള പ്രദേശമാണിത്. 4-ാം വാർഡിൽ പുത്തനാറ് എന്നറിയപ്പെടുന്ന പമ്പാ മണിമല കട്ട് ഉദ്ദേശം 20 ഹെക്ടർ വിസ്തീർണ്ണമുള്ള സ്ഥലവും 2-മാം വാർഡിൽ 20 ഹെക്ടർ വിസ്തീർണ്ണമുള്ള പെരുപുഞ്ചപ്പാടവും കൊഞ്ചു കൃഷിക്ക് അനുയോജ്യമാണ്. കൊഞ്ചു കൃഷിക്കുപയുക്തമായ മറ്റു പാടശേഖരങ്ങളുമുണ്ട്. Fisheries Department ഉം മത്സ്യകൃഷിക്കു മാർഗ്ഗനിർദ്ദേശം നൽകുന്ന ഏജൻസികളും വേണ്ട പ്രോത്സാഹനം നൽകുകയും മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ചെയ്യുന്ന പക്ഷം കൊഞ്ചു കൃഷിയും മറ്റു മത്സ്യകൃഷിയും ആദായകരമായി ഇവിടെ നടത്താവുന്നതാകുന്നു. അതുമൂലം ധാരാളം പേർക്കു തൊഴിൽ സൗകര്യം ലഭിക്കുകയും അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ചെയ്യാവുന്നതാണ്. അനധിർകൃതമായ മത്സ്യബന്ധനം നിരോധിക്കേണ്ടതാണ്. (ഉദാഹരണമായി തോട്ടയിട്ടു പിടിക്കുക, വൈദ്യുത ചാർജു ചെയ്തു പിടിക്കുക) ഇതു ശിക്ഷാർഹമാക്കുകയും

| ടപ്ര ഗ്രാമപഞ്ചായത്ത് കൃത്രിമ ബീജസങ്കലന വിവരങ്ങൾ | | | |
|---|---|---|---|
| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ |
| പശു | | 1171 | 70 |
| കിടാരി | | 400 | 17 |
| എരുമ | | 4 | ഇല്ല |

വേണം.

മത്സ്യ ബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ഉദ്ധരിക്കുന്നതിന് അവർ താമസിക്കുന്ന പ്രദേശങ്ങളിൽ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് അവരുടെ സാമ്പത്തിക ക്ലേശം ദുരീകരിക്കണം. അവർക്കാവശ്യമുള്ള വള്ളവും വലയും കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പിടിക്കുന്ന മത്സ്യങ്ങൾക്ക് ന്യായമായ വില ലഭിക്കത്തക്കവണ്ണം വിപണന സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ആവശ്യമായ സ്ഥലത്ത് Fish Landing Centre സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കണം.

സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഒരു ജന വിഭാഗമാണ് മത്സ്യത്തൊഴിലാളികൾ. അവരെ ഉദ്ധരിക്കുന്നതിനുവേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

(1) മത്സ്യ തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സാമ്പത്തികാനുകൂല്യം നൽകേണ്ടതാണ്.

(2) പാർപ്പിട സൗകര്യം ഉണ്ടാക്കി കൊടുക്കണം.

| കടപ്ര ഗ്രാമപഞ്ചായത്ത് വളർത്തുപക്ഷി സംഖ്യ | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 163 | 900 | 571 | 53 | 200 | - |
| 2 | 339 | 800 | 203 | 40 | 117 | - |
| 3 | 80 | 500 | 147 | 16 | 60 | - |
| 4 | 105 | 800 | 346 | 30 | 90 | - |
| 5 | 133 | 1200 | 800 | 50 | 120 | - |
| 6 | 210 | 1500 | 300 | 6 | 20 | - |
| 7 | 89 | 400 | 200 | 7 | 20 | - |
| 8 | 360 | 800 | 200 | 16 | 40 | - |
| 9 | 181 | 1600 | 400 | 135 | 3000 | - |
| 10 | 154 | 700 | 200 | 43 | 110 | |
| | 1814 | 9200 | 3367 | 396 | 3777 | |

## കടപ്ര ഗ്രാമപഞ്ചായത്ത് രോഗവിരവങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹന സംബന്ധമായവ Digestive disorders | 1481 | 20 | 305 | - | 50 | 20 | - | 7 | - | - |
| 2 | ശ്വാസകോശസംബന്ധം Respiratory diseases | 460 | 2 | 200 | - | 30 | 70 | - | - | - | - |
| 3 | ഉപാപചയ സംബന്ധം | 107 | | | | | | | | | |
| 4 | ത്വക് രോഗങ്ങൾ Skin diseases | 420 | 1 | 17 | 30 | 80 | 2000 | - | - | - | - |
| 5 | ധാതുലവണങ്ങളുടെ അഭാവം Deficiency diseases | 800 | - | - | - | - | 20 | - | - | - | - |
| 6 | പരാദരോഗങ്ങൾ Parasitic diseases | 1500 | - | 370 | - | 80 | 70 | - | - | - | - |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders | 800 | - | 70 | - | - | - | - | - | - | - |
| 8 | വന്ധ്യത Infertility | 100 | - | 20 | - | - | - | - | - | - | - |
| 9 | അകിടുവീക്കം Mastitis | 120 | - | 35 | - | - | - | - | - | - | - |
| 10 | മുടന്തൽ പനി Ephemeral Fever | 90 | - | - | - | - | - | - | - | - | - |
| 11 | പകർച്ച വ്യാധികൾ Contagion diseases | 7 | - | - | - | - | - | - | - | - | - |
| | | 5885 | 23 | 1017 | 30 | 240 | 2180 | | | | |

(3) (a) വിദ്യാഭ്യാസമുള്ള ആളുകൾക്ക് ഗവൺമെന്റ് സർവ്വീസിൽ ജോലിക്കു മുൻഗണന നൽകുക.

(b) മത്സ്യ സംസ്കരണ യൂണിറ്റുണ്ടാക്കി തൊഴിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

(4) മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ജലമലനീകരണം ദുരീകരിക്കുന്നതിനും നടപടി സ്വീകരിക്കുക.

## പ്രധാന നിർദ്ദേശങ്ങൾ

(1) മത്സ്യ തൊഴിലാളികൾക്കു ക്ഷേമനിധി ഏർപ്പെടുത്തുക.

(2) മത്സ്യ സംഭരണകേന്ദ്രം സ്ഥാപിക്കുക.

(3) മത്സ്യ രോഗം തടയുന്നതിന് പ്രതിരോധ നടപടികൾ സ്വീകരിക്കുക.

(4) മത്സ്യ ബന്ധനോപകരണങ്ങൾ ആവശ്യാനുസരണം വിതരണം ചെയ്യുക.

(5) മത്സ്യ തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന ഓരോ സ്ഥലത്തും മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

### പിടിക്കുന്ന പ്രധാന ഉൾനാടൻ മത്സ്യങ്ങൾ

(1) കരിമീൻ

(2) വാള

(3) തൂളി

(4) കുരൽ

(5) കുറുവ

(6) പരൽ

(7) വരാൽ

(8) കാരി

(9) മുശി

(10) കല്ലടമുട്ടി

(11) കൊഞ്ച്

### വളർത്തുന്ന മത്സ്യങ്ങൾ (ശുദ്ധ ജലം)

(1) നോഹു

(2) കട്ടള

(3) മുഗർ

(4) ഗ്രാസ്ക്ക

(5) സിൽവർകാപ്പ്

# 5-3

# വ്യവസായം

കടപ്രപഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു വ്യവസായ സ്ഥാപനമാണ് പമ്പാറിവർ ഫാക്ടറി പഞ്ചായത്തിലേയും സമീപപ്രദേശങ്ങളിലേയും കരിമ്പ് ഉപയോഗിച്ച് പഞ്ചസാര നിർമ്മാണമായിരുന്നു ഈ ഫാക്ടറിയുടെ പ്രവർത്തനം. ഇതോടനുബന്ധിച്ച് ഡിസ്റ്റിലറിയും ഉണ്ട്. അവിടെ സ്പിരിറ്റ്,ചാരായം, ഇന്ത്യൻ നിർമ്മിത വിദേശമദ്യം എന്നിവ ഉല്പാദിപ്പിച്ചിരുന്നു. 1955-60 കാലയളവിൽ ഫാക്ടറി അതിന്റെ കാര്യക്ഷമതയിൽ മിക്കവാറും പൂർണ്ണമായിരുന്നു. ഇതിന്റെ പ്രവർത്തനത്തിൽ സ്ഥിരമായും സീസണലായും ഈ പഞ്ചായത്തിലേയും സമീപ പഞ്ചായത്തുകളിലേയും വളരെയധികം ആളുകൾ ജോലി നോക്കി വരുകയായിരുന്നു. കൂടാതെ കരിമ്പു കൃഷിയിൽ ബന്ധപ്പെട്ട് കൃഷിക്കാരും, കർഷകതൊഴിലാളികളും അവരുടെ ഉപജീവനം നടത്തിക്കൊണ്ടിരുന്നു. ഫാക്ടറിജോലിയിലും കരിമ്പുകൃഷിയിലും ഏർപ്പെട്ടിരുന്നവരുടെ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ കൂടെ ചേർത്തിരിക്കുന്നു. പട്ടികകളിൽ കൊടുത്തിട്ടുണ്ട്.

ഇപ്പോൾ ഈ ഫാക്ടറി ഏകദേശം നിർത്തലാക്കിയ നിലയിലാണ്. കഴിഞ്ഞ സീസണിൽ കർഷകർ കരിമ്പ് ഉല്പാദിപ്പിച്ചെങ്കിലും ഫാക്ടറി കരിമ്പ് എടുത്തില്ല. ഇതുമൂലം അനേകം കർഷകർക്ക് ഭാരിച്ച നഷ്ടമുണ്ടായി കൂടാതെ പല കർഷകതൊഴിലാളികളും തൊഴിലില്ലാതെ വളരെയധികം കഷ്ടത അനുഭവിച്ചു. ഈ വർഷം (1996-97) കർഷകർ കരിമ്പു കൃഷി പൂർണ്ണമായും ഉപേക്ഷിച്ചുകഴിഞ്ഞു. ഇപ്പോൾ ഈ ഫാക്ടറിയിലെ ജീവനക്കാർ പിരിച്ചു വിടൽ ഭീഷണിയിലാണ്.

2. മേൽ പറഞ്ഞ വ്യവസായ സ്ഥാപനത്തിന്റെ അതേ പ്രതിഛായ പ്രതിഫലിപ്പിക്കുന്ന മറ്റൊരു സ്ഥാപനമാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ട്രോബോർഡ് ഫാക്ടറി. 1957-58 കാലയളവിൽ പ്രവർത്തനമാരംഭിച്ച ഫാക്ടറി പഞ്ചായത്തിലേയും സമീപപ്രദേശങ്ങളിലേയും ആളുകൾക്ക് വളരെയധികം പ്രതീക്ഷ ഉളവാക്കിയതായിരുന്നു.

കുട്ടനാടൻ പ്രദേശങ്ങളിൽ ലഭ്യവും നശിച്ചുപോകുന്നതുമായ കച്ചിയും, പമ്പാ റിവർ ഫാക്ടറിയിലെ കരിമ്പിൻ ചണ്ടിയും ഉപയോഗിച് ആദ്യകാലങ്ങളിൽ ഇവിടെ മേൽത്തരം ഹാർഡ്ബോർഡുകൾ ഉല്പാദിപ്പിച്ചിരുന്നു.കുറേക്കാലങ്ങളായി ഇവിടെ പേപ്പറുമായി ബന്ധപ്പെട്ട ഉല്പപ്പന്നങ്ങൾ ഒന്നും ഉണ്ടാക്കുന്നില്ല. അസംസ്കൃതസാധനങ്ങളുടെ കുറവാണ് ഉല്പാദനം നിർത്തി വെയ്ക്കാൻ കാരണം. ഇപ്പോൾ ഈ ഫാക്ടറിയിൽ ഫർണീച്ചർ നിർമ്മിക്കുന്നുണ്ട്. അതും വളരെ കുറഞ്ഞ തോതിൽ മാത്രം. റബർത്തടികൾ പുഴുങ്ങി സംസ്ക്കരിച്ചാണ് ഫർണിച്ചർ ഉല്പാദിപ്പിക്കുന്നത്. പുതുതായി ജോലിക്കാരെ ആരേയും എടുക്കുന്നില്ല. നേരത്തെ ജോലിയിലിരുന്നവർ പിരിയുന്നതനുസരിച്ച് ജോലിക്കാരുടെ എണ്ണവും ശോഷിച്ചു

വരുകയാണ്. മേൽപരാമർശിച്ച രണ്ടു സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളാണ്.

3. ഇപ്പോൾ വർദ്ധിച്ചു വരുന്നതും തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതുമായ സ്വകാര്യവ്യവസായമാണ് ഇഷ്ടിക വ്യവസായം യൂണിറ്റു വ്യവസായാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യാത്തതിനാലും ഇതിൽ ജോലി ചെയ്യുന്ന ജോലിക്കാർ സംഘടിതർ അല്ലാത്തതിനാലും ഇതിലൂടെ ലഭിക്കുന്ന മുഴുവൻ ലാഭവും ഉടമസ്ഥരുടെ കൈകളിൽ ചെന്നു ചേരുന്നു. കൃഷിക്ക് ഉപയോഗ്യമായ സ്ഥലങ്ങൾ കുഴിച്ച് മണ്ണെടുക്കുന്നത് നിയമം മൂലം ഗവൺമെന്റ് നിരോധിച്ചിരിക്കുന്നതിനാൽ ഒരു പരിധി വരെ ഈ വ്യവസായത്തിന്റെ പുരോഗതിയും മന്ദീഭവിച്ചിരിക്കുകയാണ്.

4. ചൂരൽ ഫർണീച്ചറുകൾ നിർമ്മിക്കുന്ന യൂണിറ്റ് അംബദ്ക്കർ സ്മാരക സൊസൈറ്റി പ്രവർത്തിച്ചു വരുന്നു.

5. Book Binding ഉൾപ്പടെ അതിന്റെ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾ ഉൾക്കൊള്ളുന്ന ഒരു യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. (പുളിക്കീഴ് വനിതാ സഹകരണസംഘം, കടപ്ര)

6. തയ്യൽ പ്രവർത്തനത്തിൽ വളരെയധികം സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്നു. ആരും തന്നെ സംഘടിതരല്ല. ഉപഭോക്താക്കളുടെ ആവശ്യാനുസരണം അവ പ്രവർത്തിച്ചു വരുന്നു.

7. തടിവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന മൂന്ന് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. അതിൽ രണ്ടെണ്ണം തടി അരച്ച് യൂണിറ്റുകളും ഒന്ന് ഫർണിച്ചർ യൂണിറ്റും ആണ്. ഇവകൾ സ്വകാര്യസ്ഥാപനങ്ങളാണ്. ഒരു തടി അറപ്പ് യൂണിറ്റിനോടുകൂടി മെറ്റൽ ക്രഷറും പ്രവർത്തിച്ചു വരുന്നു. എല്ലാം സ്വകാര്യ സ്ഥാപനങ്ങളാണ്.

8. മെഴുകുതിരി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ചില യൂണിറ്റുകളുണ്ട്. അതും സ്വകാര്യ സ്ഥാപനങ്ങളാണ്.

9. മൂന്ന് Genaral Engineering Unit കൾ ഉണ്ട്. ഒരു S.S.I.Unit- ഉം പ്രവർത്തനത്തിലുണ്ട്. താൽക്കാലികമായി S.S.I.Unit അടച്ചിട്ടിരിക്കുകയാണ്.

10. ആയുർവ്വേദ ഔഷധ നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. സ്വകാര്യ സ്ഥാപനമായ ഇവിടെ ആറു സ്ത്രീതൊഴിലാളികൾ ജോലി ചെയ്യുന്നു.

11. നെല്ലുകുത്ത്, കരിമ്പാട്ടി നീരെടുക്കൽ, കൊപ്രാ ആട്ടി വെളിച്ചണ്ണ എടുക്കൽ, അരി, മല്ലി, മുളക് മുതലായവ പൊടിച്ചു കൊടുക്കുക എന്നിവകൾ ചെയ്തു കൊടുക്കുന്ന ആറിൽപ്പരം സ്വകാര്യ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

12. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ചില സ്വകാര്യ പ്രസ്ഥാനത്തെ ക്കുറിച്ചാണ് ഇനിയും പരാമർശിക്കുന്നത്.

a) മത്സ്യബന്ധനം
b) ചെമ്പ്, ഓട് പാത്രനിർമ്മാണം
c) വെള്ളി ആഭരണ നിർമ്മാണം
d) മണൽ പാത്രനിർമ്മാണം
e) കൊപ്രാ നിർമ്മാണം
f) കുട പായ് പരമ്പ്, കസേര നെയ്ത്ത്
g) ബീഡി നിർമ്മാണം
h) പാൽ ഉല്പാദനം

മേൽ പരാമർശിച്ച എല്ലാ ഉല്പാദന പ്രക്രിയകളും പരമ്പരാഗതമായി ചെയ്തു വരുന്നതാണ്. ചെറിയ തോതിൽ ആണെങ്കിൽത്തന്നെയും പഞ്ചായത്തിലെ ഒരു ഭാഗം ആൾക്കാരുടെ ഉപജീവനം മേൽപ്പറഞ്ഞ പരമ്പരാഗത ഉല്പാദന പ്രക്രിയയിലൂടെ നടന്നു വരുന്നു. ആയതിനാൽ ഒന്നും തന്നെ അപ്രധാനമല്ല. പരമ്പരാഗത തൊഴിലുകളിൽ കൂടുതലും സ്ത്രീകൾ ആണ് പ്രവർത്തിക്കുന്നത്. സോഡാ നിർമ്മാണത്തിന് മൂന്ന് യൂണിറ്റുകൾ ഉണ്ട്. പത്ത് പേർക്കെങ്കിലും ജോലി കൊടുക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയും എന്നത് സ്വാഗതാർഹമാണ്. കൂടാതെ ബേക്കറി, ആട്ടോമോബൈൽ വർക്ക്ഷോപ്പ്, ഇലക്ട്രോണിക് ഉപകരണ വർക്ഷോപ്പ് എന്നിവയും ഉണ്ട്.

## പ്രശ്നങ്ങൾ

1. കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന കരിമ്പ് കർഷകർക്ക് ഉല്പാദനാവശ്യമായ സഹായവും പ്രോത്സാഹനവും ലഭിക്കാത്തതിനാൽ കരിമ്പ് കൃഷി നിർത്തലാക്കിയതാണ് പമ്പാ റിവർ ഫാക്ടറിയുടെ സ്തംഭനാവസ്ഥയ്ക്ക് കാരണം.

2. കരിമ്പു മേഖലയിൽ കർഷകതൊഴിലാളികളുടെ കൂലിയും ജോലി സമയവും യഥാവസരം പ്രഖ്യാപിച്ച്നടപ്പാക്കാൻകഴിയാത്തത് കർഷകരെ നിരുത്സാഹപ്പെടുത്തുന്നു.

3. അസംസ്കൃ സാധനങ്ങൾമതിയായ തോതിൽ ലഭ്യമാക്കണം

4. ആവശ്യാനുസരണം മെഴുക് ലഭ്യമാവാത്ത

തിനാൽ മെഴുകുതിരി ഉല്പാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്

5. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമല്ല.

6. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്ക് വേണ്ട അസംസ്കൃത സാധനങ്ങളുടെ പോരായ്മ തൊഴിലിനെ കാര്യമായി ബാധിച്ചിട്ടുണ്ട്.

7. വ്യവസായ മേഖലയിലുള്ള സാങ്കേതിക പരിജ്ഞാനക്കുറവ് പുതിയ മേഖലകൾ വികസിപ്പിക്കാൻ അവസരം നല്കുന്നില്ല.

8. പഞ്ചായത്തിൽ മിക്ക സ്ഥലങ്ങളിലും ത്രീ ഫേസ് വൈദ്യുതി കിട്ടാത്തതിനാൽ പുതിയ സ്ഥാപനങ്ങൾ ഉടലെടുക്കുന്നില്ല.

എന്നു മാത്രമല്ല നിലവിലുള്ള സ്ഥാപനങ്ങളുടെ ഉല്പാദന ശേഷി കുറയുകയും ചെയ്യുന്നു.

9. ലൈസൻസും മറ്റ് അനുവാദങ്ങളും ലഭിക്കാനുള്ള ബുദ്ധിമുട്ടും അത് ലഭ്യമാക്കാൻ ഉത്തരവാദിത്വപ്പെട്ടവരുടെ വിമുഖതയും പുതിയസ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് തടസ്സമാണ്.

## നിർദ്ദേശങ്ങൾ.

1. കരിമ്പു കർഷകർക്ക് ആവശ്യാനുസരണം പ്രോത്സാഹനം നൽകി കരിമ്പ് ഉല്പാദനം വർദ്ധിപ്പിച്ച് പമ്പാ റിവർ ഫാക്ടറി നില നിർത്തുക.

2. പമ്പാ റിവർ ഫാക്ടറിയിൽ ഡിസ്റ്റലറിയോടൊപ്പം ബിയർ നിർമ്മാണവും ആരംഭിക്കുക.

3. 1995-96 സീസണിൽ കരിമ്പ് കർഷകർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുക.

4. ആവശ്യാനുസരണം അസംസ്കൃത സാധന ലഭ്യത ഉറപ്പു വരുത്തി സ്ട്രോബോർഡ് ഫാക്ടറി പുനഃപ്രവർത്തിപ്പിയ്ക്കുക.

5. ഇഷ്ടിക വ്യവസായം സൊസൈറ്റി അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച് തൊഴിലാളികളെയും ഉൾക്കൊള്ളിക്കുക.

6. ബുക്കു ബയന്റിംഗ് യൂണിറ്റ് വിപുലികരിക്കുക.

7. തയ്യൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൂടുതൽ സാങ്കേതിക പരിജ്ഞാനം നല്കി സ്ത്രീകളുടെ സംഘം രൂപികരിച്ച് പുതിയ ഉല്പന്നങ്ങൾ നിർമ്മിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

8. തടിയുല്പന്നങ്ങളുടെ ജനപ്രീതി വർദ്ധിച്ചു വരുന്നത് പരിഗണിച്ച് തടി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൂടുതൽ സങ്കേതിക പരിശീലനവും പ്രോത്സാഹനവും ലഭ്യമാക്കുക.

9. മെഴുകുതിരി വ്യവസായത്തെ സംഘടിത യൂണിറ്റുകൾ ആക്കി മാറ്റി കൂടുതൽ മെഴുക് ലഭ്യമാക്കുക. പുതിയ യൂണിറ്റു തുടങ്ങി സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരം നൽകാൻ കഴിയും.

10. ലോഹം വാർപ്പ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗത തൊഴിലാളികൾ സുലഭമായതിനാൽ ജനറൽ എൻജിനിയറിംഗിന് കൂടുതൽ സാധ്യതകൾ ഉണ്ട്. പ്രോത്സാഹിപ്പിക്കുന്നതിനും വിപുലികരിക്കുന്നതിനും വേണ്ടത് ചെയ്യുക.

11. S.S.I..യൂണിറ്റുകൾ പുതുതായി തുടങ്ങാൻ വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്ത് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക.

12. സ്ത്രീകളെ സംഘടിപ്പിച്ച് കറി പൗഡർ യൂണിറ്റുകൾ സ്ഥാപിച്ച് അവർക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക.

13. കൂടുതൽ സോഡാ വാട്ടർ ഫില്ലിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുക.

14. കൊപ്രാ ഉല്പാദനവും സംസ്കരണവും യന്ത്രവൽക്കരിച്ച് വിപുലീകരിക്കണം.

15. പരമ്പരാഗത തൊഴിലുകൾക്ക് കൂടുതൽ സങ്കേതിക പരിജ്ഞാനം ലഭ്യമാക്കണം. അവർക്ക് അസംസ്കൃത സാധനങ്ങൾ സുലഭമായി നല്കണം.

16. കാറുകൾ മറ്റു വാഹനങ്ങൾ റ്റൂവിലറുകൾ എന്നിവയുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുള്ളതിനാൽ ആധുനിക രീതിയിലുള്ള വർക്ക് ഷോപ്പിന് സാധ്യത ഉണ്ട്. താല്പര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. അതുപോലെ തന്നെ ഇലക്ട്രോണിക് വീട്ടുപകരണങ്ങളുടെ അറ്റകുറ്റപണികളും ഏറ്റെടുത്ത് നടത്താവുന്നതാണ്. സ്ത്രീകൾക്ക് ഈ രംഗത്ത് മുൻഗണന നൽകി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

വ്യാവസായികമായി ഈ പഞ്ചായത്ത് വളരെ പിന്നോക്കമാണ്. ആകെയുണ്ടായിരുന്ന പ്രമുഖ വ്യവസായ സ്ഥാപനമായ പഞ്ചസാര മിൽ പ്രവർത്തനം നിലച്ചതോടുകൂടി സ്ഥിതി വീണ്ടും മോശമായിരിക്കുകയാണ്. പഞ്ചസാര മില്ലിന്റെയും അനുബന്ധ യൂണിറ്റുകളുടെയും പുനരുത്ഥാനം വഴി വ്യവസായ മേഖലയ്ക്ക് പുതുജീവൻ നല്കാൻ കഴിയുമെന്നു ഇതിനാൽ നമ്മുടെ എല്ലാ ശ്രമവും അതിനായിരിക്കട്ടെ.

# 5-4

# വിദ്യാഭ്യാസം

വളരെക്കാലങ്ങൾക്കു മുമ്പ് തന്നെ സാംസ്ക്കാരിക രംഗത്ത് പേരും പെരുമയും ഉണ്ടായിരുന്ന ഒരു ഭൂവിഭാഗമാണ് കടപ്ര. ഉണ്ണിനീലി സന്ദേശത്തിൽ പരാമർശിക്കപ്പെടുന്ന പനയന്നാർകാവ് ക്ഷേത്രവും വിശുദ്ധ തോമാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട നിരണം പള്ളിയും ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. തുഞ്ചത്ത് എഴുത്തച്ഛനു പോലും ഗുരു സ്ഥാനീയരായിരുന്ന കണ്ണശ്ശ മഹാകവികൾ കാവ്യോപാസന നടത്തിയതും ഈ ഗ്രാമത്തിന്റെ പ്രാന്തപ്രദേശങ്ങളിലാണ്.

കഴിഞ്ഞ നൂറ്റാണ്ടിൽ തന്നെ കടപ്രയിലെ സാമൂഹികവും വിദ്യാഭ്യാസ പരവുമായ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. വളരെ മുൻപ് മുതൽക്കേ ഈ പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടങ്ങൾ, ഈ സ്ഥലത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ സിരാകേന്ദ്രങ്ങളായി വർത്തിച്ചിട്ടുണ്ട്. 1850-ന് മുൻപ് തന്നെ മണിപ്പുഴ ആശാന്മാർ പരിസര പ്രദേശങ്ങളിലെ കുട്ടികളെ എഴുത്തും, വായനയും കണക്കും പഠിപ്പിച്ചിരുന്നു. മണിപ്പുഴ വടക്കേപ്പുരയിടത്തിൽ രണ്ടാം ക്ലാസ് വരെയുള്ള ഒരു പള്ളിക്കൂടം പ്രവർത്തിച്ചിരുന്നു. 1893-ൽ പരുമല പള്ളിയുടെ നേതൃത്വത്തിൽ പരുമല സെമിനാരി എൽ. പി. സ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. 1896-ൽ നിരണം വലിയ പള്ളിയോടു ചേർന്ന് സെന്റ് മേരീസ് എൽ. പി. സ്ക്കൂൾ ആരംഭിച്ചു. ഇത് പിന്നീട് സെന്റ് മേരീസ് ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെട്ടു. തുടർന്ന് ആലംതുരുത്തി ദേവസ്വം ദാനം കൊടുത്ത സ്ഥലത്ത് ഒരു മലയാളം സ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. ഇത് പിന്നീട് കണ്ണശ്ശ സ്മാരക ഹൈസ്ക്കൂൾ ആയും 1988-ൽ ഹയർ സെക്കൻഡറിയായും അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 1890-ൽ കടപ്രയിൽ ആരംഭിച്ച പെൺ പള്ളിക്കൂടം പിൽക്കാലത്ത് കടപ്ര ഗവ. യു. പി. സ്ക്കൂളായി ഉയർത്തപ്പെട്ടു.

അനൗപചാരിക വിദ്യാഭ്യാസ രംഗത്തും ഈ പഞ്ചായത്തിൽ വളരെ വർഷങ്ങൾക്കു മുൻപ് തന്നെ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. കടപ്രയിലുള്ള കൈരളീ ഗ്രന്ഥശാലയും പരുമലയിലെ ടാഗോർ വായനശാലയും ഈ രംഘത്ത് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. വയോജന വിദ്യാഭ്യാസവും കലാ സാംസ്കാരിക പരിപാടികളും ഈ വായനശാലകൾ കേന്ദ്രീകരിച്ച് പണ്ട് മുതലേ നടത്തപ്പെട്ടിരുന്നു. ഇവ കൂടാതെ, ആലംതുരുത്തിയിലെ മഹാത്മാഗാന്ധി സ്മാരക സാംസ്കാരിക കേന്ദ്രം വളരെ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. ഈ മൂന്ന് വായനശാലകളും ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

ഇന്ന് ഈ പഞ്ചായത്തിൽ ദേവസ്വം ബോർഡ് വക ഒരു ഫസ്റ്റ് ഗ്രേഡ് കോളേജും ഒരു ഹയർ സെക്കൻഡറി സ്ക്കൂളും മറ്റു രണ്ട് എയഡഡ് ഹൈസ്ക്കൂളുകളും പ്രവർത്തിച്ചു വരുന്നു. കൂടാതെ, സർക്കാർ വകയും അംഗീകാരമുള്ളതുമായ മൂന്ന് യു. പി. സ്ക്കൂളുകളും പത്ത് എൽ. പി. സ്ക്കൂളുകളും ഉണ്ട്. ഒരു അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളും മൂന്ന് ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് എൽ. പി. സ്ക്കൂളുകളും പ്രവർത്തിച്ചു വരുന്നു. 22000-ത്തോളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 16 അംഗീകൃത

വിദ്യാലയങ്ങളിലായി 4104 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. അദ്ധ്യാപകരുടെ എണ്ണം 178

സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങൾകൊണ്ട് ചെറിയ ഒരു ശതമാനം വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നുണ്ട്. ഈ അദ്ധ്യയന വർഷാരംഭം കൊഴിഞ്ഞു പോയവരുടെ എണ്ണം പട്ടിക 5.3.4-ൽ കൊടുത്തിരിക്കുന്നു.

ആകെയുള്ള 16 സ്കൂളുകളിൽ 4 എണ്ണം മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. മൊത്തം അദ്ധ്യാപകരിൽ 33.7 ശതമാനവും വിദ്യാർത്ഥികളിൽ 31.46 ശതമാനവും ഇവയിലാണ്.

ഈ പഞ്ചായത്തിൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെ ആശ്രയിക്കുന്ന ധാരാളം വിദ്യാർത്ഥികളുണ്ട്. ഇവിടെയുള്ള 4 അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെ കൂടാതെ വളരെയധികം കുട്ടികൾ തിരുവല്ല, മാന്നാർ എന്നീ പ്രദേശങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലേക്ക് പോകുന്നുണ്ട്.

ഉപരിപഠനത്തിനായി ഒരു ഹയർ സെക്കൻഡറി സ്ക്കൂളും ഒരു ഫസ്റ്റ്ഗ്രേഡ് കോളേജും ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും വളരെയധികം കുട്ടികൾക്ക് മറ്റു വിദൂരസ്ഥലങ്ങളിലുള്ള കോളേജുകളെ ആശ്രയിക്കേണ്ടതായി വരുന്നു. തിരുവല്ല, ചങ്ങനാശ്ശേരി, മാവേലിക്കര എന്നീ സ്ഥലങ്ങളിൽ പോയി ഉന്നത വിദ്യാഭ്യാസം നേടുന്ന ധാരാളം വിദ്യാർത്ഥികൾ ഇവിടെയുണ്ട്.

പഞ്ചായത്തിലെ അംഗീകൃത സ്ക്കൂളുകളിലെ എസ്. എസ്. എൽ. സി. വിജയശതമാനം ശരാശരിക്കപ്പുറമെന്ന് അവകാശപ്പെടാനാവില്ല. 3 എയ്ഡഡ് ഹൈസ്ക്കൂളുകളിലെ കഴിഞ്ഞ അഞ്ചു വർഷത്തെ വിജയശതമാനം പട്ടികയായി ചേർത്തിരിക്കുന്നു.

എന്നിരുന്നാലും ഏതാനും ഫസ്റ്റ് ക്ലാസ്സുകളും, ഡിസ്റ്റിംഗ്ഷനുകളും ഈ സ്ക്കൂളുകളിൽ കിട്ടുന്നുണ്ട്. എങ്കിലും, പൊതുവേ വിജയികളുടെ മാർക്ക് കുറവായതിനാൽ അഫിലിയേറ്റഡ് കോളേജുകളിൽ വളരെ ചെറിയ ഒരു വിഭാഗത്തിനു മാത്രമേ പ്രവേശനം ലഭിക്കുന്നുള്ളൂ. മറ്റുള്ളവർ പാരലൽ കോളേജുകളേയും, ഐ. റ്റി. സി. പോലുള്ള സ്വകാര്യ സ്ഥാപനങ്ങളേയും ആശ്രയിക്കുന്നു.

നാല് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ഇവിടെ പഠിക്കുവാനെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം നാൾക്കു നാൾ കുറഞ്ഞു വരുന്നു. സമീപ പ്രദേശങ്ങളിലെ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്ററുകളെ ആശ്രയിക്കുവാനുള്ള വ്യഗ്രതയാണ് ഇതിന് കാരണം. ഇവിടെ ആകെ രണ്ട് സ്വകാര്യ കമ്പ്യൂട്ടർ സെന്ററുകൾ മാത്രമാണുള്ളത്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന നിരണം സെന്റ് മേരീസ് ഐ. റ്റി. ഐ. മാത്രമാണ് സാങ്കേതിക വിദ്യാഭ്യാസത്തിന് ഇവിടെ ആകെയുള്ള സൗകര്യം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ പ്രസക്തി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വേണ്ടത്ര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തത് വലിയ ഒരു അപര്യാപ്തതയാണ്.

ഇംഗ്ലീഷ് മീഡിയം കിന്റർ ടാർട്ടൻ സ്ക്കൂളുകളോട് രക്ഷിതാക്കൾക്ക് അമിതമായ ഭ്രമം ഉണ്ടെങ്കിലും മാതൃകാ ശിശു സംരക്ഷണ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള 23 അംഗൻ വാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ അംഗൻവാടികളിൽ സ്വന്തമായ സ്ഥലവും കെട്ടിടവുമുള്ളതു രണ്ടെണ്ണത്തിനു മാത്രമാണ്. അംഗൻവാടികളിലൊന്നിനും കളിപ്പാട്ടങ്ങളോ മറ്റു ഭൗതിക സൗകര്യങ്ങളോ ഇല്ല.

അംഗൻവാടികൾക്ക് പുറമേ ഈ പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ കുട്ടികളെ അക്ഷരം പഠിപ്പിക്കുന്നതിനായി കുടിപ്പള്ളിക്കൂടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ കുടിപ്പള്ളിക്കൂടങ്ങൾ നമ്മുടെ ഉന്നത പാരമ്പര്യത്തിന്റെ അവശിഷ്ടങ്ങളാണ്. ഇവ നല്ല രീതിയിൽ പ്രവർത്തിപ്പിച്ച് ഇവയെ പ്രീ പ്രൈമറി വിദ്യാലയങ്ങളുടെ പദവിയിലേക്ക് ഉയർത്തേണ്ടത് അനിവാര്യമാണെന്ന് ചില ഗ്രാമ സഭകൾ നിർദ്ദേശിച്ചിട്ടുള്ളത് എടുത്തു പറയേണ്ടിയിരിക്കുന്നു.

അനേകം വിദ്യാ സമ്പന്നരും നിരവധി വിദ്യാലയങ്ങളും നമുക്കുണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നിരക്ഷരരായ അനേകം സഹോദരീ സഹോദരങ്ങളുണ്ട്. 1991-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 21800 ആണ്. ഇതിൽ ആറു വയസ്സിന് താഴെയുള്ളവർ 2494 ആണ്. സാക്ഷരതരുടെ എണ്ണം 9036 പുരുഷന്മാരും 9439 സ്ത്രീകളും എന്ന നിലയിലാണ്. ഈ റിപ്പോർട്ട് അനുസരിച്ച് 6 വയസ്സിന് മേൽ പ്രായമുള്ള 831 നിരക്ഷരർ ഈ പഞ്ചായത്തിലുണ്ട്. പിന്നീടു നടത്തിയ ചില സർവ്വേകൾ കാണിക്കുന്നത് നിരക്ഷരരുടെ എണ്ണം ഇതിലും വളരെ കൂടുതൽ ആണ് എന്നാണ്. സാക്ഷരതാ പ്രവർത്തനം ശക്തമായി നടത്തിയ പഞ്ചാ

യത്ത് എന്ന നിലയിൽ തുടർ സാക്ഷരതാ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുവാൻ കഴിയുന്നില്ല എന്നത് ഖേദകരമാണ്.

ഈ പഞ്ചായത്തിലെ 10 ഗ്രാമ സഭകളിലും വിദ്യാഭ്യാസത്തെക്കുറിച്ച് സജീവ ചർച്ച ചെയ്യുക ഉണ്ടായി. അക്കാദമിക് നിലവാരവും വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളും, സൗകര്യങ്ങളുമാണ് പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്. ഇവ കൂടാതെ പാഠ പുസ്തകങ്ങൾ സമയത്തിന് കിട്ടാതിരിക്കുക, പി. റ്റി. എ. യുടെ പ്രവർത്തനം, മാതൃസംഘങ്ങൾ, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവശ്യകത, ചില സ്ക്കൂളുകളുടെ പദവി ഉയർത്തുക, അൺ ഇക്കണോമിക്കൽ ആയ സ്ക്കൂളുകൾ നിലനിർത്തേണ്ടതിന് ചെയ്യേണ്ടതായ കാര്യങ്ങൾ, അദ്ധ്യാപകരുടെ ഇൻ സർവ്വീസ് കോഴ്സ്, യൂണിറ്റ് ടെസ്റ്റിന്റെ ആവശ്യകത, പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ഗ്രാമ സഭകളിൽ സജീവ ചർച്ച നടക്കുകയുണ്ടായി. ഈ ചർച്ചകളിൽ കൂടി ഉരുത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുന്നതിന് പ്രാഥമിക-ദ്വിതീയ വിവരങ്ങളെ അവലംബിച്ച് സ്ക്കൂളുകളുടെ അക്കാദമിക് സൗകര്യങ്ങളുടെ പരിമിതി വെളിപ്പെടുത്തുന്ന വസ്തുതകൾ താഴെ കൊടുത്തിരിക്കുന്നു.

മിക്ക സ്ക്കൂളുകളുടെയും അക്കാദമിക് നിലവാരം മോശമായതിനു കാരണം ആവശ്യമായ അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തതയാണ്.

വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധിയാണ്. മിക്ക സ്ക്കൂളുകളിലും പ്രാഥമികമായ സൗകര്യങ്ങൾ പോലും ഇല്ല എന്നത് ചുവടെ കൊടുത്തിരിക്കുന്ന പട്ടിക വ്യക്തമാക്കുന്നു. (പട്ടിക 5.3.8)

ഗ്രാമ സഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങളും സാദ്ധ്യതകളും താഴെ കൊടുക്കുന്നു.

1. പഞ്ചായത്തിലെ മിക്ക എൽ. പി., യു. പി., സ്ക്കൂളുകളും വളരെ പരിതാപകരമായ ഭൗതീക ചുറ്റുപാടുകളിലാണ് പ്രവർത്തിക്കുന്നത്. മൂത്രപ്പുര, കുടിവെള്ള സൗകര്യം, ബഞ്ച്, ഡസ്ക്, ബ്ലാക്കു ബോർഡ് തുടങ്ങിയ പ്രാഥമീകാവശ്യങ്ങൾക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണണം. കളിസ്ഥലവും കളിക്കോപ്പുകളും, സ്ക്കൂളുകളിൽ അത്യന്താപേക്ഷിതമാണ്. കുട്ടികൾക്കുള്ള ഉച്ച ഭക്ഷണം പാചകം ചെയ്യുന്നതിന് പാചക മുറികൾ ഇല്ലാത്ത സ്ക്കൂളുകളിൽ അവ അത്യാവശ്യമായും നിർമ്മിക്കേണ്ടതാണ്.

2. ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങളുള്ള പല സ്ക്കൂളുകളും പഞ്ചായത്തിലുണ്ട്. ഒന്നാം വാർഡിലെ കെ. വി. യു. പി. സ്ക്കൂൾ, രണ്ടാം വാർഡിലെ ഗവൺമെന്റ് എൽ. പി. സ്ക്കൂൾ, എട്ടാം വാർഡിലെ കെ. വി. എൽ. പി. എസ്സ്, ഗവൺമെന്റ് എൽ. പി. എസ്സ് എന്നീ സ്ക്കൂളുകളുടെ കെട്ടിടങ്ങൾ പുതുക്കിപ്പണിയണമെന്ന ഗ്രാമ സഭാ നിർദ്ദേശങ്ങൾ സജീവ പരിഗണനയ്ക്കു വിധേയമാക്കണം. ചുറ്റു മതിലുകളില്ലാത്ത കടപ്ര ഗവൺമെന്റ് യു. പി. സ്ക്കൂളിനും രണ്ടാം വാർഡിലെ ഗവൺമെന്റ് എൽ. പി. സ്ക്കൂളിനും മതിലുകൾ നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

3. മൂന്നാം വാർഡിലും ഏഴാം വാർഡിലും അംഗീകൃത സ്ക്കൂളുകൾ ഒന്നും തന്നെയില്ലാത്തതിനാൽ ഈ രണ്ടു വാർഡുകളിലും ചില പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ ഒന്നര കിലോമീറ്ററിൽ കൂടുതൽ സഞ്ചരിച്ച് പ്രാഥമിക വിദ്യാഭ്യാസം നേടേണ്ട അവസ്ഥ നിലവിലുണ്ട്.

യാത്രാ സൗകര്യം ലഭ്യമാക്കുന്ന ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെ ആശ്രയിക്കേണ്ട സാഹചര്യം ഇതു മൂലം വന്നു ചേരുന്നു. മാതൃഭാഷാ മാധ്യമം വിദ്യാഭ്യാസത്തിൽ അനിവാര്യമെന്ന നിഗമനം പാലിക്കപ്പെടണമെങ്കിൽ ഈ രണ്ടു വാർഡുകളിലും ഗവൺമെന്റു സ്ക്കൂളുകൾ സ്ഥാപിക്കേണ്ടതു അത്യാവശ്യമാണ്. ആറാം വാർഡിലെ ഒരു എൽ. പി. സ്ക്കൂളെങ്കിലും അപ് ഗ്രേഡ് ചെയ്യണമെന്നു നിർദ്ദേശമുണ്ട്.

4. ഈ പഞ്ചായത്തിലെ ഇരുപത്തൊന്നു അംഗൻവാടികൾക്ക് സ്വന്തമായ സ്ഥലവും കെട്ടിടവും നൽകുവാൻ നടപടി എടുക്കണം. പഞ്ചായത്തു വക സ്ഥലങ്ങൾ ഇവയ്ക്കു നൽകുകയാണെങ്കിൽ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ സാമ്പത്തീക സഹായത്തോടെ കെട്ടിടം നിർമ്മിക്കുവാൻ സാധിക്കും. അംഗൻവാടികൾ ഗ്രാമത്തിലെ പ്രീ പ്രൈമറി സ്ക്കൂളുകളായി ഉയർത്തുകയും ചെയ്യാവുന്നതാണ്.

5. എല്ലാ അപ്പർ പ്രൈമറി വിദ്യാലയങ്ങളിലും ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തണം. സ്ക്കൂളുകളിലെ ലൈബ്രറി ലാബോറട്ടറികൾ

ശരിയായ വിധം വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യണം.

6. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഉത്തരവാദിത്വം പഞ്ചായത്തു ഏറ്റെടുക്കണം.

7. എസ്സ്. സി. എസ്സ്. റ്റി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ കൃത്യമായി അനുവദിച്ചു വിതരണം ചെയ്യുന്നതിന് നടപടി എടുക്കണം.

8. സ്ക്കൂളുകൾക്കുള്ള സർക്കാർ ഗ്രാന്റ് അദ്ധ്യായന വർഷാരംഭത്തിൽ തന്നെ അനുവദിക്കണം.

9. ഈ പഞ്ചായത്തിൽ ആകെ മൂന്നു വായനശാലകൾ മാത്രമുള്ളത് തികച്ചും അപര്യാപ്തമാണ്. വായനശാലകളോ ഗ്രന്ഥാലയങ്ങളോ ഇല്ലാത്ത വാർഡുകളിൽ ഗ്രന്ഥശാലാ സംഘവുമായി സഹകരിച്ച് വായനശാലകൾ സ്ഥാപിക്കണം. ഏഴാം വാർഡിലുള്ള കോളനികളെ കേന്ദ്രീകരിച്ച് ഒരു വായനശാലയെങ്കിലും സ്ഥാപിക്കണമെന്ന ഗ്രാമ സഭാ നിർദ്ദേശം പരിഗണനാർഹമാണ്.

10. സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ടാകേണ്ടത് അനിവാര്യമാണ്. തയ്യൽ, ഹാൻഡിക്രാഫ്റ്റ്സ്, ബുക്ക് ബൈൻഡിംഗ് തുടങ്ങിയ കോഴ്സുകൾ അഭ്യസിപ്പിക്കുന്ന സ്ഥാപനങ്ങൾ ആറും ഏഴും വാർഡുകളിൽ സ്ഥാപിക്കണമെന്ന് ഗ്രാമ സഭ നിർദ്ദേശിച്ചിരിക്കുന്നു. ആറാം വാർഡിൽ ദേവസ്വം ബോർഡു വക ഉപയോഗ ശൂന്യമായി കിടക്കുന്ന സ്ഥലത്തായി ഒരു ബി. എഡ് കോളേജോ മറ്റു തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്ന സ്ഥാപനമോ സ്ഥാപിക്കുവാൻ കഴിയും. പത്താം വാർഡിലുള്ള പഞ്ചായത്ത് വക സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി അവിടെ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണമെന്ന ഗ്രാമ സഭാ നിർദ്ദേശം സജീവ പരിഗണന അർഹിക്കുന്നു. കടപ്ര ഗവ. സ്ക്കൂളിലെ ഒഴിഞ്ഞു കിടക്കുന്ന കെട്ടിടവും സൗകര്യങ്ങളും ഇതിലേക്ക് ഉപയോഗപ്പെടുത്താനും കഴിയും.

11. അക്കാഡമിക് നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:25 എന്നാക്കുകയും അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ ഇൻ-സർവ്വീസ് കോഴ്സുകൾ നടത്തുകയും വേണം. 'ഡയറ്റി'ന്റെ സേവനം എല്ലാ അദ്ധ്യാപകർക്കും ലഭിക്കത്തക്ക രീതിയിൽ ആസൂത്രണം ചെയ്യേണ്ടതാണ്. അദ്ധ്യാപകരെ ഇന്യുമറേഷൻ തുടങ്ങിയ അദ്ധ്യാപകേതര ജോലികളിൽ നിന്ന് ഒഴിവാക്കണമെന്നുള്ള ആറാം വാർഡിലെ ഗ്രാമ സഭാ നിർദ്ദേശം സാദ്ധ്യായ ദിവസങ്ങളിലെ അദ്ധ്യായന നഷ്ടത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

12. സാക്ഷരതാ പ്രവർത്തനങ്ങളുടെ അനിവാര്യത എല്ലാ ഗ്രാമ സഭകളിലും സജീവമായി ചൂണ്ടിക്കാണിക്കുന്ന നിരക്ഷരർ എല്ലാ വാർഡുകളിലും ഉണ്ട്. 1990-ൽ സാക്ഷരത നേടിയവർ തുടർ പ്രവർത്തനങ്ങളുടെ അഭാവം മൂലം നിരക്ഷരരായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയുമുണ്ട്. പഞ്ചായത്തിലെ വായനശാലകളും എല്ലാ വാർഡുകളിലുമുള്ള അംഗൻവാടികളും കേന്ദ്രീകരിച്ച് സാക്ഷരതാ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കണം. സന്നദ്ധ സംഘടനകളേയും അദ്ധ്യാപകരേയും വിദ്യാ സമ്പന്നരായ മറ്റു വ്യക്തികളേയും ഇതിന് ഉപയോഗിക്കാം.

13. ഈ പഞ്ചായത്തിലെ ഉന്നത വിദ്യാഭ്യാസ തൽപ്പരരായ വിദ്യാർത്ഥികളുടെ ആഗ്രഹം സഫലീകരിക്കുന്നതിന് പരുമല ദേവസ്വം ബോർഡു കോളേജിൽ ഡിഗ്രിക്ക് പുതിയ കോഴ്സുകൾ ആരംഭിക്കുകയും കടപ്ര കണ്ണശ്ശ സ്മാരക ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിൽ സയൻസിനും കോമേഴ്സിനും പുതിയ ബാച്ചുകൾ തുടങ്ങുകയും അത്യാവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

14. കോളേജുകളിൽ നിന്നും പ്രീഡിഗ്രി കോഴ്സ് വേർപ്പെടുത്തി ഹൈസ്ക്കൂളുകളോടു ചേർക്കുന്ന നടപടിയുടെ ഭാഗമെന്ന നിലയിൽ നിരണം സെന്റ് മേരീസ് ഹൈസ്ക്കൂളിലും പരുമല ദേവസ്വം ബോർഡ് ഹൈസ്ക്കൂളിലും പതിനൊന്ന്, പന്ത്രണ്ട് സ്റ്റാൻഡേർഡുകൾ ആരംഭിക്കേണ്ടതാണ്.

15. ഷിഫ്റ്റ് സമ്പ്രദായമുള്ള സ്ക്കൂളുകളിലെ ഷിഫ്റ്റ് അടിയന്തിരമായി നിർത്തലാക്കുക.

16. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളോട് ഈ പഞ്ചായത്തിലെ സർക്കാർ വകയും എയ്ഡെഡുമായ സ്ഥാപനങ്ങളെ ആശ്രയിക്കുന്നവരിൽ ബഹുഭൂരിപക്ഷവും. എന്നാൽ മിക്ക സ്ക്കൂളുകളിലും കലാ കായിക അഭ്യസനത്തിനുള്ള സൗകര്യങ്ങളില്ല. തയ്യൽ, സംഗീതം, ചിത്രരചന എന്നീ കലകൾ പരിശീലിപ്പിക്കുവാനുള്ള സംവിധാനമുണ്ടാകേണ്ടതാണ്.

| നമ്പർ | സ്ക്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ (ആൺ) | (പെൺ) | ആകെ | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| 1. | കെ. വി. യു. എസ്., വളഞ്ഞവട്ടം | എയ്ഡഡ് | 162 | 173 | 335 | 15 |
| 2. | ഗവ. എൽ. പി. എസ്., കടപ്ര | ഗവ. | 108 | 88 | 196 | 7 |
| 3. | കെ. എസ്. ജി. എച്ച്. എസ്., കടപ്ര | ഗവ. | 327+50 (+2) | 292+86 (+2) | 619+136 (+2) | 28+6 (+2) |
| 4. | എം. ഡി. എൽ. പി. എസ്., വളഞ്ഞവട്ടം ഈസ്റ്റ് | എയ്ഡഡ് | 34 | 32 | 66 | 4 |
| 5. | ഗവ. യു. പി. എസ്., കടപ്ര | ഗവ. | 65 | 56 | 121 | 12 |
| 6. | സെന്റ് മേരീസ് എച്ച്. എസ്, നിരണം | എയ്ഡഡ് | 286 | 279 | 565 | 29 |
| 7. | സെന്റ് മേരീസ് എൽ. പി. എസ്., നിരണം | എയ്ഡഡ് | 60 | 74 | 134 | 5 |
| 8. | പരുമല സെമിനാരി എൽ. പി. എസ്. | എയ്ഡഡ് | 72 | 62 | 134 | 5 |
| 9. | സെന്റ് ഫ്രാൻസിസ് എൽ. പി. എസ്., പരുമല | എയ്ഡഡ് | 50 | 58 | 108 | 3 |
| 10. | ഗവ. എൽ. പി. എസ്., പരുമല | ഗവ. | 102 | 117 | 219 | 7 |
| 11. | ഡി. ബി. എച്ച്. എസ്., പരുമല | എയ്ഡഡ് | 456 | 440 | 896 | 34 |
| 12. | കെ. വി. എൽ. പി. എസ്., പരുമല | എയ്ഡഡ് | 38 | 34 | 72 | 3 |
| 13. | മോഴശ്ശേരി എം. ഡി. എൽ. പി. എസ്., കടപ്ര മാന്നാർ | | എയ്ഡഡ് | 61 | 60 | 1214 |
| 14. | എം. എസ്. എം. യു. പി. എസ്., നിരണം | എയ്ഡഡ് | 98 | 112 | 210 | 8 |
| 15. | മാന്നാർ ചർച്ച് എം. ഡി. എൽ. പി. എസ് | എയ്ഡഡ് | 41 | 46 | 87 | 5 |
| 16. | നിരണം മാർ ബസേലിയോസ് എം. ഡി. എൽ. പി. എസ്., | | എയ്ഡഡ് | 39 | 46 | 85 3 |

## എൽ. പി. യു. പി. എച്ച്. എസ്. വിഭാഗങ്ങളിലെ ആൺ/പെൺകുട്ടികളുടെ എണ്ണം

| ആകെ | എൽ. പി. | | | യു. പി. | | | ഹൈസ്ക്കൂൾ | | |
|---|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികൾ | ആൺ | പെൺ | ശതമാനം | ആൺ | പെൺ | ശതമാനം | ആൺ | പെൺ | ശതമാനം |
| 4104 | 605 | 617 | 50.49 | 325 | 341 | 51.20 | 1110 | 1097 | 49.50 |

## പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് 1996

| എൽ. പി. | | | യു. പി. | | | ഹൈസ്ക്കൂൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | പട്ടികജാതി, പട്ടിക വർഗ്ഗം | ശതമാനം | ആകെ | പട്ടികജാതി, പട്ടിക വർഗ്ഗം | ശതമാനം | ആകെ | പട്ടികജാതി, പട്ടികവർഗ്ഗം | ശതമാനം |
| 1222 | 190 | 15.54 | 666 | 142 | 21.32 | 2216 | 411 | 18.57 |

17. നല്ല രീതിയിൽ നടത്താൻ മാനേജുമെന്റ് അല്പം പോലും ഉത്സാഹം കാണിക്കാത്തതും ആവശ്യത്തിനു അദ്ധ്യാപകരില്ലാത്തതുമായ ഒരു എയ്ഡെഡ് സ്ക്കൂളെങ്കിലും ഈ പഞ്ചായത്തിലുണ്ട്. ഈ സ്ക്കൂൾ ഗവൺമെന്റ് ഏറ്റെടുത്തു നടക്കണമെന്ന എട്ടാം വാർഡിലെ ഗ്രാമ സഭ താല്പര്യപ്പെടുത്തുന്നതു

## കൊഴിഞ്ഞു പോക്ക് 1995-96

| പട്ടികജാതി, പട്ടികവർഗ്ഗം | | | | മറ്റുള്ളവർ | | | | | |
|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ശതമാനം | ആൺ | പെൺ | ആകെ | ശതമാനം | ആകെ എണ്ണം | ആകെ ശതമാനം |
| 1 | 2 | 3 | .07 | 16 | 12 | 28 | .68 | 31 | .76 |

## ഗവ: സ്ക്കൂളുകളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടെയും കണക്ക് 1996

| ആകെ അദ്ധ്യാപകർ പഞ്ചായത്തിൽ | 4 ഗവൺമെന്റ് സ്ക്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം | ഗവൺമെന്റ് അദ്ധ്യാപകരുടെ ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവൺമെന്റ് സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| 178 | 60 | 33.70 | 4104 | 1291 | 31.46 |

| സ്ക്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| സെന്റ്മേരീസ് എച്ച്. എസ്., നിരണം | 27.3 | 26.8 | 25.1 | 44.2 | 29.5 |
| കെ. എസ്. ജി. എച്ച്. എസ്. എസ്., കടപ്ര | 25.4 | 26 | 43.8 | 39.8 | 34.3 |
| ഡി. ബി. എച്ച്. എസ്., പരുമല | 39.0 | 46 | 63.0 | 62.0 | 43.0 |

പ്രസ്താവ്യമാണ്.

18. സ്ക്കൂളുകളുടെ അക്കാദമിയും ഭൗതീക വുമായ നിലവാരം മെച്ചപ്പെടുത്തുന്നതിനായി പി. റ്റി. എ.കളും മാതൃ സംഘങ്ങളും സജീവമാക്കേണ്ടതാണ്.

19. താഴ്ന്ന വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി പരിഹാര ബോധനം നടത്തുന്നതിന് സന്നദ്ധ സംഘടനകളുടെ സഹായം ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്.

20. എല്ലാ വാർഡു തലങ്ങളിലും പഞ്ചായത്തു തലങ്ങളിലും വിദ്യാഭ്യാസ കമ്മറ്റികൾ രൂപീകരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എല്ലാ മാസവും അവലോകനം ചെയ്യണം. എല്ലാ സ്ക്കൂളുകളിലും യൂണിറ്റ് ടെസ്റ്റ്, മാസ ടെസ്റ്റ് എന്നിവ നടക്കുന്നുണ്ടെന്നുറപ്പാക്കണം.

21. വിദ്യാഭ്യാസത്തകർച്ചയ്ക്ക് പരിഹാരം കാണുന്നതിനുള്ള മാർഗ്ഗം സ്ക്കൂൾ കോംപ്ലക്സുകളാണ്. പല പഞ്ചായത്തുകളിലും വിജയകരമായി നടത്തി വരുന്ന പഞ്ചായത്തു തല സ്ക്കൂൾ കോംപ്ലക്സുകൾ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ മുന്നോട്ടു നയിക്കുമെന്നതിൽ സംശയമില്ല. പഞ്ചായത്തിലെ സ്ക്കൂളുകളിലെ പോരായ്മകൾ കൂട്ടായ പ്രവർത്തനത്തിലൂടെ ഒരു പരിധി വരെ പരിഹരിക്കാൻ ഇതുപകരിയ്ക്കും. തല്പരരായ പൊതു ജനങ്ങളെ ക്കൂടി ബന്ധപ്പെടുത്തി സ്ക്കൂളുകളിലെ ജനകീയ ഇടപെടൽ വിദ്യാഭ്യാസപരവും ഭൗതീകവുമായ നിലവാരമുയർത്തുന്നതിന് വളരെയേറെ സഹായകരമായിരിക്കും.

22. ഇന്നു നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഒരു രചനാത്മക ശൈലിയുടെ അഭാവം നേരിടുന്നു. സമാധാനപരമായ സാമൂഹ്യ മാറ്റത്തിനുള്ള ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം. രാഷ്ട്ര പുരോഗതിയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി ഗുണപരമായ ജനകീയ ഇടപെടൽ ഉണ്ടായാൽ മാത്രമേ വിദ്യാഭ്യാസ രംഗത്തുള്ള അനാശാസ്യ പ്രവർത്തനങ്ങളിൽ നിന്ന് നമുക്കു മോചനം നേടാൻ കഴിയൂ.

5-5

# കുടിവെള്ളവും പൊതുജനാരോഗ്യവും

കടപ്ര പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്രോതസ്സ് കിണറുകളാണ്. 5900 ഓളം വീടുള്ളതിൽ 3000 ത്തോളം എണ്ണത്തിനും സ്വന്തമായ കിണറുകളുണ്ട്. 49 ശതമാനം കുടുംബങ്ങൾ കുടിവെള്ളത്തിനായി സ്വന്തം കിണറുകളെ മാത്രമാണ് ആശ്രയിക്കുന്നത്. 51 ശതമാനം ആൾക്കാർ അയൽ വീടുകളിലെ കിണറുകളെയും, പൊതുജല വിതരണ സംവിധാനങ്ങളെയും ആശ്രയിച്ചാണ് കഴിയുന്നത്.

കടപ്ര പഞ്ചായത്തിൽ 5 ലക്ഷം ലിറ്റർ വാട്ടർ ടാങ്ക് ആലംതുരുത്തിയിൽ ഉണ്ട്. ഈ ടാങ്കിൽ നിന്നും 4 ഭാഗത്തേക്ക് ജല വിതരണം നടത്തുന്നു. 1. പരുമല 2. കുത്തിയതോട് 3. തേവേരി 4. പുളിക്കീഴ്. കൂടാതെ ഒന്നിട വിട്ട ദിവസങ്ങളിൽ മറ്റു പല സ്ഥലങ്ങളിലേക്കും ജല വിതരണം ഈ ടാങ്കിൽ നിന്നും നടത്തുന്നു. കടപ്ര പഞ്ചായത്തിൻ കീഴിൽ 80 kms പൈപ്പ് പല സ്ഥലങ്ങളിലേക്ക് കൊടുത്തിട്ടുണ്ട്. ആകെ 263 പൊതുടാപ്പുകളും ഉണ്ട്. ഇത്രയെല്ലാം ഉണ്ടായിട്ടും വേനൽകാലങ്ങളിൽ ശരിയായ രീതിയിൽ ജല വിതരണം നടക്കുന്നില്ല. ഒന്നാം വാർഡിൽ പല സ്ഥലങ്ങളിലും പൈപ്പു ലൈനുകൾ ഇല്ലാത്തതു കാരണം ശുദ്ധ ജലം കിട്ടുവാൻ ഫർലോംഗ്കൾ പോകേണ്ടി വരുന്നു. ഈ പഞ്ചായത്തിൽ മിക്കവാറും വാർഡുകളിൽ കോളനികൾ ഉള്ളതു കൊണ്ട് അവിടെയെല്ലാം പൈപ്പുലൈൻ വലിച്ച് ശുദ്ധ ജല വിതരണം നടത്തേണ്ടതാണ്.

പഞ്ചായത്തിലെ 60 ശതമാനം വീടുകൾക്കും സ്വന്തമായി കക്കൂസ്സുകൾ ഉണ്ട്. പത്തു വാർഡുകളും സമതല പ്രദേശമായതിനാൽ ചെറിയ ചിലവിൽ പണിയാവുന്ന ESP കക്കൂസ്സുകൾ പ്രായോഗികമാണ്. നിർകെട്ടുള്ള പ്രദേശങ്ങളിൽ മാത്രം ഉയർന്നു നില്ക്കുന്ന പ്രത്യേക തരം ടാങ്കോടുകൂടിയ കക്കൂസ്സുകൾ വേണ്ടി വരും. പമ്പാ ഷുഗർ ഫാക്ടറിയിൽ നിന്നും ഒഴുക്കി വിടുന്ന മലിന ജലം കോട്ടചാലിലും മറ്റും കെട്ടി കിടക്കുന്നത് പല വിധ രോഗങ്ങൾക്കും കൊതുകു ശല്യത്തിനും കാരണമാകണം.

കടപ്ര പഞ്ചായത്തിലുള്ള ജനങ്ങൾക്ക് സുസജ്ജമായ ഒരു ആരോഗ്യ കേന്ദ്രം ഇല്ല. ഒന്നാം വാർഡിൽ ഒരു ഹോമിയോ ഡിസ്പൻസറിയും, 5-ാം വാർഡിൽ ഒരു ആയൂർവേദ ഡിസ്പൻസറിയും കൂടാതെ പഞ്ചായത്തിൽ 5 സബ് സെന്ററുകളും ഉണ്ട്. ഒരു സബ് സെന്റർ ഒഴിച്ച് ബാക്കിയെല്ലാം വാടക കെട്ടിടത്തിലാണ് സ്ഥിതി ചെയ്യുന്നത്. PHC നിരണം പഞ്ചായത്തിൽ ആണ്.

പമ്പാ കോളേജിനും പരുമല പള്ളിയോടും ചേർന്ന സ്ഥലത്ത് 16 കുടുംബങ്ങളും കൂടാതെ ബിസിനസ്സ് സ്ഥാപനങ്ങളും ഉണ്ട്. ആയിരക്കണക്കിന് തീർത്ഥാടകരും വന്നു ചേരുന്ന സ്ഥലമാണ്. ഇവിടെ ചപ്പു ചവറുകളും, മലിന ജലവും കെട്ടി കിടപ്പുണ്ട്. ഫുറഡാൻ നഞ്ച്, തുരിശ് തുടങ്ങിയ മാരകമായ വിഷവസ്തുക്കൾ ഉപയോഗിച്ച് പമ്പയാറ്റിൽ നിന്നും മത്സ്യം പിടിക്കുന്നതു കൊണ്ടും, ഇറച്ചി വെട്ടുകാർ എല്ലും മറ്റ്

അവശിഷ്ടങ്ങളും പമ്പയാറ്റിൽ നിക്ഷേപിക്കുന്നതു കൊണ്ടും പല രീതിയിലുള്ള പകർച്ച വ്യാധികൾക്ക് കാരണമാകുന്നു.

കടപ്ര പഞ്ചായത്തിലെ 10 വാർഡിനും കൂടി ആകെ ഉള്ള ഒരു പൊതു ശ്മശാനം പരുമലയിൽ ആണ്. ഈ ശ്മശാനത്തിലേക്ക് ശവം കൊണ്ടു പോകുന്നതിന് വഴിയില്ലാത്തതു കാരണം ശവം അടക്കുന്നതിന് മറ്റു മാർഗ്ഗമില്ലാത്ത ആൾക്കാർ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഈ ശ്മശാനത്തിന്റെ നാലു വശവും പുഞ്ചയായതുകൊണ്ട് മഴക്കാലത്ത് ശവം അടക്കുന്നതിന് വളരെ ബുദ്ധിമുട്ടാണ്.

കുടുംബ ക്ഷേമ പദ്ധതിയുടെ പരിധിയിൽ വരുന്ന 60 ശതമാനം ദമ്പതികളും സ്ഥിരമായ സന്താന നിയന്ത്രണ ഉപാധികൾ സ്വീകരിച്ചവരത്രെ. 40 ശതമാനം കുടുംബങ്ങളിലും നാലോ അതിലധികമോ കുട്ടികളുണ്ട്. പഞ്ചായത്തിലെ മരണ നിരക്ക് സംസ്ഥാന ശരാശരിയോടൊപ്പം നില്ക്കുന്നു. ശിശു മരണം പൊതുവെ കുറവാണ്.

ആസ്മ, പനി ഇവ ഈ പ്രദേശത്ത് കൂടുതൽ അനുഭവപ്പെടുന്ന രോഗങ്ങളാണ്.

പരുമല പനയന്നാർ കാവിനു കിഴക്കു വശത്ത് സ്ഥാപിച്ചിട്ടുള്ള പൈപ്പിലെ ജലം പരുമല പ്രദേശത്തിന് പ്രയോജനം ലഭിക്കുന്നില്ല. ചെങ്ങന്നൂർ പ്രദേശങ്ങളിലേക്കാണ് പോകുന്നത്. അത് പരുമല നിവാസികൾക്ക് പ്രയോജനപ്പെടുത്തണം.

പ്രശ്നങ്ങൾ:-

1. കടപ്ര പഞ്ചായത്തിൽ സുസജ്ജമായ പ്രാഥമിക ആരോഗ്യ കേന്ദ്രം ഇല്ല.

2. ജനസംഖ്യാനുപാതികമായി അർഹമായത്ര എണ്ണം സബ്ബ് സെന്ററുകൾ അനുവദിക്കപ്പെട്ടിട്ടില്ല.

3. പായൽ ശല്യം ഉള്ള സ്ഥലങ്ങളിൽ കൊതുകു ശല്യം കൂടുതലാണ്.

4. ജലവിതരണം കാര്യക്ഷമമല്ല

5. കോളനികളിൽ കുടിവെള്ള സൗകര്യവും കക്കൂസ്സും ആവശ്യത്തിന് ഇല്ല.

6. തോട്ടയും മറ്റു വിഷ മരുന്നുകളും ഉപയോഗിച്ച് മത്സ്യം പിടിക്കുന്നത് ജല മലിനീകരണത്തിനു കാരണമാകുന്നു.

7. പരുമല പള്ളി പരിസരത്ത് കുഷ്ഠരോഗികൾ ഭിക്ഷാടനം നടത്തുന്നത് ആരോഗ്യത്തിനു ഭീഷണിയാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. എല്ലാ വീടുകൾക്കും ശുദ്ധ ജലം ലഭിക്കത്തക്ക രീതിയിൽ ശുദ്ധ ജല വിതരണം കാര്യക്ഷമമാക്കുക.

2. കക്കൂസുകൾ ഇല്ലാത്ത വീടുകൾക്ക് കക്കൂസ്സുകൾ നിർമ്മിക്കാൻ വേണ്ട സഹായം ലഭ്യമാക്കുക.

3. പരുമലയിലെ പൊതു ശ്മശാനം അപാകതകൾ പരിഹരിച്ച് ഉപയോഗയോഗ്യമാക്കുക.

4. 1, 2, 3, 4, 5, 9, 10 വാർഡുകൾക്ക് ശ്മശാന സൗകര്യം ഏർപ്പെടുത്തുക.

5. പരുമലയിൽ ലഭ്യമായിരിക്കുന്ന ഭൂഗർഭ ജല സ്രോതസ്സ് ഈ പഞ്ചായത്തിലെ ജല വിതരണം മെച്ചപ്പെടുത്താൻ ഉപയോഗപ്പെടുത്തുക.

6. നിലവിലുള്ള P H. C. സബ് സെന്ററുകളുടെ സ്ഥിതി മെച്ചപ്പെടുത്തുക

7. സബ് സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക.

8. വിഷ വസ്തുക്കൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കുക.

9. സാംക്രമിക രോഗികളായ ഭിക്ഷാടകരെ പുനരധിവസിപ്പിക്കുകയോ, അവരവരുടെ അഭയ കേന്ദ്രങ്ങളിലേക്കു സ്ഥിരമായി മടക്കി അയക്കുകയോ ചെയ്യുക.

കടപ്ര ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്ഥിതി വിവരങ്ങൾ

| | | |
|---|---|---|
| 1. | ആകെ വീടുകൾ | : 5923 |
| | a) കോൺക്രീറ്റ് | : 1341 |
| | b) ഓടിട്ടത് | : 2241 |
| | c) ഓലമേഞ്ഞത് | : 2177 |
| | d) കുടിൽ | : 164 |

2. കക്കൂസുള്ള വീടുകളുടെ എണ്ണം

a) സെപ്റ്റിക്ക് ടാങ്ക് :2310

b) ഇ. എസ്. പി. : 816

c) മറ്റുള്ളവ : 1400

3. കുടിവെള്ള സ്രോതസ്

a) സാനിറ്ററി വെൽ :

b) സാധാരണ കിണർ : 3400

c) കുളം : ഇല്ല

d) നദി : 1200

e) പൈപ്പ് : 263 Public tap

f) പൊതുവിവരണം :

4. തൊഴുത്ത്

a) വീടിനോട് ചേർന്ന് : 1210

b) പ്രത്യേകിച്ച് : 2410

5. കമ്പോസ്റ്റ് കുഴി

a) ഉള്ളത് : 85

b) ഇല്ലാത്തത്

6. വൈദ്യുതി

a) വൈദ്യുതീകരിച്ചവ : 4800

b) അല്ലാത്തവ : 1123

7. ജനസംഖ്യ : 24035

a) പുരുഷന്മാർ : 10475

b) സ്ത്രീകൾ : 10816

c) കുട്ടികൾ : 2744

8. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

(സ്ത്രീയുടെ പ്രായക്രമം)

a) 15-19 17

b) 20-24 309

c) 25-29 602

d) 30-34 511

e) 35-39 431

f) 40-4 274

9. അമ്മമാരുടെ എണ്ണം

(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

a) 1 കുട്ടി : 501

b) 2 കുട്ടികൾ : 1612

c) 2-ൽ കുടുതൽ കുട്ടികൾ : 2511

d) കുട്ടികൾ ഇല്ലാത്തത് : 120

10. കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

a) 1 കുട്ടി :257

b) 2 കുട്ടികൾ : 957

c) 2-ൽ കൂടുതൽ കുട്ടികൾ : 544

11. അംഗവൈകല്യമുള്ളവർ

a) അന്ധർ : 17

b) ബധിരർ : 14

c) മൂകർ : 8

d) ബധിര-മൂകർ : 6

e) ചലന വൈകല്യങ്ങൾ : 16

ആകെ : 61

12. മന്ദബുദ്ധികൾ എണ്ണം

പ്രായം

a) 0-5 : ഇല്ല a) 11-15 : 5

b) 6-10 : 3 b) 16-ന് മേൽ : 12

13. സ്ഥായിയായ രോഗബാധിതർ

a) രക്തസമ്മർദ്ദം : 475

b) പ്രമേഹം : 610

c) കാൻസർ : 4

കടപ്ര ഗ്രാമപഞ്ചായത്ത് കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | |
| 1 വയസ്സിൽ താഴെ | 103 | 92 | 42 | 46 | 17 | 17 | 13 | 10 | |
| 1-3 വയസ്സ് | 153 | 122 | 74 | 64 | 25 | 28 | 9 | 9 | |
| 3-6 വയസ്സ് | 157 | 134 | 77 | 68 | 31 | 30 | 14 | 11 | |

1-ാം ഗ്രേഡ് - ലഘുവായ പോഷണക്കുറവുള്ളവർ

2-ാം ഗ്രേഡ് - മിതമായ പോഷണക്കുറവുള്ളവർ

3-ാം ഗ്രേഡ് - ഗുരുതരമായ പോഷണക്കുറവുള്ളവർ

കടപ്ര ഗ്രാമപഞ്ചായത്ത് കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

കുട്ടികൾ ബി. സി. ജി. ഡി. പി. റ്റി പോളിയോ ഡി. റ്റി. മീസിൽസ്

1D 2D 3D BD 1D 2D 3D BD 1D 2D 3D
BD

1 വയസ്സിൽ താഴെ 329 310 301 293 - 300 303 299 - 2
2 5 - 184

1-3 വയസ്സ് 295 356 350 304 300 354 308 304 308 - -
- 208

3-6 വയസ്സ് 368 358 368 366 346 361 361 361 333 43 9
14 4 301

ടെറ്റനസ് ടോക്സോയിസ് (TT)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 97 | 75 | 8 |

ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം 83

ഇരുമ്പ്/ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം 704

വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം 561

ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 221

വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 3

d) കുഷ്ഠം : ഇല്ല

e) ക്ഷയം : 15

f) ഹൃദ്രോഹം : 26

ആകെ : 1130

14. a) ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ

എണ്ണം : 320

b) പ്രതിരോധകുത്തിവെയ്പു നടത്തിയവർ : 280

15. ആകെ ഗർഭിണികൾ : 62

# 5-6A

# ഗതാഗതം

കടപ്ര പഞ്ചായത്തിൽ ഉള്ള മൊത്തം 236,795 കി റോഡിൽ 218,095 കി. മീറ്റർ പഞ്ചായത്തിന്റെ അധീനതയിലും 18.700 കി. മീ.റ്റർ പൊതുമരാമത്തിന്റെ അധീനതയിലും ആണ്. പൊതു മരാമത്തിന്റെ അധീനതയിലുള്ള 18.700 കി. മീറ്റർ റോഡും പഞ്ചായത്ത് അധീനതയിലുള്ളതിൽ 4.400 കി. മീറ്റർ റോഡും ഉൾപ്പെടെ 23.100 കി. മീര്യർ ടാർ റോഡുകൾ മാത്രമേ ഈ പഞ്ചായത്തിൽ ഉള്ളൂ. ബാക്കി റോഡുകളുടെ സ്ഥിതി താഴെ പറയുന്ന വിധമാണ്.

മെറ്റൽ റോഡ് 2.025, ഗ്രാവൽ റോഡ് 134.780 മണ്ണു റോഡ് 76.890. കഴിഡഞ്ഞ അഞ്ചു വർഷം കൊണ്ട് ഈ പഞ്ചായത്തിൽ 13.250 കി. മീറ്റർ റോഡ് പുതിയതായി നിർമ്മിക്കുകയും നിലവിലുള്ള റോഡുകളുടെ അത്യാവശ്യ അറ്റകുറ്റപണികൺ നടത്തുകയും ചെയ്തിട്ടുള്ളതാണ്.

18.85 കി. മീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിന് ഒരു കിലോമീറ്ററിന് 12.5 കി. മീറ്റർ റോഡ് ഉണ്ട്. ജനസംഖ്യായാനുപാതം നോക്കുമ്പോൾ 90 ആളുകൾക്ക് 1 കി. മീറ്റർ റോഡ് സൗകര്യം ഉള്ളതായി കണക്കാക്കുന്നു. പൊതുവെ നോക്കുമ്പോൾ ഭേദപ്പെട്ട റോഡു ശൃംഖല ഉണ്ടെങ്കിലും പൊതുവാഹന സൗകര്യം തുലോം പരിമിതമാണ്. തുലോം കൂടാതെ അപ്പർകുട്ടനാടിന്റെ ഭാഗമായ ഈ പഞ്ചായത്തിൽ വരുന്ന റോഡുകളിൽ എഴുപത് ശതമാനവും, ഈ സ്ഥലത്തിന്റെ പ്രത്യേക ഭൂപ്രകൃതി കാരണം വർഷകാലങ്ങളിൽ വെള്ളപ്പൊക്കം കാരണം പൂർണ്ണമായോ ഭാഗികമായോ മുങ്ങിപ്പോകാറുള്ളതുകൊണ്ട് യാത്രാ തടസവും റോഡിന് നാശവും സംഭവിക്കാറുണ്ട്. മറ്റൊരു വസ്തുത കണക്കിലെടുക്കാനുള്ളത് മുഴുവൻ റോഡുകളും ദാനമായി കിട്ടിയ സ്ഥലത്തു കൂടിയായതിനാൽ വസ്തു ഉടമസ്ഥരുടെ ഇംഗിതപ്രകാരം ആണ് റോഡിന്റെ ഗതി തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ ശരിയായ മാനദണ്ഡം അനുസരിച്ച് വളവുകളും മറ്റും രൂപ കല്പന ചെയ്തിട്ടില്ല. കൂടാതെ മറ്റൊരു പ്രത്യേകത പകുതിയിൽ കൂടുതൽ റോഡുകളുടെയും വീതി 1.5 മീറ്ററിൽ താഴെയാണ്. വാഹന ഗതാഗത യോഗ്യമാക്കുന്നതിന് ഈ റോഡുകളുടെ വീതി കുറഞ്ഞത് 4 മീറ്ററെങ്കിലും ആക്കേണ്ടതാണ്. മറ്റൊരു ബുദ്ധിമുട്ട് വർഷകാലത്ത് വെള്ളം ഒഴുകി പോകുവാൻ മതിയായ ഓടകൾ ഇല്ല. ഈ പഞ്ചായത്തിലുള്ള അമ്പത് ശതമാനം റോഡുകളും പാടശേഖരങ്ങളിൽ കൂടിയാണ് കടന്നു പോകുന്നത്. പല കാരണങ്ങളാലും ആവശ്യമായ വലിപ്പത്തിനുള്ള കലുങ്കുകളുടെ അപര്യാപ്തത നിമിത്തം വെള്ളം തങ്ങി നിൽക്കുന്നതിന് ഇടയാകുകയും അതുമൂലം റോഡിനും കാർഷിക വിളകൾക്കും നാശം സംഭവിക്കുകയും സാധാരണമാണ്. ഇതിനു പരിഹാരമായി മതിയായ ഓടകൾ നിർമ്മിക്കുകയും കലുങ്കുകൾ പുനർ സംവിധാനം ചെയ്യുകയും ചെയ്യേണ്ടതാണ്. റോഡിന്റെ കേടുകൾക്ക് മറ്റൊരു പ്രധാന കാരണം റോഡിലേക്ക് തള്ളി നിൽകുന്ന മരച്ചില്ലകൾ ആണ്. മഴക്കാലത്ത് വെള്ളം റോഡിലേക്ക് കുത്തി വീഴുകയും തണൽ കാരണം വെള്ളം വറ്റാൻ സാദ്ധ്യതയില്ലാതിരിക്കയും ചെയ്യുന്നു. റോഡിലേക്ക് തള്ളി നിൽക്കുന്ന മരച്ചില്ലുകൾ നീക്കം ചെയ്താൽ റോഡുകൾക്കുണ്ടാകുന്ന കേടുകൾ കാര്യമായി പരിഹരിക്കു

വാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ സത്വര നട പടി ഉണ്ടാകേണ്ടതാണ്.

പൊതു മരാമത്തു വകുപ്പിന്റെ അധീനതയിൽ ഉള്ള 18.700 കി. മീറ്റർ ദൂരം വരുന്ന റോഡുകളിൽ 3.900 കി. മീറ്റർ എസ്. എച്ച് വേ ആയ കായംകുളം തിരുവല്ല (SH. No. 6) റോഡ് ഉൾപ്പെടുന്നു. റോഡിന്റെ ഉപരിതലം തൃപ്തികരം ആണെങ്കിലും പന്നായി തേവേരി റോഡ്, കുത്തിയ തോട്, ആലംതുരിത്തി റോഡ് എന്നിവ ഈ റോഡിനോടു ചേരുന്ന ഭാഗത്ത് ആവശ്യമായ Bell mouth ഇല്ലാത്തതുകാരണം വളരെയേറെ അപകടം ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ കായംകുളം തിരുവല്ല റോഡിൽ സൈക്കിൾ മുക്കു മുതൽ മണിപ്പുഴ വളവു വരെ റോഡിന് വീതി കൂട്ടേണ്ടതാണ്. പല അപകടങ്ങളും ഈ ഭാഗത്ത് ഉണ്ടാകാറുണ്ട്. പൊതുമരാമത്തു വകുപ്പിന്റെ അടയന്തരശ്രദ്ധ പതിയേണ്ടതാണ്.

ഈ പഞ്ചായത്തിലെ മറ്റൊരു പ്രധാനപ്പെട്ട റോഡായ ഹരിപ്പാട് ലിങ്ക് ഹൈവേയുടെ പണി പൂർത്തിയാവുന്നതോടൊപ്പം പഞ്ചായത്തു മുക്കിലുള്ള തടിപ്പാലത്തിന്റെ പുനർ നിർമ്മാണവും കൂടി നടന്നെങ്കിൽ മാത്രമേ സുഗമമായ ഗതാഗതം സാദ്ധ്യമാകൂ. ഡക്ക് ഫാം കുത്തിയ തോട് ചെങ്ങന്നൂർ മാന്നാർ റോഡ് എന്നിവയുടെ ഉപരിതല പുതുക്കൽ അനിവാര്യമാണ്. ഡക്കുഫാം ആലംതുരുത്തി കുത്തിയ തോടു റോഡും, ആലംതുരുത്തി ഇരമല്ലിക്കര, കുത്തിയതോടും, ഡക്ക് ഫാം എന്നീ കടവുകളിൽ ഓരോ പാലം കൂടി തീർന്നെങ്കിൽ മാത്രമേ ജില്ലാ ആസ്ഥാനങ്ങളായ പത്തനംതിട്ട, ആലപ്പുഴ എന്നീ സ്ഥലങ്ങളിലേക്ക് ദൂരം കുറഞ്ഞ മാർഗ്ഗത്തിൽ കൂടെ ആളുകൾക്ക് എത്തിചേരുവാൻ സാധികയുള്ളൂ. ഇപ്പോൾ ഈ പഞ്ചായത്തിലുള്ള ആൾക്കാർ തിരുവല്ല, മാന്നാർ എന്നീ സ്ഥലങ്ങളിൽ കൂടെയാണ് ജില്ലാ ആസ്ഥാനമായ പത്തനംതിട്ടയിലേക്ക് യാത്ര ചെയ്യുന്നത്.

പൊതു വാഹന സൗകര്യത്തെപ്പറ്റി പരാമർശിക്കുമ്പോൾ മെച്ചപ്പെട്ട വാഹന ഗതാഗതം എസ്. എച്ച് വേയിൽ കൂടി മാത്രമേയുള്ളൂ. ഡക്ക് ഫാം കുത്തിയ തോട്, ആലംതുരിത്തി, - ഇരമല്ലിക്കര റോഡ്, പുളിക്കീഴ് വരമ്പിനകത്ത് മാലി എന്നീ റോഡുകളിൽ യാതൊരു വിധമായ പൊതു വാഹന സൗകര്യവും ഇല്ല. ഓട്ടോറിക്ഷാ, ടാക്സി എന്നിവ മാത്രമാണ് ഏക ആശ്രയം. സാധാരണക്കാരായ ആളുകൾക്ക് ഇവ താങ്ങാനാവാത്തതാണ്. ആയതിനാൽ കെ. എസ്. ആർ. ടി. സി. ബസ്സുകളോ, സ്വകാര്യ ബസ്സുകളോ അനുവദിക്കേണ്ടതാണ്. പ്രസ്തുത ആവശ്യത്തിലേക്ക് വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്.

ഓരോ വാർഡിനും അത്യാവശ്യം വേണ്ട ഗതാഗത വികസനത്തിനും ഊർജ്ജ ലഭ്യതക്കും വേണ്ട നിർദ്ദേശങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

ഗ്രാമ സഭകളിൽ നിന്നു വന്ന ചില നിർദ്ദേശങ്ങൾ

കടപ്ര തലവടി. പഞ്ചായത്തുകളെ സംയോജിപ്പിക്കുവാൻ ഒന്നാം വാർഡിലെ വരമ്പിനകത്തു, മാലി കടവിൽ പാലം ആവശ്യമുണ്ട്. പരുമല വളഞ്ഞവട്ടം പ്രദേശത്തെ ബന്ധിപ്പിക്കുന്ന പാലവും ആവശ്യമാണ്.

അത്തിത്തോട് കോച്ചേരി പടി റോഡിൽ കോച്ചേരി കടവിൽ ഒരു കലുങ്കു പാലം ഉണ്ടാകണം.

വരമ്പിനകത്തു പടി നെടുമ്പ്രം കടത്തു കടവ് P. W. D. യിൽ ഉൾപ്പെടുത്തേണ്ടതാണ്. പരുമല പള്ളി വക വസ്തുവിന്റെയും, പമ്പാ കോളേജു വക വസ്തുവിന്റെയും ഇടയ്ക്കു കൂടി കോട്ടക്കൽ കടവു വരെ റോഡു പുതിയതായി നിർമ്മിക്കണം. (0.500 km)

ചാമക്കാല മുതൽ അമ്പലപ്പുറം വിരിപ്പിൽ കൂടി തെക്കേമല പടിഞ്ഞാറുവശം വരെ പുതിയ റോഡ് നിർമ്മിക്കണം. (0.500 km)

ചാമാലയിൽ നിന്ന് മാലിപ്പറമ്പിൽ പടി വരെ 1/2 km റോഡു നിർമ്മിക്കണം.

ഇല്ലിമല പാലം മുതൽ വടക്കോട്ട് മുളപ്പുറത്തു കടവു ഭാഗത്തു കൂടി നാക്കട വരെ പുതിയതായി റോഡു നിർമ്മിക്കണം. (0.75 km)

മാനിശേരി പടി മുതൽ ശ്മശാനം വഴി ഒളിപ്പിൽ ഭാഗം വരെ പുതിയതായി റോഡു നിർമ്മിക്കണം.

## റോഡിന്റെ സ്വഭാവം (നീളം കി. മീറ്റർ)

| | |
|---|---|
| കച്ച | 26.890 |
| പക്ക | 134.780 |
| മെറ്റൽ | 2.025 |

## ടാർ ചെയ്ത റോഡുകൾ

| | |
|---|---|
| പഞ്ചായത്ത് | 4.400 |
| P. W. D. | 18.700 |
| ആകെ | 2, 36, 795 |

## അനുബന്ധം A നിലവിലുള്ള റോഡുകൾ

| റോഡിന്റെ പേര് | നീളം | വീതി | |
|---|---|---|---|
| പുളിക്കീഴ് വരമ്പിനകം റോഡ് | 3.5 | 6 | |
| പുളിക്കീഴ് ചുങ്കത്തുമാലി റോഡ് | 1.5 | 5 | |
| പുളിക്കീഴ് പള്ളി പടി അടുക്കത്തിൽ പടി റോഡ് | 1.5 | 4 | |
| ബ്ലോക്ക് പടി മണപ്പറമ്പിൽ കടവ് റോഡ് | 1.0 | 4 | |
| വാതൂർ പടി വാഴയിൽ പടി റോഡ് | 2.5 | 4 | |
| പുളിക്കീഴ് കടവ് കാക്കനാട് പടി റോഡ് | 0.4 | 3.5 | |
| മുട്ടത്തുപടി ഇടക്കടവ് റോഡ് | 0.8 | 4 | |
| പുന്നക്കുടി കൊല്ലൻ പറമ്പിൽ റോഡ് | 0.3 | 2 | |
| കുര്യൻ മാപ്പേടത്തു പടി പാണ്ടൻപടവ് റോഡ് | 0.7 | 4 | |
| അത്തിതോട് കോച്ചേരി പടി റോഡ് | 1.0 | 3.5 | |
| അത്തിതോട് (കിഴക്കേക്കര വഴി) വാഴയിൽ പടി റോഡ് | 1.0 | 4 | |
| മൂന്നൂറ്റി പുത്തൻപുരയിൽ പടി പഞ്ചായത്ത് കുളിക്കടവ് റോഡ് | 0.2 | 3 | |
| മുണ്ടനാട്ടേത്തുപടി തേക്കിൻകണ്ടത്തിൽ പടി റോഡ് | 0.2 | 2 | |
| മലയാംപള്ളിൽ പടി പുതുപറമ്പിൽ കടവ് റോഡ് | 0.4 | 3 | |
| അടുക്കത്തിൽപടി കുളിക്കടവ് റോഡ് | 0.4 | 3 | |
| മണത്രപടി പുതിയിടത്തുപടി റോഡ് | 0.4 3 | | |
| പുളിക്കീഴ് മാർക്കറ്റ് പുളിക്കീഴ് പാലം | 0.3 | 2 | |
| വാതുപറമ്പിൽ പടി കാട്ടുപറമ്പിൽ പടി | 0.2 | 3.5 | |
| മുട്ടശ്ശേരിൽ പടി ഉഴത്തിൽപടി | 0.2 | 1.5 | |
| വരമ്പിനകത്തുമാലി കോച്ചേരിപടി റോഡ് | 1.0 | 3 | |
| വിരുത്തിയിൽ പടി തുരുത്തേൽ പടി | 0.3 | 3 | |
| കല്ലുവാനം കടവ് | 0.4 | 1.5 | |
| വാലുപറമ്പിൽ തെക്കേപറമ്പിൽ മുന്നൂറ്റിപുത്തൻപുരയിൽ പടി | 0.4 | 2 | |
| കാക്കനാട്ടുമട കൊല്ലാൻപറമ്പിൽ കുളിക്കടവ് | 0.2 | 3 | |
| പൊന്മായിൽ കോളനി | | 0.4 | 3 |
| കലുങ്കിൽ പടി ചില്ലാപറമ്പിൽ പടി | 0.3 | 3 | |
| കൂരിക്കാട് പുളിക്കീഴ് കടവ് | 0.4 | 2 | |
| പുത്തൻ പറമ്പിൽ പടി മാനപള്ളിൽ പടി റോഡ് | 0.5 | 3 | |
| രണ്ടുപറയിൽ പടി വാലുപറമ്പ് തൈക്കടവിൽ കടവ് | 0.4 | 2 | |
| മുത്തനാട്ടേത്തുപടി മാറാതുരുത്ത് | 0.2 | 2 | |
| വള്ളപുരയിൽപടി പീടികയിൽ പുതിയിടത്തു ഓടാറ്റിൽ | | 0.8 | 3 |
| കെ. വി. യു. പി. സ്കൂൾ കൂലിക്കുന്നേൽ | 0.2 | 3 | |
| പുത്തൻപറമ്പിൽ പടി മുന്നൂറ്റിപറമ്പിൽ തലയിണപറമ്പ് | 0.3 | 2 | |
| P.W.D തിരുവല്ലാ മാവേലിക്കര (S. H. No. 6) | 0.9 | 15 | Tar |
| പാലത്താംകുഴി ഡിവിയേഷൽ റോഡ് 1 | 2 | | |

| | | | |
|---|---|---|---|
| കാട്ടുവെട്ടി അരുണാപുരം റോഡ് | 1.25 | 6 | |
| ബ്ലോക്കുപടി ചക്കരപടി മണപറമ്പിൽ റോഡ് | 2 | 5 | |
| പാലത്താങ്കുഴി തർക്കോലി പടി റോഡ് | 1 | 6 | |
| പള്ളത്തുപടി കോയിയ്ക്കൽ പടി റോഡ് | 1.5 | 4 | |
| പാണംതോട്ടിൽ കടവ് പെരുപുഞ്ച റോഡ് | 0.600 | 4 | |
| കളിയ്ക്കൽ പറമ്പിൽ പടി പള്ളിപറമ്പിൽ കുളിക്കടവ് റോഡ് | 0.400 | 3.0 | |
| കാട്ടിപറമ്പ് പടി തുണ്ടിലേത്തു പടി റോഡ് | 0.360 | 3 | |
| മുതിരപറമ്പിൽ പടി കുടഭാഗം റോഡ് | 0.500 | 3 | |
| കരിക്കുംപള്ളി പടി അരയത്തുപടി റോഡ് | 0.500 | 5 | |
| സി. എസ്. ഐ. ചർച്ച് പൊൽവേലിപടി റോഡ് | 0.250 | 5 | |
| സൊസൈറ്റി പടി കിഴക്കേപ്പുറത്തു പടി റോഡ് | 0.100 | | 3.5 |
| തുണ്ടിലേത്തുപടി ചെറുവനത്തോട് | 0.400 | 2 | |
| കണ്ണങ്കേരി പടി തുമ്പുങ്കൾ പടി | 0.400 | 2 | |
| തെറ്റിക്കാട്ടിൽ പടി പുതുക്കേരിൽ പടി | 400 | 4 | |
| പണംതോട്ടിൽ പടി കാട്ടുപറമ്പിൽ പടി | 200 3 | | |
| വായനശാല പടി മാലിപറമ്പു പടി | 600 | 2.5 | |
| വാലുപറമ്പിൽ പടി പുല്ലംപ്ലാവിൽ പടി | 600 | 2.5 | |
| വാഴപറമ്പിൽ പടി താന്നിമൂട്ടിൽ പടി 500 | 2 | | |
| മണപറമ്പിൽ കുളിക്കടവ് താന്നിമൂട്ടിൽ | 450 | 1.8 | |
| പൂവത്തൂർ പടി തർക്കോലിൽ പടി | 200 | 4 | |
| മുതിരപറമ്പിൽ പടി തറവീട്ടിൽ പടി | 1.00 | 4 | |
| കിഴക്കേപറമ്പിൽ പടി പനങ്ങോട്ടുപടി | 500 | 4 | |
| കരിക്കംപള്ളി പടി പുല്ലംപ്ലാവിൽ പടി | 1.00 | 3 | |
| കണ്ടപറമ്പിൽ പടി പരൊൻവേലി പടി | 600 | 4 | |
| പി. ഡബ്ല്യൂ. ഡി. ആലംതുരുത്തി ചാലയകുളം | 0.800 | 8 | |
| പി. ഡബ്ല്യൂ. ഡി. ആലംതുരുത്തി ഡക്ക് പാലം | 1.00 | 8 | |
| പി. ഡബ്ല്യൂ. ഡി. കായംകുളം തിരുവല്ല എസ്. എച്ച് | 1.00 | 15 | |
| നിലവറ പടി മാസൊറ്റ പടി | 1.00 | 4 | |
| ഉതുദ്യേത്ത് പി. ആർ. എഫ്. റോഡ് | 1.00 | 5 | |
| ആലാത്തുക്കടവ് പി. ഐ. കുതികടവു റോഡ് | 3.00 | 4 | |
| കൊച്ചുകളീക്കൽ ഇരട്ടക്കാലിൽ പടി | 500 | 3 | |
| ആലംതുരുത്തി കിഴക്കേപറമ്പിൽ | 2.00 | 6 | |
| അച്ചാവേലി മാസ്റ്ററ ലക്ഷംവീട് കോളനി | 400 | 4 | |
| ഉതുദ്യേത്തു പടി മലയാംപള്ളിപടി | 700 | 4 | |
| ആലംതുരുത്തി മണത്തറപടി | 200 | 3 | |
| മണത്തറ മുളവേലി പടി | 200 | 3 | |
| മേലേഴത്തുപടി അച്ചാവേലി പടി | 500 | 4 | |

| | | | |
|---|---|---|---|
| പ്ലാമൂട്ടിൽപടി കിഴക്കേ പറമ്പിൽ പടി | 500 | 4 | |
| കൊച്ചുകളിക്കൽ പടി മുളക്കൽ പടി | 300 | 3.5 | |
| മുളപ്പോം മഠത്തിൽ പടി തോണ്ടു വേലിത്തറ പടി | 600 | 3 | |
| മഠത്തിൽ പടി ഇരട്ടക്കാലിൽ പടി | 400 | 2 | |
| മാമ്പറപടി തോട്ടത്തിൽ പടി | 600 | 3 | |
| ഇരട്ടക്കാലിൽ പടി കുളിക്കടവുറോഡ് | 500 | 2 | |
| മുതുവേലിൽ പടി വാളന്റെയ്യത്തു പടി | 500 | 2 | |
| വടശ്ശേരിപടി കാരാപള്ളിൽ പടി | 600 | 3 | |
| പി. ആർ. എഫ് മണ്ടോത്ര | 400 | 3 | |
| പി. ആർ. പൈപ്പ് ലൈൻ റോഡ് | 350 | 3 | |
| ആലാത്തുകടവ് ഇരട്ടക്കാലി പടി റോഡ് | 450 | 3 | |
| ഉളദ്യേത്ത് കണ്ടത്തിൽ പടി | 300 | 3 | |
| മംഗലശ്ശേരി സിബാ പറമ്പിൽ | 400 | 3 | |
| വെരിലേത്തി പടി കഞ്ഞിരംതറ | 400 | 2 | |
| കാരാപള്ളി വടിതഴകശ്ശേരി പടി | 400 | 2.5 | |
| ഉഴത്തിൽ താഴ്ചയിൽ പാടശേഖരം റോഡ് 300 | 2 | | |
| പുളിമൂട്ടിൽ പടി കിഴക്കേപറമ്പിൽ | 300 | 2 | |
| കാനാവള്ളി പടി പരുത്തു പടി | 400 | 2 | |
| മംഗലശ്ശേരി കോളനി വടശ്ശേരിപറമ്പ് പടി | 400 | 2 | |
| കോളത്തുപടി പണിക്കശ്ശേരി പടി | 400 | 4 | |
| ആലംതുരുത്തി ഇരമല്ലിക്കര റോഡ് | 1.00 | 8 | ബി. റ്റി. |
| ആലംതുരുത്തി കുത്തിയതോട് | 1.00 8 | ബി. റ്റി. | |
| ഡക്ക് ഫാം ആലംതുരുത്തി കുത്തിയതോട് റോഡ് | 2.0 | 8 | റ്റി |
| ആലംതുരുത്തി ഇരമല്ലിക്കര റോഡ് | 0.60 8 | | |
| എസ്. എൻ. ഡിസ്പൻസറി അടിയക്കടവ് റോഡ് | 0.500 | 4 | |
| മണിപ്പുഴ പടി മഹാലക്ഷ്മി നട | 1.250 | 6 | |
| അയ്യംകുളത്തി പടി ചിറേപ്പറമ്പ് പടി | 0.400 | 4 | |
| ഇള്ളകുളത്തിൽ മുതലപ്പുഴ റോഡ് | 1.50 | 6 | |
| ആലപ്പുറത്തുപടി പറയംതോട്ട് | 0.600 | 6 | |
| പനയ്ക്കാമറ്റത്ത് പടി പൊതുകടവ് | 0.500 | 3 | |
| സൈക്കിൾമുക്ക് മട്ടയ്ക്കൽപടി | 0.500 | 3 | |
| പുളിമൂട്ടിൽ പടി റോഡ് | 0.100 | | 2 |
| വാളൻപറമ്പിൽ പടി തെക്കേടത്തുപടി | 350 | 3 | |
| മഹാലക്ഷ്മി നട തോപ്പിൽ കോളനി | 650 | 2 | |
| പാലശേരി പറമ്പൂരേത്ത് | 0.600 | 3 | |
| തരകൻ പറമ്പ് ആലാത്തുകടവ് റോഡ് | 400 | 6 | |
| മഠത്തിൽ കടവ് റോഡ് | 4.00 | 6 | |

| | | |
|---|---|---|
| പുന്നത്തട്ടാൽ കാവിലേത്ത് കോളനി | 500 | 4 |
| പുന്നത്തട്ടാൽ കരിമ്പിൽ പടി | 500 | 4 |
| കടപ്ര ദേവീക്ഷേത്രം റോഡ് | 0.100 | 3 |
| കടപ്ര കാവിൽ കടവ് | 250 | 4 |
| കുന്നത്തറപടി വടക്കേപറമ്പിൽ കോളനി | 500 | 4 |
| കാവിലേത്ത് കട്ടിപറമ്പ് പടി | 500 | 4 |
| പന്നായികടത്തു റോഡ് | 400 | 6 |
| കുറ്റംപള്ളിപടി മങ്ങാട്ടുപടി | 600 | 3 |
| ചിറയിൽ പടി എസ്. എൻ. ആശുപത്രി | 100 | 3 |
| കോലറപടി നടുവിലേ റോഡ് | 2.5 | 4.0 |
| കോലറപടി മുത്തൂറ്റ് പള്ളം റോഡ് | 1.0 | 4 |
| പാലോംവീട്ടിൽ പടി ചക്കാലപടി | 600 | 3.0 |
| ചെറുനിലത്തുപടി വാലേൽപടി | 750 | 3 |
| പൂവേലിപടി ബണ്ട് | 400 | 4.5 |
| പള്ളിലേത്തുപടി ചക്കാലപടി | 250 | 3 |
| കോയിക്കലേത്തുപടി അരുവാത്തലപടി | 750 | 3.5 |
| പഴയാറ്റിൽപടി അരുവാത്തലപടി | 750 | 3.5 |
| കീച്ചേരിവാൽ ഒളദ്യേത്ത് ബണ്ട് ഈസ്റ്റ് | 1.00 | 3.5 |
| ചെറുതോട്ടത്തിൽപടി റോഡ് | 650 | 4 |
| കീച്ചേരിവാൽ കോളറപടി | 2.5 | 6 |
| വാളൻപറമ്പിൽ പടി വടശേരി പടി | 200 | 3 |
| പരിച്ചേരിപടി ഉഴത്തിൽപടി | 400 | 3 |
| മാലിയിൽപടി വാതൂർപടി | 350 | 1.5 |
| വടക്കുംനാടത്തുപടി വാതൂർപടി ലിങ്ക് | 350 | 1.5 |
| ഹെൽത്തു സെന്റർ, വട്ടയ്ക്കാട്ടുപടി | 350 | 1.5 |
| ചെമ്പൂരേത്ത് വട്ടയ്ക്കാട്ടുപടി | 350 | 1.5 |
| അരുവാത്തലപടി തോട്ടുകടവ് | 200 | 3.5 |
| കീച്ചേരിവാൽകടവ് ബണ്ട് റോഡ് (വെസ്റ്റ്) | 1.00 | 5.0 |
| കീരിക്കാട്ടുശേരി കടവ് റോഡ് | 200 | 4 |
| തോപ്പിൽ കടവ് റോഡ് | 400 | 5 |
| ഇടനിലത്തുപറമ്പ് നെടുംതറപടി | 300 | 2 |
| പുത്തൻതോടുപാലം പുത്തൻപുരയ്ക്കൽകടവ് | 100 | 3 |
| കറുകയിൽ കുളിക്കടവ് | 200 | 3 |
| പനംതിട പടി വള്ളിലേത്തുപടി | 200 | 1.5 |
| അംബേക്കർ പടി ചക്കാലപറമ്പിൽ ലിങ്ക് | 750 | 1.2 |
| കരിമ്പിൽപടി നടുവിലേത്തറ കോളനി | 400 | 1.5 |
| പരുത്തിപറമ്പിൽ ചെമ്പുമാലി കടവ് | 200 | 1.5 |

| | | |
|---|---|---|
| കീരിക്കാട്ടുശേരി വാലേൽപടി | 600 | 3.0 |
| നടുവിലേപടി കുന്നേൽപടി | 400 | 1.5 |
| തുണ്ടകുളത്തിൽ അരിപ്പാട്ടുതറ | 500 | 2.5 |
| ഗവ. നേഴ്സിംഗ് ഹോം പനങ്ങോട്ടേത്ത് | 750 | 3 |
| വല്യത്തുപടി മണക്കണ്ടത്തിൽപടി | 500 | 2 |
| അടിയക്കടവ് പോക്കറ്റ് റോഡ് | 200 | 3 |
| മങ്ങാട്ടുപടി തെക്കേൽ പടി | 600 | 2 1 2 |
| കുറ്റംപള്ളിപടി വില്ലേജ് ആഫീസ് | 500 | 3 |
| കടപ്ര സൺഡേസ്കൂൾ കൊണ്ടുരേത്ത് പടി | 450 | 3 |
| എസ്. എൻ. ഡി. പി. മന്ദിരം കോമാട്ടപടി | 600 | 4 |
| തുളകുളത്തിൽ ഇലഞ്ഞിമാമ്പള്ളം | 450 | 3 |
| നിരണം ചർച്ച് റോഡ് | 900 | 8 |
| കായംകുളം തിരുവല്ല റോഡ് | 200 | 15 |
| പന്നായി തേവേരി റോഡ് | 750 | 8 |
| കോട്ടയ്ക്കൽ കടവ് കോയിക്കൽ കടവ് | 2.5 | 4.9 |
| പരുമല പള്ളി പടി ഉഴത്തിൽ ഭാഗം | 2.5 | 6 |
| കാവിൽ അരികുപുറം | 1.25 | 3.5 |
| കോട്ടയ്ക്കാട്ടുമൂല കുരുനേശ്വരത്തു വടക്കേ പറമ്പിൽ | 1.00 | 4 |
| സെന്റ് ഗ്രിഗോറിയോസ് ആശുപത്രി കോട്ടയ്ക്കൽ കടവ് | 400 | 359 |
| മൂലംകുഴി ചെട്ടിയകുളത്ത് റോഡ് | 1.5 | 6 |
| പുത്തൻപുര പടി ഗുരുമന്ദിരം | 1.5 | 6 |
| മുള്ളുവേലിപടി കിഴക്കേ അറ്റത്തു പടി | 250 | 4 |
| മുള്ളുവേലിപടി മുട്ടത്തേരികടവ് | 800 | 4 |
| റബ്ബർ ഫാക്ടറി പടി വലിയവീട്ടിൽ പടി | 1.500 | 5 |
| കുരിശടി പരുമല പള്ളി കത്തോലിക്കാ പള്ളി | 400 | 2.5 |
| പരുമല പാലം റാന്നി പാറുപടി | 400 | 2.5 |
| പരുമല പാലം കുളിക്കടവ് | 200 | 3 |
| പരുമല പള്ളി കുരിശുപടി പനയനാർകാവ് | 1.25 | 6 |
| കാവിൽ കിഴക്കേതിൽ കൊണ്ടുപറമ്പ് റോഡ് | 400 | 4 |
| പരുമല പള്ളി പടി അരികുപുറത്തുപടി | 200 | 3.5 |
| നടുവിലേ മുറികാവിൽ കിഴക്കേതിൽ പടി | 400 | 1.4 |
| ചെട്ടിയരുകുളത്ത് സന്തോഷ് ഭവൻ | .100 | 2.5 |
| കുറുമ്പേശ്വരത്തു പടി വാഴുപുരയിടത്തിൽ പടി | 350 | 100 |
| കോളനി ഡി. ബി കോളേജ് കുളിക്കടവ് | 300 | 3.5 |
| കുറുമ്പേശ്വരത്തു പടി സ്റ്റോബോർഡ് ഫാക്ടറി | 100 | 3.5 |
| വള്ളക്കാലിൽ തോപ്പിൽ കോളനി | 200 | 4.0 |
| പുതുപറമ്പിൽ പടി | .200 | 1.00 |

| | | |
|---|---|---|
| കൊച്ചു തോപ്പിൽ പടി പുതുപറമ്പിൽ പടി .200 | 1.5 | |
| കോട്ടയ്ക്കൽ കടവ് കുരിശുംമൂട് | .400 | 1.00 |
| കോട്ടയ്ക്കമാലി കോളനി റോഡ് 150 4 | .600 | 1.00 |
| കോളനി പടി കോട്ടയ്ക്കൽ മാലി കോളനി | .200 | 3 |
| മാലിയിൽ പടി പോക്കറ്റു റോഡ് | 200 | 3 |
| പരുമലപള്ളി വാഴപറമ്പിൽ പടി | 200 | 1.5 |
| സെന്റ് ഫാർമസ് സെമിത്തേരി ഫിഷിംഗ് കോർട്ട് പടി | 200 | 3.5 |
| സെന്റ് ഫാർമസ് എൽ. പി. എസ് കോൺവെന്റ് റോഡ് | 200 | 3.5 |
| നടുക്കേ പ്ലാന്തറ പഞ്ചായത്തു കിണർ | 200 | 1.5 |
| ചാമക്കാല ഫിഷറീസ് കോളനി | .300 | 1 |
| ചാമക്കാല കഞ്ഞിച്ചേരി പടി | .100 | 1 |
| ഉഴത്തിൽ പടി വള്ളക്കാലിയിൽ പടി | .400 | 1 |
| മുട്ടത്തേരിൽ ഉഴത്തിൽ കോളനി പടി | .400 | 1 |
| പി. ഡബ്ല്യൂ. ഡി. ചെങ്ങന്നൂർ മാന്നാർ റോഡ് | 1.00 | 8 |
| തിക്കപ്പുഴ ഉപദേശിക്കടവ് | 2.50 | 6 |
| വായനശാല അമ്പലക്കടവ് | .600 | 8 |
| വായനശാല വടക്കേവീട്ടിൽ പടി | 1.5 | 5 |
| കോയ്ക്കൽ കടവ് മാലിപറമ്പിൽ | .600 | 3 |
| പാലതിട്ടപടി ചക്കാലപടി | .600 | 5 |
| മലയിൽ തോപ്പിൽ കോളനി | .500 | 4 |
| വിശ്വകർമ്മ ശ്മശാനം റോഡ് | .150 | 3 |
| തൈപറമ്പിൽ പടി അറയൻപറുമ്പു പടി | .300 | 4 |
| ചക്കാലപടി ചിറയിൽ പടി | .500 | 4 |
| ഉപദേശിക്കടവ് ചക്കാലപടി | .800 | 4 |
| ചക്കാലപടി കുളിക്കടവ് | 300 | 3 |
| മാലിപറമ്പു പടി നാട്ടുതോട് | .400 | 1.5 |
| തച്ചംവേലിപടി പുത്തൻപുരപടി | .400 | 3 |
| പുത്തൻപുരപടി നാട്ടുതോടു ബണ്ട് | .300 | 3 |
| ഉലുവത്തു പറമ്പ് കന്യാത്ര പടി ഹരിജൻ കോളനി | .500 | 3 |
| പന്നായിക്കടവ് അരയൻപറമ്പ് | .500 | 4 |
| തിക്കപുഴ തെക്കേടത്തു പറമ്പ് | .500 | 4 |
| തിക്കപുഴ തിക്കപുഴ ഹരിജൻ കോളനി | .400 | 3 |
| വടക്കേപറമ്പിൽ പടി ഉലുവത്തു കടവ് | 450 | 3 |
| തെക്കേടത്തു പറമ്പു പോക്കറ്റ് റോഡ് | .200 | 1.2 |
| നടുവിലേ തോപ്പിൽ കോളനി സൗത്ത് | .400 | 4 |
| മാലിപറമ്പിൽ ലക്ഷംവീട് കോളനി .250 | 5 | |
| മാലിപറമ്പു പടി തിക്കപുഴ തോട് | .200 | 1.2 |

| | | |
|---|---|---|
| മലയിൽ തോപ്പിൽ ലക്ഷം വീടു കോളനി നോർത്ത് | 100 | 4 |
| മലയിൽ തോപ്പിൽ ലക്ഷംവീടു കോളനി സൗത്ത് | 125 | 4 |
| ചക്കാലപടി ഉഴുവത്ത് പറമ്പ് | .200 | 1.2 |
| പ്ലാമൂട്ടിൽ പടി വിശ്വകർമ്മ ക്ഷേത്രം | .250 | 1.2 |
| കൃഷ്ണവിഗാർ പടി കാട്ടിപറമ്പ് | .300 | 4 |
| P.W.D. ചെങ്ങന്നൂർ മാന്നാർ റോഡ് | 100 | 8 |
| കൊട്ടാരത്തിപടി റൂബിനാൽ കടവ് | 2.00 | 4 |
| പരുമലനാക്കട | 200 | 6 |
| പാലച്ചുവട് ഇടക്കാട്ടുറോഡ് | 600 | 4 |
| വേടൽ പുരയിടം കോയിക്കൽ കടവ് | 1.5 | 5 |
| കൃഷ്ണവിലാസം കല്ലുപാറം | 1.5 | 5 |
| കൊച്ചുകളീക്കൽപടി കൊട്ടാരത്തിൽപടി | 200 | 6 |
| അയൂർ വേദ ഡിസ്പൻസറി മുളപ്പുറത്തു കടവ് | 300 | 6 |
| ആലംകട്ട് റോഡ് | 200 | 5 |
| പാലചുവട്ട് ഇല്ലിമല കടവ് (400 ) 1.400 | 5 | |
| കാട്ടിൽ കുഴി റോഡ് | 1.00 | 4.5 |
| കടവിൽ പള്ളി നോർത്ത് കരുവേലിപടി | 750 | 4 |
| മഠത്തിൽ മലയിൽ പടി കിഴക്കേപുറത്തു പറമ്പിൽ പടി | 200 | 5 |
| പുതുപറമ്പിൽ ചക്കാല വടക്കേതിൽ | 500 | 3 |
| വെട്ടിത്താറ്റു വഴി സൗത്ത് | 400 | 4 |
| തൂമ്പിക്കൽ കടവ് ഉപദേശി കടവ് | 100 | 4 |
| പുത്തൻപുരയ്ക്കൽ പടി മലേൽ വടക്കേതിൽപടി | 750 | 3 |
| മഠത്തിൽ മലറോഡ് | 600 | 4 |
| വേടൽ പുരയിടം മാലിപറമ്പു പടി | 100 | 3 |
| മേപറമ്പിൽ തുണ്ടിപറമ്പിൽ | 500 | 4 |
| പുത്തശ്ശേരി ഹരിജൻ കോളനി | 2.400 | 4 |
| ദീപാ ജംഗ്ഷൻ തെക്കേ പുറത്തുപടി | .500 | 5 |
| താഴത്താറ്റു കോളനി കാട്ടിപറമ്പു പടി ഹരിജൻ കോളനി | 400 | 2.5 |
| ദീപാ ജംഗ്ഷൻ കാട്ടിക്കുഴി റോഡ് | .400 | 2.5 |
| തുടപറമ്പിൽ പടി കാവ നാറ്റുലപാടം | .400 | 3 |
| നടക്കാവിൽ പടി തെക്കേ പുറം പുഞ്ച | .400 | 4.5 |
| എള്ളിട്ടേക്കാട്ടിൽ മിൽമാ പടി റോഡ് | .200 | 2.5 |
| പനയ്ക്കാമിറ്റത്തു ചെറുകര | 600 | 4 |
| പീടികേക്കൽ പടി മോഴശ്ശേരി പടി | 400 | 3 |
| പയ്യംപള്ളിൽ കോളനി റോഡ് | 100 | 3 |
| പുന്നതിട്ടാൻ പടി പിള്ളവീട്ടിൽ പടി | 100 | 3 |
| കാരയ്ക്കൽ പടി കളപുരയ്ക്കൽപടി | 400 | 3 |

| | | |
|---|---|---|
| പുത്തൻപുരപടി മണിക്കം മാടം റോഡ് | .400 | 3 |
| അമ്പാട്ടു പടി കുനൊമ്പി പടി | 350 | 3 |
| വല്ല്യത്തുപടി മഹാലക്ഷ്മി നട | 100 | 4 |
| പള്ളത്തുപടി പുത്തൻ കോയിക്കപടി | 100 | 4.5 |
| പുന്നതിട്ട പടി മറുകര പടി | .400 | 5 |
| കളത്തുർ പടി മറുകരപടി | 400 | 5 |
| മാനാഞ്ചേരിപടി കാലായ്ക്കൽപടി | 400 | 3 |
| കണിയന്തറ കോട്ടയ്ക്കാട് ഹരിജൻ കോളനി | 200 | 2 |
| സി. എസ്. ഐ. പള്ളി പടി റോഡ് | .200 | 2 |
| PWD പന്നായി തേവേരി റോഡ് | 300 | 8 |
| ചാലുപറമ്പിൽ കൊറ്റംകുഴി റോഡ് | 100 | 5 |
| തേവേരി ചാത്തങ്കരി | 100 | 5 |
| ഒറ്റവേലി പടി കൊറ്റംകുഴി (കണ്ടംകാളി) | 2.500 | 6 |
| പള്ളുവിരുത്തിയിൽ കണ്ണങ്കശി പടി | 560 | 5 |
| മാലിപുറത്തുപടി തറേപടി | .500 | 5 |
| തൊണ്ടിയിൽ പടി കണ്ണം തറ പടി | 500 | 4 |
| മാലിയിൽ കടവ് റോഡ് | 500 | 4 |
| കവ്യാരുശ്ശേരി കടവ് റോഡ് | 500 | 4 |
| മാലിപുറത്തു കടവ് റോഡ് | 560 | 4 |
| തേവേരി കടവ് | 500 | 4 |
| കന്യാത്തറ കോളനി റോഡ് | 600 | 4 |
| അമ്പാട്ടുപടി വെങ്ങാഴിപടി | 600 | 3.5 |
| കണിയാൻ മാലിയിൽ പടി പുത്തൻപുര പടി | 500 | 3.5 |
| ഉറുമ്പു കുന്നേപടി പള്ളു വിരുത്തിപടി | 500 | 4 |
| പന്നായി തേവേരി റോഡ് | 500 | 3.5 |
| ചക്കാലപടി കുന്നുതറ പടി | 500 | 4 |
| ഒറ്റവേലി മുളമൂട്ടിൽ പടി | 600 | 4 |
| ചക്കാലപടി വാണിയം വാക്കൽ വടക്കേതിൽ | 500 | 4 |
| ചെറുകര പടി കോയിമ്പിറ പടി | 360 | 3 |
| മാലിയിൽ പടി വേലിക്കെട്ടുപടി | 250 | 2.5 |
| കൊറ്റംകുഴി പടി കണ്ടത്തിപറമ്പിൽ പടി | 250 | 3 |
| നിരണം വെസ്റ്റ് മുട്ടേപടി റോഡ് | 600 | 3.5 |
| വാഴക്കൂട്ടത്തിൽ നടപാത | 200 | 100 |
| കണ്ടത്തിൽ റോഡ് | 200 | 1.00 |
| തറേപ്പടി റോഡ് | 300 | 2 |
| തറയിൽ തെക്കേതിൽ മോട്ടർ തറ | 400 | 2 |
| പാലമൂട്ടിൽ കടവ് വടക്കേതിൽ പടി | 100 | 1.5 |

| | | |
|---|---|---|
| കറുകയിൽ പടി മാലികറുകയിൽ പടി | 400 | 3 |
| കറുകത്തറ ഹരിജൻ വഴി | .300 | 1.5 |
| വേലിക്കെട്ടുപടി ഉപ്പുക്കേരിപടി | 100 | 3.5 |
| വാണിയംമുക്കൽ തുണ്ടിയിൽ പടി | 400 | 2.5 |
| തേലപ്പുറത്തുപടി താറുരഴപള്ള പടി | 200 | 1.5 |
| കോയിസിറ ഹരിജൻ കോളനി റോഡ് | 400 | 2.5 |
| ഉപ്പുക്കേരി പടി കന്യാത്ര കോളനി | 500 | 4 |
| മോടിശ്ശേരി ചർച്ച് കുരിശു കടവ് | 100 | 3 |
| മണപ്പുറത്തുപടി ചക്കര കുന്നേൽ പടി | 400 | 1.5 |
| തേവർ കുഴി പടി വടക്കേ തേവർ കുഴി | 400 | 1.5 |
| കമ്പാത്ര പടി മുക്കുങ്കൽ പടി | .400 | 2.5 |
| PWD പന്നായി തേവേരി റോഡ് | 2.250 | 8 |

അനുബന്ധം B

| | | |
|---|---|---|
| വികസിപ്പിക്കേണ്ട മൺ 'റോഡുകൾ | | |
| വെട്ടിയാട്ടു വഴി പഞ്ചാടൽ പടവിൽ പടി | 0107 | 1.00 |
| ഓടാകിൽ പടി പുതിയടത്തു പടി | 0110 | 0.300 |
| അത്തിത്തോട് ക്കോച്ചേരി പടി | 0110 | 100 |
| മണത്രചിറയിൽ പടി മാറാതു രൂത്ത് | | 0.200 |
| വരമ്പിനകത്തു മാലികോച്ചേരി പടി | 0121 | 100 |
| മത്തിൽപടി കൊല്ലൻ പറമ്പിൽ പടി | | 0.200 |
| വാളപ്പറമ്പിൽ ഉഴത്തിൽ പടി | 0121 | 100 |
| മുട്ടത്തുപടി മുന്നനാട്ടേത്തുപടി | | 0.700 |
| പാലത്താംകുഴി സിവിയേഷൻ റോഡ് | 0201 | 100 |
| മുതിരപറമ്പിൽ പടി തറവീട്ടിൽ പടി | 0223 | 100 |
| കരിക്കം പള്ളി പടി പുല്ലാംപ്ലാവിൽ പടി | 0225 | 100 |
| സി. എസ്. ഐ. പള്ളി പൊൻവേലിൽ പടി | 0211 | 0.250 |
| മുതിരപറമ്പിൽ പടി ഇടഭാഗം | 0209 | 500 |
| വാലുപറമ്പിൽ പടി പുല്ലാംപ്ലാവിൽ പടി | 0218 | 600 |
| തുണ്ടിലേത്തു പടി ചെറുതനം കോട് 0213 | 400 | |
| കോട്ടാത്തുപടി ആലുംമൂട്ടിൽ പടി റോഡ് | 0230 | 0500 |
| മേലേഴത്തുപടി അച്ചാവേലി പടി 0310 | 500 | |
| കൊച്ചുകളിക്കൽ പടി മുളയ്ക്കൽപടി | 0312 | 300 |
| വടശ്ശേരിപടി കാരാപള്ളി പടി | 0318 | 600 |
| പി. ആർ. എഫ് വണോത്രപടി | 0319 | 400 |
| മംഗലശ്ശേരി പടി സ്ലീബാ പറമ്പിൽ പടി | 0323 | 400 |
| കോളത്തുപടി പണിക്കശ്ശേരി പടി | 0330 | 400 |

| | | |
|---|---|---|
| പരിച്ചേരിൽ പടി ഉഴത്തിൽ പടി മുത്തനാട്ടുതറ | 0413 | 0400 |
| മാലിയിൽ പടി വാതൂർപടി | 0414 | 0350 |
| നടുവിലേത്തറ കോളനി | 0426 | 1150 |
| നെടുവേലി പടി കുന്നേൽ പടി | 0430 | 0400 |
| നടുവിലേത്തറ കോളനി | 0429 | 0900 |
| ഹെൽത്തു സെന്റർ വട്ടയ്ക്കാട്ടു പടി | 0416 | 0.350 |
| ചെറുനിലത്തുപടി വാലേൽ പടി | 0404 | 0.750 |
| വാളപറമ്പിൽ പടി തെക്കേടത്തു പടി | 0509 | 350 |
| എസ്. എൻ. നേഴ്സിംങ് ഹോം പനക്കോട്ടേത്തു പടി | 0525 | 750 |
| ചിറയിൽ പടി എസ്. എൻ. ആശുപത്രി | 0523 | 1.00 |
| എസ്. എൻ. ഡി. പി. മന്ദിരം കോമാട്ടുപടി | 0532 | 0600 |
| കടപ്ര സണ്ടേസ്ക്കൂൾ കൊണ്ടുരേത്തുപടി | 0531 | 0450 |
| മഹാലക്ഷ്മി നട തോപ്പിൽ കോളനി | 0510 | 0650 |
| പാലശ്ശേരി പടി പറമ്പൂരേത്തുപടി | 0515 | 0600 |
| പരുമല കുരിശടി പരുമല കത്തോലിക്കാപള്ളി | 0611 | 400 |
| പരുമല പാലം റാണിവാറുപടി | 0612 | 400 |
| നടുവിലേ മുറി കാവിൽ കിഴക്കെതിൽ പടി | 0617 | 400 |
| കോട്ടയ്ക്കൽ മാലി കോളനി റോഡ് | 0626 | 600 |
| കോളനി ഡി. ബി. കോളേജ് കുതിക്കട് | 0620 | 100 |
| ഉഴത്തിൽ പടി വള്ളക്കാലിൽ പടി | 0635 | 400 |
| തച്ചംവേലിൽ പടി പുത്തൻപുരപടി | 0713 | 400 |
| ഉപദേശിക്കടവ് ചക്കാലപടി | 0710 | 800 |
| മാലിപറമ്പ് പടി നാട്ടുതോട് | 0712 | 400 |
| പന്നായിക്കടവ് അരയൻ പറമ്പ് | 0716 | 500 |
| തിക്കപ്പുഴ ഹരിജൻ കോളനി | 0718 | 400 |
| മാലിപറമ്പു പടി തിക്കപ്പുഴ തോട് | 0723 | 200 |
| ചക്കാല പടി ഉഴുവത്തുപറമ്പ് | 0726 | 200 |
| കടവിൽ പള്ളം നോർത്ത് കരുവേലിൽ പടി | 0811 | 0750 |
| കാട്ടിൽ കുഴി റോഡ് | 0810 | 1000 |
| പുത്തൻപുരയ്ക്കൽപടി മാലയിൽ വടക്കേതിൽ പടി | 0819 | 0750 |
| ആമ്പക്കാട്ട് പറമ്പ് കൊണ്ടൂർ പടി | 0831 | 0100 |
| പാലേത്ത് കോളനി ചാക്കയിൽ പടി | 0836 | 0600 |
| കരുവേലി പടി തോണ്ടുതറ | 0835 | 0150 |
| സി. എസ്. ഐ. പള്ളി തെക്കേ പുറം പുഞ്ച | 0840 | 0840 |
| ഉഴത്തിൽ പടി ചക്കാലമലയിൽ പടി | 0839 | 0400 |
| കുന്നത്തറ പണിക്കമഠം | 0910 | 1500 |
| മഠത്തിൽ പടി വാക്കൊഴുപിൽപടി | 0911 | 0100 |

| | | |
|---|---|---|
| പള്ളത്തുപടി പുത്തൻ കോയിക്കൽപടി | 0914 | 100 |
| മഹാലക്ഷ്മി നട കോമാട്ടുപടി കല്ലൂരേത്ത് | 0921 | 1500 |
| കോട്ടച്ചിറ പടി മണലേൽ പടി 0921 | 1500 | |
| മലലേൽ പടി തുടശ്ശേരി പടി | 0923 | 1500 |
| പുന്നതിട്ടയിൽ പടി പിള്ള വിട്ടിൽ പടി | 0931 | 100 |
| പള്ളുവിരുത്തിയിൽ കണ്ണംകേരി പടി | 1004 | 0560 |
| കാന്യാരൂ കോളനി റോഡ് | 1011 | 0600 |
| ഉറുമ്പുകുന്നത്തേരുപടി പള്ളി വിരുത്തിൽ പടി | 11014 | 0500 |
| വേലുകെട്ടിപടി ഉപ്പുക്കെരിപടി | 1030 | 100 |
| മോട്ടുശ്ശേരി മൂന്നാം കുരിശ് | 1035 | 100 |
| ഉപ്പുക്കെരി പടി കന്യാത്ര കോളനി | 1034 | 500 |
| ഉപ്പുക്കേരി മുണ്ടനാരി റോഡ് | 1036 | 100 |

## പട്ടിക 3

### ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| | | വാർഡ് | റോഡിന്റെ പേര് | ടാർചെയ്യേണ്ട ദൂരം | വീതി |
|---|---|---|---|---|---|
| 1 | 0724 | 7 | മലയിൽ തോപ്പിൽ ലക്ഷംവീട് കോളനി | .100 | 3.6 |
| 2 | 0725 | 7 | മലയിൽ തോപ്പിൽ ലക്ഷംവീട് കോളനി നോർത്ത് | .125 | 3.6 |
| 3 | 0903 | 9 | പന്നായി കൊറ്റംകുഴി | 0.400 | 3.6 |

## പട്ടിക 4

| | | |
|---|---|---|
| പുളിക്കീഴ് പരമ്പനകത്തു മാലി | 3.100 | 3.6 |
| പുളിക്കീഴ് അടുക്കത്തിൽപടി ചുങ്കത്തുമാലി | 1.500 | 3.6 |
| പുളിക്കീഴ് നിരണം വടക്കുംഭാഗം റോഡ് | 3000 | 3.6 |
| പുളിക്കീള് അടുക്കത്തിൽ വാഴയിൽ പടി | 1.500 | 3.6 |
| തർക്കോലി പടി വാഴയിൽ പടി | 1.500 | 3.6 |
| പുളിക്കീഴ് കാകനാട്ടുമട | 0400 | 3.6 |
| കാട്ടുവെട്ടിപടി അരുണാപുരം | 1250 | 3.6 |
| പാലത്താംകുഴി തർക്കോലിൽ പടി | 100 | 3.6 |
| ബ്ലോക്കുപടി ചാക്കരപടി മണപറമ്പിൽ റോഡ് | 200 | 3.6 |
| പള്ളത്തു പടി കോയിക്കപടി | 200 | 3.6 |
| ഉളട്യേത്ത് പടി പി. ആർ. എഫ്. റോഡ് | 100 | 3.6 |
| പി. ആർ. എഫ്. പൈപ്പ് ലൈൻ മുത്തതാട്ടുതറ | 0350 | 3.6 |
| ഉളട്യേത്തുപടി മലയാം പള്ളി പടി | 0700 | 3.6 |
| കൊച്ചുകളിക്കൽ പടി ആലാത്തുകടവ് | 0850 | 3.6 |
| കീച്ചേരിവാൽ കോലവെട്ടി റോഡ് | 2500 | 3.6 |
| കീച്ചേരിവാൽ കടവ് ഉളട്യേത്ത് ബണ്ട് വെസ്റ്റ് റോഡ് | 1000 | 3.6 |

| | | |
|---|---|---|
| കോലറ പടി മുത്തൂറ്റു പള്ളം റോഡ് | 100 | 3.6 |
| പൂവേലിപടി ബണ്ട് റോഡ് | 0400 | 3.6 |
| മണിപുഴ മഹാലക്ഷ്മി നട | 1250 | 3.6 |
| തുള്ളക്കുളത്തിൽപടി മുതലപ്പുഴപടി | 1500 | 3.6 |
| തരകൻ പറമ്പിൽ ആലംത്തുകടവ് | 0400 | 3.6 |
| ആലപ്പുറത്തു പടി പറയൻ തോടു റോഡ് | 0600 | 3.6 |
| പരുമല പള്ളി പടി ഉഴത്തിൽ ഭാഗം | 2100 | 3.6 |
| കാവിൽ/അരികുപുറം | 1250 | 300 |
| മൂലംകുഴി ചെട്ടിയകുളത്തു റോഡ് | 1500 | 3600 |
| പരുമല കുരിസുപടി പനയ്യാത്താർ കടവ് | 1250 | 360 |
| റബർ ഫാക്ടറി പടി വലിയവീട്ടിൽ പടി | 1500 | 360 |
| തിക്കപ്പുഴ ഉപദേശി കടവ് | 2500 | 360 |
| വായനശാല അമ്പലക്കടവ് | 0600 | 360 |
| പാലത്തിട്ടപടി ചക്കാലപടി | 0600 | 360 |
| പന്നായികടവ് അരയൻ പറമ്പ് | 0500 | 360 |
| കൊട്ടാരത്തിൽ പടി തൂസിനാൽ കടവ് | 200 | 3.600 |
| കൊച്ചുകളീക്കൽ പടി കൊട്ടാരത്തിൽ പടി | 200 | 3600 |
| ആലുംമൂട് റോഡ് | 200 | 360 |
| തൂസിക്കൽ കടവ് ഉപദേശിക്കടവ് | 100 | 360 |
| ഇല്ലത്തുപടി ഒന്നാം കുരിശ് | 100 | 360 |
| ചേരീപടി പണിയ്ക്കമാടത്തു കടവ | 100 | 360 |
| പന്നായി കൊറ്റംകുഴി റോഡിൽ രണ്ടാം കുരിശു മുകൽ തേവേരി വരെ | 1000 | 3.60 |
| പനയ്ക്കാമറ്റത്ത് ചെറുകര പടി | 2000 | 360 |
| ഇടമട്ടയ്ക്കൽ പണിയ്ക്കം പാടത്തു കടവ് | 3500 | 3.6 |
| മാത്തി പടി ആർ. സി. ചർച്ച് | 2500 | 3.60 |
| മന്നത്തുപടി | | |
| ഒറ്റവേലി പടി കൊറ്റംകുഴി കണ്ടൻ കാളി റോഡ് | 250 | 3.60 |
| തേവേരി ചാത്തങ്കരി | 100 | 3.6 |
| മാലിപുറത്തുപടി തറയിൽ പടി | 0.500 | 3.6 |
| പള്ളിവിരുത്തിയിൽ പടി കണ്ണൻ കരി പടി | 0.560 | 3.60 |

# 5-6B

# ഊർജ്ജം

കടപ്ര പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് തിരുവല്ലായിൽ സ്ഥിതി ചെയ്യുന്ന 66 K.V. Sub station ൽ നിന്നാണ്. ഈ പഞ്ചായത്തിൽ 10.5 കി. മീറ്റർ 11K.V.line ഉം, 60 K.V.L.T 3 Face la. ഉം ഉണ്ട്. 14 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ട്രാൻസ്ഫോമറുകളുടെ എണ്ണവും ശേഷിയും വൈദ്യുതിയുടെ ഉപഭോഗവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇപ്പോൾ ഉള്ള ട്രാൻസ്ഫോമറുകൾ ആവശ്യത്തിന് മതിയാകുന്നതല്ല. പരുമലയിൽ ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിലേക്ക് നീക്കം ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കുന്നു. ആയതിന്റെ പൂർത്തീകരണം നടന്നെങ്കിൽ മാത്രമേ കടപ്ര മാന്നാർ നിരണം എന്നീ പ്രദേശങ്ങളിലെ വോർട്ടേജ് ക്ഷാമം പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിന്റെ നിർമ്മാണം ത്വരിതപ്പെടുത്തണം.

താരതമ്യേന പകൽ സമയങ്ങളിൽ വോൾട്ടേജ് ഏറെക്കുറെ തൃപ്തികരമാണെങ്കിലും പിക്ക് ലോഡ് സമയത്ത് പരുമല, തേവേരി മുതലായ പല സ്ഥലങ്ങളിലും വോൾട്ടേജ് തീരെ അപര്യാപ്തമാണ്. ഈ സ്ഥിതിയിൽ മതിയായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്. അന്വേഷണത്തിൽ ഏകദേശം 15% തോളം മീറ്ററുകൾ കേടായിട്ടുള്ളതായി മനസിലാക്കാൻ സാധിക്കുന്നു. ഈ സെക്ഷന്റെ പരിധി കടപ്ര, നിരണം, ചെറുതന, വീയപുരം തലവടി എന്നീ പഞ്ചായത്തുകളിൽ വ്യാപിച്ചു കിടക്കുന്നതിനാൽ ലൈനിന്റെ ദൈർഘ്യം കാരണം വൈദ്യുതി ശോഷണം ഫലപ്രദമായി തടയുന്നതിന് ബുദ്ധിമുട്ടുണ്ട്. സ്വകാര്യ വസ്തുക്കളിൽ നിന്ന് വൈദ്യുതി ലൈനിലേക്ക് മരച്ചില്ലകൾ മുട്ടി നിൽക്കുന്നതു മൂലം പല ബുദ്ധിമുട്ടുകൾക്കും അപകടങ്ങൾക്കും കാരണമാകാറുണ്ട്. ഇപ്പോൾ സെക്ഷനിൽ ആവശ്യമായി ഇലക്ട്രിക്കൽ വർകേഴ്സിന്റെ അപര്യാപ്തത നിമിത്തം അത്യാവശ്യ അറ്റകുറ്റപണികൾ സമയത്തിന് ചെയ്തു തീർക്കുന്നതിന് കാലതാമസവും ഉണ്ടാകുന്നുണ്ട്. ഗാർഹിക ആവശ്യത്തിന് കണക്ഷനു വേണ്ട അപേക്ഷകൾ പലതും ഉണ്ടെങ്കിലും വൈദ്യുതിയുടെ അപര്യാപ്തത നിമിത്തം കണക്ഷൻ കൊടുക്കാൻ സാധിച്ചിട്ടില്ല. അതുപോലെ തന്നെ കാർഷിക ആവശ്യത്തിന് വൈദ്യുതിയ്ക്ക് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ സാധനങ്ങളുടെ അപര്യാപ്തത നിമിത്തം കണക്ഷൻ കൊടുക്കാൻ സാധിച്ചിട്ടില്ല എന്നറിയുന്നു. കാലപ്പഴക്കം കൊണ്ട് തേയ്മാനം സംഭവിച്ചിട്ടുള്ള കമ്പികൾ മാറ്റി പുതിയവ സ്ഥാപിക്കുന്നത് അഭികാമ്യമായിരിക്കും.

മറ്റു പ്രധാനപ്പെട്ട ഒരു സംഗതി. പലപ്പോഴും റോഡിന് വീതി കൂട്ടുമ്പോൾ വൈദ്യുതി ലൈൻ മാറ്റാനാവത്തതിനാൽ റോഡിൽ കൂടിയുള്ള വാഹന ഗതാഗതത്തിന് തടസ്സമായി വരാറുണ്ട്. റോഡിന് വീതി കൂട്ടുമ്പോൾ അതെ സൗകര്യമായ സ്ഥലത്തേക്ക് വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗതാഗത തടസ്സവും അപകടങ്ങളും ഉണ്ടാകും.

സ്ട്രീറ്റ് ലൈറ്റിനെ പറ്റി പരാമർശിക്കുമ്പോൾ ഈ പഞ്ചായത്തിൽ 37 ട്യൂബു ലൈറ്റുകളും 595

ബൾബുകളും സ്ഥാപിച്ചിട്ടുണ്ട്. ആയതിലേക്ക് പ്രതിഫലമായി ബോർഡിലേക്ക് വർഷത്തിൽ Rs.130707/- രൂ അടയ്ക്കുന്നുണ്ട്. എങ്കിലും ഇവയിൽ 50% പോലും പ്രകാശിക്കുന്നില്ല എന്നത് വളരെ ഖേദകരമായ ഒരനുഭവമാണ്. ഇതിലേക്ക് പഞ്ചായത്തിന്റെ അടിയന്തര ശ്രദ്ധയും ഇലക്ട്രിസിറ്റി ബോർഡിന്റെ ആത്മാർത്ഥമായ സഹകരണവും ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ ഇപ്പോഴത്തെ സ്രീറ്റ് ലൈറ്റ് സംവിധാനം തീരെ അപര്യാപ്തമാണ്. ഏകദേശം ഇപ്പോഴത്തേതിന്റെ 50% കൂടെയെങ്കിലും അധികമായി സ്ഥാപിക്കേണ്ടിയിരിക്കുന്നു. വൈദ്യുതി ലഭിക്കാത്ത കോളനികളിൽ സത്വരമായി വൈദ്യുതി എത്തിക്കാൻ നടപടിയെടുക്കണം.

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യവസായ ഉപഭോക്താവ് വളഞ്ഞവട്ടത്തുള്ള പമ്പാ റിവർ ഫാക്ടറിയാണ്. കുറെ വർഷങ്ങളായി പമ്പാ റിവർ ഫാക്ടറിയുടെ പ്രവർത്തനശേഷി മുഴുവൻ ഉപയോഗിക്കപ്പെടാത്തതിനാൽ മുൻകാലങ്ങളിലേ അപേക്ഷിച്ച് വൈദ്യുതി ഉപയോഗം താരതമ്യേന കുറവാണ്.

മൊത്തം വൈദ്യുതിയുടെ 60% ഗാർഹിക ആവശ്യത്തിനും ശേഷിച്ചവ വ്യവസായം, കാർഷികം എന്നിവയ്ക്കും ഉപയോഗിക്കുന്നു.

## വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

### നിലവിലുള്ള ഉപഭോക്താക്കൾ

| | |
|---|---|
| ഗാർഹികം | 4367 |
| വ്യാപാരം | 212 |
| വ്യാവസായികം | 5 |
| കാർഷികം | 283 |

### കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

| | |
|---|---|
| Ordinary | 105 |
| OTP | 5 |
| OYEC | 12 |

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | |
|---|---|
| ബൾബ് | 595 |
| ട്യൂബ് | 37 |

**ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ**

ഉഴത്തിൽ കോളനി (ഒന്നു മാത്രം)

**തൻ വർഷത്തെ കണക്ഷൻ**

| | |
|---|---|
| ഓർഡിനറി | 8 |
| OTP | 5 |
| OYEC | 36 |

**സ്ട്രീറ്റ് ലൈറ്റിനുവേണ്ടി കഴിഞ്ഞ വർഷം അടച്ച തുക** 130707 രൂപാ

ട്രാൻസ്ഫോമറുകൾ

പുതിയ ലൈൻ വലിക്കേണ്ടസ്ഥലങ്ങൾ

കടപ്ര ഗ്രാമപഞ്ചായത്ത്

തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

## മാർക്കറ്റ്

ഈ പഞ്ചായത്തിൽ ആലംതുരുത്തിയിൽ മാത്രമേ ഒരു പൊതു മാർക്കറ്റ് നിലവിൽ ഉള്ളൂ. മറ്റു സ്ഥലങ്ങളിലും വഴിയോര ചന്തകൾ ഉണ്ട്. കൂടുതലായി പൊതു ചന്തകൾക്കുള്ള സാധ്യതകൾ ഉണ്ട്. മുൻകാലങ്ങളിൽ പുളിക്കീഴിൽ പഞ്ചായത്തു സ്ഥലത്തു നടന്നിരുന്ന ആഴ്ച ചന്ത ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അത് സുഗമമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടി എടുക്കണം. പരുമല, വളഞ്ഞവട്ടം മുതലായ പല സ്ഥലങ്ങളിലും പൊതു മാർക്കറ്റിനു സാധ്യതയുണ്ട്.

ഇപ്പോൾ പഞ്ചായത്തു വകയായി അറവുശാലകൾ ഒന്നും തന്നെയില്ല. ശാസ്ത്രീയമായ അറവുശാല പൊതു ജനങ്ങളുടെ ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. ഇപ്പോൾ പല സ്ഥലത്തും മാംസ വിൽപ്പന ഉണ്ട്. ഈ സ്ഥലങ്ങളിൽ കശാപ്പു ചെയ്യപ്പെടുന്ന മൃഗങ്ങളുടെ ആരോഗ്യ സ്ഥിതിയും മറ്റും നിർണ്ണയിക്കാൻ സംവിധാനം അടിയന്തരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

5-7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

ഗർഫുപണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തീക മേഖലയിലെ മുഖ്യഘടകമാണ്. എന്നാൽ ഈ പണം വേണ്ടത്ര ക്രിയാത്മകമായി ഉപയോഗപെടുത്താൻ കഴിഞ്ഞിട്ടില്ല.

കൂലിപ്പണിയെടുത്തു ഉപജീവനം നടത്തുന്നവരാണ് കൂടുതലും. അതുകൊണ്ടു കുടിലുകളും ഇടത്തരം വീടുകളുമാണ് ഭൂരിപക്ഷവും. 5440 വീടുകലും 25,000 ൽപരം ജനങ്ങളും പത്തു വാർഡുകളിലായി കഴിയുന്നു. 15% ൽ കൂടുതൽ ഭൂമി ഇല്ലാത്ത ഭവനരഹിതരാണ്. 25% ഓല മേഞ്ഞ കുടിലുകളും 55% ഓടുമേഞ്ഞ സാധാരണ വീടുകളും 5% കോൺ ക്രീറ്റു വീടുകളുമാണ്.

P. W. D. റോഡിന് സമാന്തരമായി വലിയ വീടുകൾ നിർമ്മിക്കുന്നതിനു പുറമെ വയൽ നികത്തി കെട്ടിടം പണിയുകയും ചെയ്യുന്നുണ്ട്. കാർഷിക മേഖലയെ ദോഷമായി ബാധിക്കുന്ന ഈ പ്രവർത്തനം നിരുത്സാഹപ്പെടുത്തണം.

ആയിരത്തോളം ഭവന രഹിതർ ഉണ്ട്. സാധാരണക്കാരന് ഭവന വായ്പകൾ ലഭിക്കത്തക്ക രീതിയിൽ വ്യവസ്ഥകൾ ലഘൂകരിക്കണം. അതിനായി പലിശ നിരക്ക് കുറയ്ക്കുകയും നിർമ്മിക്കുന്ന വീടു ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കുകയും വേണം. ഭവന നിർമ്മാണ ബോർഡു വഴി ദുർബല വിഭാഗങ്ങൾക്കു നൽകുന്ന സഹായങ്ങളും വായ്പയും വർദ്ധിപ്പിക്കണം. (ഇപ്പോഴത്തെ സാധന സാമഗ്രികളുടെ വർദ്ധിച്ച വിലയും അമിതമായ കൂലിയും കണക്കിലെടുക്കണം)

പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ കാണിക്കുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എൻജിനീയർ മുതൽ ലേബർ വരെയുള്ള വരെ സംഘത്തിലൂടെ നൽകുക.

2. സർക്കാരിന്റെ വായ്പാ നിയമം ലഘുവാക്കുക.

3. രജിസ്ട്രാഫീസിലെ ഫീസ് കുറയ്ക്കുക.

4. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

5. കാലോചിതമായി സർക്കാർ വായ്പ ഉയർത്തുക.

6. ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കാനായി പഞ്ചായത്തിൽ അവിടവിടെയായി കിടക്കുന്ന പുറമ്പോക്ക് തിട്ടപ്പെടുത്തി അർഹരായവർക്കു മൂന്നു സെന്റിൽ കവിയാതെ കൊടുക്കുയും നിർമിതി കേന്ദ്രം വഴി വീടുകൾ പണിയുകയും ചെയ്യണം.

7) വീടു പണി ആരംഭിച്ചിട്ട് സാമ്പത്തിക ക്ലേശം കൊണ്ട് പൂർത്തിയാക്കാൻ കഴിയാതെ വലയുന്ന, ദരിദ്ര വിഭാഗത്തിൽപ്പെട്ട ധാരാളം ആളുകൾ ഉണ്ട്. വീടു പണി പൂർത്തിയാക്കുന്നതിന് അവരെ സഹായിക്കുന്ന പരിപാടികൾ നടപ്പാക്കണം.

## സാമൂഹ്യക്ഷേമം

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമാർജന പദ്ധതിയും സംഘടിത

അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമുണ്ട്.

നിലവിലുള്ള പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണ കുറവ്, സാങ്കേതിക നൂലാമാലകൾ എന്നിവ പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് തടസ്സങ്ങളാണ്.

ഇപ്പോഴത്തെ കണക്കനുസരിച്ച് പഞ്ചായത്തിൽ നിന്നും വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം.

| | |
|---|---|
| 1. വാർധക്യകാല പെൻഷൻ | 32 |
| 2. വികലാംഗ പെൻഷൻ | 18 |
| 3. വിധവാ പെൻഷൻ | 22 |
| 4. കർഷക തൊഴിലാളി പെൻഷൻ | 500 |

## അംഗൻ വാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന അംഗൻവാടികൾ ഈ പഞ്ചായത്തിൽ 23 എണ്ണമേയുള്ളൂ. അതു നാമമാത്രമായി പ്രവർത്തിക്കുന്നതാണ്. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടിയെന്നതാണ് I. C. D. S.ന്റെ ലക്ഷ്യം. ആ കണക്കനുസരിച്ചു ഇനിയും അനേകം ഉണ്ടാകേണ്ടിയിരിക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്തതും കളിപ്പാട്ടങ്ങളില്ലാത്തതും പ്രശ്നമാണ്. ഇവിടുത്തെ ജീവനക്കാർക്കു വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്. ഇതു പരിഹരിക്കണം.

## പ്രശ്നങ്ങൾ

1. ഒരു പഞ്ചായത്തിന് ഒരു അലോപ്പതി ആശുപത്രിയും ഒരു മാവേലി സ്റ്റോറും ഉണ്ടാകേണ്ടതാണ്. ഈ പരിതഃസ്ഥിതിയിൽ രണ്ടും കടപ്ര പഞ്ചായത്തിൽ ഉടനെ ലഭ്യമാക്കണം. മൂന്നാം വാർഡിൽ ഉൾപ്പെട്ട പഞ്ചസാര മില്ലു വക ആൾ പാർപ്പില്ലാത്ത കെട്ടിടങ്ങൾ നാമമാത്രമായ വാടക കൊടുത്തു ഏറ്റെടുത്തു ഈ രണ്ടു ആവശ്യങ്ങളും നിറവേറ്റാം.

2. പരുമല കവലയ്ക്കു സമീപം ഒരു ബസ്സ്റ്റാൻഡു അത്യന്താപേക്ഷിതമായി ഉണ്ടാകണം. ആയതിന് പന്നായി പാലത്തിന്റെ കിഴക്കുഭാഗത്തെ വിശാലമായ പുറമ്പോക്കു മണ്ണിട്ടു ഉയർത്തി ഉപയോഗിച്ചാൽ ഇപ്പോൾ അനുഭവിക്കുന്ന ഗതാഗതക്കുരുക്കും ഒരു പരിധി വരെ മാറി കിട്ടും.

3. പഞ്ചായത്തിന്റെ അതിർത്തിയിലുള്ള കോലറയാറ് ഇപ്പോൾ കൈവരി തോടായി തീർന്നിട്ടു വർഷങ്ങളായി. ഇരു വശവും വീതി കൂട്ടി താഴ്ത്തിയാൽ ഇതു വീണ്ടും ഗതാഗതത്തിനു ഉപകരിക്കും. അങ്ങനെ ലഭിക്കുന്ന മണ്ണും ലേലം ചെയ്താൽ ഭീമമായ തുക പഞ്ചായത്തിന് ലഭിക്കും. ഇതുപോലെ പഞ്ചായത്തിന്റെ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന പുറമ്പോക്കു ഭൂമി എത്രയും വേഗം തിട്ടപ്പെടുത്തി ഭൂരഹിതർക്കു അർഹതയുടെ അടിസ്ഥാനത്തിൽ കൊടുക്കാവുന്നതാണ്.

4. ട്രൈസം പദ്ധതി പ്രകാരം പരിശീലനം നേടിയവർക്കു തൊഴിൽ ലഭ്യമാക്കണം.

5. വിവിധ പെൻഷനുകൾക്കു ധാരാളം അപേക്ഷകരുണ്ട്. അർഹതയില്ലാത്തവർക്കു ലഭിക്കുമ്പോൾ അർഹതയുള്ളവർ തള്ളപ്പെടുന്നു. ഇതിനായി ഒരു സർവ്വേ ആവശ്യമാണ്.

6. കക്കൂസുകൾ, കുടി വെള്ളം, ടാപ്പുകൾ, കുളിക്കടവുകൾ എന്നിവ കൂടുതലായി ഉണ്ടാകണം.

7. ലക്ഷം വീടുകൾ കൂടുതലായി വേണം.

8. ഒന്നാം വാർഡിലെ അമ്പ്രയിൽ ലക്ഷം വീടു കോളനിയിലെ കുഴി നികത്തി താമസയോഗ്യമാക്കണം.

9. വിധവാ പെൻഷൻ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവ പഞ്ചായത്തു മുഖേന യഥാകാലം ലഭ്യമാക്കണം. കാല താമസം ഒഴിവാക്കണം.

### ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവരുടെ വിവരം IRDP. സർവ്വെ പ്രകാരം

| | |
|---|---|
| സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | 3250 |
| ഇതിൽ SC കുടുംബങ്ങൾ | 459 |
| സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | 1316 |
| ഇതിൽ SC കുടുംബങ്ങൾ | 402 |
| സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | 600 |
| ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) | 2515 |

5-8

# സംസ്ക്കാരം

നൂറ്റാണ്ടുകളുടെ സാംസ്കാരിക ചരിത്രമുള്ള ഈ പഞ്ചായത്ത്, പ്രാചീന കലകളുടെയും ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും നാടാണ്.

ഉണ്ണി നീലി സന്ദേശത്തിൽ പരാമർശിക്കപ്പെടുന്നതും പരശുരാമനാൽ പ്രതിഷ്ഠ നടത്തപ്പെടുകയും ചെയ്ത പ്രസിദ്ധമായ പനയന്നാർകാവ് ദേവീക്ഷേത്രവും ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ പ്രധാനിയും ഭാരതത്തിൽ ക്രിസ്തുമത പ്രചാരകനുമായിരുന്ന സെന്റ് തോമസിനാൽ സ്ഥാപിതമായ പ്രസിദ്ധമായ നിരണം പള്ളിയും തീർത്ഥാടനക ലക്ഷ്യങ്ങൾക്ക് കേന്ദ്രമായ പരുമല പള്ളിയും ഈ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

മലയാള സാഹിത്യത്തെ കാവ്യ സമ്പത്തു കൊണ്ട് ധന്യമാക്കിയ കണ്ണശ്ശ കവികളുടെ ജന്മം കൊണ്ടു സംപുഷ്ടമായതുമായ മണ്ണാണ് കടപ്രയുടേത്. കണ്ണശ്ശ രാമായണത്തിന്റെ രചയിതാക്കളായ ഇവരുടെ സാന്നിദ്ധ്യം കൊണ്ടു തന്നെ ഈ മണ്ണ് ധന്യമായതാണ്.

സാംസ്കാരികമായ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി മാറേണ്ട ലൈബ്രറികൾ മൂന്ന് എണ്ണം മാത്രമാണ് ഇവിടെ സ്ഥിതി ചെയ്യുന്നത്.

2-ാം വാർഡിലെ മഹാത്മഗാന്ധി സ്മാരക ഗ്രന്ഥശാല പഞ്ചായത്തു വകയാണ്. അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന കൈരളി ഗ്രന്ഥാലയവും ഏഴാം വാർഡിൽ സ്ഥിതി ചെയ്യുന്ന ടാഗോർ വായനശാലയും ശ്രദ്ധേങ്ങളായ ലൈബ്രറികളാണ്. 1949-ൽ സ്ഥാപിതമായ ടാഗോർ ലൈബ്രറി അതിന്റെ ജൂബിലി ആഘോഷങ്ങൾ ഭംഗിയായി നടത്തുകയും ചെയ്തു. കൈരളി ഗ്രന്ഥാലയവും 1949-ൽ സ്ഥാപിച്ചതാണ്.

എന്നാൽ 1,3,4,6,8,9,10 എന്നീ വാർഡുകളിൽ ലൈബ്രറികളോ മറ്റു സാംസ്കാരിക സ്ഥാപനങ്ങളോ ഇല്ലാ എന്നത് ഏറെ വിഷമകരമായ ഒരു അവസ്ഥയാണ്. ഇതിന് പരിഹാരമുണ്ടാക്കുന്നതിന് ഉള്ള ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഭൂമി ശാസ്ത്രപരമായി മാറി കിടക്കുന്ന 9, 10 വാർഡുകളിൽ അടിയന്തിരമായി ജനകീയ സംഘടനകളുടെ മേൽനോട്ടത്തിൽ വായനശാലകൾ സംഘടിപ്പിക്കേണ്ടത്.

നിലവിലുള്ള വായനശാലകൾ വരുത്തുന്ന ദിനപത്രങ്ങളുടെ വരിസംഖ്യ പഞ്ചായത്തിൽ നിന്നും നല്കുന്നതിന് നടപടിയുണ്ടാകണം.

സ്ത്രീകളുടെയും കുട്ടികളുടെയും വായനശീലം വളർത്തുന്നതിന് ഗ്രാമീണ പുസ്തക വിതരണ പദ്ധതി നടപ്പാക്കുകയും അതിനു വേണ്ടി വരുന്ന ചെലവ് പഞ്ചായത്ത് നൽകുകയും ചെയ്യണം. പരുമല ടാഗോർ ലൈബ്രറി ഗ്രാമീണ പുസ്തക വിതരണം ഏറ്റെടുത്തിട്ടുണ്ട്.

വയോജന വിദ്യാഭ്യാസം, സാക്ഷരതാ പ്രവർത്തനത്തിന്റെ അടുത്തഘട്ട പ്രവർത്തനങ്ങൾ എന്നിവ ലൈബ്രറി കേന്ദ്രങ്ങളാക്കി നടത്താവുന്നതാണ്.

പഞ്ചായത്തിലെ പഴക്കം ചെന്ന രണ്ടു ലൈബ്രറികളാണ് കൈരളിയും ടാഗോർ വായനശാലയും. ഇവയുടെ കേടുപാടുകൾ തീർത്ത് പുസ്തകം സൂക്ഷിക്കുന്നത് കെട്ടുറപ്പുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ നല്കി വരുന്ന പഞ്ചായത്ത് ഗ്രാന്റ് വർദ്ധിപ്പിക്കണം. പ്രകൃതിക്ഷോഭം, കാലപ്പഴക്കം എന്നിവ കൊണ്ടുണ്ടാകുന്ന കേടുപാടുകൾക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം നല്കണം.

അനശ്വരൻമാരായ കണ്ണശ്ശ കവികളുടെ സ്മരണ നില നിർത്താനുള്ള സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേഗത കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടിയിരിക്കുന്നു.

ശാസ്ത്ര സാഹിത്യ പരിഷത്ത്, പുരോഗമന കലാ സാഹിത്യ സംഘം എന്നീ സംഘടനകൾ ഇതിനായി നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനീയമാണ്.

PRE ന്റെ മുപ്പത് സെന്റ് സ്ഥലം ഇതിനായി വിട്ടുകൊടുക്കാനുള്ള പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യണം. ഇതിനോടനുബന്ധിച്ച് വായനശാല, താളിയോല ഗ്രന്ഥങ്ങൾ വരെ സംരക്ഷിക്കാനുള്ള സംവിധാനം 1,2 വാർഡുകൾക്ക് പ്രയോജനപ്പെടുന്ന ഒന്നായി ഇതു മാറും. ജില്ലാ തലം വരെ അതിനുവേണ്ടിയുള്ള പ്രവർത്തനം നടന്നതായി അറിയാൻ സാധിച്ചിട്ടുണ്ട്.

## ക്ലബുകൾ

16 ക്ലബുകളാണ് പഞ്ചായത്തിൽ മൊത്തം ഉള്ളത്. ഓണക്കാല പരിപാടികൾ സംഘടിപ്പിക്കുന്നതും അതിനായി മാത്രം പ്രവർത്തിക്കുന്നതുമാണ് ഭൂരിപക്ഷം ക്ലബുകളും. 16 ക്ലബുകളിൽ 6 എണ്ണത്തിനു മാത്രമാണ് രജിസ്ട്രേഷനുള്ളത്.

9-ാം വാർഡിൽ ഒരു പ്രൊഫഷണൽ നാടക സംഘം നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

6-ാം വാർഡിൽ വള്ളക്കാലിൽ കോളനിയിൽ ചെല്ലപ്പൻ ആശാന്റെ ചുമതലയിൽ ഉള്ള കാക്കാരശ്ശി നാടക സംഘം കേരളത്തിലെ മിക്ക കേന്ദ്രങ്ങളിലും പരിപാടികൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നു. നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന കലാരൂപമായ കാക്കാരശ്ശി നാടകം നിലനിർത്തുവാൻ ആവശ്യമായ സഹായം ഉണ്ടാകേണ്ടിയിരിക്കുന്നു. ആറാം വാർഡിൽ തന്നെ കോലുകളി, തെയ്യം, നൃത്തം, ചെണ്ടമേളം മറ്റു നാടൻ കലാരൂപങ്ങൾ മുതലായവയും പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. വള്ളക്കാലിൽ കോളനിയിൽ കളിസ്ഥലമായി മാറ്റിയിട്ടിരിക്കുന്ന സ്ഥലത്ത് ഒരു ഓഡിറ്റോറിയമോ. കുട്ടികളുടെ പാർക്കോ നിർമ്മിക്കേണ്ടതാണ്.

## കായികരംഗം

പുതിയ തലമുറയെ കായികരംഗത്തേക്ക് ആകർഷിക്കുവാൻ കഴിയാത്തതിന്റെ കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായ പരിപാടികൾ സ്കൂൾ തലത്തിൽ നടപ്പാകുന്നില്ല എന്നു തന്നെയാണ്. സർക്കാർ തലത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ പലതും വേണ്ട രീതിയിൽ വിനിയോഗിക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിയാതെ പോകുന്നത് ഈ രംഗത്തു പ്രവർത്തിക്കുന്ന സംഘടനകളുടെ താല്പര്യമില്ലായ്മയാണ്.

അവധി കാല സമയങ്ങളിൽ വിവിധ കോച്ചിംഗ് ക്യാമ്പുകൾ പ്രഗൽഭരെ പങ്കെടുപ്പിച്ച് നടത്തുക. സ്റ്റേഡിയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക. കായിക മേഖലയെ പോഷിപ്പിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ കായിക സംഘടനകൾക്ക് നൽകുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കണം.

6-ാം വാർഡിലെ കോട്ടയ്ക്കമാലിയിൽ ഷംലാമോൾ എന്ന കായിക താരം ദേശീയ തലം വരെ എത്തിയിരിക്കുകയാണ്. ഈ കുട്ടിയെ വളർത്തിയെടുത്താൽ ഒരു നല്ല കായികതാരത്തിനെ നമ്മുടെ ഗ്രാമത്തിൽ നിന്നും സംഭാവന ചെയ്യുവാൻ സാധിക്കും.

നിരവധി ആരാധനാലയങ്ങൾ തിങ്ങി നിറഞ്ഞു നില്കുന്ന പഞ്ചായത്താണ് നമ്മുടേത്. ഒരു തരത്തിലുള്ള സാമുദായിക സംഘർഷങ്ങൾക്കോ വർഗ്ഗീയ സംഘർഷങ്ങൾക്കോ നാളിതു വരെയും ഇവിടം സാക്ഷ്യം വഹിക്കേണ്ടി വന്നിട്ടില്ലാ എന്നത് പ്രശംസനീയമാണ്. എല്ലാ ക്ഷേത്രങ്ങൾക്കും, പള്ളികൾക്കും ഇതര ആരാധനാലയങ്ങൾക്കും അവരുടേതായ വിശ്വാസ ആചാര അനുഷ്ഠാനങ്ങൾ ഉണ്ട്. എല്ലാ ജാതിമതസ്ഥരും പ്രസ്തുത പരിപാടികളിൽ സംബന്ധിക്കുന്നുമുണ്ട്.

ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ പ്രശസ്തനായ സെന്റ് തോമസിനാൽ സ്ഥാപിക്കപ്പെട്ട പള്ളിയാണ് നിരണം പള്ളി. പരുമല തിരുമേനിയുടെ നാമധേയത്തിലുള്ള പരുമല പള്ളിയും തീർത്ഥാടക ലക്ഷങ്ങൾക്ക് ആശ്വാസമാണ്. നവം.1 , 2 തീയതികളിൽ നടക്കുന്ന

ഇവിടുത്തെ പെരുന്നാളിൽ പല ജാതി മതസ്ഥരായ ജനങ്ങൾ സംബന്ധിക്കുന്നു.

പരുമല പന്നയന്നാർ കാവ് ദേവീ ക്ഷേത്രമാണ് മറ്റൊരു പ്രധാനപ്പെട്ട ക്ഷേത്രം. ഇവിടുത്തെ ചുവർ ചിത്രങ്ങൾ ആരെയും ആകർഷിക്കുന്ന ഒന്നാണ്. ഇത് നിലനിർത്തുന്നതിന് വേണ്ടതു ചെയ്യേണ്ടിയിരിക്കുന്നു. ഇവിടെ വിഷുവിനു നടത്തുന്ന കുത്തിയോട്ടം വളരെ പ്രസിദ്ധമായ ഒന്നാണ്.

അയ്യങ്കാളി ജന്മദിനത്തിൽ KPMS-ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന റാലിയും ഗുരുദേവ ജയന്തിയിൽ നടത്തുന്ന റാലിയും പ്രസക്തമാണ്. പെന്തക്കോസ്തു കൺവെൻഷനുകളും മറ്റു വിശ്വാസികളുടെ കൺവെൻഷനുകളും പതിവായി നടന്നുവരുന്നു. അത്യാധുനികമായ ഇലക്ട്രോണിക് മാധ്യമങ്ങളുടെ രംഗപ്രവേശം അന്യരാഷ്ട്രങ്ങളും നമ്മളും തമ്മിലുള്ള അകലം കുറിച്ചിരിക്കുകയാണ്. ഇതിന്റെ അതി പ്രസരണത്തിൽ വീണു കൊണ്ടിരിക്കുന്ന പുതിയ തലമുറയെ ബോധവൽക്കരീക്കേണ്ടതായിട്ടുണ്ട്. ജീവിതത്തിൽ നാനാ മേഖലകളിലും ഗുണപരമായ മാറ്റം അഞ്ചുവർഷം കൊണ്ടു വരുത്തുവാൻ സാംസ്കാരിക മണ്ഡലത്തിലെ ഉയിർത്തെഴുന്നേല്പു കൊണ്ടു നമുക്ക് സാധിക്കും.

അക്ഷരശ്ലോക വിദഗ്ദനും റേഡിയോ സ്റ്റാറും കേരളമാകെ അറിയപ്പെടുന്നതുമായ പരുമല കുഞ്ഞുകുഞ്ഞ് ആദിശരുടെ സ്മരണ നിലനിർത്തുന്നതിന് എല്ലാ വർഷവും അക്ഷരശ്ലോക സദസ് സംഘടിപ്പിക്കേണ്ടതാണ്.

5-9

# വനിതാക്ഷേമം

പഞ്ചായത്തു രാജ് സംവിധാനത്തിൽ സ്ത്രീകൾക്ക് വർദ്ധിച്ച സ്ഥാനമാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ വികസന പ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിൽ ഒന്ന് സ്ത്രീകൾ പല തുറകളിലും അവഗണിക്കപ്പെടുന്നു എന്നതാണ്. വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീകൾ ഇന്ന് മുൻപന്തിയിലാണ്. ലോകമെമ്പാടും വനിതാ വിമോചന പ്രസ്ഥാനങ്ങൾ മുന്നേറുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ഗ്രാമങ്ങളിലെ സ്ത്രീകൾ ഇതൊന്നും അറിയാതെ വീടുകളിൽ ഒതുങ്ങി കൂടുകയാണ്. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. അതിനു കാരമം ആചാരപരമായ വിലക്കുകളും പുരുഷന്മാരുടെ സഹകരണക്കുറവും സ്ത്രീകളുടെ തന്നെ തെറ്റായ അഭിപ്രായ പ്രകടനങ്ങളുമാണ്. ഒൻപതാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഈ പോരായ്മ പരിഹരിക്കുകയാണ്.

1991-ലെ സെൻസസ് റിപ്പോർട്ടു പ്രകാരം കേരളത്തിലെ സ്ത്രീ പുരുഷ അനുപാതം 1000:1036 ആണ്. നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ 21800 ആണ്. ഇതിൽ 10529 പുരുഷന്മാരും 11271 സ്ത്രീകളുമാണ്. സ്ത്രീകൾ ആകെ ജനസംഖ്യയുടെ 51.7% ആണ്.

കടപ്ര പഞ്ചായത്തിൽ വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ മുന്നിലാണ്. 1991-ലെ സെൻസസ് അനുസരിച്ച് സ്ത്രീ സാക്ഷരത പഞ്ചായത്തിൽ 94.16% ആണ്. ഈ പഞ്ചായത്തിലെ 16 സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികളുടെ ശതമാനം ആൺകുട്ടികളേക്കാൾ കൂടുതലാണ്. എൽ. പി. വിഭാഗത്തിൽ 50.49% വും യു. പി. വിഭാഗത്തിൽ 51.2% വും പെൺകുട്ടികളാണ്. ഹൈസ്കൂൾ വിഭാഗത്തിൽ പെൺകുട്ടികളുടെ ശതമാനം അല്പം കുറവാണ്. (49.5%)

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് പുരുഷന്മാരേക്കാൾ വളരെ കുറവാണ് എന്ന് കണക്കുകൾ കാണിക്കുന്നു.

മത്സ്യ വിപണനം, കാർഷികമേഖല, കെട്ടിടനിർമ്മാണം എന്നീ മേഖലകളിലാണ് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കൂടുതലായുള്ളത്. ഈ മേഖലകളിൽ സ്ത്രീകൾ ക്കെതിരായി ക്രൂരമായ അവഗണവ നിലനില്ക്കുന്നു. എല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകളും പുരുഷന്മാരും തമ്മിൽ കൂലിയിൽ വളരെയധികം അന്തരമുണ്ട്. പല പരമ്പരാഗത തൊഴിലുകളും അപ്രത്യക്ഷമായപ്പോൾ ഈ മേഖലകളിൽ പണിയെടുത്തിരുന്ന വിഭാഗത്തിന്റെ തൊഴിലും നഷ്ടമായി. ഈ പഞ്ചായത്തിൽ സ്ത്രീകളുടേതു മാത്രമായി. ആറു തൊഴിൽ സ്ഥാപനങ്ങൾ നിലവിലുണ്ടെങ്കിലും അതിൽ പലതും ശരിയായ രീതിയിൽ പ്രവർത്തിക്കുന്നവയല്ല.

കടപ്ര മാന്നാർ മഹിള സംഘടന കൂൺകൃഷി

സോഷ്യൽ വെൽഫയർ സെന്റർ മെഴുകുതിരി

ജനാധിപത്യ മഹിളാ അസ്സോസിയേഷൻ ബ u ക്ക് സെന്റർ

കാരുണ്യ ഗാർമെന്റസ് തയ്യൽ വനിതാ ജനപ്രിയ

മെറ്റൽ ക്രഷിംഗ് യൂണിറ്റ്, സൂര്യ കോളാ നിർമ്മാണം.

തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറയുവാനുള്ള ഒരു പ്രധാന കാരണം കുടുംബത്തിന്റെ ഭാരിച്ച ഉത്തരവാദിത്വം സ്ത്രീകളിൽ നിക്ഷിപ്തമായിരിക്കുന്നു എന്നതാണ്. എന്നാൽ കുടുംബത്തിലുള്ള ഈ അദ്ധ്വാനത്തെ സമൂഹം അതിന്റെ ശരിയായ രീതിയിൽ വിലയിരുത്തുന്നില്ല. കുട്ടികളെ പരിചരിക്കുക, പാചകം, ഭത്ത്യസംരക്ഷണം എന്നീ വീട്ടുജോലികൾക്കിടയിൽ ആടുമാടുകളെ നോക്കുക, കോഴി വളർത്തുക, പുരയിട കൃഷിയുമായി ബന്ധപ്പെട്ട വിവിധ പണികൾ ചെയ്യുക, ഭക്ഷണത്തിനാവശ്യമായ വിറക് ശേഖരിക്കുക, വീടു ഭംഗിയായി സൂക്ഷിക്കുക, പരിസര ശുചീകരണം തുടങ്ങി ഒരു നൂറു കൂട്ടം പണികൾ സ്ത്രീകളുടെ ചുമതലയിൽപ്പെട്ടവയാണ്. വിനോദത്തിനും വിശ്രമത്തിനും സമയം ലഭിക്കാതെ സ്ത്രീകൾ വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ ഒതുങ്ങികൂടേണ്ട ഗതികേടിലാണ്. പഞ്ചായത്തിലെ 5921 കുടുംബങ്ങളിൽ ഏകദേശം 400 നടുത്ത് കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളവയാണ്. കുടുംബനാഥൻ മരിച്ച മിക്ക വീടുകളിലും സ്ത്രീകൾ മക്കളുടെയോ മറ്റുള്ളവരുടെയോ ദയാ ദാക്ഷിണ്യത്തിലാണ് കഴിഞ്ഞു കൂടുന്നത്. അർഹതയുള്ള എല്ലാ വിധവകൾക്കും വിധവാ പെൻഷൻ ലഭിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. വിധവാ പെൻഷൻ ലഭിക്കുന്നവർക്കു തന്നെ ആനുകൂല്യം വേണ്ട സമയത്തു കിട്ടുന്നില്ല.

കടപ്ര പഞ്ചായത്തിൽ 10 വാർഡുകളിലായി ആകെ 23 അംഗന വാടികൾ ഉണ്ട്. ഈ അംഗനവാടികളിൽ കൂടി 88 ഗർഭിണികൾക്കും 92 മുലയൂട്ടുന്ന അമ്മമാർക്കും 1452 കുട്ടികൾക്കും സേവനം ലഭിക്കുന്നുണ്ട്. എന്നാൽ ഈ അംഗനവാടികളിൽ 4 എണ്ണത്തിനു മാത്രമെ സ്വന്തമായി സ്ഥലമുള്ളൂ. ബാക്കിയുള്ളവ അനുകൂല ഭൗതിക സാഹചര്യങ്ങളില്ലാത്ത വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. 2-ാം വാർഡിലെ ഒരു അംഗനവാടിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

ഈ പഞ്ചായത്തിന്റെ ചില വാർഡുകളിൽ മഹിളാ സമാജങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമെന്ന് പറയുവാൻ കഴിയുന്നില്ല. അതിന്റെ മുഖ്യകാരണം ജനപങ്കാളിത്ത കുറവും സാമ്പത്തിക ബുദ്ധിമുട്ടുമാണ്.

1) a) പഞ്ചായത്തിലെ ആകെ ജനസംഖ്യ 24035
   b) പുരുഷന്മാർ : 11847
   c) സ്ത്രീകൾ : 12188
2) a) പട്ടികജാതി ജനസംഖ്യ : 3171
   b) പട്ടിക വർഗ ജനസംഖ്യ : ഇല്ല
3) അംഗൻവാടികളുടെ എണ്ണം : 23
4) a) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ : 382
   b) 1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ : 315
   c) 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ : 285
   d) 3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ : 470
5) a) വാർഡിലെ ആകെ ഗർഭിണികളുടെ എണ്ണം : 118
   b) ഇവരിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം : 36
6) മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം : 134
   (6 മാസം വരെ പ്രായമുള്ള കുട്ടികളുള്ള)
7) a) കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ : 62
   b) ചാപിള്ള ജനനങ്ങൾ : 2
8) a) ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം (95-96) : 6
   b) 1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം : 1
   c) 3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം : 1
9) a) ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം : ഇല്ല
   b) മറ്റു മരണങ്ങളുടെ എണ്ണം : 124
10) a) അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം : 630

b) അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം : 88

c) അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം : 92

ഈ പഞ്ചായത്തിലെ ബഹുജന സംഘടനകളിലെ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. ബഹുജന സംഘടനകളുടെ നേതൃനിരയിൽ സ്ത്രീകളുടെ എണ്ണം പരിമിതമാണ്.

## പ്രശ്നങ്ങളും സാധ്യതകളും

1) തൊഴിൽ മേഖലയിൽ പ്രോത്സാഹനം ലഭിക്കുന്നതിനുവേണ്ടി വിദഗ്ദ്ധ പരിശീലനം ആവശ്യമാണ്. പഞ്ചായത്തു തലത്തിലും ഗവ. തലത്തിലും വനിതാ തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകണം.

2) വനിതാ തൊഴിൽ സംരംഭങ്ങൾ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് വനിതാ സഹകരണസംഘങ്ങൾ ഉണ്ടാക്കണം.

3) സ്ത്രീകൾക്ക് ബോധവൽക്കരണം ലഭിക്കുന്നതിന് ഗ്രന്ഥശാലകളിലും മറ്റു സാമൂഹ്യ പ്രവർത്തനങ്ങളിലും പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിൽ പ്രവർത്തനം ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

4) സ്ത്രീകളെ അവഹേളിക്കുന്ന തരത്തിലുള്ള പോസ്റ്ററുകളും പരസ്യങ്ങളും കർശനമായ നിയമം മൂലം നിരോധിക്കണം.

5) സ്ത്രീ പീഡനങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

6) പുരുഷന്മാരുടെ മദ്യപാനാസക്തി പല കുടുംബ പ്രശ്നങ്ങൾക്കും കാരണമാകുന്നു.

7) ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ഇടത്തരം സ്ത്രീകൾക്കും താഴ്ന്ന വരുമാനക്കാർക്കും ലഭിച്ചു കൊണ്ടിരിക്കുന്ന ആരോഗ്യ പരിപാലനം വളരെ മോശമാണ്. മെച്ചപ്പെട്ട സേവനം ലഭ്യമാക്കണം.

8) സ്ത്രീകളെ സമ്പത്ത് ഉല്പാദനവുമായി ബന്ധപ്പെടുത്തണം. സേവന മേഖലകൾ, ഭക്ഷ്യ ഉല്പാദനം, പച്ചക്കറി, ക്ഷീരോല്പാദനം, ഭക്ഷ്യ സംസ്ക്കരണം, വിതരണം എന്നീ മേഖലകളിൽ സ്ത്രീകൾക്ക് പ്രാമുഖ്യം ഉണ്ടായിരിക്കണം. ഈ മേഖലകളിൽ ആവശ്യമായ പരിശീലനം അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു.

9) സ്ത്രീകളുടെ ആരോഗ്യം സമൂഹത്തിന്റെ ആരോഗ്യമാണ്. ഇത് നിലനിർത്താൻ അവരുടെ അദ്ധ്വാന ഭാരം കുറയേണ്ടിയിരിക്കുന്നു. വീട്ടു കാര്യങ്ങളിൽ സ്ത്രീകളോടൊപ്പം പുരുഷന്മാരും സഹകരിക്കുകയും അതിനാവശ്യമായ ബോധവൽക്കരണം നടത്തുകയും വേണം. എല്ലാ വാർഡുകളിലും പ്രൈമറി ഹെൽത്ത് സെന്ററിന്റെ സബ് സെന്ററുകൾ സ്ഥാപിക്കുകയും സ്ത്രീകളുടെയും കുട്ടികളുടെയും ചികിത്സാ വിദഗ്ധർ ഉണ്ടായിരിക്കുകയും വേണം. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ പൊതു സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ഉണ്ടാകേണ്ടതാണ്.

10) തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് തുല്യ പങ്കാളിത്തം ലഭിക്കേണ്ടതാണ്. ഇതിനാവശ്യമായ നിയമ നിർമ്മാണ നടപടികൾ ആരംഭിക്കേണ്ടതാണ്.

11) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബിനികൾക്കും വിധവകൾക്കും ആവശ്യമായ സാമ്പത്തിക സഹായവും തൊഴിൽ സാധ്യതകളും ഉറപ്പാക്കേണ്ടതാണ്.

12) സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ അടിയന്തിരമായി ഉണ്ടാകണം.

13) സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗനവാടികൾക്ക് പഞ്ചായത്തു പുറംപോക്കു ഭൂമികൾ നൽകിയാൽ സാമൂഹ്യ ക്ഷേമവകുപ്പിൽ നിന്നും കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി അവയെ പ്രീ പ്രൈമറി വിദ്യാലയങ്ങളായി ഉയർത്താവുന്നതാണ്. അംഗനവാടി ജീവനക്കാർക്ക് ഇപ്പോൾ നൽകുന്ന വേതനം വളരെ തുച്ഛമാണ്. ഇത് മാറ്റി ജീവിക്കാൻ അർഹമായ വേതനം നൽകേണ്ടതാണ്.

14) ക്ഷീരവികസനം, കരകൗശലം, കേറ്ററിംഗ്, തയ്യൽ, പരമ്പരാഗത കുടിൽ വ്യവസായങ്ങൾ, ചിപ്സ്, അച്ചാർ, കറിപൗഡറുകൾ, മെഴുകുതിരി ഉല്പാദനം മുതലായവയ്ക്ക് വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കേണ്ടതാണ്.

15) മഹിളാ സമാജങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് അവയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും അഭ്യസ്തവിദ്യരായ സ്ത്രീകളെ കൂടുതലായി പ്രവർത്തന മണ്ഡലത്തിൽ കൊണ്ടുവരികയും ചെയ്യേണ്ടതാണ്. ഇവയുടെ പ്രവർത്തനത്തിനാവശ്യമായ നിർദ്ദേശങ്ങളും സാമ്പത്തിക സഹായ സഹകരണങ്ങളും ലഭിക്കേണ്ടതാണ്.

16) ദുർബല വിഭാഗങ്ങൾക്കായി നിയമ സഹായ സമിതികൾ രൂപീകരിക്കണം.

17) സ്ത്രീകൾക്കായി നേതൃത്വ പരിശീലന ക്ലാസ്സുകൾ നടത്തണം.

18) എല്ലാ വികസന സ്കീമുകളിലും സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് ബോധപൂർവ്വമായ പരിശ്രമം നടത്തണം

19) വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തണം.

20) പരുമല 8-ാം വാർഡിൽ കസ്തൂർബാ മഹിളാ സമാജത്തിന്റെ വകയായി സാമൂഹ്യ ക്ഷേമ വകുപ്പിന്റെ ഉടമസ്ഥതയിൽ 5 സെന്റു സ്ഥലമുണ്ട്. അതു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണം.

# 5-10

# പട്ടികജ്ജാതി പട്ടിക വർഗ്ഗ ക്ഷേമം

കടപ്ര ഗ്രാമ പഞ്ചായത്ത് പട്ടികജാതി/പട്ടിക വർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 12.38% പട്ടികജാതിക്കാരാണ്. ഇവിടെ പട്ടിക വർഗ്ഗക്കാർ ഇല്ല. ആകെ അംഗീകൃത കോളനികൾ 43 ഉം അംഗീകാരത്തിന് അപേക്ഷിച്ചിട്ടുള്ള കോളനികൾ 7 ഉം ഉണ്ട്. പട്ടിക ജാതി കുടുംബങ്ങളിലെ ആകെ ജനസംഖ്യ 2735 ആണ്.

ഇവർക്ക് വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട് എങ്കിലും സാമ്പത്തിക രംഗത്ത് പറയത്തക്ക പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വളരെക്കാലമായി ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ച ഭൂമി ലഭ്യതയും, സാമൂഹ്യ പുരോഗതി കൈവരിക്കാൻ ഒരു പരിധി വരെ സഹായിച്ചിട്ടുണ്ട്. എങ്കിലും ഇന്നും ചില ഊരാക്കുടുക്കുകൾ ഈ പുരോഗതിക്ക് തടസ്സമായി നിലനില്ക്കുന്നുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ച നീചത്വങ്ങളിൽ നിന്നും ഒരു പരിധി വരെ മോചനം നേടാൻ കഴിഞ്ഞെങ്കിലും പൂർണ്ണമായ മോചനം ഇനിയും നേടിയിട്ടില്ല. എല്ലാ വിഭാഗക്കാരുടേയും എല്ലാവിധ ചടങ്ങുകളിലും പങ്കെടുപ്പിക്കുമെങ്കിലും ചില ചില വേദികളിൽ വേണ്ടത്ര പരിഗണന ഇന്നും ലഭിക്കുന്നില്ല.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കായി സർക്കാർ നടപ്പാക്കി വരുന്ന പല പദ്ധതികളെക്കുറിച്ചും ആവശ്യമായത്ര അറിവ് ഇക്കൂട്ടർക്ക് ഇല്ലാത്തതു കൊണ്ടും, ചില ഡിപ്പാർട്ടുമെന്റുകളിലെ ജീവനക്കാരുടെ നിസ്സഹകരണം, ആ പദ്ധതിക്കുള്ള നിബന്ധനകളുടെ കാഠിന്യം എന്നിവ കൊണ്ടും ആ ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. എന്നാൽ സർക്കാർ നല്കുന്ന പല ആനുകൂല്യങ്ങളും പ്രയോജനപ്പെടുത്താൻ കഴിയുന്നതുകൊണ്ട് ഭാഗികമായ നേട്ടങ്ങൾ ഉണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്.

1986-ൽ അംഗീകാരം കിട്ടിയതും 10 വീടുകളും 40-ൽ പരം അംഗങ്ങളും ഉള്ള വളഞ്ഞവട്ടം ഈസ്റ്റ് ഹരിജൻ കോളനി പഞ്ചായത്തിന്റെ 4-ാം വാർഡിൽ ഉണ്ട്. ഗവൺമെന്റിന്റെ സഹായത്താൽ 10 വീടുകൾ വച്ചു എന്നല്ലാതെ, വഴി, വെള്ളം, വെളിച്ചം എന്നിവ 10 വർഷമായിട്ടും ഈ കോളനിയിൽ എത്തിയിട്ടില്ല. ഇതു പോലെ പരിഹരിക്കപ്പെടാത്ത പല പ്രശ്നങ്ങളും ഉള്ള നിരവധി കോളനികൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള കോളനികൾ അംഗീകരിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## വിദ്യാഭ്യാസം

ഇന്നത്തെ വിദ്യാഭ്യാസ സൗകര്യത്തിന്റെയും സാക്ഷരതയുടെയും ഫലമായി പഞ്ചായത്തിൽ നിരക്ഷരർ വളരെ കുറവാണ്. എന്നാൽ വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പത്താം സ്റ്റാൻഡേർഡിന് ശേഷം തുടർന്നു പഠിക്കാൻ പലരും താത്പര്യം കാണിക്കുന്നില്ല. കൂടാ

തെ കുടുംബ ഭാരം ഏറ്റെടുത്ത് പലരും പഠിത്തം നിർത്തേണ്ടി വന്നിട്ടുണ്ട്. അതുപോലെ ചില രക്ഷാകർത്താക്കളും പത്താം സ്റ്റാൻഡേർഡിനു ശേഷം കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ഇതിനെല്ലാം മുഖ്യ കാരണം സാമ്പത്തികമാണ്. ബോധ വൽക്കരണത്തിന്റെ കുറവും ഇതിന് കാരണമാണ്. പത്താം സ്റ്റാൻഡേർഡിൽ പരാജിതരാകുന്ന വിദ്യാർത്ഥികൾ തുടർന്നു പഠിക്കാൻ തയ്യാറാകുന്നില്ല. കാരണം പിന്നോക്കം നിൽക്കുന്ന വിഷയങ്ങൾക്ക് പ്രാരംഭം മുതൽ വേണ്ടത്ര പ്രോത്സാഹനം ലഭിക്കാനുള്ള സാധ്യതക്കുറവാണ്. പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളെ കണ്ടു പിടിച്ച് പ്രാരംഭം മുതൽ ആവശ്യമായ പ്രോത്സാഹനം നല്കാനുള്ള പദ്ധതികൾ ഉണ്ടാകണം.

## തൊഴിൽ

ഈ പഞ്ചായത്തിലെ ഭൂരിഭാഗം പട്ടിക ജാതിക്കാരും കാർഷിക രംഗത്ത് പണിയെടുത്ത് ഉപജീവനം കഴിച്ചു വരുന്നവരാണ്. എന്നാൽ ഈ അടുത്ത കാലത്ത് കൃഷി ഭൂമി നികത്തി വീടു വയ്ക്കുക, കുഴിച്ച് മണ്ണെടുക്കുക, തെങ്ങ്, റബ്ബർ തുടങ്ങിയ നാണ്യവിളകൾ വച്ചു പിടിപ്പിക്കുക, തുടങ്ങിയവ മൂലം ഈ വിഭാഗക്കാർക്ക് തൊഴിൽ ഇല്ലാതുകുകയും ജീവിക്കാൻ വേണ്ടി ദൂരെ സ്ഥലങ്ങളെ അഭയം പ്രാപിക്കേണ്ട ഗതികേടിൽ എത്തി നില്ക്കുകയുമാണ്. ആരോഗ്യമുള്ള ഒരു ചെറിയ വിഭാഗം ആളുകൾ മാത്രമാണ് നിർമ്മാണ രംഗത്ത് എത്തിയിട്ടുള്ളത്. കൃഷി കുറയുന്നതിന് മുഖ്യ കാരണമായി പറയുന്ന ഒരു കാരണം ആളുകളെ കിട്ടാനില്ല എന്നതാണ്. എന്നാൽ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പല സ്ഥലങ്ങളിലും ചില പ്രത്യേക ആളുകളെ മാത്രം തെരഞ്ഞു പിടിച്ച് ജോലിക്കു വിളിക്കുന്ന ഒരു പതിവുണ്ട്. ആ സമയത്തും പറയുന്നത് ആളില്ല എന്നാണ്. എന്നാൽ അപ്പോൾ ആ പ്രദേശത്തു തന്നെയുള്ള 50% ആളുകൾ ജോലിയില്ലാതെ വീട്ടിൽ കുത്തിയിരിക്കുകയായിരിക്കും. ഇതിന് മുഖ്യ കാരണം രാഷ്ട്രീയ വൈരം മാത്രമാണ്.

ഭക്ഷ്യ ധാന്യ ഉൽപ്പാദന വർദ്ധനവിന്റെ ആവശ്യകതയും തൊഴിലും കണക്കിലെടുത്ത് ഈ മേഖലയിൽ കൂടുതൽ തൊഴിലാളികളെ ആകർഷിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. കാർഷിക രംഗത്തെ കൂലി വേലയെ മാത്രം ആശ്രയിച്ച് ജീവിച്ചു വരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പു വരുത്തുകയും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും വേണം.

## പാർപ്പിടം

പാർപ്പിട പ്രശ്നം പരിഹരിക്കാൻ, സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ ഒരു പരിധി വരെ സഹായകമായിട്ടുണ്ട്. മിക്ക ഹരിജൻ കോളനികളിലും സൗകര്യങ്ങൾ പരിമിതമെങ്കിലും ഭൂരിഭാഗത്തിനും ചെറ്റക്കുടിലിൽ നിന്നും മോചനം ലഭ്യമായിട്ടുണ്ട്. എന്നാൽ ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ല. ആയതിനാൽ വിവിധ ഏജൻസികളിൽ നിന്നും വായ്പയെടുത്ത് പലരും വലിയ കടക്കെണിയിൽ പെട്ടിട്ടുണ്ട്. ഭൂമിയുടെ രേഖകൾ ഓഫീസുകളിൽ പെട്ടു പോയതിനാൽ മറ്റ് ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്ന അവസ്ഥയാണ് പലർക്കും ഇന്നുള്ളത്. ഭവന നിർമ്മാണത്തിന് അനുവദിച്ചിരുന്ന തുകയുടെ അപര്യാപ്തതമൂലം പല വീടുകളും പൂർത്തീകരിക്കപ്പെടാതെ കിടക്കുകയാണ്. വീടു വയ്ക്കാൻ സ്ഥലവും വേണ്ടത്ര സാമ്പത്തിക സഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചെങ്കിൽ മാത്രമേ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. മൂന്നു കുടുംബങ്ങൾ വരെ ഒരേ വീട്ടിൽ താമസിക്കുന്ന 30-ൽ പരം വീടുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇവർക്കും വീടു വയ്ക്കാൻ ആവശ്യമായ സഹായം ചെയ്യേണ്ടതാണ്. പല കോളനികളിലും കക്കൂസ് നിലവിലില്ല. ഒരു വീടിന് ഒരു കക്കൂസ് എന്നത് നിർബ്ബന്ധമായും അനുവദിക്കേണ്ടതാണ്. പല ലക്ഷംവീട്, സെറ്റിൽമെന്റ് കോളനികളിലും ഓരോ പൊതു കക്കൂസാണ് അനുവദിച്ചിട്ടുള്ളത്. ഇത് പല വിധ പ്രയാസങ്ങൾക്കും വഴി തെളിക്കുന്നതാണ്. വിശദവിവരങ്ങൾ II-ാം പട്ടികയിൽ ചേർത്തിരിക്കുന്നു.

## പ്രശ്നങ്ങൾ

- ☐ വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല.
- ☐ കോളനികളിൽ നിരക്ഷരതയുണ്ട്
- ☐ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നുണ്ട്
- ☐ കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നതിനാൽ പട്ടിക ജാതിക്കാരുടെ ജീവിതം കൂടുതൽ പ്രതിസന്ധിയിലാകുന്നു.
- ☐ പലർക്കും സ്വന്തമായി വീടില്ല. വീടു വയ്ക്കാൻ സ്ഥലമില്ല. വീടു നിർമ്മാണത്തിന് പര്യാപ്തമാം

വിധം സഹായ ധനം ലഭിക്കാതിരുന്നതിനാൽ അനുവദിക്കുന്ന പണം കൊണ്ട് പണി പൂർത്തിയാക്കാൻ കഴിയുന്നില്ല. ഇതോടൊപ്പമുള്ള പ്രാഥമിക സൗകര്യങ്ങൾ ഒട്ടുമില്ല.

- ☐ കുടിവെള്ളം ലഭ്യത വളരെ കുറവാണ്
- ☐ വൈദ്യുതി പലയിടങ്ങളിലും എത്തിയിട്ടില്ല
- ☐ നാലു സെന്റ്, ലക്ഷം വീട്, കോളനികൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് പൊതു ശ്മാശനമില്ല
- ☐ കൈവശ ഭൂമിക്ക് ഇനിയും പട്ടയം ലഭിച്ചിട്ടില്ല
- ☐ ആരോഗ്യ സംരക്ഷണം അപര്യാപ്തം
- ☐ നിർധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സ, പെൺമക്കളുടെ വിവാഹം എന്നിവയ്ക്ക് ആവശ്യമായ ധനസഹായം യഥാസമയത്ത് ലഭിക്കുന്നില്ല.
- ☐ അർഹരായവർക്ക് പലർക്കും, വിധവാ, വികലാംഗ്ഗ വാർധക്യ, കർഷക തൊഴിലാളി, പെൻഷനുകൾ ലഭിക്കുന്നില്ല
- ☐ ഐ. ആർ. ഡി. പി. തുടങ്ങിയ പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് പൂർണ്ണമായി ലഭിക്കുന്നില്ല
- ☐ പട്ടിക ജാതി വികസന വകുപ്പും, കോർപ്പറേഷനും അഭ്യസ്ത വിദ്യർക്കു നല്കുന്ന വായ്പകളും സഹായ ധനവും ലക്ഷ്യം നേടാൻ പര്യാപ്തമല്ല.
- ☐ പട്ടിക ജാതി / പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് ആവശ്യമായ ബോധവൽക്കരണ പദ്ധതി നടപ്പിലാക്കിയാൽ മാത്രമേ ഗുണഭോക്താവിന് അർഹമായ പ്രയോജനം ലഭിക്കുകയുള്ളൂ.
- ☐ കടക്കെണിയിൽ നിന്നും കരകയറാൻ ആവശ്യമായ പദ്ധതി ഉണ്ടാവണം

## സാധ്യതകൾ

- ■ പഞ്ചായത്തിലെ ഭൂരിപക്ഷം പട്ടികജാതി കുടുംബങ്ങളിൽ, വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കാൻ പഞ്ചായത്ത്, ബ്ലോക്ക് എന്നീ ഏജൻസികൾ നല്കപ്പെട്ടിരുന്ന കിണറുകളും മറ്റു സംവിധാനങ്ങളും വീണ് പൊളിഞ്ഞ് ഉപയോഗ ശൂന്യമായിരിക്കുന്നതിനാൽ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.
- ■ വിവിധ കോളനികളിലെ റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവയുടെ സ്ഥിതി വിവരക്കണക്കുകൾ 4-ാം പട്ടികയിൽ (മുകളിൽ) ചേർത്തിരിക്കുന്നു.
- ■ 1, 2, 3, 4 വാർഡുകൾക്ക് പ്രയോജനപ്പെടത്തക്ക വിധം, നാലാം വാർഡിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സെന്ററിന്റെ ശാഖ രോഗികളെ കിടത്തി ചികിത്സിപ്പിക്കാൻ തക്കവണ്ണം ഒരു ആശുപത്രിയാക്കി ഉയർത്തേണ്ടതാണ്.
- ■ കടപ്രയുടെ 8-ാം വാർഡിൽ നാക്കട ഭാഗത്തും 10-ാം വാർഡിൽ കോയിച്ചിറക്കോളനിയുടെ ഭാഗത്തും ചികിത്സാ സൗകര്യങ്ങൾ സ്ഥാപിക്കേണ്ടതാണ്.
- ■ കടപ്ര 8-ാം വാർഡിലുള്ള പൊതു ശ്മശാനണലേക്ക് റോഡു നിർമ്മിക്കണം. മൃതദേഹം സംസ്കരിക്കാൻ പറ്റിയ വിധം ശ്മശാനം സജ്ജമാക്കുകയാണെങ്കിൽ പരുമലയിലെ മുഴുവൻ നാലു സെന്റ്, ലക്ഷം വീട്, ഹരിജൻ കോളനി നിവാസികൾക്കും അല്ലാതുള്ള പട്ടിക ജാതിക്കാർക്കും സഹായകമാണ്.
- ■ ക്ഷേമ പദ്ധതികൾ, അർഹതപ്പെട്ടവർക്ക് കൃത്യ സമയത്ത് ലഭ്യമാകുന്നതിന് സഹായകമായ രീതിയിൽ നിബന്ധനകളിലും മാനദണ്ഡങ്ങളിലും മാറ്റങ്ങൾ അടിയന്തിരമായി ഉണ്ടാകണം. എങ്കിൽ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയൂ. ഈ പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേന നടത്തുകയാണെങ്കിൽ കൂടുതൽ ഫലപ്രദമായിരിക്കും.
- ■ അടിയന്തരമായി ശ്രദ്ധ പതയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.
- ■ കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
- ■ കുട്ട, പായ്, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

| വാർഡ് നമ്പർ | ക്രമ നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | ആകെ അംഗങ്ങൾ |
|---|---|---|---|---|
| I | 1. | പൊന്മായിൽ | 10 | 50 |
| | 2. | ചുങ്കത്തു മാലിൽ | 14 | 89 |
| | 3. | അമ്പ്രയിൽ | 3 | 15 |
| | 4. | മുട്ടത്തുചിറ | 4 | 26 |
| 2 | 1 | ചാൽക്കര | 10 | 50 |
| | 2 | കോട്ടച്ചാൽ | 5 | 24 |
| | 3 | വേലൻ പറമ്പ് | 13 | 60 |
| III | 1 | പട്ടടപ്പറമ്പ് | 7 | 55 |
| | 2 | മാമ്പറ്റക്കോളനി | 6 | 26 |
| | 3 | മംഗലശ്ശേരി | 3 | 12 |
| | 4 | മങ്ങാടന്തറ | 4 | 21 |
| IV | 1 | വളഞ്ഞവട്ടം ഈസ്റ്റ് | 10 | 47 |
| V | 1 | കൊല്ലംപറമ്പ് | 5 | 24 |
| | 2 | പെരുമ്പെട്ടി | 4 | 24 |
| VI | 1 | വള്ളക്കാലി തോപ്പിൽ | 2 | 14 |
| | 2 | കോട്ടയ്ക്കൽ മാലി | 14 | 48 |
| | 3 | ചാമക്കാലായിൽ | 2 | 16 |
| VII | 1 | മലയിൽ തോപ്പിൽ | 13 | 67 |
| | 2 | നടുവിലെ തോപ്പിൽ | 9 | 39 |
| | 3 | തിക്കപ്പുഴ | 17 | 76 |
| | 4 | മരങ്ങാട്ടു പറമ്പ് | 15 | 60 |
| VIII | 1 | വാലേത്ത് | 2 | 11 |
| | 2 | താഴാത്തറ | 13 | 49 |
| | 3 | പുന്നശ്ശേരിൽ | 11 | 55 |
| IX | 1 | വല്യകൊട്ടിക്കൽ | 13 | 53 |
| | 2 | പയ്യമ്പള്ളിൽ | 11 | 55 |
| X | 1 | കൊറ്റങ്കുഴി | 23 | 114 |
| | 2 | കോയിച്ചിറ | 12 | 51 |
| | | ആകെ കോളനികൾ | 49 | |

| ക്രമനമ്പർ | | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ള വീടിന്റെ എണ്ണം | കക്കൂസ് | | ആവശ്യമുള്ള കക്കൂസിന്റെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓല | ഓട് | | ആവശ്യമുള്ളവർ | ഇല്ലാത്തവർ | |
| 1. | | പൊന്മായിൽ | - | -10 | 1 | 9 | 9 | | |
| 2. | | ചുങ്കത്തുമാലി | - | 7 | 8 | - | 4 | - | 4 |
| 3. | | അമ്പ്രയിൽ | - | - | 1 | 3 | - | - | - |
| 4. | | മുട്ടത്തുചിറ | - | - | 4 | 3 | - | - | - |
| 5. | | ചാൽക്കര | - | - | 9 | - | 13 | - | 13 |
| 6. | | കോട്ടച്ചാൽ | - | 4 | 1 | 4 | 4 | - | 4 |
| 7. | | വേലൻപറമ്പ് | - | 2 | 11 | 2 | 2 | - | 2 |
| 8. | | പട്ടടപ്പറമ്പ് | - | - | 7 | 3 | 2 | - | 2 |
| 9. | | മാമ്പാറ | - | - | 6 | 2 | - | - | - |
| 10. | | മംഗലശ്ശേരി | - | - | 3 | - | - | - | - |
| 11. | | മങ്ങാടന്തറ | - | - | - | - | 2 | - | 2 |
| 12. | | വളഞ്ഞവട്ടം ഈസ്റ്റ് | - | - | - | 1 | 2 | - | 2 |
| 13. | | കൊല്ലംപറമ്പ് | - | 3 | 2 | 2 | 2 | - | 2 |
| 14. | | പെരുമ്പെട്ടി | - | - | 4 | - | - | - | - |
| | | | | 16 | 66 | 21 | 40 | - | 40 |
| 15. | VI | വള്ളക്കാലിൽ തോപ്പിൽ | - | - | 2 | 1 | - | - | |
| 16. | VI | കോട്ടയ്ക്കമാലിൽ | - | 10 | 4 | 10 | 14 | 14 | |
| 17. | VI | ചാമക്കാലയിൽ | - | 1 | 1 | 2 | 2 | 2 | |
| 18. | VII | മലയിൽ തോപ്പിൽ | - | 10 | 3 | 10 | 11 | 11 | |
| 19. | VII | നടുവിലെ തോപ്പിൽ | 4 | 5 | 4 | 4 | 4 | | |
| | VII | തിക്കപ്പുഴ | - | 16 | 11 | 6 | 6 | 6 | |
| | VII | മരങ്ങാട്ടു പറമ്പിൽ | - | 6 | 9 | 6 | 6 | 6 | |
| | VIII | വാലേത്ത് കോളനി | - | - | 2 | - | - | - | |
| | VIII | താഴാത്തറ | - | 6 | 7 | 6 | 4 | 4 | |
| | VIII | പുന്നശ്ശേരിൽ | - | 4 | 7 | 4 | 4 | 4 | |
| | IX | വല്യകൊട്ടുക്കൽ | - | -13 | 4 | 4 | 4 | | |
| | IX | പയ്യമ്പള്ളിൽ | - | 5 | 6 | 5 | 5 | 5 | |
| | X | കൊറ്റങ്കുഴി | - | 17 | 6 | 17 | 17 | 17 | |
| | X | കോയിച്ചിറ | - | 2 | 10 | 2 | 2 | 2 | |
| | | ആകെ | | 97 | 152 | 98 | 119 | 109 | |

- പഞ്ചായത്തിലെ പട്ടിക ജാതി പെൺകുട്ടികളെ കൈത്തൊഴിൽ പരിശീലിപ്പിക്കുകയും സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് ആവശ്യമായ പദ്ധതികൾ നടപ്പാക്കുകയും ചെയ്യുക.
- കുടി വെള്ള പ്രശ്നം പരിഹരിക്കുക
- സഹകരണ മേഖലയിൽ സിമിന്റു കട്ട നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക
- അഭ്യസ്ത വിദ്യർക്ക് ഇന്ന് സർക്കാർ, പട്ടിക ജാതി വികസന വകുപ്പ്, വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ നല്കി വരുന്ന വായ്പകളും ധനസഹായവും ഏകോപിപ്പിച്ച് പഞ്ചായത്തു മുഖേന വിതരണം ചെയ്യുക
- പട്ടിക ജാതി സർവ്വീസ് സഹകരണ സംഘങ്ങൾ ഉണ്ടാക്കുക.
- പഞ്ചായത്തിലെ പട്ടിക ജാതി സ്ത്രീകളെ ഉൾപ്പെടുത്തി, കൃഷി ഭൂമി പാട്ട വ്യവസ്ഥയിൽ ഏറ്റെടുത്ത് പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും ഉല്പന്നങ്ങളുടെ വിപണനത്തിനുള്ള സൗകര്യം പഞ്ചായത്ത് ഉണ്ടാക്കുകയും ചെയ്യുക. കോളനിക്ക് കൃഷി ഭവൻ നല്കുന്ന ഉപകരണങ്ങൾ ഉൾപ്പെടെ ഉപയോഗപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
- വീടു നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കയും അതോടൊപ്പം കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായവും അനുവദിക്കയും വീടിന്റെ സൗകര്യം വർദ്ധിപ്പിക്കാൻ ഗുണഭോക്താവിന് അനുവാദം കൊടുക്കയും ചെയ്യുക.
- എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽ നോട്ടത്തിന് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
- കോളനികളിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടാക്കി മാറ്റി ആവശ്യമായ സഹായം ചെയ്യുക
- വീടുകൾ പുതുക്കിപ്പണിയാനും അറ്റകുറ്റപ്പണികൾക്കും ആവശ്യമായ ധനസഹായം നല്കുക.
- പട്ടിക ജാതി വികസന സമിതികൾ വഴി നടപ്പാക്കി വരുന്ന, ഭൂരഹിത, ഭവനരഹിത, പുനരധിവാസപദ്ധതി പഞ്ചായത്ത് നടപ്പിലാക്കി സ്ഥലവും വീടുമില്ലാത്ത കുടുംബങ്ങളെ സഹായിക്കുക.
- കടപ്ര ഒന്നാം വാർഡിലെ അമ്പ്രയിൽ കോളനി, 10-ാം വാർഡ് കോയിച്ചിറ, കൊറ്റങ്കുഴി എന്നീ കോളനികളുടെ പരിസരങ്ങളിൽ വെള്ളം കെട്ടി നിന്ന് ഇന്നുണ്ടാകുന്ന ഉപദ്രവം മാറ്റാൻ മണ്ണിട്ടു നികത്തി കോളനി നിവാസികളെ സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.
- വളഞ്ഞവട്ടം ഈസ്റ്റ് ഹരിജൻ കോളനി 1986-ൽ അംഗീകരിക്കപ്പെട്ടതാണ് 10 വീടുകൾ മാത്രം ഗവൺമെന്റിന്റെ സഹായത്താൽ ഉണ്ടായിട്ടുണ്ട്. അത്യാവശ്യമുള്ള വഴി, വെള്ളം, വെളിച്ചം എന്നിവ ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം
- 1, 2, 3, 4, 5, 9, 10 എന്നീ വാർഡുകൾ ഉൾപ്പെടുത്തി ഒരു പൊതു ശ്മശാനം അടിയന്തിരമായി സ്ഥാപിക്കുക.
- 3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾക്ക് രണ്ടോ, മൂന്നോ കോളനികൾക്ക് സംയുക്തമായി ബാലവാടികളും നഴ്സറികളും ഏർപ്പെടുത്തുക
- 5 മുതൽ 10 വരെ സ്റ്റാൻഡേർഡുകളിൽ പ്രീമെട്രിക്ക്, ഹോസ്റ്റലുകൾ സ്ഥാപിക്കുക.
- ബോർഡിംഗ് സ്ക്കൂളുകൾ സ്ഥാപിക്കുക.
- ഏറ്റവും കാര്യക്ഷമമായ രീതിയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം കോളനികളിൽ T.V. സെറ്റുകൾ സ്ഥാപിക്കുക.
- കുടുംബ ബാധ്യത ഏറ്റെടുത്ത് പഠനം നിർത്തേണ്ടി വന്ന കുട്ടികളെ കണ്ടെത്തി അവരുടെ പഠനം തുടരുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
- അഭ്യസ്ത വിദ്യരുടെ സേവനം പട്ടിക ജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ പഞ്ചായത്ത് ശ്രദ്ധിക്കുക.
- പത്താം സ്റ്റാൻഡേർഡ് വരെയും തുടർന്നും

പഠനം നടത്തുന്നതിനുള്ള പ്രോത്സാഹനം നല്കാൻ ആവശ്യമായ പദ്ധതി (സ്കോളർ ഷിപ്പ്) പഞ്ചായത്ത് ആസൂത്രണം ചെയ്യുക. സ്റ്റൈഫന്റുകൾ കൃത്യമായി ലഭിക്കാൻ ആവശ്യമായ സത്വര നടപടിയുണ്ടാകേണ്ടതാണ്.

- റോഡ്
- അമ്പ്രയിൽ കോളനി റോഡ് ഗതാഗത യോഗ്യമാക്കുക.
- ചാൽക്കര കോളനി റോഡ് സഞ്ചാരയോഗ്യമാക്കുക.
- പട്ടടപ്പറമ്പ്, മങ്ങാടന്തറ റോഡ് മണ്ണിട്ടു കിളത്തി സഞ്ചാര യോഗ്യമാക്കുക.
- കടപ്ര 4 വളഞ്ഞവട്ടം ഈസ്റ്റ് ഹരിജൻ കോളനി റോഡ്, (വയലിന്റെ നടുവിലുള്ള താമസം) ഭൂമി പൊന്നും വിലയ്ക്കെടുത്ത്, സർക്കാർ, പഞ്ചായത്ത് എന്നീ ഏജൻസികളുടെ ചുമതലയിൽ ഏറ്റെടുത്ത് സഞ്ചാര യോഗ്യമാക്കുക.
- 6-ാം വാർഡിൽ കോട്ടയ്ക്കമാലി, 7-ാം വാർഡിൽ മരങ്ങാട്ടു പറമ്പിൽ കോളനി, 8-ാം വാർഡിൽ താഴാത്തറ, കല്ലുവാരം എന്നീ കോളനികളിലേക്കുള്ള വഴികൾ സഞ്ചാരയോഗ്യമാക്കുക.
- 9-ാം വാർഡിൽ വല്യകൊട്ടിക്കൽ, പയ്യമ്പള്ളി എന്നീ കോളനികളിലേക്കും, 10-ാം വാർഡിൽ കോയിച്ചിറ കോളനിയിലേക്കും ഉള്ള വഴികൾ സഞ്ചാരയോഗ്യമാക്കുക.

## പൊതു നിർദ്ദേശം

1. കടപ്ര പഞ്ചായത്തിലെ മുഴുവൻ കോളനികളിലെയും ഭൂമി അളന്ന് കല്ലിട്ട് തിരിച്ച് കൊടുക്കുക.
2. കടപ്ര പഞ്ചായത്തിലെ മുഴുവൻ വാർഡുകളും ചേർത്ത്, ഒരു ഹരിജൻ സൊസൈറ്റിയും ഒരു വനിതാ സൊസൈറ്റിയും രൂപീകരിക്കുക.
3. 2, 3, 4, 6, 8 ഈ വാർഡിലെ നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിച്ച് അഭിവൃദ്ധിപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുക. കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുക.

# 5-11

# സഹകരണമേഖല

ഗ്രാമീണ ജനങ്ങളെ കടബാദ്ധ്യതയിൽ നിന്ന് രക്ഷിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള സഹകരണം നിയമത്തിന്റെ അടിസ്ഥാനത്തിൽ മലയാളവർഷം 1096ൽ പരസ്പര സഹായസംഘം നം.186 എന്നപേരിൽ ഒരു സഹകരണ സ്ഥാപനം ഇവിടെ രൂപീകരിക്കപ്പെട്ടിരുന്നു ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘവും ഇതുതന്നെ. സംഘം സ്ഥാപിതമായിട്ട്75 വർഷം ഇപ്പോൾ പിന്നിട്ടിരിക്കുന്നു. സർക്കാർ നിബന്ധനപ്രകാരം ഈ സംഘം കടപ്ര 186-ാം നമ്പർ സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) എന്ന് അൻപതുകളുടെ അന്ത്യപാദത്തിൽ പുനർനാമകരണം ചെയ്യപ്പെട്ടു. മുൻ സംഘത്തിന്റെ ആദ്യകാല പ്രവർത്തകർ ആരും തന്നെ ഇപ്പോൾ ജീവിച്ചിരിപ്പില്ല. കാരിക്കോട്ട് ശ്രീ. കെ.സി കൊച്ചുകുഞ്ഞ് കടവിൽ കെ.ഐ. മത്തായി, വല്യത്ത് വി.എം. പാപ്പി, മൂരിക്കോട്ട് കൃഷ്ണൻനായർ തുടങ്ങിയവർ ആദ്യത്തെ പരസ്പരസഹായസംഘവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്നവരിൽ പ്രമുഖരാണെന്ന് അറിയുന്നു. സർവ്വീസ് സഹകരണസംഘത്തിന്റെ ആദ്യത്തെ ഭരണസമിതി ശ്രീമാന്മാരായ എൻ.എസ്. ഗോപാലപിള്ള (പ്രസിഡന്റ്) എം. വി. നാരായണപിള്ള, പി.എം.ഏബ്രഹാം, ടി.എം. ബഹനാൻ,എന്നിവർ ഉൾപ്പെട്ടതായിരുന്നു.

75 ൽപ്പരം വർഷത്തെ പ്രവർത്തനത്തിനുശേഷവും പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളുടെ ജീവിതത്തിലേക്ക് കടന്നു ചെല്ലാൻ സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലെന്നുള്ളത് ഖേദകരമായ ഒരു വസ്തുതയാണ്. പൊതുവെ സഹകരണ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ വളരെ ദുർബലമാണെന്ന് കാണാം. വിവിധമേഖലകളിലായി വളരെ പരിമിതമായ സംഘങ്ങൾ മാത്രമാണ് ഈ പഞ്ചായത്തിൽ ഉള്ളത്. ആകെ പത്തിൽ താഴെ സംഘങ്ങൾ ഇവിടെ രൂപീകരിച്ച് പ്രവർത്തിച്ചിരുന്നു. എന്നാൽ 1958-ൽ സ്ഥാപിച്ച ഒരു ലേബർ കോൺട്രാക്റ്റ് സംഘം ഏതാനും വർഷത്തെ ശക്തമായ പ്രവർത്തനത്തിനുശേഷം അധികാരികളാൽ നാമാവശേഷമാക്കപ്പെട്ടു. അതുപോലെ പരുമലയിലെ സ്ട്രാബോർഡ് വ്യവസായ സഹകരണസംഘവും, ഒരു വായ്പാ സഹകരണ സംഘവും പ്രവർത്തന രഹിതമാവുകയോ സമാപ്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. കടപ്ര സർവ്വീസ് സഹകരണ സംഘവും പമ്പാറിവർ ഫാക്ടറി ജീവനക്കാരുടെ മാത്രമായ ഒരു കൺസ്യൂമർ സംഘവും ഉൾപ്പെടെ കേവലം ഏഴു സംഘങ്ങളാണ് നിലവിലുള്ളത്. സഹകരണമേഖലയിൽ നമ്മുടെ പഞ്ചായത്തിൽ പ്രത്യക്ഷമായി 24 പേരും പരോക്ഷമായി 250 പേരും (ക്ഷീരോല്പാദകർ ഉൾപ്പെടെ) ജോലി ചെയ്തു വരുന്നു. തിരുവല്ലാ അർബൻ ബാങ്കിന്റെയും കാർഷിക വികസന ബാങ്കിന്റെയും പ്രവർത്തനപരിധിയിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെട്ടിരിക്കുന്നു.

കടപ്ര ഗ്രാമ പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ പട്ടിക ഇനം തിരിച്ച് അന്യത്ര ചേർത്തിട്ടുണ്ട്.

## സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

### 1. കടപ്ര സർവ്വീസ് സഹകരണസംഘം

മുഖ്യമായി കാർഷികവും കാർഷികേതരവു മായ വായ്പകൾ നൽകാനാണ് സർവ്വീസ് സഹകരണ സംഘം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെങ്കിലും മുഴുവൻ കർഷകർക്കും അർഹമായ രീതിയിൽ വായ്പ നൽകുന്നില്ല. മൂന്നു നാലു വർഷങ്ങൾക്കു മുമ്പ് അഞ്ച് ലക്ഷം രൂപാ കാർഷിക വായ്പയായും എഴുപതിനായിരം രൂപാ മറ്റു വായ്പകളായും കൊടുത്തിരുന്നു. അതിനു ശേഷം വായ്പാ വിതരണം നടന്നിട്ടില്ല. മുൻ വായ്പ യഥാസമയം തിരിച്ചടയ്ക്കാത്തതുമൂലം ഉണ്ടായ ഈ പ്രതിസന്ധി സംഘത്തിന്റെ മൊത്തം പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. സംഘത്തിന് ജില്ലാ ബാങ്കിൽ നിന്ന്, വായ്പ കുടിശിഖ മൂലം പുതിയ വായ്പ അനുവദിക്കുന്നില്ല. മറ്റു രീതിയിൽ പണം കണ്ടെത്തി അംഗങ്ങൾക്ക് പുതിയ വായ്പ കൊടുക്കാൻ സംഘത്തിനു കഴിയുന്നില്ല. ജില്ലാ ബാങ്കിന്റെ കാർഷിക വായ്പ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങളും ഒട്ടും സഹായകരമല്ല. പ്രധാനമായി വളം, കീടനാശിനി എന്നിവയുടെ വില്പനയാണുള്ളത്. കൂടാതെ ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നുമുണ്ട്. രണ്ട് സ്ഥിരം ജോലിക്കാരാണുള്ളത്.

വിവിധ വായ്പകൾക്കായി അംഗങ്ങൾ സംഘത്തിൽ വരുന്നുണ്ട്. നേരത്തെ വായ്പ എടുത്തിട്ടുള്ളവർ യഥാസമയം തിരിച്ചടയ്ക്കാതെ കുടിശിഖ വരുത്തിയിരിക്കുകയാണ്. ഈ സ്ഥിതിക്ക് മാറ്റം ഉണ്ടാകണം. അംഗങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ ഫണ്ടിന്റെ അപര്യാപ്തത മൂലം സംഘത്തിന് കഴിയുന്നില്ല. വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുവാനുള്ള ബോധവൽക്കരണം നടത്തുന്നതോടൊപ്പം ജില്ലാ ബാങ്കിന്റെ നയ സമീപനത്തിലും മാറ്റം ആവശ്യമാണ്.

### 2. വനിതാ സഹകരണസംഘം (ക്ലിപ്തം) PT.56.

കുറെ വനിതകൾക്ക് തൊഴിൽ നൽകാൻ ഉദ്ദേശിച്ചുകൊണ്ട് നോട്ടുബുക്ക് നിർമ്മാണവും വിപണനവും ഏറ്റെടുത്തിട്ടുള്ള ഒരു സംഘമാണ്. ഇവിടെ നിർമ്മിക്കുന്ന ബുക്കുകൾ ഗുണമേന്മയുള്ളവയാണെന്ന് പൊതുവെ അഭിപ്രായമുണ്ട്. ആവശ്യത്തിനുള്ള യന്ത്ര സാമഗ്രികളും തൊഴിൽ വൈദഗ്ദ്ധ്യവും ഇവിടെ ഉണ്ട്. വർഷത്തിൽ ഉദ്ദേശം മൂന്നു മാസക്കാലം പ്രവർത്തന രഹിതമാണ്. സ്കൂൾ തുറക്കുന്നതിനടുത്തുള്ള മാസങ്ങളിൽ പ്രവർത്തനം വളരെ സജീവമാണ്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത മൂലം നിർമ്മാണത്തിനാവശ്യമായ കടലാസ് തുടങ്ങിയ സാധനങ്ങൾ മുൻകൂട്ടി മൊത്തമായി വാങ്ങി സ്റ്റോക്കു ചെയ്തു ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. പലപ്പോഴും ആവശ്യമുള്ള സാധനങ്ങൾ ചില്ലറയായി ലോക്കൽ മാർക്കറ്റിൽ നിന്ന് വാങ്ങേണ്ടി വരുന്നു. ഇത് നിർമ്മാണച്ചെലവ് വർദ്ധിപ്പിക്കുന്നുണ്ട്. ബുക്കുകച്ചവടക്കാരിൽ നിന്ന് അഡ്വാൻസ് വാങ്ങി സാധനങ്ങൾ ഉണ്ടാക്കി കൊടുക്കാറുണ്ട്. മാർക്കറ്റ് വിലയിൽ കുറച്ചുകൊടുക്കാൻ ഇതുമൂലം നിർബന്ധിതമാകാറുണ്ട്. ആവശ്യമായ പ്രവർത്തന മൂലധനം കണ്ടെത്താൻ കഴിഞ്ഞാൽ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാവുന്നതാണ്.

ഇപ്പോൾ ഒൻപത് സ്ത്രീകൾക്ക് ജോലി നൽകുന്നുണ്ട്. സീസൺ സമയത്ത് അധികമായി നാല് പേരു കൂടി പണിക്കുണ്ട്. ശരാശരി 600 രൂപയാണ് പ്രതിമാസ വേതനം.

### 3. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ

ഇവ മൂന്നു യൂണിറ്റുകളാണുള്ളത്. പരുമല, കടപ്ര സംഘങ്ങൾ പ്രായേണ കൂടുതൽ പാൽ സംഭരിക്കുന്നുണ്ട്. തേവേരി ഭാഗത്തുള്ള സംഘം സെപ്റ്റം. 96 ൽ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവിടെ ദിനം പ്രതി ലഭിക്കുന്ന പാൽ 110 ലിറ്ററാണ്. പരുമലയിൽ 400, കടപ്രയിൽ 225 ലിറ്റർ പാൽ വീതമാണ് കിട്ടുന്നത്.

മൂന്നു സംഘങ്ങൾക്കും പ്രവർത്തന പരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിലും അതിന് പുറത്തുള്ളവരും പാൽ ഈ സംഘങ്ങളിൽ എത്തിക്കുന്നുണ്ട്. പരുമല സംഘം മൂന്നു വാർഡുകൾക്ക് പ്രയോജനപ്രദമാണ്. വളഞ്ഞവട്ടം വാർഡുകളിൽ നിന്ന് കടപ്ര സംഘത്തിൽ പാൽ എത്തിക്കുന്നുണ്ട്. പരുമലയിൽ 3 പേർ, കടപ്രയിൽ 3 പേർ, തേവേരിയിൽ 2 പേർ എന്ന രീതിയിൽ ജീവനക്കാർ ഉണ്ട്. വേതന നിരക്ക് ഏറെകുറെ തുല്യമാണ്.

## നടപ്പിലാക്കേണ്ട പദ്ധതികൾ

1. സർവ്വീസ് സഹകരണസംഘം

(a) ഇപ്പോൾ ജില്ലാ ബാങ്കിന്റെ വായ്പകൾ മാത്രം ഉപയോഗിച്ച് ലോൺ നൽകുന്ന രീതിക്ക് മാറ്റം വരണം. വായ്പ കുടിശിഖ പരിഹരിച്ച് ബാങ്കിൽ നിന്ന് ആവശ്യാനുസരണം ലോൺ കിട്ടുന്നതിനുള്ള സാഹചര്യവും ഉണ്ടാകണം.

(b) സംഘത്തിന് സ്വന്തമായി ഇപ്പോൾ ഫണ്ട് ഇല്ലെന്നുള്ളത് വലിയ ന്യൂനതയാണ്. സ്വന്തം ഫണ്ട് വിപുലീകരിച്ച് ലാഭകരമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. അതിന് നിക്ഷേപം സ്വീകരിക്കണം. ആകർഷകമായ പലിശ നിരക്ക് കൊടുക്കുകയും വേണം. മറ്റു ബാങ്കുകളിൽ നിക്ഷേപിക്കുന്നതു പോലെ പണത്തിന് ഉറപ്പും ആദായവും ഇവിടെയും ലഭിക്കുമെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുകയും വിശ്വാസം ഉണ്ടാവുകയും വേണം. അതിന് ഭരണസമിതി കൂടുതൽ കർമ്മനിരതമാകണം.

(c) കാർഷികോല്പന്നങ്ങൾ പ്രത്യേകിച്ച് നെല്ല്, നാളികേരം എന്നിവയുടെ സംഭരണവും വിപണനവും ഏറ്റെടുത്ത് നടത്താവുന്നതാണ്. കാർഷികോല്പന്നങ്ങളുടെ വിലയിടിവിൽ നിന്ന് കർഷകർക്ക് ഇത് ഒരു പരിധി വരെ സംരക്ഷണം നൽകും.

(d) ഗോൾഡ് ലോൺ, ചിട്ടി മുതലായ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

ഇവയ്ക്കെല്ലാം കൂടുതൽ നിക്ഷേപം ആവശ്യമാണ്. സ്ഥിര നിക്ഷേപവും മറ്റ് ബാങ്കിംഗ് പ്രവർത്തനവും സംഘത്തിന് ഉണ്ടാകണം. അതിനാവശ്യമായ കാര്യങ്ങൾ ചെയ്താൽ സംഘത്തെ ശക്തമാക്കാനും ഗ്രാമീണ ജീവിതത്തിൽ നിർണ്ണായകമായ സ്വാധീനം നേടിയെടുക്കാനും കഴിയുന്നതാണ്.

ഇപ്പോൾ സംഘത്തിന് സ്വന്തമായി 10 1/2 സെന്റ് സ്ഥലവും ആഫീസ് കെട്ടിടവും ഉണ്ട്.

2. വനിതാ സഹകരണസംഘം

ബുക്കു നിർമ്മാണം ഇല്ലാത്ത സമയങ്ങളിൽ അക്കൗണ്ട് ബുക്ക്, കവർ നിർമ്മാണം എന്നിവ കരാർ അടിസ്ഥാനത്തിലെങ്കിലും ചെയ്യണം. മുഴുവൻ സമയവും എല്ലാ ജോലിക്കാർക്കും തൊഴിൽ നൽകുന്നതിന് ഇത് ഉപകരിക്കും. പ്രവർത്തന മൂലധനം സ്വരൂപിക്കാൻ സംഘം ഭരണസമിതി കൂട്ടായി പരിശ്രമിക്കണം. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള സഹായം പൂർണ്ണമായി പ്രയോജനപ്പെടുത്തണം. മാർക്കറ്റിംഗ് ഫെഡറേഷനുമായി ബന്ധപ്പെട്ട് അവർക്ക് കരാർ വ്യവസ്ഥയിൽ ബുക്ക് നിർമ്മിച്ചു നൽകുന്നതിനുള്ള സാദ്ധ്യത ആരായണം. അവരുടെ ഓഡർ ലഭിക്കുമെങ്കിൽ പേപ്പർ അവർ തന്നെ ആവശ്യാനുസരണം നൽകും.

ഇപ്പോഴത്തെ പ്രവർത്തനത്തോടൊപ്പം ഒരു പ്രസ്സ്, ഗാർമെന്റ് മേക്കിംഗ്, കറി പൗഡർ നിർമ്മാണം എന്നിവയും പരീക്ഷിച്ച് നോക്കാവുന്നതാണ്. ഇവിടെയും പ്രവർത്തന മൂലധനമാണ് പ്രശ്നം. കൂടുതൽ സ്ത്രീകൾക്ക് തൊഴിൽ നൽകുവാൻ ഇത് സഹായിക്കും.

സ്വന്തമായി കെട്ടിടം ഇല്ല. വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടകലഭിക്കത്തക്കവിധം സ്വന്തം സ്ഥലം വാങ്ങി ആഫീസും പണി കഴിപ്പിക്കണം. അതിനാവശ്യമായ ഫണ്ട് കണ്ടെത്തുവാൻ വിഷമമില്ല. പല സർക്കാർ ഏജൻസികളും അതിന് പണം അനുവദിക്കുന്നതായി അറിവുണ്ട്.

ഈ വക കാര്യങ്ങൾ ചെയ്താൽ ഈ വനിതാ സംഘം കൂടുതൽ ശക്തമാവുകയും കൂടുതൽ വനിതകൾക്ക് തൊഴിൽ നേടാൻ സഹായകമാവുകയും ചെയ്യും.

3. ക്ഷീരോല്പാദക സംഘങ്ങൾ

മിക്കവാറും എല്ലാ വാർഡുകളിലും ക്ഷീരസംഘങ്ങൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടുതൽ ക്ഷീര കർഷകർ ഈ രംഗത്ത് വരാത്ത സാഹചര്യത്തിൽ പുതിയ സംഘങ്ങൾ ഉണ്ടാകുന്നത്, നിലവിലുള്ള സംഘങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. പുതിയ കർഷകർ വിഭജിക്കപ്പെടുകയും സംഘങ്ങൾ ദുർബലമാവുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകുന്നു. മൊത്തം ശേഖരിക്കപ്പെടുന്ന പാലിന്റെ അളവിൽ ഗണ്യമായ വർദ്ധനവ് അനുഭവപ്പെടുകയില്ല.

ഉല്പാദനക്ഷമത കൂടുതലുള്ള പശുക്കളെ വിതരണം ചെയ്യണം. ബീജസങ്കലന കേന്ദ്രങ്ങൾ വർദ്ധിപ്പിക്കണം. കാലിത്തീറ്റ ന്യായമായ വിലയ്ക്ക് ക്ഷീര കർഷകർക്ക് എത്തിക്കുവാൻ സംവിധാനം വേണം. തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും ഉദാരമായ രീതിയിൽ നൽകണം.

പാലിന്റെ സംഭരണ വിലയിൽ വർദ്ധനവ് പ്രധാനപ്പെട്ട ഒരാവശ്യമാണ്. ഇപ്പോൾ ഫാറ്റിന്റെ അളവനു

സരിച്ച് ശരാശരി ഒരു ലിറ്റർ പാലിന് Rs.7.93 ആണ് കർഷകർക്ക് നൽകുന്നത്. അതേ സമയം മിൽമ വിൽക്കുന്നത് 11 രൂപയ്ക്കാണ്. ഈ അന്തരം നീതികരിക്കത്തക്കതല്ല.

ഒരു ലിറ്റർ പാലിന്റെ വിലയിൽ ഉള്ള 3 രൂ 14 സയുടെ ഈ വ്യത്യാസം ഉല്പാദകരെ ദ്രോഹിക്കുന്നതാണ്.

വിശദമായ സർവ്വേയ്ക്കുശേഷം പുതിയ സംഘങ്ങളുടെ രൂപീകരണം ആലോചിക്കുന്നതാണ് ഉത്തമം. ഇപ്പോഴത്തെ സംഘങ്ങളിൽ ലഭിക്കുന്ന പാലിന്റെ അളവിലുള്ള വ്യത്യാസം വളരെ കൂടുതലാണ്. ദുർബലമായ കൂടുതൽ സംഘങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കണം. എങ്കിലും വളഞ്ഞവട്ടത്ത് പുതിയ സംഘം ആവശ്യമാണ്.

മറ്റിനം സംഘങ്ങൾ

1) സ്കൂൾ സഹകരണസംഘങ്ങൾ

പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലും പ്രവർത്തിക്കുന്നുണ്ട്. പാഠ പുസ്തകങ്ങളുടെ വില്പനയിൽ കേന്ദ്രികരിച്ചിരിക്കുന്നു.

പാഠപുസ്തകങ്ങളോടൊപ്പം വിദ്യാർത്ഥികൾക്കാവശ്യമുള്ള മറ്റു സാധനങ്ങളുടെ വില്പനയും നടത്താൻ പരിശ്രമിക്കണം. സ്കൂൾ യൂണിഫോം തുണികളുടെ വില്പനയും ഏറ്റെടുക്കാവുന്നതാണ്. ഇപ്പോൾ ഒരു അദ്ധ്യാപകന്റെ ചുമതലയിലാണ് സംഘം ഓരോ സ്കൂളിലും പ്രവർത്തിക്കുന്നത്. വില്പനയിനങ്ങളുടെ വൈവിധ്യവൽക്കരണത്തിലൂടെ പുതിയ തൊഴിൽ അവസരം സൃഷ്ടിക്കാൻ കഴിയും.

2) അംബേദ്ക്കർ സ്മാരക സോഷ്യൽ സർവ്വീസ് സൊസൈറ്റി

ഇത് സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമപ്രകാരം 1993-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. (രജി. നം. P 193/93- വളഞ്ഞവട്ടം) ചൂരൽ, ഈറ്റ മുതലായ വസ്തുക്കൾ ഉപയോഗിച്ച് വീട്ടു സാധനങ്ങളും കരകൗശല വസ്തുക്കളും നിർമ്മിച്ചു വരുന്നു. ഇപ്പോൾ രണ്ട് ലക്ഷം രൂപയുടെ ആസ്തി ഉള്ളതായി പറയുന്നു. അഞ്ച് സെന്റു സ്ഥലത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ ഒരു ഷോറും പുളിക്കീഴ് സ്ഥാപിച്ച് വിപണനം നടത്തി വരുന്നു. ജില്ലാ മേളകളിൽ പങ്കെടുക്കാറുണ്ട്.

അംഗത്വം SC/ST വിഭാഗങ്ങൾക്കു മാത്രം. പ്രവേശന ഫീസ് 5 രൂപയും മാസവരി 1 രൂപയും ആണ്.

ഖാദിബോർഡിൽ നിന്ന് കഴിഞ്ഞവർഷം Rs. 167260/-സഹായധനം ലഭിച്ചിട്ടുള്ളതായി അറിയുന്നു.

25 പേർ ട്രയിനിംഗിന് ഖാദിബോർഡിൽ നിന്ന് 6 മാസത്തേക്ക് 600 രൂപാ പ്രകാരം സ്റ്റൈപൻഡ് കിട്ടാവുന്നതാണ്. കൂടാതെ വ്യവസായ വകുപ്പിൽ നിന്നും സ്റ്റൈപൻഡ് കിട്ടാൻ സാദ്ധ്യതയുണ്ട്.

## പ്രശ്നങ്ങൾ

ചൂരൽ സൊസൈറ്റിക്ക് കിട്ടുന്നതിനുള്ള പെർമിറ്റ് ഇല്ല. കൂടുതൽ വില കൊടുത്ത് വാങ്ങേണ്ടി വരുന്നു. ഇത് നിർമ്മാണ ചെലവ് വർദ്ധിപ്പിക്കും. അതിനാൽ പെർമിറ്റ് അടിസ്ഥാനത്തിൽ ചൂരൽ കിട്ടുന്നതിനുള്ള ഏർപ്പാടു ചെയ്യണം.

കിട്ടുന്ന ഗ്രാന്റും മറ്റ് ആനുകൂല്യങ്ങളും അർഹിക്കുന്ന രീതിയിൽ വിനിയോഗിക്കുമെന്നുള്ളതിന് വ്യക്തമായ പരിശോധന കാലകാലങ്ങളിൽ വേണ്ടതാണ്. പ്രവർത്തനം കൂടുതൽ സുതാര്യമാവുകയും സഹായ ധനവും മറ്റും യഥാസമയം ലഭിക്കുകയും ചെയ്താൽ വികസന സാദ്ധ്യതയുള്ള ഒരു സ്ഥാപനമായി വളർത്തിയെടുക്കാവുന്നതാണ്.

3) മെഴുകുതിരി നിർമ്മാണ യൂണിറ്റ്

ഒൻപതാം വാർഡിൽ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നതായി അറിയുന്നു. സർക്കാരിൽ നിന്ന് ക്രമമായി മെഴുക് ക്വോട്ടാ അനുവദിക്കുന്നുണ്ട്. എന്നാൽ ഇവിടെ സംഘടിതമായ രീതിയിൽ മെഴുകുതിരി നിർമ്മാണം കാണാനില്ല. ഏതാനും സ്ത്രീകൾക്ക് സ്ഥിരം തൊഴിൽ നൽകാൻ കഴിയുന്ന രീതിയിൽ ഈ യൂണിറ്റിനെ പുനഃസംഘടിപ്പിക്കേണ്ടതാണ്.

4) കേരവികസന സമിതി

ഇതും ഒരു രജിസ്ട്രേഡ് സമിതിയാണ്. പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. ഏകദേശം 720 കേരകർഷകർ അംഗങ്ങളായിട്ടുണ്ട്.

കൃഷിഭവൻ വഴി വളം കിറ്റ് ഓരോ വർഷവും സൗജന്യ നിരക്കിൽ വിതരണം ഉണ്ട്. പ്രതിവർഷം 366 കിറ്റുകളാണ് ഇങ്ങനെ വിതരണത്തിന് കിട്ടുന്നത്. എല്ലാ അംഗങ്ങൾക്കും ഒരുപോലെ ഈ കിറ്റുകൾ കിട്ടുമെന്ന് കൃഷി ഡിപ്പാർട്ടുമെന്റ് ഉറപ്പു വരുത്തേണ്ടതാണ്. രോഗം ബാധിച്ച തെങ്ങുകളുടെ സർവ്വേ നടത്തിയിരുന്നു. ഈ തെങ്ങുകൾ വെട്ടി മാറ്റുന്നതിനുള്ള

സഹായധനവും സൗജന്യമായി തൈകളും കർഷകർക്ക് അനുവദിക്കണം.

വിള സംരക്ഷണത്തിനുള്ള സൗകര്യങ്ങൾ അപര്യാപ്തമാണ്. തെങ്ങു കയറ്റ തൊഴിലാളികൾ വളരെ കുറഞ്ഞു വരുകയാണല്ലോ. തെങ്ങു കയറുന്നതിനുള്ള യന്ത്ര സൗകര്യം പരീക്ഷണാർത്ഥമെങ്കിലും നടപ്പിൽ വരുത്തണം.

തേങ്ങാ യഥാസമയം വിളവെടുക്കുന്നതിനും വിപണനം നടത്തുന്നതിനും കർഷകർ പ്രയാസപ്പെടുന്നുണ്ട്. ഇതു പരിഹരിക്കുവാൻ സർവ്വീസ് സഹകരണ സംഘവുമായി യോജിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

പുതുതായി രൂപീകരിക്കുന്നതിന് സാദ്ധ്യതയുള്ള മേഖലകൾ

1) നമ്മുടെ പഞ്ചായത്തിൽ ഖാദി വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ലെന്ന് കാണാവുന്നതാണ്.

ക്ഷീരോല്പന്നങ്ങളുടെ നിർമ്മാണം ഖാദി സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

2) ഈറ്റ, ചൂരൽ എന്നിവ ഉപയോഗിച്ചുള്ള വസ്തുക്കൾ നിർമ്മിക്കുന്നതിന് ഖാദി മേഖല തന്നെയാണാവശ്യം. ഇപ്പോൾ ഖാദി ബോർഡിൽ നിന്ന് പല രീതിയിൽ ആനുകൂല്യം നേടിയെടുക്കുന്ന ഒരു സംഘം ഉണ്ടെങ്കിലും അതിൽ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിക്കുവാൻ കഴിയുമെന്ന് കരുതേണ്ടതില്ല. അതിനാൽ കൂടുതൽ പേർക്ക് തൊഴിൽ കൊടുക്കത്തക്കവിധം മറ്റൊരു സംഘം ആകാം.

3) പട്ടികജാതിക്കാരുടെ ക്ഷേമത്തിനു അവർക്ക് തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി പട്ടികജാതി വികസന സഹകരണസംഘം രൂപീകരിക്കാവുന്നതാണ്. ഇത്തരം സംഘങ്ങൾക്ക് ധനസഹായം ചെയ്യുന്നതിന് വിവിധ ധനകാര്യസ്ഥാപനങ്ങളും ഉണ്ടെന്നുള്ളത് പ്രത്യേകം പരിഗണിക്കേണ്ടതാണ്.

4) കോഴി വളർത്തൽ സംഘം

പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ഥാപിച്ച് കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഈ സംഘം വീടുകളിൽ ചെറിയ യൂണിറ്റുകളായി കോഴി വളർത്തൽ ആരംഭിച്ച് വികേന്ദ്രികൃത രീതിയിൽ പ്രവർത്തിച്ചാൽ കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്താനും, വീട്ടമ്മമാർക്കും സ്ത്രീകൾക്കും പ്രത്യേക വരുമാനം ഉണ്ടാക്കാനും കഴിയും.

5) ഭവന നിർമ്മാണം

ഈ രംഗത്തും സഹകരണ പ്രസ്ഥാനത്തിന് ഗുണകരമായ പലതും ചെയ്യാൻ കഴിയും. പഞ്ചായത്തിൽ ഭവനനിർമ്മാണത്തെ സഹായിക്കുന്ന ഏജൻസികൾ ഒന്നും തന്നെയില്ല. അതിനാൽ ഭവനനിർമ്മാണത്തിനുവേണ്ടി ഒരു സംഘം രൂപീകരിക്കുന്നതിനുള്ള സാദ്ധ്യത ഉണ്ട്.

6) കൺസ്യൂമർ സംഘം

ഷുഗർ ഫാക്ടറിയിൽ മാത്രമാണ് ഈ ഇനത്തിൽ ഒരു സംഘം ഉള്ളത്. അവിടുത്തെ ജീവനക്കാർക്കു മാത്രമാണ് അംഗത്വം. അതിനാൽ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല.

ന്യായവിലയ്ക്ക് ഗുണമേന്മയുള്ള ആവശ്യസാധനങ്ങൾ ലഭിക്കുന്നതിനുള്ള ഏക സംവിധാനം സർവ്വീസ് സംഘം ഓണക്കാലത്ത് നടത്തുന്ന ചന്തകൾ മാത്രമാണ്.

അതിനാൽ നമ്മുടെ പഞ്ചായത്തിൽ ഒരു കൺസ്യൂമർ സംഘം അടിയന്തിരാവശ്യമാണ്. അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) കൈത്തൊഴിൽ മേഖല

ചെമ്പ്, ഓട്, സ്വർണ്ണം, വെള്ളി മുതലായവ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ കുലതൊഴിലായി സ്വീകരിച്ചിട്ടുള്ള ധാരാളം വിദഗ്ധ തൊഴിലാളികൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇവരെ സഹകരണാടിസ്ഥാനത്തിലോ വ്യാവസായികാടിസ്ഥാനത്തിലോ സംഘടിപ്പിച്ചാൽ ഇവർക്ക് കൃത്യമായ വരുമാനവും ജോലി സുരക്ഷിതത്വവും നേടികൊൾക്കുവാൻ കഴിയും.

8) ലേബർ കോൺട്രക്റ്റ് സംഘം

പഞ്ചായത്ത് രാജ് സംവിധാനത്തിൽ ലേബർ കോൺട്രാക്റ്റ് സംഘത്തിന് കൂടുതൽ പ്രസക്തിയുണ്ട്. പഞ്ചായത്തിന്റെ വിവിധ മരാമത്തു ജോലികളും മറ്റും ഈ സംഘത്തെ ഏല്പിക്കാവുന്നതാണ്. വ്യക്തികളായ കൺട്രക്ടറന്മാർ കൊള്ളു ലാഭം എടുക്കുന്നതിനെ തടയുന്നതിനും തൊഴിലില്ലാതെ വലയുന്ന യുവാക്കൾക്ക് തൊഴിൽ കണ്ടെത്തി അവരെ വികസനത്തിന്റെ മുഖ്യ ധാരയിൽ കൊണ്ടു വരുന്നതിനും ഇത് പ്രയോജനപ്പെടും.

# ഉപസംഹാരം

സഹകരണ മേഖലയുടെ വ്യാപ്തിയും സാദ്ധ്യതകളും പൂർണ്ണമായി മനസ്സിലാക്കി പ്രവർത്തനം ആസൂത്രണം ചെയ്താൽ നമ്മുടെ പഞ്ചായത്തിലും സഹകരണ പ്രസ്ഥാനം വിജയിക്കുക തന്നെ ചെയ്യും. വിവിധ മേഖലകളിലെ വളർച്ചക്ക് ലക്ഷക്കണക്കിന് രൂപയുടെ മുതൽമുടക്ക് വകയിരുത്തണം. ഇതു മൂലം 200 പേർക്ക് പ്രത്യക്ഷമായും 500 പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയും.

ഈ പഞ്ചായത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ ഏകദേശ രൂപമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സഹകരണ മേഖലയെക്കുറിച്ചുള്ളൂ. പൊതു നിരീക്ഷണങ്ങൾ വിശദമായി ചർച്ച ചെയ്ത് മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കുന്നതിനായി സമർപ്പിച്ചുകൊള്ളുന്നു.

# 5-12

# വിഭവസമാഹരണം

ഈ പഞ്ചായത്തു വ്യാവസായികമായി വളരെ പിന്നോക്കമാണ്. ഇവിടെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഷുഗർ ഫാക്ടറി (ട്രാവൻ കൂർ ഷിഗേഴ്സ് ആന്റ് കെമിക്കൽസ് Ltd) ഇന്നു പ്രവർത്തന രഹിതമായിക്കൊണ്ടിരിക്കുന്നു. ഇത് നമ്മുടെ തൊഴിൽ ശാഖയേയും, സാമ്പത്തിക മേഖലയേയും, കാർഷിക മേഖലയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഫാക്ടറി ജീവനക്കാരുടെ എണ്ണം കാര്യമായി കുറഞ്ഞിട്ടുണ്ട്. നിലവിലുള്ളവർ തന്നെ പിരിച്ചു വിടൽ ഭീഷണി നേരിടുന്നു. അതുപോലെ തന്നെ ഈ പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന സ്ട്രോ ബോർഡ് ഫാക്ടറിയുടെ സ്ഥിതിയും ഒട്ടും മെച്ചമല്ല. ഇത് പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക നിലവാരത്തെയും ക്രയശേഷിയേയും സാരമായി ബാധിച്ചിട്ടുണ്ട്.

കാർഷിക രംഗത്താണെങ്കിൽ ഒരു പ്രധാന നാണ്യവിളയായ കരിമ്പു കൃഷി കൃഷിക്കാർ ഉപേക്ഷിച്ചിരിക്കുകയാണ്. കരിമ്പ് കൃഷി ചെയ്തിരുന്ന നിലങ്ങൾ കുറേയേറെ തരിശായി കിടക്കുകയാണ്. കരിമ്പ് കൃഷി നിലച്ചപ്പോൾ ആ മാന്ദ്യം പരിഹരിക്കുന്നതിന് ഒരു ബദൽ സംവിധാനം ഉയർന്നു വന്നിട്ടുമില്ല. മറ്റു പ്രധാന കൃഷികളായ തെങ്ങ്, നെല്ല്, കൊക്കോ തുടങ്ങിയ വിളകളും ആദായകരമല്ലാതായി കൊണ്ടിരിക്കുന്നു. ഈ രംഗങ്ങളിൽ നിന്നുള്ള വിഭവസമാഹരണം ഏതാണ്ട് പൂർണ്ണമായും നിലച്ചിരിക്കുകയാണ്. അതിനാൽ കാർഷിക വ്യാവസായിക രംഗങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ കൂടുതൽ വിഭവ സമാഹരണം സാദ്ധ്യമാകുകയുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റെയും, സെട്രൽ ബാങ്കിന്റെയും ഓരോ ശാഖകൾ പ്രവർത്തിക്കുന്നു. കൂടാതെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ മിക്ക വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. വായ്പാ സൗകര്യത്തിനായി കർഷകരും ചെറുകിട വ്യവസായികളും സ്വകാര്യപണമിടപാടുകരെയാണ് ആശ്രയിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ഏക സർവ്വീസ് സഹകരണസംഘത്തിന്റെ ഈ രംഗത്തെ സേവനം വളരെ പരിമിതമാണ്. പഞ്ചായത്തിൽ സഹകരണ ബാങ്കുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

വരുമാനമുള്ള എല്ലാ ആളുകളിൽ നിന്നും നികുതി പിരിച്ചെടുക്കുവാൻ പൂർണ്ണമായും കഴിയുന്നില്ല. നികുതിയിൽ നിന്നും ഒഴിവാകുന്നതിനുള്ള പ്രവണത പൊതുവെ കണ്ടു വരുന്നു. ബോധവൽക്കരണത്തിലൂടെ ഇത് മാറ്റി എടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിൽ തങ്ങളുടെതായ പങ്ക് നിർവഹിക്കുകയാണ് നികുതി നൽകുന്നതിലൂടെ തങ്ങൾ ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കണം. ഇപ്പോൾ പഞ്ചായത്തിന്റെ പ്രധാനമായ വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, മാർക്കറ്റ് എന്നിവയും ഗവൺമെന്റിൽ നിന്നുള്ള ഗ്രാന്റുകളും മറ്റു വിഹിതങ്ങളുമാണ്. ഇത് സംബന്ധിച്ച ഒരു താരതമ്യേനപഠനം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ വരുമാന സ്രോതസ്സുകൾ ഒരു താരതമ്യപഠനം (പട്ടിക)

## കെട്ടിടനികുതി

കെട്ടിടനികുതി വസൂലാക്കുന്നതിന് നിലവിലുള്ള നിയമം യുക്തി സഹമല്ല. കൂടുതൽ ശാസ്ത്രീയ

മായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നികുതി എർപ്പെടുത്താനുള്ള സംവിധാനം വേണം. അതിന് ജനകീയ സ്വഭാവമുള്ള ഒരു കമ്മറ്റിയുടെ മേൽനോട്ടത്തിൽ നികുതികൾ തീരുമാനിക്കണം. അത് സുതാര്യമായിരിക്കണം. തറ വിസ്തീർണ്ണവും കെട്ടിട നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന സാധന സാമിഗ്രികളുടെ വില നിലവാരവും പരിഗണിച്ച് സ്ലാബ് സമ്പ്രദായത്തിൽ നികുതി കണക്കാക്കണം. ഇത്തരത്തിൽ നിലവിലുള്ള നികുതികൾ കൂടി പുനഃപരിശോധിക്കേണ്ടതാണ്.

## തൊഴിൽ നികുതി

തൊഴിൽ ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ബസ് സ്റ്റാൻഡ്, ടാക്സി സ്റ്റാൻഡ്, ഓട്ടോ സ്റ്റാൻഡ് എന്നിവ സ്ഥാപിക്കുന്നതിലൂടെ ആ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച വരുമനം ഉണ്ടാക്കാവുന്നതാണ്.

## മറ്റു ധനാഗമന മാർഗ്ഗങ്ങൾ

ആറ്റു മണൽ ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. മണൽ വാരുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തിനു മാത്രമായി കിട്ടേണ്ടതാണ്. വാരുന്ന മണലിന്റെ അളവിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്നതിനുള്ള സംവിധാനം ഉണ്ടാവണം. പരിസ്ഥിതി പ്രശ്നം ഉണ്ടാകാത്ത രീതിയിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കഴിയണം. മണൽ അടിഞ്ഞു നികരുന്നത് കാരണം വർഷകാലങ്ങളിൽ വെള്ളപ്പൊക്കക്കെടുതി ദുരൂക്ഷമാവുകയും വേനൽക്കാലങ്ങളിൽ ജലം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന നദികളും തോടുകളും ആഴവും വീതിയും കൂട്ടി വികസിപ്പിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ കോലറയാറ് തിക്കപ്പുഴതോട് തുടങ്ങിയവ മണ്ണടിഞ്ഞ് വീതിയും ആഴവും കുറഞ്ഞിട്ടുണ്ട്. മണ്ണും മണലും ശേഖരിക്കാൻ കഴിയുക വഴി നദി ഉപയോഗയോഗ്യമാക്കാനും വെള്ളപ്പൊക്ക കെടുതി കുറയ്ക്കുവാനും കഴിയും. ഇത് പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും.

ഇറിഗേഷൻ വകുപ്പിന്റെ അധീനതയിൽ ഇരിക്കുന്നതും അപ്രായോഗികമെന്ന നിലയിൽ ഉപേക്ഷിക്കപ്പെട്ടതുമായ ഭൂമിയിൽ കുറെ ഭാഗം അനധികൃത കൈയ്യേറ്റത്തിലും ബാക്കി ഭാഗം തരിശുമാണ്. ഈ ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുന്ന പക്ഷം മത്സ്യ കൃഷി ഫാമുകൾ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാവുന്നതാണ്. പുഴയോര പുറമ്പോക്കുകളും മറ്റു പുറമ്പോക്കുകളും പഞ്ചായത്ത് കൈവശപ്പെടുത്തി പാട്ടത്തിന് കൊടുക്കുകയോ, മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുകയോ ചെയ്യാം.

ഒന്നാം വാർഡിൽ പഞ്ചായത്ത് അധീനതയിലുള്ള സ്ഥലത്തിന്റെ അതിരുകൾ സംരക്ഷിച്ച് ആ സ്ഥലം പ്രത്യുല്ലാദനപരമായി വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണം. പുളിക്കീഴ് ഷുഗർ ഫാക്ടറി വക കൃഷി സ്ഥലം ഇപ്പോൾ തരിശു കിടക്കുകയാണ്. ഈ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് കൃഷി ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. നിലവിലുള്ള പഞ്ചായത്ത് മാർക്കറ്റിലെ സൗകര്യങ്ങൾ വികസിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കണം.

ആലംതുരുത്തി പാലത്തിന് സമീപമുള്ള റോഡ് പുറംമ്പോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് ടാക്സി, ഓട്ടോ സ്റ്റാൻഡുകൾ നിർമ്മിക്കാവുന്നതാണ്. പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ ഷോപ്പിംഗ് സെന്റർ നിർമ്മിക്കാവുന്നതാണ്. പരുമല പാലത്തിന് സമീപമുള്ളതും സർക്കാർ ദേവസ്വംബോർഡിന് പാട്ടത്തിന് നൽകിയിട്ടുള്ളതുമായ വസ്തുവിൽ ഒരു ബസ്സ്റ്റാൻഡും ഷോപ്പിംഗ് സെന്ററും നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കി സംരംഭം തുടങ്ങാവുന്നതാണ്.

ഒൻപതും പത്തും വാർഡുകൾ കേന്ദ്രീകരിച്ചും, പരുമല പ്രദേശത്തിനും ഓരോ പബ്ലിക്ക് മാർക്കറ്റുകൾ പഞ്ചായത്തിന്റെ ചുമതലയിൽ ആരംഭിക്കണം.

വികസന പ്രവർത്തനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പാക്കാനുള്ള ഭൗതിക സാഹചര്യങ്ങൾ പഞ്ചായത്തിനുണ്ട്. അത് പൂർണ്ണമായും പ്രയോജനപ്പെടുത്തണം. മനുഷ്യാദ്ധ്വാനം വികസന പ്രവർത്തനങ്ങളിൽ ലഭ്യമാക്കണം. വിഭവ ചോർച്ച തടയുന്നതിന് നിർമ്മാണ പ്രവർത്തനങ്ങളിൽ കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കണം. സ്ഥായിയായ പ്രയോജനം ചെയ്യുന്ന റോഡു പണികൾക്ക് മുൻതൂക്കം നൽകണം. റോഡുകളുടെ താല്ക്കാലിക റിപ്പയർ പണികൾ പലപ്പോഴും പാഴ്ചെലവായിട്ടാണ് അനുഭവപ്പെടുന്നത്. അത്യാവശ്യഘട്ടങ്ങളിൽ മാത്രമേ താല്ക്കാലിക പണികൾ ചെയ്യാവൂ.

# ഉപസംഹാരം

അങ്ങനെ നമ്മൾ ജനകീയാസൂത്രണത്തിന്റെ ആദ്യപടികൾ ചവിട്ടിതുടങ്ങുകയാണ്. ധീരമായ ഒരു പരീക്ഷണം നടത്തുകയാണ്. അധികാരം കയ്യാളാൻ ഒരു സമൂഹം എന്ന നിലയിൽ നാം അർഹത കൈവരിച്ചുവോ എന്ന് സ്വയം പരിശോധിക്കുകയാണ്. ജനാധിപത്യത്തിൽ ഇതേ വരെ നമുക്കുണ്ടായിരുന്ന അധികാരം വോട്ടു രേഖപ്പെടുത്തുക എന്നതു മാത്രമായിരുന്നു. ജനങ്ങളുടെ അധികാരം പോളിംഗ് ബൂത്തിൽ അവസാനിക്കുകയായിരുന്നു.

ആവശ്യങ്ങൾ സ്വയം തിരിച്ചറിയുക, അവയുടെ മുൻഗണനാക്രമം തീരുമാനിക്കുക, വിഭവ സ്രോതസുകൾ കണ്ടെത്തുക, ആസുത്രിതമായി കാര്യങ്ങൾ നടപ്പിലാക്കുക, ജനപങ്കാളിത്തം ഉറപ്പാക്കുക, വികസനത്തിനായി മുടക്കുന്ന തുകയ്ക്ക് നൂറു ശതമാനത്തിലധികം കാര്യക്ഷമത കൈവരിക്കുക, സമഗ്ര വീക്ഷണത്തോടെ ആസൂത്രണം നടത്തുക തുടങ്ങിയ ഉന്നത ജനാധിപത്യ തലങ്ങളിലേക്ക് ഉയരുവാനുള്ള ശ്രമം ആരംഭിക്കുകയാണ്. ഇതു വിജയിപ്പിക്കേണ്ട കടമ നമുക്കുള്ളതാണ്. പരാജയപ്പെട്ടാൽ അതിനുത്തരവാദികൾ മറ്റാരുമായിരിക്കില്ല, നാം തന്നെയായിരിക്കും. എനിക്കു എന്തു കിട്ടും എന്നതിനുപരി സമൂഹത്തിനു വേണ്ടി എനിക്ക് എന്തു ചെയ്യാൻ കഴിയും എന്നാണു ചിന്തിക്കേണ്ടത്. എങ്ങനെയും പണം സ്വന്തമായി സമ്പാദിക്കുകയെന്ന മത്സരാധിഷ്ഠിത സംസ്കാരത്തിൽ നിന്ന് സാമൂഹ്യ നീതിക്ക് ഊന്നൽ നൽകുന്ന സഹകരണാധിഷ്ഠിത സംസ്കാരത്തിലേക്ക് പ്രവേശിക്കാൻ ശ്രമിക്കുകയാണ്. ഉയർന്ന സംസ്കാരിക ബോധവും ഉയർന്ന ചിന്തയും ഉണ്ടെങ്കിലേ ഇതു വിജയിപ്പിക്കാൻ പറ്റൂ.

സ്വതന്ത്ര വിപണി, ആഗോളവൽക്കരണം തുടങ്ങി ഇന്ന് പ്രചാരത്തിലിരിക്കുന്ന മാർഗ്ഗങ്ങൾക്കു പകരം സാമൂഹിക നീതിയിലും ജനപങ്കാളിത്തത്തിലും അധിഷ്ഠിതമായ ഒരു വികസന മാതൃക സൃഷ്ടിച്ചെടുക്കാൻ ശ്രമിക്കുകയാണ്.

ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണന ക്രമം തീരുമാനിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ഈ രേഖയുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ ജനകീയമായി ത്തന്നെ എഴുതിയുണ്ടാക്കുവാനും പരിമിതമായ വിഭവങ്ങൾ പരമാവധി കാര്യക്ഷമമായി ഉപയോഗപ്പെടുത്തി മുൻഗണനാ ക്രമത്തിൽ അവ നടപ്പിലാക്കാനും നമുക്കു കഴിയണം. വികസന രംഗത്തെയും സേവന രംഗത്തെയും ബാധിച്ചിരിക്കുന്ന സാർവ്വത്രികമായ അഴിമതിയിൽ നിന്ന് നമുക്ക് മോചനം നേടാൻ ഈ മാർഗ്ഗം സഹായിക്കുമെന്നു പ്രതീക്ഷിക്കാം.

ഈ മഹത്തായ പരീക്ഷണത്തിൽ നാം കേരളീയർ, പരാജയപ്പെട്ടുകൂടാ. വിജയാശംസകൾ നേർന്നു കൊണ്ട് ഈ വികസന രേഖ കടപ്ര ഗ്രാമപഞ്ചായത്തിന്റെ വികസന സെമിനാറിൽ ജനങ്ങൾക്കു മുമ്പാകെ സവിനയം സമർപ്പിക്കുന്നു.

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പിനെ അംഗങ്ങൾ

## I ആമുഖം/ചരിത്രം

ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള (Ex. MLA)
ശ്രീ. കെ. അപ്പുക്കുട്ടനാദിശർ
ശ്രീ. വി. കെ. ഇട്ടിയവിര
ശ്രീ. കെ. ഗംഗാധരൻ
ശ്രീ. എൻ. കാർത്തികേയൻ
ശ്രീ. പി. എം. എബ്രഹാം

## II ഭൂപ്രകൃതി പഠനം

ശ്രീ. പി. എൻ. ഗോപാലകൃഷ്ണൻനായർ
ശ്രീ. എം. കെ. സക്കറിയ
ശ്രീ. ജേക്കബ് വറുഗീസ്
ശ്രീ. കെ. ലക്ഷ്മണൻ
ശ്രീ. വി. റ്റി. മാധവൻ
ശ്രീ. ആര്യദേവൻ
ശ്രീ. പി. ജി. കുര്യൻ
ശ്രീ. സി. ഒ. കുര്യാക്കോസ്
ശ്രീ. എൻ. നരേന്ദ്രൻ
ശ്രീമതി. ലീലാമ്മ ജോൺ

## III കൃഷി ജലസേചനം

ശ്രീ. കെ. ഐ. മാത്യു
ശ്രീ. പി. ഐ. വറുഗീസ്
ശ്രീ. റ്റി. പി. വറുഗീസ്
ശ്രീ. ഏബ്രഹാം വറുഗീസ്
ശ്രീ. എം. എം. ചാക്കോ
ശ്രീ. ഈപ്പൻ ഉമ്മൻ
ശ്രീ. നാരായണ കാരണവർ
ശ്രീ. എൻ. ശ്രീധരൻനായർ
ശ്രീ. മാത്യു വറുഗീസ്
ശ്രീ. ഏബ്രഹാം പി. കുര്യൻ

## IV മൃഗസംരക്ഷണം മത്സ്യബന്ധനം

ശ്രീ. പി. കെ. ഗോവിന്ദൻ
ശ്രീ. പി. വി. ചെറിയാൻ
ശ്രീ. ബഹനാൻ ദാനിയേൽ
ശ്രീ. ബ്ലസ്സൻ
ശ്രീ. രാമകൃഷ്ണൻ
ശ്രീ. കുരുവിള ഫിലിപ്പ്
ശ്രീ. മോഹൻ തൈക്കടവിൽ

## V വിദ്യാഭ്യാസം

ശ്രീ. കെ. ഒ. ജോണി
പ്രൊഫ. കെ. വി. സുരേന്ദ്രനാഥ്
ശ്രീ. എം. ബഞ്ചമിൻ നൈനാൻ
ശ്രീ. റ്റി. കെ. യോഹന്നാൻ
പ്രൊഫ. പി. റ്റി. രത്നമ്മ
ശ്രീ. കെ. വി. മാത്യു
ശ്രീ. കെ. ഐസക്ക്
ശ്രീ. പി. പി. ജോൺ
ശ്രീ. ഹരികുമാർ
ശ്രീമതി. റ്റി. അമ്മിണി
ശ്രീമതി. ഗീതാ സി. കൃഷ്ണൻ
ശ്രീ. എം. ആർ. ഗോപാലകൃഷ്ണൻ നായർ
ശ്രീമതി. എൻ. കെ. രമണി
ശ്രീ. കെ. സി. ജോയി
ശ്രീ. ജിബിൻ കാർത്തിക്

## VI കുടിവെള്ളം, പൊതുജനാരോഗ്യം

ശ്രീ. എം. വി. ഏബ്രഹാം
ശ്രീ. ശ്രീകുമാർ കെ. പിള്ള
ശ്രീ. പി. വർഗീസ് ഏബ്രഹാം
ശ്രീ. കെ. വി. ജോസഫ്
ശ്രീ. ജനാർദ്ദനൻ
ശ്രീ. അലക്സിയോസ് തോമസ്
ശ്രീ. ജോർജ് ഏബ്രഹാം
കുമാരി സുലീശ

## VII വ്യവസായം

ശ്രീമതി. ആനി തോമസ്
ശ്രീ. റജി വർഗ്ഗീസ്
ശ്രീ. എം. എം. ജോർജ്
ശ്രീ. ജേക്കബ് പി. ചെറിയാൻ
ശ്രീ. ബാലകൃഷ്ണ പണിക്കർ
ശ്രീ. ജോർജ് കെ. വർഗീസ്
ശ്രീ. കെ. ആർ. രാജേന്ദ്രനാഥ്
ശ്രീ. ചെറിയാൻ വറുഗീസ്
ശ്രീ. റ്റി. കെ. വറുഗീസ്

## VIII ഗതാഗതം ഊർജ്ജം

ശ്രീമതി. ഏലിയാമ്മ മത്തായി
ശ്രീ. ചെറിയാൻ ചാക്കോ
ശ്രീ. ബ്ലസ്സൻ മാലിയിൽ
ശ്രീ. എം. എം. ജോൺ
ശ്രീ. ഇ. പി. പോത്തൻ

ശ്രീ. ഗോപകുമാർ തച്ചാറയിൽ
ശ്രീ. വാസുദേവ കുറുപ്പ് എൻ. വി.
ശ്രീ. ഗണപതി ആചാരി പി. എ.
ശ്രീ. ഇടിക്കുള ജേക്കബ്

## IX പാർപ്പിടം, സാമൂഹ്യക്ഷേമം

ശ്രീ. കെ. രാജഗോപാൽ
ശ്രീ. എം. എം. ഈപ്പൻ
ശ്രീ. പി. എ. ജേക്കബ്
ശ്രീ. ഗോപാലകൃഷ്ണൻ തൈപറമ്പിൽ
ശ്രീ. കെ. കുഞ്ഞിരാമൻ
ശ്രീ. വെളുത്ത കുഞ്ഞ്
ശ്രീ. എം. സി. ഗോപാലകൃഷ്ണൻ
ശ്രീ. സി. എ. സുകുമാരൻ
ശ്രീ. എം. കെ. ചാണ്ടപിള്ള
ശ്രീ. എം. കെ. കരുണാകരൻ
ശ്രീ. ഗോപാലകൃഷ്ണൻ

## X സംസ്ക്കാരം

ശ്രീ. പി. ആർ. രാധാകൃഷ്ണൻ നായർ
ശ്രീ. ഗീവറുഗീസ് വറുഗീസ്
ശ്രീ. പി. എ. മാത്യു
ശ്രീ. സുനീഷ് ജി. കൃഷ്ണൻ
ശ്രീ. പി. എ. ഗോപാലകൃഷ്ണൻ നായർ
ശ്രീ. കെ. ഒ. തോമസ്
ശ്രീ. റ്റി. എസ്. കുര്യൻ
ശ്രീ. ചന്ദ്ര ബാബു
ശ്രീ. റ്റി. പി. കുര്യൻ

## XI വനിതാക്ഷേമം

ശ്രീമതി. മേഴ്സി ഏബ്രഹാം
ശ്രീമതി. സവിതാ ജോർജ്
ശ്രീമതി. റേച്ചൽ മത്തായി
ശ്രീമതി. ലീലാമ്മ ജോൺ
ശ്രീമതി. സുധാ മണി
ശ്രീമതി. ലളിതാ മണി
ശ്രീമതി. ഏലിയാമ്മ കുര്യൻ
ശ്രീമതി. ബിന്ദു
ശ്രീമതി. യു. സുഭദ്ര
ശ്രീമതി. പെണ്ണമ്മ

## XII സഹകരണം

ശ്രീ. കെ. കെ. ഉമ്മൻ
ശ്രീ. പി. എം. ഏബ്രഹാം
ശ്രീ. കെ. സി. ജേക്കബ്
ശ്രീ. ചന്ദ്ര ഭാനു
ശ്രീ. വി. പി. ഷൺമുഖം
ശ്രീ. മണിയൻ തോട്ടയ്ക്കകത്ത്
ശ്രീ. പി. വി. വറുഗീസ്
ശ്രീമതി. ഉഷാ പെരുമാൾ
ശ്രീമതി. അന്നമ്മ കുഞ്ഞുമോൻ
ശ്രീമതി. മേഴ്സി എസ്.
ശ്രീമതി. ടെസ്സി

## XIII പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

ശ്രീമതി. അംബികാ മോഹൻകുമാർ
ശ്രീമതി. പൊന്നമ്മ രവീന്ദ്രൻ
ശ്രീ. എൻ. കെ. ശിവരാമൻ
ശ്രീ. എം. കൃഷ്ണൻകുട്ടി
ശ്രീ. പി. ജെ. കുഞ്ഞുമോൻ
ശ്രീ. പി. സി. ഭാസി
ശ്രീ. ഗണേഷ് സജിനാഥ്
ശ്രീ. ഗോപാലകൃഷ്ണൻ, ഉളപ്പിൽ
ശ്രീ. പി. കെ. സുരേഷ്കുമാർ
ശ്രീ. മാധവൻ താമരപ്പുറത്ത്

## XIV വിഭവ സമാഹരണം

ശ്രീ. റെജി വറുഗീസ്
ശ്രീ. റ്റി. കെ. വറുഗീസ്
ശ്രീ. പുരുഷോത്തമൻപിള്ള
ശ്രീ. ബാലകൃഷ്ണപിള്ള
ശ്രീ. രാജഗോപാലൻനായർ
ശ്രീ. ഗോപാലകൃഷ്ണൻനായർ, കരവട്ടേത്ത്
ശ്രീ. പി. എ. നൈനാൻ
ശ്രീ. ഒ. എ. അലക്സാണ്ടർ

## വികസന റിപ്പോർട്ടു തയ്യാറാക്കുവാൻ പ്രവത്തിച്ച കടപ്ര ഗ്രാമ പഞ്ചായത്ത് ഓഫീസ് ജീവനക്കാർ

| | |
|---|---|
| 1) ശ്രീ. എം. വി. മഹിധരൻ | സെക്രട്ടറി |
| 2) ശ്രീ. കെ. എസ്. പരമേശ്വരൻപിള്ള | ജൂണിയർ സൂപ്രണ്ട് |
| 3) ശ്രീ. റ്റി. പി. തങ്കമോൻ | U. D. ക്ലാർക്ക് |
| 4) ശ്രീമതി. കെ. ബി. വിജയകുമാരി | U. D. ക്ലാർക്ക് |
| 5) ശ്രീമതി. കെ. കെ. രാജമ്മ | U. D. ക്ലാർക്ക് |
| 6) ശ്രീ. നി. പി. ശശിധര പണിക്കർ | L. D. ക്ലാർക്ക് |
| 7) ശ്രീ. കെ. സനൽകുമാർ | L. D. ക്ലാർക്ക് |
| 8) ശ്രീ. സി. പി. വിൻസെന്റ് | L. D. ക്ലാർക്ക് |
| 9) ശ്രീ. എൻ. മുകുന്ദൻ | ഡ്രൈവർ |
| 10) ശ്രീ. കെ. എം. ഗീവർഗീസ് | |
| 11) ശ്രീമതി. കെ. ജി. തങ്കമണി | |
| 12) ശ്രീമതി. സി. എസ്. അമ്മിണി | |
| 13) ശ്രീമതി. എം. എസ് ഭവാനി | |

***കീ. റിസ്സോർഴ്സ് പേഴ്സൺ***

പ്രൊഫ. എം. എൻ. ലക്ഷ്മണൻ

***ജില്ലാ റിസോർഴ്സ് പേഴ്സൺ***

1) പ്രൊഫ. കെ. വി. സുരേന്ദ്രനാഥ്
2) ശ്രീ. പി. കെ. ഗോവിന്ദൻ
3) ശ്രീ. ബെന്നി മാത്യു
4) ശ്രീ. എം. ബഞ്ചമിൻ നൈനാൻ
5) ശ്രീ. പി. എൻ. ഗോപാലകൃഷ്ണൻ നായർ
6) ശ്രീമതി. മേഴ്സി ഏബ്രഹാം
7) ശ്രീമതി. ലീലാമ്മ ജോൺ

# കടപ്ര ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണ പ്രസ്ഥാനം
# സമഗ്രവികസന റിപ്പോർട്ട് 1996
## അനുബന്ധം

28.12.96 ശനിയാഴ്ച കടപ്ര കണ്ണശ്ശ സ്മാരക ഹയർ സെക്കണ്ടറി സ്ക്കൂളിൽ വച്ചു നടന്ന വികസന സെമിനാറിലെ ഗ്രൂപ്പു ചർച്ചയിൽ ഉന്നയിക്കപ്പെട്ട നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

കടപ്ര ഗ്രാമ പഞ്ചായത്ത്

മുൻഭരണ സമിതി അംഗങ്ങൾ (ലിസ്റ്റ് ആദ്യ റിപ്പോർട്ടിന്റെ 9, 10 പേജുകളിൽ കൊടുത്തിട്ടുണ്ട്)

**തിരുത്ത്**

1963 മുതൽ 1979 വരെ

1. ശ്രീ. ഗോപാലകൃഷ്ണൻ (പ്രസിഡന്റ് 1963-75)
2. ശ്രീ. എൻ. ബാലകൃഷ്ണപിള്ള (പ്രസിഡന്റ് 1975-78)
3. ശ്രീ. ജോൺ ജേക്കബ് വള്ളക്കാലിൽ (പ്രസിഡന്റ് 1978-79)
4. ശ്രീ. എം. കെ. ജോൺ (മെംബർ)
5. ശ്രീ. കെ. എം. ജോൺ (")
6. ശ്രീമതി. എസ്. ശാരദാ ദേവി (")
7. ശ്രീ. കെ. കെ. തങ്കപ്പൻ നായർ (")
8. ശ്രീ. പി. റ്റി. കുര്യൻ (")
9. ശ്രീ. എ. വി. ഗോപാലൻ (")
10. ശ്രീ. പി. ജി. വറുഗീസ് (")

1979 മുതൽ 1984 വരെ

1. പ്രൊഫ. എ. ലോപ്പസ്സ് (പ്രസിഡന്റ്)
2. ശ്രീ. കെ. എം. ജോൺ (മെംബർ)
3. ശ്രീ. റ്റി. ഡി. ഗോപിനാഥപിള്ള (")
4. ശ്രീ. തോമസ് സി. ഉപ്പുക്കേരി (")
5. ശ്രീ. ജി. രാമചന്ദ്രൻപിള്ള (")
6. ശ്രീ. പി. ജെ. വറുഗ്ഗീസ് (")
7. ശ്രീ. ജോർജ് വറുഗീസ്സ് (")
8. ശ്രീ. പി. വി. ബോസ് (")
9. ശ്രീ. പി. സി. അലക്സാണ്ടർ (")
10. ശ്രീമതി. അമ്മുക്കുട്ടിയമ്മാൾ (")

തിരുത്ത്

റിപ്പോർട്ടിന്റെ ആദ്യഭാഗം പേജ് 45. മൂന്നാമത്തെ പട്ടിക ഹൈസ്ക്കൂളിലെ കഴിഞ്ഞ 5 വർഷത്തെ വിജയശതമാനത്തെ സൂചിപ്പിക്കുന്നു.

റിപ്പോർട്ട് തയ്യാറാക്കിയതിൽ വിട്ടുപോയ പേരുകൾ അനുബന്ധമായി ചേർക്കുന്നു.

കൃഷി, ജലസേചനം

1. ശ്രീ. കെ. വി. തോമസ്
2. ശ്രീ. പി. കെ. തോമസ്
3. ശ്രീ. ഒ. സി. രാജു

മൃഗസംരക്ഷണം

1. ശ്രീ. പി. എസ്. പുരുഷോത്തമൻ പിള്ള
2. ശ്രീ. കെ. വി. ജോസഫ്

വിദ്യാഭ്യാസം

1. ശ്രീ. അശോക് കുമാർ കെ.
2. ശ്രീ. ബെന്നി മാത്യു

വിഭവ സമാഹരണം

1. ശ്രീ. എം. പി. ഗോപാലൻ
2. ശ്രീ. പി. കെ. തോമസ്
3. ശ്രീ. എ. വി. രാമകൃഷ്ണപിള്ള
4. ശ്രീ. നടരാജൻ

ആരോഗ്യം

1. ശ്രീ. പ്രഭാകരൻ

സഹകരണം

1. ശ്രീ. പി. പി. ചന്ദ്രശേഖരൻപിള്ള

പട്ടിക ജാതി

1. ശ്രീ. സരസൻ റ്റി. കെ.

പാർപ്പിടം

1. ശ്രീ. കെ. ഗോപി.

സംസ്ക്കാരം

1. ശ്രീ. പി. കെ. കുഞ്ഞച്ചൻ

അനുബന്ധം

ഭാഗം 3. ചരിത്രം

1. കേരള സംസ്ഥാന രൂപീകരണത്തിന്റെയും കേരളത്തിൽ ആദ്യമായി നടന്ന തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന ഗവൺമെന്റിന്റെയും സ്മാരകം എന്ന നിലയിൽ പരുമല നിവാസികളുടെ സംഘടിത പരിശ്രമത്തിന്റെ ഫലമായി പനയന്നാർകാവ് ആദിശർ കുടുംബത്തിൽ നിന്നും 5 ഏക്കർ ഭൂമി ദാനമായി നൽകിയും ഫാക്ടറി പണിക്ക് ആവശ്യമായ എല്ലാ ജോലികളും നാട്ടുകാർ സൗജന്യമായി ചെയ്തു കൊടുത്തും 1957-ൽ സ്ഥാപിച്ചതാണ് പരുമല സ്ട്രോബോർഡ് ഫാക്ടറി. 150 തൊഴിലാളികൾക്കും 12 ആഫീസ് ജീവനക്കാർക്കും അവിടെ ജോലി ലഭിക്കും എന്ന് അധികൃതർ നല്കിയ ഉറപ്പിനെ തുടർന്ന് സ്ഥാപിച്ച ഫാക്ടറിയിൽ പ്രാരംഭത്തിൽ 46 പേർക്കു മാത്രം ജോലി നല്കി തുടങ്ങുകയായിരുന്നു. ഇപ്പോൾ ആ സ്ഥാപനം വെറും 9 തൊഴിലാളികൾ മാത്രം ജോലി ചെയ്യുന്ന തരത്തിൽ നാമവശേഷമായിരിക്കുകയാണ്.

2. 1973-ൽ നമ്മുടെ പഞ്ചായത്തിൽ ആറ്റു പുറംപോക്ക് ഭൂമി കുടിതാമസത്തിനു വേണ്ടി 140 പേർക്ക് കൊടുത്തിരുന്നു. തുച്ഛമായ വിലപ്പറ്റി കൊണ്ട് ഈ ഭൂമികൾ മുഴുവൻ ധനശേഷിയുള്ള ആളുകൾ വാങ്ങി തെങ്ങിൻ തോപ്പുകൾ ആക്കിയിരിക്കുകയാണ്. ഭാവിയിൽ ഭൂമി വിതരണം സംബന്ധിച്ച നടപടികളിൽ ഇപ്രകാരം കൈമാറ്റം നടത്താനുള്ള പഴുത് അടയ്ക്കേണ്ടതാണ്.

3. ഇന്നേക്ക് 30 ഓളം വർഷങ്ങൾക്കു മുൻപ് സയൻസിൽ ഡോക്ടറേറ്റ് സമ്പാദിച്ച ഡോക്ടർ ദാമോദരന്റെ വീട് (പത്തിശ്ശേരിൽ) നമ്മുടെ പഞ്ചായത്തിൽ ആണ്.

4. കടപ്ര പഞ്ചായത്തിൽ 6-ാം വാർഡിൽ പരുമല പടിഞ്ഞാറു ഭാഗത്ത് പനയന്നാർകാവ് വകയായ വസ്തു ബഹുമാനപ്പെട്ട അപ്പുക്കുട്ടൻ ആദിശരും മറ്റു ദേവസം പ്രവർത്തകരും കൂടി ശ്രീ. ശുഭാനന്ദ ഗുരുദേവന്റെ ആദർശാശ്രമം പണിയുന്നതിന് കൊടുത്തു. ആ ആശ്രമം കൂടി ചരിത്രത്തിൽ ദേവാലയങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നു.

5-1 "കൃഷിയും ജലസേചനവും"

അനുബന്ധം

വാർഡ് - 1

1. റോഡിന് കിഴക്ക് വശത്ത് പമ്പും മോട്ടറും സ്ഥാപിക്കുക എന്നത് ചുങ്കത്തുമാലിയിൽ പമ്പും മോട്ടറും സ്ഥാപിക്കുക എന്ന് ആക്കണം.

2. പുളിക്കീഴ് കടവ് ഭാഗത്ത് പമ്പും മോട്ടറും സ്ഥാപിച്ച് റോഡിന്റെ പടിഞ്ഞാറുവശവും ചാൽക്കര റോഡിന്റെ കിഴക്കു വശവും ഉള്ള നിലങ്ങൾക്ക് ജല സേചനസൗകര്യം ഉണ്ടാക്കുക.

3. മണിയനാകുഴി പുഞ്ച പാടത്തിന്റെ ആറ്റു തീരം പിച്ചിംഗ് കെട്ടുകയും, പുഞ്ചയിലുള്ള തോട് വീതിയും ആഴവും കൂട്ടുകയും പമ്പ് സെറ്റ് സ്ഥാപിക്കുകയും ചെയ്യുക.

4. അത്തിതോട് പിച്ചിംഗ് കെട്ടുകയും ആഴം കൂട്ടുകയും ചെയ്യുക.

5. ഉഴത്തിൽപടിയിൽ പൈപ്പ് കിടക്കുന്ന ഭാഗത്ത് കലുങ്ക് പണിയുക.

6. വള്ളപ്പുരയിൽപടി കണ്ടത്തിൽ പടി, കലുങ്കിൽ പടി തോട് തെളിച്ച് പാടത്ത് കെട്ടി കിടക്കുന്ന വെള്ളം ഒഴുകി പോകുവാൻ സൗകര്യം ഉണ്ടാക്കുക.

7. പ്രധാന ചാലുകളും കുളങ്ങളും എന്ന പട്ടികയിൽ കുണ്ടോത്തുകുഴി ചാലും ചേർക്കുക.

8. പ്രധാന തോടുകൾ എന്ന പട്ടികയിൽ 1. കലുങ്കിൽപ്പടി കോട്ടച്ചാൽ തോട്. 2. അത്തിതോട് എന്നിവ കൂടി ചേർക്കുക.

വാർഡ് - 2

NIL

വാർഡ് - 3

കൃഷിയും ജലസേചനവും

കാരയ്ക്കാട്ടു ചാലും പാലത്താൻ കുഴിയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു തോടുണ്ടായിരുന്നതു നികത്തിപ്പോയതാണ്. ഇപ്പോൾ കാരയ്ക്കാട്ടു ചാലിലെ വെള്ളം ഒഴുകിപ്പോകാൻ യാതൊരു മാർഗ്ഗവുമില്ലാത്തതിനാൽ ചാലിന്റെ നാലുവശത്തുമുള്ള പുഞ്ച കൃഷി ചെയ്യുവാൻ നിർവ്വാഹമില്ല. കൂടാതെ ചാലിൽ വെള്ളം കെട്ടി നിന്ന് വേനൽക്കാലത്തു തനിയെ വറ്റുന്നതു മൂലം ഈ ചാലിന്റെ ചുറ്റുമുള്ള വിരിപ്പു നിലങ്ങളിലെ മണ്ണിന്റെ ഈർപ്പം വലിഞ്ഞ് മണ്ണ് ഈറിപ്പിടിച്ചു എല്ലാ തരം കൃഷിക്കും ദോഷം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ആയതിനാൽ ഈ രണ്ടു ചാലിനേയും ബന്ധിപ്പിക്കുന്ന ഒരു തോട് ആവശ്യമാണ്. പാലത്താൻകുഴി ചാൽ കോട്ടച്ചാലുമായും ആറുമായും ബന്ധപ്പെട്ടു കിടക്കുന്നതിനാൽ കാരയ്ക്കാട്ടു ചാലും പാലത്താൻകുഴിയുമായി ഒരു തോടുണ്ടായാൽ കാരയ്ക്കാട്ടു ചാലിലെ വെള്ളം ആറ്റിൽ വെള്ളം താഴുന്നതനുസരിച്ചു വറ്റുന്നതിനും ഈ ഭാഗത്തുള്ള എല്ലാത്തരം കൃഷിക്കു വളരെ ഉപകാരപ്രദവുമായിരിക്കും. അതുകൊണ്ട് ഈ രണ്ടു ചാലും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു തോടു അത്യാവശ്യമായുണ്ടാകാൻ നടപടി സ്വീകരിക്കണം.

വാർഡ് - 4

കോലറകടവിൽ പമ്പ് സെറ്റ് സ്ഥാപിച്ച് മേസനറി ചാനൽ കെട്ടി ഒളഭ്രത്ത് പുത്തനാറ് വരെ നീട്ടി അതിനോടനുബന്ധിച്ച് സബ് ചാനലും കെട്ടിയാൽ സമീപ പ്രദേശത്തുള്ള കരപുരയിടവും, നിലങ്ങളും ഒരുപോലെ ജലസേചനം നടത്താം.

വാർഡ് - 5

പറയംതോടിന്റെ സംരക്ഷണത്തിന് പിച്ചിംഗ് കെട്ടുക.

വാർഡ് - 6

NIL

വാർഡ് - 7

1. കന്യേത്തറ മുതൽ അരയൽ പറമ്പ് റോഡ് വരെ ഏകദേശം 200 മീറ്റർ റോഡ് ഒരടി മുതൽ 3 അടി വരെ കിളത്തിയാൽ ഗതാഗതത്തിനും ഒപ്പം മോർവേലി പാടശേഖരം (പതിനഞ്ച് ഏക്കർ) പുഞ്ച ഇരുപ്പൂവ് കൃഷി ചെയ്യുവാനും സാധിക്കും.

2. അരയൻപറമ്പിൽ തോടിന്റെയും ആറ്റുപണംതോടിന്റെയും ആഴവും വീതിയും കൂട്ടിയാൽ ആറ്റിൽ നിന്നും തോടിലേക്ക് സുഗമമായി വെള്ളം കയറുന്നതിനും ആയതിനാൽ കൃഷിയ്ക്കുണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കുവാനും കഴിയും.

3. കന്യേത്തറ കോളനിയിൽ ആറ്റിൽ നിന്നും 100 മീറ്റർ അകലെ ലിഫ്റ്റ് ഇറിഗേഷൻ പമ്പ് സ്ഥാപിച്ച് കനാൽ നിർമ്മിച്ചാൽ 250 ഏക്കറോളം, രണ്ട് ഹരിജൻ കോളനികൾ ഉൾപ്പെടുന്ന സ്ഥലം കര കൃഷിക്ക് യോഗ്യമാക്കാം.

4. അരയൻപറമ്പിൽ കലുങ്കും പനയന്നാർ കാവ് കലുങ്കും ദുർബലമായി ഉപയോഗശൂന്യമാണ്. കലുങ്ക് ബലപ്പെടുത്തിയാൽ കൃഷി സ്ഥലങ്ങളിൽ വാഹനങ്ങൾ എത്തുന്നതിനും കർഷകരുടെ അധിക ചെലവ് ഒഴിവാക്കുന്നതിനും സാധിക്കും.

5. ഉപദേശികടവു മുതൽ പനയന്നാർ കടവ് വരെ ആറ്റുമാലി മണ്ണിടിഞ്ഞ് ഫലഭൂയിഷ്ഠമായ എക്കൽ മാലി നശിക്കുന്നത് തടയുന്നതിന് പിച്ചിങോ, പുലിമുട്ടോ സ്ഥാപിക്കു.

6. നടുവിലേ തോപ്പിൽ വരെയുള്ള ഇറിഗേഷൻ കനാൽ വടക്കോട്ട്, അമ്പക്കാട് പടി വരെ നീട്ടണം.

പൊതു നിർദ്ദേശം

കൃഷി ഭവനിലെ ഫീൽഡ് ഓഫീസറന്മാർ കർഷകരുമായി നേരിട്ട് ബന്ധപ്പെടുകയും, ശാസ്ത്രീയ കൃഷി രീതികൾ അഭ്യസിപ്പിക്കുകയും വേണം. ആവശ്യമായ പരിശീലകർ ഇല്ലെങ്കിൽ നിർദ്ദിഷ്ഠ യോഗ്യതയുള്ള തൊഴിൽ രഹിതരെ പഞ്ചായത്ത് താല്കാലികമായി നിയോഗിക്കണം.

വാർഡ് - 8

1. പേജ് 27-ൽ എട്ടാം വാർഡ് നാടു തോടിനു നിലവിലുള്ള ക്രോസ് ബാറിന് ചീപ്പ് സ്ഥാപിക്കണം എന്നത് "ഷട്ടർ" എന്നാക്കണം.

2. പേജ് 27-ൽ കൊടക്കാട്ടുമൂല എന്നത് "കൊട്ടയ്ക്കാട്ടു മൂല" എന്നാക്കുക.

3. പേജ് 27-ൽ കടച്ചയിൽ കണ്ടം എന്നത് "കടമ്പയിൽ കണ്ടം" എന്നാക്കുക.

4. പുല്ലേലികാട്ടിൽ പുരയിടത്തിൽ നിന്നും അമ്പലപുറത്തേക്കുള്ള ഇറിഗേഷൻ കനാലിന്റെ ഭാഗത്ത് പടിഞ്ഞാറേപറമ്പിൽ ഭാഗത്ത് കൂടി കാട്ടിപറമ്പ് ഭാഗത്തേക്ക് ഒരു ലീഡിംഗ് ചാനൽ കൂടി നിർമ്മി

ക്കണം. (നീളം 750 മീറ്റർ)

5. ചക്കാല കിഴക്കേതിൽ അവസാനിക്കുന്ന ഇറിഗേഷൻ കനാൽ വാലേത്തു കോളനി വഴി കൊണ്ടൂർ പാടത്തേക്ക് നീട്ടണം.

6. കൃഷി ആവശ്യത്തിനായി കൊണ്ടൂർ പാട ത്തേക്കുള്ള റോഡ് ശരിയാക്കണം.

വാർഡ് -9

1. പറയാം തോട്ടിൽ കല്ലൂർപ്പടി സ്ഥിരം ഷട്ടർ ഉറപ്പിച്ച് ഈരോഴുചാലിന്റെ പുഞ്ച, വെള്ളാരംകേരി പാടശേഖരത്തോട് ചേർത്ത് പമ്പിംഗ് സൗകര്യം ഉണ്ടാക്കണം.

2. കുര്യത്തുകടവിന് പടിഞ്ഞാറ് വശമുള്ള തോട് ആഴം കൂട്ടി ജല സേചനസൗകര്യം ഉണ്ടാക്കുക.

3. മർത്തമറിയം പള്ളിയുടെ പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന ഇറിഗേഷൻ പമ്പ് ഹൗസിന് ചേർന്ന് താഴ്ച യിൽ ഉള്ള തോട് തെളിച്ച്, ഇറിഗേഷൻ സമയത്തുണ്ടാ കുന്ന അധികജലം ചെറിയ മോട്ടർ പമ്പ് ഉപയോഗിച്ച് പുറത്തുകളയുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

വാർഡ് -10

1. ചേന്നങ്കേരി അയ്യങ്കോനാരി പാടശേഖര ത്തിന്റെ പുറംബണ്ട് വീതി കൂട്ടിയും പൊക്ക കൂട്ടിയും, തെക്കുവശത്തെ റോഡിന്റെ തെക്കുവശം റിംഗ്ബണ്ട് നിർമ്മിച്ച് പാടശേഖരത്തിൽ രണ്ട് കൃഷി ചെയ്യുന്ന തിന് സൗകര്യമുണ്ടാക്കുക.

2. കുന്നേൽ റോഡിന്റെ പൊക്കം കൂട്ടി പാടം രണ്ടാക്കിയാൽ കൃഷിക്ക് അനുയോജ്യമായിരിക്കും.

മാലിപടിയിൽ കടവു വരെയുള്ള തോടിന്റെ കിഴക്കുവശം ഭിത്തി കെട്ടിയാൽ കൃഷിക്ക് വെള്ളം കയറ്റുന്നതിന് സൗകര്യമായിരിക്കും.

വികസന സെമിനാർ

5-2 മൃഗസംരക്ഷണം, മത്സ്യബന്ധനം

ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ

1) 1, 2, 3, 4 വാർഡുകൾ ചേർത്തു ക്ഷീരസഹക രണസംഘം സ്ഥാപിക്കുക.

2) പരുമല 7, 8 ഉം വാർഡും ചേർത്ത് മത്സ്യസഹ കരണസംഘം സ്ഥാപിക്കുക. 6-ാം വാർഡിലെ മത്സ്യ സഹകരണസംഘം പ്രവർത്തന ക്ഷമമാക്കുക.

3) മാതൃകാ കന്നുകാലി തൊഴുത്തിന്റെ സബ്സിഡി 2500 രൂപയായി വർദ്ധിപ്പിക്കുക.

4) നിലവിലുള്ള തൊഴുത്തു പുനരുദ്ധരിക്കുന്ന തിന് സഹായം ചെയ്യുക. അതിന്റെ സബ്സിഡി 1500 രൂപായാക്കുക.

5) പുൽകൃഷി വിത്തിനേക്കാൾ പുൽക്കട ലഭി ച്ചാൽ കൊള്ളാം.

6) കടപ്ര പഞ്ചായത്തിലെ മുഴുവൻ പശുക്കളേ യും ഇൻഷ്വർ ചെയ്യുക.

7) മോഡൽ ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതി നും 7000 രൂപ ധനസഹായം നൽകാവുന്നതാണ്.

8) പഞ്ചായത്തു തലത്തിൽ മിനികാലിത്തീറ്റ ഫാക്ടറിയ്ക്ക് സാധ്യതയില്ല.

9) പഞ്ചായത്ത് തലത്തിൽ കാഫ് സബ്സിഡി പ്രോഗ്രാം അനുവദിക്കുക.

10) സഞ്ചരിക്കുന്ന മൃഗാശുപത്രി പഞ്ചായത്ത് തലത്തിൽ നടപ്പാക്കുക.

11) പഞ്ചായത്തു തലത്തിൽ ഒരു വെറ്റിനറി ലാബറട്ടറി സ്ഥാപിക്കുക.

12) കറവ യന്ത്രം വാങ്ങുന്നതിന് സബ്സിഡി നൽകുക.

13) പഞ്ചായത്തു തലത്തിൽ ഗർഭിണി പശു ക്കൾക്കും കാലിത്തീറ്റ നൽകുന്ന പദ്ധതി നടപ്പിലാക്കു ക.

14) ക്ഷീരോല്പന്ന യൂണിറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക.

15) സ്വയം തൊഴിൽ പദ്ധതിയിൽ ഡയറി യൂണിറ്റ് സ്ഥാപിക്കുക.

16) അംഗനവാടിയിലെ കുഞ്ഞുങ്ങൾക്ക് സൗജന്യ നിരക്കിൽ പാൽ നൽകുന്ന പരിപാടി ഏർപ്പെടുത്തുക.

17) കടപ്ര പഞ്ചായത്തിലെ ഒൻപതാം വാർഡിൽ വെറ്ററിനറി സബ്സെന്റർ സ്ഥാപിക്കുക.

| വളർത്തുമൃഗങ്ങളും പക്ഷികളും | | |
|---|---|---|
| മൃഗങ്ങളുടെ ഇനം | 1987 | 1996 |
| പശു | ലഭ്യമല്ല | 2059 |
| കാള | ലഭ്യമല്ല | 110 |
| എരുമ | ലഭ്യമല്ല | 31 |
| പോത്ത് (കന്ന്) | ലഭ്യമല്ല | 58 |
| ആട് | ലഭ്യമല്ല . | 1165 |
| പട്ടി | ലഭ്യമല്ല | 741 |
| കോഴി | ലഭ്യമല്ല | 12567 |
| താറാവ് | ലഭ്യമല്ല | 4173 |

| വാർഡ് നമ്പർ | കടൽ മത്സ്യം | | ഉൾനാടൻ മത്സ്യംമത്സ്യബന്ധനോപകരണങ്ങൾ | | |
|---|---|---|---|---|---|
| | വിതീർണ്ണം | കർഷകരുടെ എണ്ണം | യന്ത്രവത്കൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | യന്ത്രം ഘടിപ്പിക്കാത്ത നാടൻ വള്ളങ്ങൾ |
| 2 | 1.00 Hector | 1 | - | - | - |
| 6 | - | - | | | 70 |
| 7 | 0.20 Hector | 1 | - | - | 30 |
| 9 | 0.40 Hector | 2 | - | - | - |

5-3 വ്യവസായം (അനുബന്ധം)

1. വ്യവസായികപരമായും, മറ്റു ബിസിനസ്സുപരമായും തുടങ്ങുന്ന സംരംഭകർക്ക്, ആവശ്യമായ സഹായസഹകരണങ്ങൾ ചെയ്ത് കൊടുക്കാൻ അധികൃതർ ശ്രദ്ധിക്കുക.

2. വ്യവസായം തുടങ്ങുന്ന വരെ നിസ്സാര നിയമ തടസ്സങ്ങൾ ഉന്നയിച്ച് നിരുൽസാഹപ്പെടുത്തരുത്.

3. മത്സ്യ സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുക.

4. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വ്യാവസായിക മേഖലകൾ രൂപപ്പെടുത്തി അവയ്ക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ (വെള്ളം, വൈദ്യുതി മറ്റ് വായ്പാ പദ്ധതികൾ) ഉണ്ടാക്കാൻ. പ്രത്യേകം ശ്രദ്ധിക്കുക.

5. ഇന്ന് നിലവിലുള്ള പഞ്ചായത്തിലുള്ള പരമ്പരാഗത വ്യവസായങ്ങൾ ആയ, ഓട് പാത്ര നിർമ്മാണ

ത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വിദഗ്ദ്ധ സഹായം നൽകുക, പുതിയ സംരംഭകരെ കണ്ടെത്തുകയും ചെയ്യുക.

6. ഈ പഞ്ചായത്തിൽ മെറ്റിൽ അടിച്ച് ജീവിക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

7. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുള്ള ക്ഷേമ പദ്ധതികൾ നടപ്പാക്കുക.

8. ഈ പഞ്ചായത്തിൽ ക്ഷയിച്ചു കൊണ്ടിരിക്കുന്ന കളിമൺ വ്യവസായം പുനർജീവിപ്പിച്ച് എടുക്കുക. അസംസ്കൃത സാധനങ്ങൾ മതിയായി തോതിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുക.

9. ഉദ്ദേശം 99 ഏക്കറോളം ഉള്ള ഷുഗർ ഫാക്ടറിയുടെ ഇപ്പോൾ ഉപയോഗ ശൂന്യമായ സ്ഥലം ഏറ്റെടുത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കണം.

10. തേനിച്ച വളർത്തൽ, പട്ടുനൂൽ പുഴു വളർത്തൽ തുടങ്ങിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുകയും, സംരംഭകൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ചെയ്യുക.

11. പച്ചക്കറി സംസ്ക്കരണ യൂണിറ്റ് തുടങ്ങുക.

12. വളരെയധികം തയ്യൽ തൊഴിലാളികൾ പരുമല ഏഴാം വാർഡിൽ ഉണ്ട്. അവിടെ ഒരു വനിതാ തയ്യൽ യൂണിറ്റു രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

13. ഒൻപതാം വാർഡിൽ ഒരു മെഴുകുതിരി വ്യവസായ യൂണിറ്റ് ഉണ്ട്. അത് ജനപങ്കാളിത്തത്തോടെ നടത്തണം.

14. ഒൻപതാം വാർഡിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കണം.

5-4 വിദ്യാഭ്യാസം (അനുബന്ധം)

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങളും സാധ്യതകളും എന്നതിൽ താഴെപ്പറയുന്ന കാര്യങ്ങൾ കൂടി ചേർക്കുന്നു.

1. അഞ്ചാം വാർഡിലെ ഗവ. യൂ. പി. എസ്സ്നോട് ചേർന്ന് ഒരു നേഴ്സിംഗ് ടീച്ചേഴ്സ് ട്രെയിനിംഗ് സെന്റർ ആരംഭിക്കേണ്ടതാണ്.

2. ട്രാവൻകൂർ ഷുഗേഴ്സുമായി ബന്ധപ്പെട്ട ടെന്നീസ് കോർട്ട്, കെട്ടിടങ്ങൾ, ജലാശയങ്ങൾ, ഫുട്ബോൾ കോർട്ട് തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി ഒരു സ്പോർട്സ് സ്കൂൾ തുടങ്ങാവുന്നതാണ്. മദ്ധ്യ തിരുവിതാംകൂറിലെ കായിക പ്രതിഭകളായ വിദ്യാർത്ഥികൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് ഈ സ്ഥാപനം ഉതകുന്നതയിരിക്കും. ഇതിന് ജില്ലാ പഞ്ചായത്തിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും സഹകരണം തേടേണ്ടതാണ്.

5-5 കുടിവെള്ളവും, പൊതുജനാരോഗ്യവും (അനുബന്ധം)

1. കടപ്ര പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യം കേന്ദ്രം പോലും നിലവിലില്ല. ഗവ. പോളിസിത്തനുസരിച്ച് ഒരു പഞ്ചായത്തിന് ഒരു പ്രൈമറി ഹെൽത്ത് സെന്റർ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ പമ്പാ ഷുഗർ ഫാക്ടറിയുടെ ഗവ. വക കെട്ടിടവും സ്ഥലവും ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. അതിന് പഞ്ചായത്ത് മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2. പരുമലയിൽ വർഷങ്ങളായി ഉണ്ടായിരുന്ന ആയൂർവേദ ആശുപത്രി സ്വന്തമായി കെട്ടിടമില്ലാത്തതിന്റെ പേരിൽ അവിടെ നിന്നും മാറ്റി കടപ്രയിൽ പ്രവർത്തിക്കുന്നു. ഇപ്പോഴും വാടക കെട്ടിടത്തിൽ തന്നെ. പരുമല എട്ടാം വാർഡിൽ അംഗൻവാടിയുടെ അടുത്ത് അതിന് ആവശ്യമായ സ്ഥലം ലഭിക്കാൻ സാദ്ധ്യതയുണ്ട്. അതിനു വേണ്ടി പഞ്ചായത്ത് മുൻകൈയെടുക്കേണ്ടതാണ്.

3. പായൽ വളർന്ന് കെട്ടിക്കിടക്കുന്ന കുഴികളിലും, ചാലുകളിലും കൊതുകുകൾ കൂടുതലായി വളരുകയും, പൊതുജനാരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. വ്യക്തികളുടെ വക സ്ഥലങ്ങളിലുള്ള പായലുകൾ അവരവർ നീക്കം ചെയ്യാറുണ്ട്. എന്നാൽ പായൽ കെട്ടി കിടക്കുന്ന ഗവ. വക സ്ഥലങ്ങളായി, കോട്ടച്ചാൽ കുണ്ടാത്തുകുഴി, ഷുഗർ ഫാക്ടറിപടി, പാലത്താംകുഴി മുതലായ സ്ഥലങ്ങളിലെ പായൽ വാരുന്നതിന് പഞ്ചായത്തിൽ നിന്നും ക്രമീകരണം ഉണ്ടാക്കണം.

4. കുടിവെള്ളം പഞ്ചായത്തിന്റെ എല്ലാ മേഖല

കളിലും എത്തിക്കുവാൻ കൂടുതൽ പൈപ്പുലൈനുകൾ നീട്ടിയും, പുതിയ ടാങ്കുകൾ നിർമ്മിച്ചും, വെള്ളം കിട്ടാത്തവർക്കു പ്രയോജനപ്പെടുത്തണമെന്ന് താല്പര്യപ്പെടുന്നു.

5. പുളിക്കീഴ് ഒന്നാം വാർഡിലെ 40 സെന്റ് പഞ്ചായത്ത് സ്ഥലവും, പത്താം വാർഡിലെ 80 സെന്റ് സ്ഥലവും, യുക്തമായ രീതിയിൽ ആവശ്യങ്ങൾക്ക് കണ്ടെത്താവുന്നതാണ്.

5-6 ഗതാഗതം (അനുബന്ധം)

1. ഒന്നാം വാർഡിൽ അമ്പ്രയിൽ ലക്ഷംവീടു കോളനി മുതൽ തെക്കോട്ട് മണപ്പുറമ്പിൽ കടവു വരെയുള്ള റോഡ് പുതുതായി ചേർക്കണം.

2. രണ്ടാം വാർഡിൽ കാടുവെട്ടി പടി അറഞ്ഞാപുരം റോഡ് ടാർ ചെയ്യണം.

3. ആലംതുരുത്തി പാലത്തിന്റെ വടക്കുവശം റോഡിനു പടിഞ്ഞാറു വശത്തായി ഒരു ടാക്സിസ്റ്റാന്റ് ഉണ്ടാക്കാൻ നടപടി സ്വീകരിക്കണം.

4. ഇപ്പോഴുള്ള വെയിറ്റിംഗ് ഷെഡ് പൊളിച്ചു മാറ്റി സ്റ്റെല്ലാ മേരി സ്കൂളിന്റെ മുൻവശമുള്ള മതിലിന്റെ തെക്കടുത്തു പുതിയ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കണം.

5. കാടുവെട്ടി അരയപുരം റോഡിൽ നിന്നും പുല്ലംപ്ലാവിൽ പടി വരെയുള്ള 50 മീറ്റർ റോഡ് റോഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തണം.

6. കോട്ടച്ചാലിൽ ഒരു കുളിക്കടവ് ശരിയാക്കണം. പാണൻതോട്ടിൽ കുളിക്കടവ് മെയിന്റൻസ് നടത്തണം.

മൂന്നാം വാർഡ്

1) അടിയക്കടവ് അച്ചാവേലിപടി റോഡ് പുതുതായി അംഗീകരിക്കണം.

2) മങ്ങാടൻ തറ റോഡ് റോഡിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തണം.

3) പരുവത്ര ക്ഷേത്രം കോളനി റോഡ് റോഡ് ലിസ്റ്റിൽ ഉൾപ്പെടുത്തണം.

4) തോണ്ടുവേലി മങ്ങാടൻ തറ റോഡ് നിർമ്മിക്കണം.

5) ഇരട്ടക്കാലി കുളിക്കടവ് അറ്റകുറ്റപ്പണി നടത്തണം.

6) കാരപ്പള്ളി കുളിക്കടവ്, ആലാത്തുകടവ്, കീരിക്കാട്ടശ്ശേരി കടവ് ഇവ ശരിയാക്കണം.

നാലാം വാർഡ്

1) അരുവത്താല റോഡ് കടവിൽ കുളിക്കടവ് വേണം

2) ഉപദേശി കടവിൽ പാലം വേണം

3) കീച്ചേരിവാൽ കടവ് പാലത്തിന്റെ പണി ത്വരിതപ്പെടുത്തണം.

4) കീച്ചേരിവാൽ കടവ്, അരിവാത്തലപടിയിലുള്ള കുളിക്കടവ് ശരിയാക്കണം.

| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
|---|---|---|---|
| -199394 | 428 | 166 | ഇല്ല |
| -199495 | 403 | 186 | ഇല്ല |
| -199596 | 326 | 142 | ഇല്ല |

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട് ഇല്ല | ലാബോറട്ടറി വേണ്ടത്ര സയൻസ് കോർണർ ഉണ്ട് ഇല്ല | പഠനോപകരണങ്ങൾ മാപ്പുകൾ ചാർട്ടുകൾ ഗ്ലോബുകൾ വേണ്ടത്ര ഉണ്ട് ഇല്ല | ദൃശ്യ ശ്രവ്യ ഉപകരണ | | |
|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റെക്കോർഡ് | സിനിമാ പ്രൊജക്ടർ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| കെ. വി. യൂ. പി. എസ് വളഞ്ഞവട്ടം | ഇല്ല | ഇല്ല | വേണ്ടത്ര ഇല്ല | 1 | ഇല്ല | ഇല്ല |
| ഗവ. എൽ. പി. എസ് കടപ്ര | ഇല്ല | സയൻസ് കോണർ ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| കെ. എസ്. ജി. എച്ച്. എസ്. എസ് കടപ്ര | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| ഗവ. യു. പി. എസ്. കടപ്ര | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| M. D. L. P.S. Valangavattom East | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| St. Mary's H. S. Niranam | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| St. Mary's LPS Niranam | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| പരുമല സെമിനാരി എൽ. പി. | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| സെന്റ് ഫ്രാൻസിസ് എൽ. പി. സ്കൂൾ പരുമല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ഗവ. എൽ. പി. എസ് പരുമല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ഡി. ബി. എച്ച്. എസ് പരുമല | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| കെ. വി. എൽ. പി. എസ്. പരുമല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| മേഴശ്ശേരി എം. ഡി. എൽ. പി. സ്കൂൾ | ഉണ്ട് | സയൻസ് കിറ്റ്ബോക്സ് ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| എം. എസ്. എം യൂ. പി. എസ്, നിരണം | ഉണ്ട് | സയൻസ് കോർണർ ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| മാന്നാർ ചർച്ച് എം. ഡി. എൽ. പി. സ്കൂൾ | ഉണ്ട് | എസ്. സി. ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| നിരണം മാർ ബസോലിയോസ് എം. ഡി. എൽ. പി. സ്കൂൾ | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |

| ങ്ങൾ എണ്ണം | | ബ്ലാക്ക് ബോർഡ് | | ആവശ്യമുള്ളത് 9596 ൽ ലഭിച്ച അദ്ധ്യായന ദിവസം | സമരങ്ങളിലൂടെ നഷ്ടപെട്ട അദ്ധ്യായന ദിനങ്ങൾ | പ്രത്യേക പെതു അവധികളിലൂടെ നഷ്ടമായ അദ്ധ്യായന ദിനങ്ങൾ | മാതൃസംഗമം സജീവം സജീവമല്ല | ക്ലാസ് റൂം പി. ടി. എ. കൾ പ്രവർത്തിക്കുന്നു പ്രവർത്തിക്കക്കുന്നില്ല |
|---|---|---|---|---|---|---|---|---|
| സ്ലൈസ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | നിലവിലുള്ളത് | | | | | | |
| 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| ഇല്ല | ഇല്ല | 9 | 9 | 194 | ഇല്ല | 2 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 5 | 7 | - - | ഇല്ല | 1 | സജീവം | പ്രവർത്തിക്കുന്നു |
| ഉണ്ട് | ഉണ്ട് | 10 | 30 | 192 | ഇല്ല | 1 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | - | 7 | 193 | ഇല്ല | 2 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 4 | - | 192 | ഇല്ല | 4 | അല്ല | പ്രവർത്തിക്കുന്നു |
| ഉണ്ട് | ഉണ്ട് | 20 | 16 | 190 | ഇല്ല | 8 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 9 | 5 | 192 | ഇല്ല | ഇല്ല | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 10 | 5 | 194 | ഇല്ല | - | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 4 | 4 | 194 | ഇല്ല | - | സജീവം | പ്രവർത്തിക്കുന്നു |
| ഉണ്ട് | ഉണ്ട് | 7 | 8 | 196 | 1 | 3 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 24 | 10 | 181 | 10 | 8 | ഉണ്ട് സജീവം ഇല്ല | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 4 | 1 | 196 | ഇല്ല | 3 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 4 | 4 | 195 | ഇല്ല | 5 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 6 | - | 195 | ഇല്ല | 5 | സജീവം | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 5 | 5 | 195 | ഇല്ല | ഇല്ല | സജീവം അല്ല | പ്രവർത്തിക്കുന്നു |
| ഇല്ല | ഇല്ല | 3 | 1 | 194 | ഇല്ല | ഇല്ല | സജീവം | പ്രവർത്തിക്കുന്നു |

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട് ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താത്ക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താത്ക്കാലികം | | | |
| കെ. വി. യു. പി. എസ്. വളഞ്ഞവട്ടം | 12 | 1 | 2 | - | - | 4 | 1 | 5 | 1 | 1 |
| ഗവ. എൽ. പി. എസ് കടപ്ര | 7 | 2 | - | - | - | - | - | - | 1 | 1 |
| കെ. എസ്. ജി. എച്ച്. എസ്. എസ്. കടപ്ര | 19 | 3 | 1 | ഇല്ല | 26 | - | - | 4 | ഉണ്ട് | 2 |
| എം. ഡി. എൽ. പി. എസ് വളഞ്ഞട്ടം ഈസ്റ്റ് | 4 | 2 | - | - | 2 Hall | - | - | - | - | 1 |
| ഗവ. യു. പി. എസ്. കടപ്ര | 7 | 2 | - | - | 11 | - | - | ഇല്ല | ഉണ്ട് | 1 |
| St. Mary's H. S. Niranam | 16 | 3 | - | - | 29 | - | - | ഇല്ല | ഇല്ല | 4 |
| St. Mary's LPS Niranam | 5 | 2 | - | - | 10 | - | - | ഇല്ല | ഇല്ല | ഇല്ല |
| പരുമല സെമിനാരി എൽ. പി. | 5 | 2 | - | - | 6 | - | - | ഇല്ല | ഇല്ല | ഇല്ല |
| സെന്റ് ഫ്രാൻസിസ് എൽ. പി. സ്കൂൾ പരുമല | 4 | 1 | - | - | 4 | - | - | ഇല്ല | ഇല്ല | 1 |
| ഗവ. എൽ. പി. എസ് പതുമല | 7 | 1 | 1 | 1 | മുറികളായി തിരിച്ചിട്ടില്ല | - | - | - | കെട്ടിടം ആവശ്യം ഭൂമി ഉണ്ട് | 1 |
| ഡി. ബി. എച്ച്. എസ് പരുമല | 24 | 8 | 2 | - | 34 | - | - | 5 | ഉണ്ട് | 2 |
| കെ. വി. എൽ. പി. എസ്. പരുമല | 4 | 1 | - | - | മുറികളായി തിരിച്ചിട്ടില്ല | - | - | - | - | 1 |
| മേഴശ്ശേരി എം. ഡി. എൽ. പി. സ്കൂൾ | 4 | 2 | - | - | 6 | - | - | - | - | 1 |
| എം. എസ്. എം യൂ. പി. എസ്, നിരണം | 6 | 2 | - | - | 11 | - | - | - | - | 2 |
| മാന്നാർ ചർച്ച് എം. ഡി. എൽ. പി. സ്കൂൾ | 5 | 2 | - | - | മുറികളായി തിരിച്ചിട്ടില്ല | - | - | ഇല്ല | ഇല്ല | ഇല്ല |
| നിരണം മാർ ബസോലിയോസ് എം. ഡി. എൽ. പി. സ്കൂൾ | 4 | 1 | - | - | മുറികളായി തിരിച്ചിട്ടില്ല | - | - | ഇല്ല | ഉണ്ട് | ഇല്ല |

| മൂത്രപ്പുര ഒരേ സമയം എത്ര കുട്ടികൾക്ക് ഉപയേഗിക്കാം | ഇനിയും ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസിന്റെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട് ഇല്ല കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട് ഇല്ല | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ ? മതിയാകും ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 2 | 2 | 1 | - | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | മതിയവുക | - | - | - | - | - |
| 20 | 2 | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | - | - | 2 | 3 | അലമാര ഒന്ന് |
| 40 | 3 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 100 | 150 | 20 | 20 | അലമാര രണ്ട് |
| - | 1 | ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | - | കുറവാണ് | - | - | - |
| 3 | 2 | 1 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 15 | 5 | 10 | അലമാര കസേര |
| 40 | ഇല്ല | | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാവും | - | - | - | - | - |
| - | 2 | 1 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | മതിയാവും | - | - | - | - | - |
| - | 2 | 1 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 10 | 10 | 2 | 2 | - |
| 5 | 2 | 1 | - | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | - | - | 2 | 2 | - |
| - | 1 | 1 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 20 | 15 | 5 | 5 | അലമാര രണ്ട് |
| 10 | 10 | 3 | - | ഉണ്ട് | ഭാഗികം | ഇല്ല | ഉണ്ട് | ഇല്ല | 150 | 150 | 10 | 10 | 10 |
| - | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 12 | 2 | 4 | അലമാര ഒന്ന് |
| 10 | 2 | ഇല്ല | - | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | മതിയാവും | - | - | - | 2 | അലമാര ഒന്ന് |
| 50 | - | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതിയാവും | - | - | - | - | - |
| - | 2 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 21 | - | 5 | 5 | - |
| - | 2 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 22 | 4 | 1 | 3 | ഷെൽഫ് ഒന്ന് |

അഞ്ചാം വാർഡ്

1) തുള്ളക്കുളത്തിൽ പടി, മുതലക്കുഴി റോഡ് ടാർ ഇടണം.

2) മഹാലക്ഷ്മി നട റോഡ് ടാർ ചെയ്യണം.

3) കടപ്ര തുളിശാല ക്ഷേത്രം കൈപ്പള്ളി പടി റോഡ് പുതിയതായി പണിയണം.

ആറാം വാർഡ്

1) കോട്ടക്കൽ കടവും മാന്നാർ കൊരട്ടിക്കാടുമായി ബന്ധപ്പെടുന്ന ഒരു പാലം വേണം.

2) വെങ്ങാഴിപ്പടി മുതൽ പടിഞ്ഞാറോട്ട് ചെട്ടിയാകുളത്ത് പാറക്കടവ് റോഡ് നിർമ്മിക്കണം.

3) പാറക്കടവിൽ ഒരു കുളിക്കടവ് നിർമ്മിക്കണം.

ഏഴാം വാർഡ്

1) തിരുവാർമംഗലം ശിവക്ഷേത്രത്തിൽ നിന്ന് വടക്കോട്ടുള്ള മുത്താരമ്മൻ റോഡ് വീതി കൂടുകയും കുളത്തിനു മൂന്നു വശവും സംരക്ഷണ ഭിത്തി കെട്ടുകയും വേണം.

2) തിക്കപ്പുഴ തോട്ടിൽ ലക്ഷംവീടു കോളനിയുമായി ബന്ധിപ്പിക്കുന്ന ഒരു കലുങ്ക് വേണം.

3) പനയന്നാർ കാവ് ക്ഷേത്ര പടി വടക്കാടത്ത് വീട് റോഡ് 150 m, പരുമല മിൽമ പടി മണിപ്പുഴ തോപ്പിൽ റോഡ് 100 m, എന്നീ റോഡുകൾ നിർമ്മിക്കണം.

എട്ടാം വാർഡ്

1) ടാർ ചെയ്യേണ്ട റോഡ് മെറ്റൽ ചെയ്തിരിക്കുന്ന വേടൻ പുരയിടം മാലിപ്പറമ്പിൽ റോഡ് ടാർ ചെയ്യണം.

2) കാട്ടിൽ കിഴക്കേൽ ഭാഗത്ത് റോഡിൽ ഒരു കലുങ്കു കെട്ടുകയും സൈഡു വോൾ കെട്ടുകയും വേണം.

3) തോണ്ടറമട മുതൽ ആറ്റിലേക്കുള്ള റോഡും തോണ്ടറ മടയിൽ കുലുങ്കും ആറ്റിൽ കുളിക്കടവും പുതിയതായി നിർമ്മിക്കണം.

പത്താം വാർഡ്

1) സൈക്കിൾ മുക്ക് തേവേരി P. W. D റോഡ് ഉയർത്തി ടാർ ചെയ്ത് കിട്ടണം.

2) ബണ്ടു റോഡ് വീതി കൂട്ടി ഉയർത്തി സഞ്ചാരയോഗ്യമാക്കണം. (രണ്ടാം കുരിശുമുതൽ)

3) മേടയിൽ പടി കോയിച്ചിറ പടി റോഡ് ഉയർത്തി വീതി കൂട്ടുക.

മറ്റു പൊതു നിർദ്ദേശങ്ങൾ

1) പരുമല ആറാം വാർഡിൽ പറക്കടവിൽ ഒരു കുളിക്കടവ് പണിയുക.

2) ഒന്നാം വാർഡിലെ ഓടാറ്റിപടിക്കൽ ക്കടവ് നന്നാക്കി പണിയണം.

3) പാച്ചേരി മാലിൽ കടവിൽ കുളിക്കടവു സ്ഥാപിക്കണം.

4) കടപ്ര ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ്ഡ് പണിയണം.

5) നിരണം വെസ്റ്റ് കടവിലെ പാലം ദുർബലമായതിനാൽ ബലപ്പെടുത്തി പുതുക്കി പണിയണം.

6) ഒൻപതാം വാർഡിലെ പണിക്കൽ മാടത്തു കടവ് നന്നാക്കി പണിയണം.

7) പത്താം വാർഡിൽ കണ്ണങ്കേരിൽ കടവ്, തേവർ കുഴി കടവ്, ചാലുപറമ്പിൽ ക്കടവ് എന്നിവിടങ്ങളിൽ കുളിക്കടവ് നിർമ്മിക്കുക.

8) പുളിക്കീഴ് പള്ളിപ്പടി അടുക്കത്തിൽപ്പടി റോഡ് ടാർ ചെയ്യണം.

കുളിക്കടവ്

പുതുതായി നിർമ്മിക്കേണ്ടത്

അടുക്കത്തിൽക്കടവ്

മുള നിൽക്കുന്നതിൽ പുത്തൻ ബംഗ്ലാവ് കടവ്

അറ്റകുറ്റപ്പണി നടത്തേണ്ടത്

ചുങ്കത്തുമാലിക്കടവ്

പുളിക്കീഴ് പാലത്തിനുസമീപം ഓടാറ്റിൽ കടവ്

കൊല്ലൻ പറമ്പിൽ കടവ്

തൈക്കടവിൽ കടത്തുകടവ്

കാരയ്ക്കാട്ട് മാലിക്കടവ്

5-6 ഊർജ്ജം (അനുബന്ധം)

| കടത്തിന്റെ പേര് | കടത്തിൽ നിന്നുള്ള വരുമാനം | മറ്റു വിവരങ്ങൾ |
|---|---|---|
| തേവേരി കടവ് | ഇല്ല | കടത്തുകടവ് പഞ്ചായത്തിൽ നിന്നും ശളം കൊടുത്തു സൗജന്യമായി കടത്തുന്നവയാണ്. ആയതിലേക്ക് ശരാശരി |
| കോട്ടയ്ക്കൽ കടവ് | ഇല്ല | Rs. 2500/- |
| പന്നായിക്കടവ് | ഇല്ല | മാസം ചിലവാകുന്നുണ്ട് |
| തോപ്പിൽ കടവ് | ഇല്ല | |
| തൈക്കടവിൽ കടവ് | ഇല്ല | |
| മാലിക്കടവ് | ഇല്ല | |
| തേവർകുഴി പള്ളി കടവ് | ഇല്ല | |

1) വിദ്യുച്ഛക്തി വിതരണത്തിൽ തടസം നിൽക്കുന്ന നിയമങ്ങൾ (വ്യക്തികളുടെയോ, സ്ഥാപനങ്ങളുടെയോ) നിയമനിർമ്മാണം മൂലം പരിഹരിക്കുക. തർക്കങ്ങൾ പരിഹരിക്കാനുള്ള അധികാരം പഞ്ചായത്തിനു ലഭ്യമാക്കുക.

2) കേബിൾ വലിക്കുന്നതിനുള്ള നിയന്ത്രണ പരിധി 35 മീറ്ററിൽ നിന്ന് 200 മീറ്റർ വരെ ആക്കുക. അതിൽ നിന്ന് ഗ്രൂപ്പിംഗ് സർവ്വീസ് കൊടുക്കുന്നതിനുള്ള അനുവാദം കൊടുക്കുക.

3) 15 നും 20 നും വർഷങ്ങൾക്കു മേൽ പഴക്കമുള്ള അലൂമിനിയം ലൈനുകൾ മാറ്റി പുതിയതു സ്ഥാപിക്കുക. (കാരണം അലൂമിനിയം conductor ന് അകത്തുള്ള പൊടി ഒരു bad conductor ആയി പ്രവർത്തിക്കുന്നതിനാൽ conductor ന് ബലക്ഷയം ഉണ്ടാകുന്നു. ഇതുമൂലം അപകടം വോട്ടേജ് ക്ഷമം എന്നിവ ഉണ്ടാകുന്നു.

4) കോളനികളിൽ ബയോ ഗാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക.

5) ഇന്നത്തെ അശാസ്ത്രീയമായ വൈദ്യുതി വിതരണ സമ്പ്രദായം ശാസ്ത്രീയമായ രീതിയിൽ പുനഃസംവിധാനം ചെയ്യുക. (ട്രാൻഫോർമറുകൾ ആവശ്യമായ സ്ഥലത്തു പുതിയതു സ്ഥാപിക്കുകയും പഴയത് ആവശ്യമായ അറ്റകുറ്റപ്പണിയും നടത്തുക).

6) പരുമല റബ്ബർ ഫാക്ടറിയുടെ ട്രാൻസ്ഫോർമറിൽ നിന്നും കണക്ഷൻ പുനഃസ്ഥാപിച്ച് പരിസരപ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

7) മൂന്നും നാലും വാർഡിന്റെ മണക്കൽ കുഴിഭാഗത്ത് പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വിതരണം സുഗമമാക്കുക.

8) ഉൾപ്രദേശങ്ങളിൽ കൊടുക്കുന്ന സിഗിംൾ ഫെയ്സ് ലൈൻ, കേബിൾ ലൈൻ ആക്കിയാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും അപകടം ഇല്ലാതാക്കുവാൻ ടച്ചിംഗ് വെട്ടാനും സാധിക്കും.

9) ഗ്രാമപ്രദേശങ്ങളിൽ എൽ. ടി. പോസ്റ്റുകളിലെല്ലാം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

10) കുളിക്കടവുകളിൽ ലൈറ്റ് സ്ഥാപിക്കുക.

11) പഞ്ചായത്തിൽ റോഡിലേക്ക് ഇറങ്ങിക്കിടക്കുന്ന പോസ്റ്റുകൾ യാത്രാ സൗകര്യത്തിന് തടസ്സമാകാതെ മാറ്റി സ്ഥാപിക്കുക.

12) പ്രധാന ജംഗ്ഷനിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

മാർക്കറ്റ്

1) പരുമലയ്ക്ക് ഒരു മാർക്കറ്റ് അടിയന്തരമായും സ്ഥാപിക്കേണ്ടതാണ്.

2) ആലുംതുരുത്തി ഫാക്ടറി പരിസരത്ത് ഒരു ഇലക്ട്രിസിറ്റി കളക്ഷൻ സെന്റർ സ്ഥാപിക്കുക.

3) മണപറമ്പിൽകടവിൽ ട്രാൻഫോർമർ സ്ഥാപിക്കുക.

4) തിരുവല്ലാ മാവേലിക്കര റോഡിൽ ബ്ലോക്കു മുതൽ പാലത്താംകുഴി വരെ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.

5-7 ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം (അനുബന്ധം)

1) ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കാൻ താല്പര്യമുള്ള യുവാക്കൾക്ക് ആവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകണം.

2) ഭവന നിർമ്മാണ സാമഗ്രികൾ മിതമായ വിലയ്ക്ക് ലഭ്യമാക്കാൻ വിപണന കേന്ദ്രങ്ങൾ ആരംഭിക്കണം.

3) പരമ്പരാഗത കൈത്തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

4) വാർദ്ധക്യകാല പെൻഷൻ കിട്ടുന്നതിന് വേണ്ട നടപടി സ്വീകരിക്കണം.

| പ്രായം | നോർമൽ | | ഒന്നാം ഗ്രേഡ് | | രണ്ടാം ഗ്രേഡ് | | മൂന്നാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 103 | 92 | 42 | 46 | 17 | 17 | 13 | 10 |
| 13 വയസ്സ് | 153 | 122 | 74 | 64 | 25 | 28 | 9 | 9 |
| 3 6 വയസ്സ് | 157 | 134 | 77 | 68 | 31 | 30 | 14 | 11 |

| കുട്ടികൾ | ബി. സി. ജി | ഡി. പി. റ്റി | | | | പോളിയോ | | | | ഡി. റ്റി. | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 D | 2 D | 3 D | B D | 1 D | 2 D | 3 D | BD | 1 D | 2 D | 3 D | BD | |
| 1 വയസ്സിൽ താഴെ | 329 | 310 | 301 | 293 | - | 300 | 303 | 299 | - | 2 | 2 | 5 | - | 184 |
| 1 3 വയസ്സ് | 295 | 356 | 350 | 304 | 300 | 354 | 308 | 304 | 308 | - | - | - | - | 208 |
| 3 6 വയസ്സ് | 368 | 358 | 368 | 366 | 346 | 361 | 361 | 361 | 333 | 43 | 9 | 14 | 4 | 301 |

5) മന്ദബുദ്ധികളും വികലാംഗമായ ആളുകളെ പുനരധിവസിപ്പിക്കുക.

6) വിധവകളും, അവിവാഹിതരും, പരിത്യജിക്കപ്പെട്ടവരുമായ സ്ത്രീകൾക്ക് തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം കുറഞ്ഞ പലിശക്കു ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

7) കോളനികളിൽ ടെലിവിഷൻ സൗകര്യം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

8) സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ കുട്ടികളുടെ പാർക്ക് നിർമ്മിക്കുക.

5-8 സംസ്ക്കാരം (അനുബന്ധം)

വാർഡ് ഒന്ന്

1) കടപ്ര നെടുമ്പ്രം പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന പമ്പയാറ്റിൽ മുൻപ് നടത്തിയിരുന്നതും ഇപ്പോൾ നിലവിൽ ഇല്ലാത്തതുമായ ജലോൽസവം പുനരാരംഭിച്ചാൽ ടൂറിസം വികസനത്തിന് വളരെ സാധ്യതയുള്ള മേഖലയായി ഇത് രൂപാന്തരപ്പെടും.

2) 1985 വരെ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന Pamba Reading room and library പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കണം.

3) കേരളത്തിന്റെ തനത് കലാ രൂപങ്ങളായ തിരുവാതിര, മാർഗ്ഗംകളി, പരിചമുട്ട് കളി ഇവയെ പരിപോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

വാർഡ് രണ്ട്

1) രണ്ടാം വാർഡിൽ നിലവിലുള്ള പരിചമുട്ട് കളി, കരകം, കോലടി തുടങ്ങിയ കലാരൂപങ്ങളെ പരിപോഷിപ്പിക്കേണ്ടതാണ്.

വാർഡ് മൂന്ന്

രജിസ്ട്രേഷൻ ഉള്ള ക്ലബുകൾക്ക് Sports Kit കൾ നല്കി പ്രോത്സാഹനം നൽകേണ്ടതാണ്.

വാർഡ് നാല്

പുത്തനാറിന് കിഴക്കുവശം കളിസ്ഥലമായി വികസിപ്പിച്ചെടുക്കണം.

വാർഡ് അഞ്ച്

കടപ്ര കൈരളി ഗ്രന്ഥശാലയത്തിന് Colour T.V. Set അനുവദിക്കേണ്ടതാണ്.

വാർഡ് ആറ്

പരുമല ചെട്ടിയാ കുളത്ത് ശ്രീ. ശുഭാനന്ദ ശാന്തി ആശ്രമത്തിന്റെ ജീർണ്ണോദ്ധാരണത്തിനായി ധനസഹായം ലഭിക്കണം. ഇത് ആരാധനാലയങ്ങളുടെ കൂടെ ഉൾപ്പെടുത്തണം.

പൊതു നിർദ്ദേശങ്ങൾ

1) നിരണം കവികളെ (കണ്ണശ്ശകവികളെ) അനുസ്മരിച്ചു കൊണ്ട് ആണ്ടുതോറും നടത്താറുള്ള കണ്ണശ്ശ ദിനാചരണ പരിപാടിക്ക് ഗ്രാന്റു അനുവദിക്കണം.

2) വായനശാല നിലവില്ലാത്ത വാർഡുകളിൽ മൊബൈൽ ലൈബ്രറി വഴി പുസ്തക വിതരണം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

3) ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ മേൽനോട്ടത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുട്ടികളുടെ വായനശാല സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് കൂടുതൽ സഹായങ്ങൾ നൽകുക.

4) ക്ലബുകൾക്കും, മറ്റ് സംഘടനകൾക്കും സൗജന്യമായി കേരള ഗസറ്റ് നല്കേണ്ടതാണ്.

5-9 വനിതാ ക്ഷേമം (അനുബന്ധം)

1) ഒന്നാം വാർഡിൽ പഞ്ചായത്തു വക സ്ഥലം ഉണ്ട്. അതിൽ അംഗൻവാടിക്കാവശ്യമായ സ്ഥലം കൊടുക്കണം.

2) തയ്യൽ അറിയാവുന്ന ധാരാളം വനിതകൾ ഉള്ളതുകൊണ്ട് ഒരു പരിശീലനകേന്ദ്രം തുടങ്ങണം. ഈറ ചകിരി, തഴ മുതലായവ പരമ്പരാഗത തൊഴിൽ ചെയ്യാനറിയാവുന്ന ധാരാളം വനിതകൾ ഉള്ളതുകൊണ്ട് ഒരു സഹകരണസംഘം രൂപീകരിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായ സഹകരണം ചെയ്യണം.

3) രണ്ടാം വാർഡിൽ കണ്ണശ്ശ സ്മാരക സ്കൂളിന്റെ വടക്കുവശത്തായിട്ടുള്ള സ്ഥലത്ത് തയ്യൽ പരിശീലനം നടത്തുന്നതിനുള്ള സൗകര്യം ഉണ്ട്. ആയതിനു വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കണം.

4) മൂന്നും നാലും വാർഡുകളിൽ ധാരാളം കന്നു

| ക്രമ നമ്പർ | വാർഡ് | കോളനി നമ്പർ | കോളനിയുടെ പേര് | വീടുകൾ ആകെ | ആകെ അംഗങ്ങൾ പു സ്ത്രീ | | | അംഗീകാരിക്കാത്ത കോളനി | ഒറ്റപ്പെട്ട വീടുകൾ | വീടില്ലാത്തവർ |
|---|---|---|---|---|---|---|---|---|---|---|
| 1 | I | 1 | പൊന്മായിൽ | 10 | 23 | 27 | 50 | - | - | 3 |
| 2 | | 2 | ചുങ്കത്തുമാലിൽ | 14 | 35 | 54 | 89 | - | - | 6 |
| 3 | | 3 | അമ്പ്രയിൽ | 3 | 6 | 9 | 15 | - | 12 | - |
| 4 | | 4 | മുട്ടത്തുചിറ | 4 | 10 | 16 | 26 | - | - | 1 |
| 5 | II | 1 | ചാൽക്കര | 10 | 23 | 27 | 50 | - | - | 3 |
| 6 | | 2 | കോട്ടച്ചാൽ | 5 | 9 | 15 | 24 | | | |
| 7 | | 3 | വേലൻപറമ്പ് | 13 | 29 | 31 | 60 | | 11 | |
| 8 | | 1 | പട്ടടപ്പറമ്പ് | 7 | 26 | 29 | 55 | | | 3 |
| 9 | | 2 | മാമ്പറ്റ കോളനി | 6 | 15 | 11 | 26 | 1<br>വീട് ആൾ<br>10 40 | | 2 |
| 10 | | 3 | മംഗലശ്ശേരി | 3 | 7 | 5 | 12 | | | |
| 11 | | 4 | മങ്ങാടന്തറ | 4 | 11 | 10 | 21 | | 13 | |
| 12 | | 1 | വളഞ്ഞവട്ടം ഈസ്റ്റ് | 10 | 20 | 27 | 47 | 3<br>31 134 | 16 | |
| 13 | | 1 | അറ്റകൊല്ലം പറമ്പ് | 5 | 11 | 13 | 24 | | | 2 |
| 14 | | 2 | പെരുമ്പെട്ടി | 4 | 11 | 13 | 24 | | 12 | |
| 15 | | 1 | വളക്കാലിൽ തോപ്പിൽ | 2 | 6 | 8 | 14 | | | |
| 16 | | 2 | കോട്ടയ്ക്കമാലി | 16 | 23 | 25 | 48 | | | 26 |
| 17 | | 3 | ചാമക്കാലായിൽ | 2 | 7 | 9 | 16 | | 42 | - |
| 18 | | 1 | മലയിൽ തോപ്പിൽ | 13 | 32 | 35 | 67 | | | 10 |
| 19 | | 2 | നടുവിലെതോപ്പിൽ | 9 | 14 | 25 | 39 | 1<br>10 45 | | 4 |
| 20 | | 3 | ആക്കപ്പുഴ | 17 | 38 | 38 | 76 | | | 6 |
| 21 | | 4 | മരങ്ങാട്ടുപറമ്പിൽ | 15 | 28 | 32 | 60 | | 57 | 6 |
| 22 | | 1 | വാലേത്ത് കോളനി | 2 | 6 | 5 | 11 | | | |
| 23 | | 2 | താഴാത്തറ | 10 | 24 | 25 | 49 | | 41 | 16 |
| 24 | | 3 | പുന്നശേരിൽ | 11 | 25 | 30 | 55 | 1<br>20 152 | 13 | 13 |
| 25 | | 1 | വല്യകൊട്ടിക്കൽ | 13 | 26 | 27 | 53 | | - | 4 |
| 26 | | 2 | പയ്യമ്പള്ളി | 11 | 25 | 30 | 55 | | - | |
| 27 | | 1 | കൊറ്റങ്കുഴി | 223 | 155 | 59 | 21 | 1<br>6 30 | - | 17 |
| 28 | | 2 | കോയിച്ചിറ | 12 | 23 | 28 | 5 | | - | 10 |

| ക്രമനമ്പർ | വാർഡ് | കോളനി നമ്പർ | കോളനിയുടെ പേര് | കക്കൂസ് | | വൈദ്യുതി | | കുടിവെള്ളം | | പെൻഷൻ | | റോഡ് | വിദ്യാഭ്യാസം | | | | അവശത | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | | X | PDC | DC | PG | വിധവ | വികല | മൂക | നിത്യരോഗി |
| 1 | 1 | 1 | പൊന്മായിൽ | | | " | | " | | 7 | 2 | ഉണ്ട് | 16 | 1 | | | | | | |
| 2 | | 2 | ചുങ്കത്തുമാലിൽ | 10 | 10 | " | | " | | | | ഉണ്ട് | 35 | 5 | 1 | 1 | | | | 1 |
| 3 | | 3 | അമ്പ്രയിൽ | | 5 | " | 14 | " | | | | ഉണ്ട് | 3 | | | | | | | |
| 4 | | 4 | മുട്ടത്തുചിറ | | 1 | " | | " | | 2 | 2 | ഉണ്ട് | 4 | | | | | | | |
| 5 | II | 1 | ചാൽക്കര | | | " | | " | | | | ഇല്ല | 16 | 1 | 1 | | | 1 | | |
| 6 | | 2 | കോട്ടച്ചാൽ | 9 | 4 | " | | " | | | | ഉണ്ട് | 3 | 4 | | | | 1 | | |
| 7 | | 3 | വേലൻപറമ്പ് | 2 | 2 | " | 2 | " | 2 | 7 | | ഉണ്ട് | 17 | 5 | 5 | 3 | | | | |
| 8 | III | 1 | പട്ടടപ്പറമ്പ് | | 1 | " | | " | | 1 | 1 | ഇല്ല | 3 | 3 | | | | | | |
| 9 | | 2 | മാമ്പറ്റകോളനി | | | " | | " | 2 | | | ഉണ്ട് | 4 | | | | | | | 2 |
| 10 | | 3 | മംഗലശ്ശേരി | ഉണ്ട് | | " | | " | | | | ഉണ്ട് | 3 | 1 | | | | | | |
| 11 | | 4 | മങ്ങാടന്തറ | | 2 | " | | " | | | | ഇല്ല | 4 | 1 | | | | | | |
| 12 | IV | 1 | വളഞ്ഞവട്ടം ഈസ്റ്റ് | | 2 | | 10 ഇല്ല | | 10 | | | ഇല്ല | 5 | 4 | 1 | 1 | 2 | | 1 | 1 |
| 13 | V | 1 | കൊല്ലംപറമ്പ് | ഉണ്ട് | | " | 2 | ഉണ്ട് | | | | ഇല്ല | | | | | | | | |
| 14 | | 2 | പെരുമ്പെട്ടി | ഉണ്ട് | | " | | | | | | ഉണ്ട് | 4 | 5 | 1 | | | | | |
| 15 | VI | 1 | വളക്കാലിൽ തോപ്പിൽ | | | | ഇല്ല | | | | | ഇല്ല | | | | | | | | |
| 16 | | 2 | കോട്ടയ്ക്ക മാലി | | | | ഇല്ല | | ഇല്ല | | | ഇല്ല | | | | | | | | |
| 17 | | 3 | ചാമക്കാലാ യിൽ | | 36 | | 243 | | 31 | | 8 | വേണം | | 11 | | | | | | |
| 18 | VII | 1 | മലയിൽ തോപ്പിൽ | | 11 | | 7 | | ഇല്ല | | 4 | ഉണ്ട് | | | | | | 2 | | |
| 19 | | 2 | നടുവിലെ തോപ്പിൽ | | 4 | | 3 | | " | | 4 | ഉണ്ട് | | | | | | 2 | 1 | |
| 20 | | 3 | തിക്കപ്പുഴ | | 6 | | 4 | ഉണ്ട് | | | | ഇല്ല | ഉണ്ട് | | | | | | 1 | |
| 21 | | 4 | മരങ്ങാട്ടുപറമ്പിൽ | | 6 | | 1 | | ഇല്ല | | | ഉണ്ട് | | | | | | 2 | 1 | |
| 22 | VIII | 1 | വാലേത്ത് കോളനി | ഉണ്ട് | | | ഉണ്ട് | | | | | ഇല്ല | | | | | | | | |
| 23 | | 2 | താഴാത്തറ | | | | | 12 | | | | ഉണ്ട് | | | | | | 4 | 3 | 2 |
| 24 | | 3 | പുന്നശ്ശേരിൽ | | | | 10 | | | | | ഇല്ല | | | | | | 2 | 3 | |
| 25 | IX | 1 | വല്യകൊട്ടിക്കൽ | | 5 | | | 3 | | 3 | | | | | | | | 4 | | |
| 27 | X | 1 | കൊറ്റങ്കുഴി | | | | | | | | | | | | | | | 2 | 1 | 1 |
| 28 | | 2 | കോയിച്ചിറ | | 5 | | | 6 | | | | | | | | | | 1 | 1 | |

| വാർഡ് നമ്പർ | കോളനിയിൽ ഉൾപ്പെടാത്ത ഒറ്റപ്പെട്ട കുടുംബങ്ങളുടെ എണ്ണം | വീട് | അംഗം | ആവശ്യമുള്ള വീട് | കക്കൂസ് |
|---|---|---|---|---|---|
| III | പട്ടടപ്പറമ്പ് പരിസരം | 4 | 18 | 3 | 3 |
| | മങ്ങാടന്തറ പരിസരം | 4 | 20 | 3 | 3 |
| Iv | തൈപ്പറമ്പ് പരിസരം | 6 | 25 | 3 | 3 |
| | വളഞ്ഞവട്ടം ഈസ്റ്റ് | 3 | 20 | 2 | 2 |
| vII | കലയിൽ തോപ്പിൽ പരിസരം | 7 | 35 | 3 | 5 |
| vIII | താഴാത്തറ | 16 | 57 | 13 | 13 |

കാലികളെ വളർത്തുന്നതുകൊണ്ട് ഒരു ക്ഷീരോല്പാദക സഹകരണസംഘം തുടങ്ങണം. അതിനോടനുബന്ധിച്ച് പാലുല്പന്നങ്ങൾ നിർമ്മിക്കാനാവശ്യമായ വ്യവസായ യൂണിറ്റ് തുടങ്ങണം. മൺപാത്ര നിർമ്മാണം കുലത്തൊഴിലായ കുലാലവിഭാഗത്തിൽ പെട്ട വനിതകൾക്കു വേണ്ട സഹായം ചെയ്തു കൊടുത്ത് വ്യവസായം പ്രോത്സാഹിപ്പിക്കണം.

5) ആറാം വാർഡിൽ വനിതകൾ കൂടുതലുള്ളതുകൊണ്ട് കറി പൗഡർ അച്ചാർ മുതലായ നിർമ്മിക്കുന്നതിനാവശ്യമായ സഹകരണ സംഘം നിർമ്മിക്കണം. ആറാം വാർഡിൽ തീർത്ഥാടന കേന്ദ്രങ്ങൾ ഉള്ളതുകൊണ്ട് സ്ത്രീകൾക്കുമാത്രമായി ഒരു പൊതു കക്കൂസ് നിർമ്മിക്കേണ്ടതാവശ്യമാണ്. സെമിനാരി എൽ. പി. സ്കൂളിന്റെ മതിലിനടുത്തുള്ള അപ്പോർച്ച് റോഡിനോടു ചേർന്നുള്ള സ്ഥലം ഇതിനായി ഉപയോഗിക്കാം.

6) ഏഴാം വാർഡിൽ പരമ്പരാഗതമായി വെള്ളി ആഭരണങ്ങൾ നിർമ്മിക്കുന്ന വനിതകൾ ഉണ്ട്. അവർക്ക് വേണ്ട സഹായസഹകരണങ്ങൾ ചെയ്യണം. തയ്യൽ അറിയാവുന്ന ധാരാളം തൊഴിൽ രഹിത വനിതകൾ ഉള്ളതു കൊണ്ടു ഒരു തയ്യൽ പരിശീലന കേന്ദ്രം തുടങ്ങണം.

7) എട്ടാം വാർഡിൽ ഒരു വനിതാ ക്ഷീരോല്പാദക സംഘം ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം മന്ദഗതിയിലാണ്. അതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. കസ്തൂർബാ മഹിളാ സമാജത്തിന്റെ വക സ്ഥലത്ത് ഒരു തയ്യൽ പരിശീലന കേന്ദ്രം തുടങ്ങണം.

8) ഒൻപതും, പത്തും വാർഡുകളിലായി ചിപ്സ്, അച്ചാറുകൾ മുതലായവ തുടങ്ങുന്നതിനുള്ള സൗകര്യം പഞ്ചായത്തു കെട്ടിടത്തിലുണ്ട്. അതിനു വേണ്ട സഹായ സഹകരണം ചെയ്യണം. പ്ലാസ്റ്റിക് ചാക്ക് തയ്ച്ച് ടാർ പോളിൻ ഉണ്ടാക്കുന്നതിനുവേണ്ട സഹായം ചെയ്യണം.

പൊതു നിർദ്ദേശങ്ങൾ

1) പഞ്ചായത്തിലെ മുഴുവൻ വീടുകളിലെ സ്ത്രീകൾക്കും അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനാവശ്യമായ വിത്തും വളവും സൗജന്യമായി പഞ്ചായത്തിൽ

| ക്രമനമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | റോഡുകൾ | വൈദ്യുതി | കുടിവെള്ളം |
|---|---|---|---|---|---|
| 1 | 2 | ചാൽക്കര | ഇല്ല | ഇല്ല | |
| 3 | 3 | പട്ടടപ്പറമ്പിൽ | ഇല്ല | ഇല്ല | ഇല്ല |
| 4 | 4 | വളഞ്ഞവട്ടം ഈസ്റ്റ് | ഇല്ല | ഇല്ല | ഇല്ല |
| 5 | 5 | പൊതുവാൾ പറമ്പ് | ഇല്ല | ഇല്ല | ഇല്ല |
| 6 | 6 | കോട്ടയ്ക്ക മാലി | ഇല്ല | ഇല്ല | ഇല്ല |
| 7 | 7 | നടുവിലേ തോപ്പിൽ | ഇല്ല | ഇല്ല | ഉണ്ട് |
| 8 | 8 | പുന്നശ്ശേരി | ഇല്ല | ഇല്ല | ഉണ്ട് |
| | " | താഴാത്തറ | ഇല്ല | ഇല്ല | ഉണ്ട് |
| | " | കല്ലുവാര ത്തിൽ | ഇല്ല | ഉണ്ട് | ഇല്ല |
| | | | | | |

നിന്നും നൽകണം.

2) ആടുമാടുകളെ വളർത്താൻ ആഗ്രഹിക്കുന്ന വനിതകൾക്ക് ബ്ലോക്കു വഴിയും ജില്ലാ പഞ്ചായത്തു വഴിയും വായ്പ അടിസ്ഥാനത്തിൽ വേണ്ട സഹായ സഹകരണം ചെയ്യുക.

3) ബേബി ക്രഷ് നടപ്പിലാക്കുന്നതിനാവശ്യമായ സഹായം ചെയ്യുക. ഉദ്യോഗസ്ഥകളായ വനിതകളെ സംബന്ധിച്ചിടത്തോളം വളരെ അത്യന്താപേക്ഷിതമായ ഒരു കാര്യമാണിത്.

5-10 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം (അനുബന്ധം)

1) പൊന്മായിൽ മാരിജൻ കോളനിക്കു സമീപം കെട്ടിക്കുന്നതും P.R.F ൽ നിന്നും വരുന്നതുമായ മലിനജലം കെട്ടിക്കിടന്ന് താമസക്കാർക്ക് ഉപദ്രവം ഉണ്ടാകുന്നു. ആ ജലം ഒഴിഞ്ഞു പോകുന്നതിന് ആവശ്യമായ നടപടി ഉണ്ടാക്കി താമസക്കാരെ സംരക്ഷിക്കുക.

2) പഞ്ചായത്തിലെ ഹരിജനങ്ങളുടെ (വിശിഷ്യ ഒൻപത്, പത്ത് എന്നീ വാർഡുകളിലെ) വീടിന് ചുറ്റും കുഴിയായി കിടക്കുന്ന സ്ഥലങ്ങൾ നികത്തി താമസയോഗ്യമാക്കുക.

3) 1, 2, 3, 4 എന്നീ വാർഡുകളെയും 5, 9, 10 വാർഡുകളേയും കേന്ദ്രീകരിച്ച് ഓരോ ശ്മശാനം ഉണ്ടാകാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4) 50 വയസ്സിന് മുകളിൽ പ്രായമുള്ള പലർക്കും കണ്ണു കാണാൻ കഴിയാത്ത അവസ്ഥയിലാണ്. അവർക്ക് ആവശ്യമായ ചികിത്സാ സൗകര്യം ഉണ്ടാകേണ്ടതാണ്.

5) പഞ്ചായത്തിലെ 5, 9, 10 എന്നീ വാർഡുകളിലുള്ള പുറമ്പോക്കു ഭൂമി ഏറ്റെടുത്ത് ഭൂമിയില്ലാത്ത പട്ടികജാതിക്കാർക്കായി വിതരണം ചെയ്യുക.

6) കടപ്ര എട്ടാം വാർഡിൽ പറക്കടവിലുള്ള കുളിക്കടവു കരിങ്കൽ കെട്ടി കുളിക്കാൻ സൗകര്യ

| അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ | | | | |
|---|---|---|---|---|
| III | 1 | കൊച്ചച്ചേരിൽ | 10 | 40 |
| IV | 1 | തൈപ്പറമ്പിൽ | 12 | 57 |
| | 2 | പര്യാത്തുകുഴി | 12 | 60 |
| | 3 | ഇടപ്പറമ്പ് | 8 | 32 |
| | 4 | താന്നോന്നിൽ | 10 | 50 |
| V | 1 | പൊതുവാൾ പറമ്പ് | 6 | 32 |
| VI | | ഉഴത്തിൻ കോളനി | 10 | 42 |
| VII | | താഴാത്തറ | 16 | 80 |
| | | ഒറ്റവേലിൽ | 13 | 43 |
| VIII | 1 | കല്ലുവാരത്തിൽ | 26 | 152 |
| IX | 2 | പയ്യമ്പള്ളിൽ | 6 | 30 |
| III | | പുത്തൻതറ | 6 | 22 |
| IX | 1 | കരുവേലിൽചിറ | 5 | 22 |
| | 2 | മന്നത്ത് | 4 | 16 |
| | | ചേലമ്പറമ്പ് | 11 | 53 |

പ്രദമാക്കുക.

7) കടപ്ര ഒന്നാം വാർഡിലെ 50 വീട്ടുകാർ ഉപയോഗിക്കുന്ന പാഞ്ചേരി മാലിൽ കടവിൽ ഉള്ള കുളിക്കടവ് ഉപയോഗ ശൂന്യമായിരിക്കയാണ്. പ്രസ്തുത കുളിക്കടവ് ഉപയോഗപ്രദമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

8) കൂടാതെ പാഞ്ചേരിമാലിൽ പുറമ്പോക്കിൽ ഉള്ള എട്ട് വീടുകൾക്ക് ആവശ്യമായ വഴി, വെള്ളം, വെളിച്ചം, കക്കൂസ് ഇവ എത്തിക്കേണ്ടതാണ്.

9) പത്താം വാർഡിൽ പാടത്തിന്റെ നടക്കു താമസിക്കുന്നവർക്ക് ആവശ്യമായ വഴി, വെള്ളം, വെളിച്ചം ഇവ ഉണ്ടാകണം.

10) പഞ്ചായത്തിൽ തരിശായി കിടക്കുന്ന നിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യാൻ ആവശ്യമായ നടപടി ഉണ്ടാകണം. കൂടാതെ രണ്ടാം കൃഷി ചെയ്യാൻ സൗകര്യമായ സ്ഥലങ്ങളിൽ കൃഷി ചെയ്യാൻ ആവശ്യമായ നടപടി ഉണ്ടാകണം.

11) ഐ. ആർ. ഡി. പി. തുടങ്ങിയ പദ്ധതികൾ വഴി ലോൺ എടുത്ത ഹരിജനങ്ങൾക്ക് തിരിച്ചടയ്ക്കാൻ കഴിയാത്ത നിലയിലാണ്. അവരെ സഹായിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

12) അഭ്യസ്ഥ വിദ്യരായ പട്ടികജാതിക്കാർക്ക് തൊഴിലിനു വേണ്ടി, ലഘൂകരിച്ച നിയമ വ്യവസ്ഥയിൽ, പലിശ രഹിത വായ്പ അനുവദിക്കുക.

5-11 സഹകരണം (അനുബന്ധം)

| ഇനം | -199192 | -199596 | വ്യത്യാസം രൂപാ | ശതമാനം |
|---|---|---|---|---|
| കെട്ടിട നികുതി | 215185 | 226638 | 11453 | |
| വിനോദ നികുതി | 1331 | Nil | -1331 | |
| തൊഴിൽ നികുതി | 296751 | 315915 | 19164 | |
| വസ്തു കൈമാറ്റ നികുതി | 169259 | 255695 | 86436 | 0.51 |
| ലൈസൻസ് ഫീ | 7565 | 9495 | 1930 | 0.25 |
| പി. എഫ്. എ. ലൈസൻസ് | 1716 | 1966 | 250 | 0.15 |
| ജനനമരണ രജിസ്ട്രേഷൻ | 517 | 1522 | 1005 | 1.94 |
| ബാങ്കു വാടക ആന്റ് ഷോപ്പിംഗ് സെന്റർ | 5330 | 7238 | 1908 | 0.36 |
| മണൽലേലം | 36500 | 172100 | 135600 | 3.72 |
| ഇറച്ചി സ്റ്റാൾ | 18500 | 20200 | 1700 | 9 |
| പ്രൈവറ്റ് മാർക്കറ്റ് | 1502 | 1259 | -243 | -0.16 |
| നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 25585 | 8378 | -17207 | 0.67 |
| ലൈബ്രറി വരവ് | 914 | 681 | -233 | 0.26 |
| ഉപാധി രഹിത ഫണ്ട് | 150000 | 147000 | -3000 | 2 |
| എസ്. സി. പി. | Nil | 13531 | 13531 | |
| ജെ. ആർ. വൈ. | 363227 | 294897 | -68330 | -0.19 |
| . ഗ്രാന്റുകൾ സംഭാവനകൾ | 175639 | 741711 | 566072 | 3.22 |
| ആകെ | 1202133 | 2218226 | 1016093 | 0.84 |
| എസ്റ്റാബ്ളിഷ് മെന്റ് ചെലവ് | 277517 | 555720 | 278203 | 100% |

| വാർഡ് നമ്പർ | യോഗം ചേർന്ന തീയതി | പങ്കെടുത്ത വരുടെ എണ്ണം | ആകെ | പങ്കെടുത്ത ഉദ്യോഗസ്ഥൻ മാരുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | -19101996 | 172 | 172 | 8 | 21 |
| 2 | -191096 | 109 | 109 | 8 | 13 |
| 3 | -271096 | 128 | 128 | 12 | 18 |
| 4 | -131096 | 145 | 145 | 8 | 14 |
| 5 | -211096 | 130 | 130 | 8 | 3 |
| 6 | -261096 | 165 | 165 | 5 | 17 |
| 7 | -261096 | 214 | 214 | 4 | 25 |
| 8 | -131096 | 279 | 279 | 12 | 17 |
| 9 | -201096 | 193 | 193 | 8 | 9 |
| 10 | -211096 | 200 | 200 | 8 | 39 |
| ആകെ | | 1735 | 1735 | 84 | 176 |

1) പുതിയതായി ഒരു വനിതാ സംഘം രൂപീകരിക്കണം.

2) സ്കൂൾ സഹകരണസംഘങ്ങൾ, വനിതാ സഹകരണ സംഘത്തിൽ നിർമ്മിക്കുന്ന ബുക്കുകൾ നിർബന്ധമായി എടുക്കാൻ പഞ്ചായത്ത് നിർദ്ദേശിക്കണം.

3) നിലവിലുള്ള വനിതാ സംഘത്തിന് സ്ഥലവും കെട്ടിടവും കണ്ടെത്തണം. മിച്ചഭൂമിയോ പുറമ്പോക്കോ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

4) താലൂക്കാടിസ്ഥാനത്തിൽ ഇപ്പോൾ ലേബർ കോൺട്രാക്ട് സംഘം ഉണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിലും ലേബർ കോൺട്രാക്ട് സംഘം രൂപീകരിക്കണം.

5) കാർഷിക സഹകരണസംഘം രൂപീകരിക്കണം.

5-12 സവിഭവ സമാഹരണം (അനുബന്ധം)

1) ഓരോ വാർഡിലേയും കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുമ്പോഴും പുതിയ കെട്ടിടങ്ങളുടെ കരം നിശ്ചയിക്കുമ്പോഴും അതതു വാർഡിലെ വികസന സമിതിയുമായി ബന്ധപ്പെടണം.

2) സീസൺ വർക്കും കുടിൽ വ്യവസായവുമായ ഇഷ്ടിത നിർമ്മാണം നടത്തുന്ന ചെറുകിട വ്യവസായികളിൽ നിന്നും നികുതി ഇടാക്കി വരുമാനം വർദ്ധിപ്പിക്കാം. ഈ കാര്യത്തിൽ വികസന സമിതി അംഗങ്ങൾ കൂടി ഉണ്ടായിരിക്കണം.

3) നിലവിലുള്ള ജനനമരണ വിവാഹ രജിസ്ട്രേഷൻ ഫീസ് ഒരു രൂപയിൽ നിന്നും പത്ത് രൂപയായി എങ്കിലും വർദ്ധിപ്പിക്കണം.

4) ഹിന്ദു വിവാഹ രജിസ്ട്രേഷനോടൊപ്പം തന്നെ മറ്റു മത വിഭാഗക്കാരുടെ വിവാഹങ്ങൾ കൂടി രജിസ്ട്രർ ചെയ്യുകയും, സർട്ടിഫിക്കറ്റ് നൽകുന്നതിന് ചുരുങ്ങിയത് പത്ത് രൂപ എങ്കിലും ഫീസ് ഈടാക്കുകയും വേണം.

5) വളർത്തു നായ്ക്കളുടെ നിലവിലുള്ള ലൈസൻസ് ഫീസ് ഒരു രൂപയിൽ നിന്നും പത്ത് രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

| വാർഡ് നമ്പർ | യോഗം ചേർന്ന തീയതി | പങ്കെടുക്കുന്നവരുടെ എണ്ണം | | ആകെ | പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം | കുറിപ്പ് പ്രൊഫഷണൽസ് |
|---|---|---|---|---|---|---|
| | | സ്ത്രീ. | പു. | | | |
| 1 | -191096 | 41 | 131 | 172 | 8 | 12 |
| 2 | -191096 | 35 | 74 | 109 | 8 | 12 |
| 3 | -271096 | 38 | 90 | 128 | 12 | 12 |
| 4 | -131096 | 50 | 95 | 145 | 8 | 12 |
| 5 | -211096 | 40 | 90 | 130 | 8 | 12 |
| 6 | -261096 | 75 | 90 | 165 | 5 | 12 |
| 7 | -261096 | 114 | 100 | 214 | 4 | 12 |
| 8 | -131096 | 81 | 128 | 279 | 12 | 17 |
| 9 | -201096 | 55 | 138 | 193 | 8 | 12 |
| 10 | -211096 | 100 | 100 | 200 | 8 | 12 |
| ആകെ | | 629 | 1106 | 1735 | 84 | 127 |

6) പഞ്ചായത്തിൽ പരസ്യ നികുതി ഏർപ്പെടുത്തേണ്ടതാണ്.

7) Re suraey പ്രകാരം ആറിന്റെ മദ്ധ്യഭാഗം പഞ്ചായത്തുകളുടെ അതിരാക്കുവാൻ മണൽ വാങ്ങുന്നതിനുള്ള അവകാശം ഒന്നിടവിട്ടുള്ള വർഷങ്ങളിൽ ലേലം ചെയ്യുന്നതിന് ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് അനുവാദം നൽകേണ്ടതും നിയമാനുസൃതം ബന്ധപ്പെട്ട പഞ്ചായത്തുകൾ തുക വീതിച്ചെടുക്കേണ്ടതുമാണ്.

8) മേജർ ഇറിഗേഷന്റെ അധീനതയിലുള്ള പുത്തമനാറിൽ നിന്നും മണൽ ശേഖരിക്കുക വഴി പഞ്ചായത്തിന് ഭീമമായ തുക സംഭരിക്കാവുന്നതാണ്. മണൽ നീക്കം ചെയ്ത ഭാഗങ്ങൾ മത്സ്യ കൃഷി ഫാമുകൾ ഏർപ്പെടുത്തി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുകയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയു് ചെയ്യാം.

9) പഞ്ചായത്ത് പരിധിയിലുള്ള ആറുകളുടെ തീരത്ത് സ്വകാര്യ വ്യക്തികൾ മണൽ ശേഖരിച്ച് വിൽപ്പന നടത്തുന്നു. ടി കടവിൽ കൂടി കടത്തി കൊണ്ടുപോകുന്ന മണലിന്റെ അളവിന് ആസ്പദമാക്കി ലൈസൻസിംങ്ങ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

10) വാടക ഈടാക്കുന്ന വാഹനങ്ങൾ, ലോറി, ടെമ്പോ, ടാക്സി, ഓട്ടോ എന്നിവയുടെ ഉടമസ്ഥരിൽ നിന്നും പഞ്ചായത്തിനു തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

തിരുത്തലുകൾ

18-ാം പേജിൽ കൊടുത്തിട്ടുള്ള പ്രധാന ചാലുകളും കുളങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ ഉള്ള ചാർട്ടിൽ 8-ാം മത്തെ ആലുംമൂട്ടിൽ കുളം സ്വകാര്യ വ്യക്തിയുടേതാണ്.

## കടപ്ര ഗ്രാമ പഞ്ചായത്ത് ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി നടന്ന സ്പെഷ്യൽ ഗ്രാമ സഭകൾ, പരിശീലന പരിപാടികൾ വിലയിരുത്തൽ റിപ്പോർട്ട്

ജില്ല പുളിക്കീഴ് ബ്ലോക്ക് കടപ്ര ഗ്രാമം പഞ്ചായത്ത്/നഗരസഭ

(ബി) ഒന്നാം ഘട്ട പഞ്ചായത്ത് തല പരിശീലനം

(1) പങ്കെടുത്തവരുടെ എണ്ണം 114 (സ്ത്രീ 18 പു. 96)
(2) പരിശീലനം നടന്ന തീയതി 11-10-96
(3) പങ്കെടുത്ത പഞ്ചായത്ത് ഗ്രാമസഭാംഗങ്ങളുടെ എണ്ണം 10
(4) പങ്കെടുത്ത ഉദ്യോഗസ്ഥന്മാരുടെ എണ്ണം 15
(5) പങ്കെടുത്ത ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം 5
(6) പരിശീലനം എത്ര മണി മുതൽ എത്ര മണി വരെ 9 am to 5 pm

(സി) രണ്ടാംഘട്ട പഞ്ചായത്ത് തല പരിശീലന വിലയിരുത്തൽ

(1) പങ്കെടുത്തവരുടെ എണ്ണം 122 (സ്ത്രീ 24 പു. 98)
(2) പരിശീലനം നടത്തിയ തീയതി 15-11-96
(3) പങ്കെടുത്ത പഞ്ചായത്ത് മെമ്പറുടെ എണ്ണം 10
(4) പങ്കെടുത്ത ഉദ്യോഗസ്ഥന്മാരുടെ എണ്ണം 12
(5) പങ്കെടുത്ത ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം 5
(6) പങ്കെടുത്ത സംസ്ഥാന റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം 2
(7) പഞ്ചായത്ത് തലത്തിൽ പുതുതായി പങ്കെടുത്തവരുടെ എണ്ണം 34
(8) പരിശീലനം എത്ര മണി മുതൽ എത്ര മണി വരെ 9am to 5 pm

(ഡി) ദ്വിതീയ വിവര ശേഖരണ വിവരങ്ങൾ

നടന്നോ? നടന്നു ഇല്ലെങ്കിൽ എന്ന് പൂർത്തിയാകും?

(ഇ) വികസന സെമിനാർ 28-12-96 K.S.G.H.S.S. Kadapra.

(എഫ്) പഞ്ചായത്തിന്റെ ഗ്രെയിഡ് സ്പെഷ്യൽ ഗ്രേഡ്


ജില്ല പുളിക്കീഴ് ബ്ലോക്ക് കടപ്ര ഗ്രാമം പഞ്ചായത്ത്/നഗരസഭ

(ബി) ഒന്നാം ഘട്ട പഞ്ചായത്ത് തല പരിശീലനം


(1) പങ്കെടുത്തവരുടെ എണ്ണം 114 (സ്ത്രീ 18 പു. 96)
(2) പരിശീലനം നടന്ന തീയതി 11-10-96
(3) പങ്കെടുത്ത പഞ്ചായത്ത് ഗ്രാമസഭാംഗങ്ങളുടെ എണ്ണം 10
(4) പങ്കെടുത്ത ഉദ്യോഗസ്ഥന്മാരുടെ എണ്ണം 15 Nos.
(5) പങ്കെടുത്ത ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം 5 Nos.

(സി) രണ്ടാംഘട്ട പഞ്ചായത്ത് തല പരിശീലന വിലയിരുത്തൽ

(1) പങ്കെടുത്തവരുടെ എണ്ണം 122 (സ്ത്രീ 24 പു. 98)
(2) പരിശീലനം നടത്തിയ തീയതി 15-11-96
(3) പങ്കെടുത്ത പഞ്ചായത്ത് മെമ്പറുടെ എണ്ണം 10
(4) പങ്കെടുത്ത ഉദ്യോഗസ്ഥന്മാരുടെ എണ്ണം 12
(5) പങ്കെടുത്ത ജില്ലാ റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം 5
(6) പങ്കെടുത്ത സംസ്ഥാന റിസോഴ്സ് പേഴ്സൺമാരുടെ എണ്ണം 2
(7) പഞ്ചായത്ത് തലത്തിൽ പുതുതായി പങ്കെടുത്തവരുടെ എണ്ണം 34

(ഡി) ദ്വിതീയ വിവര ശേഖരണ വിവരങ്ങൾ

നടന്നോ? നടന്നു ഇല്ലെങ്കിൽ എന്ന് പൂർത്തിയാകും?

(ഇ) വികസന സെമിനാർ

(1) നടന്ന സ്ഥലവും തീയതിയും 28-12-96 K. S. G. H. S. S. Hall, Kadapra.
(2) പങ്കെടുത്തവരുടെ എണ്ണം 171 (സ്ത്രീ. 43 പു. 128)
(3) പങ്കെടുത്ത ഉദ്യോഗസ്ഥരുടെ എണ്ണം 36
(4) സെമിനാർ ഇതിനകം നടന്നില്ലെങ്കിൽ എന്നു നടക്കും?

*ഗ്രാമസഭ വിലയിരുത്തൽ സംബന്ധിച്ച ചാർട്ട് അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.*


കടപ്ര ഗ്രാമപഞ്ചായത്ത്
Fr MAVELIKARA
To THIRUVALLA
1
2
3
4
5
6
7
8
9
10



# അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം
- 9–ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ അഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം

Printed at Bethany Offset Press, Thiruvalla Phone : 621853